O32:3M998:11 K5

P. V. ITHRESWARAM
WARIER

032:3M998:11
K5

MUL
284432

JUL 1981
2 1 ... 1981
16 APR 1983

# പവിത്രേശ്വരം

# PAVITHRESWARAM

[STORIES]

By

C. SANKARA WARIER

*Publisher:*

C. B. KUMAR

5 Avenue Ernest Hentsch

GENEVA

First Impression—June, 1965

One Thousand Copies

Distributors:

THE MANGALODAYAM (PRIVATE) LTD.

TRICHUR—1.

Price: Rs. 3—00

Printed at The Mangalodayam Press, Trichur—1.

# പവിത്രേശ്വരം

സി. ശങ്കരവാരിയർ

പ്രസാധകൻ:

**സി. ബി. കുമാർ**

5 അവന്യൂ എണെസ്റ്റ് ഫെൻഷ്

ജനീവ

UNIVERSITY LIBRARY.
28 DEC 1974
MADRAS

വിതരണം:

മംഗളോദയം (പ്രൈവറ്റ്) ലിമിറ്റഡ്,

തൃശ്ശിവപേരൂർ

**1965/1140**

University Grants Commission

ഒന്നാംപതിപ്പ്:
ജൂൺ, 1965
കോപ്പി 1000

തൃശ്ശിവപേരൂർ
മംഗളോദയം പ്രസ്സിൽ
അച്ചടിച്ചതു്

284432
032:3M998:11
K5

വില:
മൂന്നുറുപ്പിക

# അവതാരിക

ഒരു നാല്പതു നാല്പത്തിയഞ്ചു കൊല്ലങ്ങൾക്കുമുൻപു പ്രസിദ്ധീകൃതങ്ങളായ കുറെ കഥകളാണു് ഈ പുസ്തകത്തിൽ സമാഹരിക്കപ്പെട്ടിരിക്കുന്നതു്. മലയാളചെറുകഥാസാഹിത്യത്തിൻെറ പ്രഥമഘട്ടത്തിൻെറ പ്രാതിനിധ്യം വഹിക്കുന്നു എന്നുമാത്രമല്ല, അന്നത്തെ സാധാരണ മാതൃകകളിൽനിന്നു് ഏറെക്കുറെ വിഭിന്നമായ ഒരു വ്യക്തിത്വം വളർത്തിയെടുത്ത ഒരു കാഥികൻെറ സംഭാവനകൾ എന്ന നിലയിലും ഈ കഥകൾ പ്രത്യേകശ്രദ്ധ യർഹിക്കുന്നു. ഇന്നത്തെ ചെറുകഥകളുടേതിൽനിന്നു തികച്ചും വ്യത്യസ്തമായ, സാങ്കേതികത്വത്തിൻെറ സങ്കീർണ്ണതകളൊന്നുംകൂടാത്ത പ്രശാന്തരമ്യമായ ഒരു ലോകത്തിലേയ്ക്കാണു് ഈ പഴയ കഥകൾ നമ്മെ നയിക്കുന്നതു്.

എന്നാൽ മറ്റെല്ലാ സാഹിത്യകൃതികളുമെന്നപോലെ, ഈ കഥകളും അടിസ്ഥാനപരമായി ഒരു പ്രത്യേക കാലഘട്ടത്തെത്തന്നെയാണു് പ്രതിനിധാനം ചെയ്യുന്നതു്. ഒരർത്ഥത്തിൽ ഏതു സാഹിത്യകൃതിയും ഒരു ത്രികോണത്തിനുള്ളിലാണൊതുങ്ങിനില്ക്കുന്നതു്. സാഹിത്യകാരനും അയാളുടെ അനുഭവമണ്ഡലവും, അയാളുടെ പിന്നിലുള്ള ആസ്വാദകലോകം, ഈ രണ്ടു കൂട്ടരുടെയും വ്യക്തിത്വത്തെ പരിണാമപ്പെടുത്തുന്ന അവർ ജീവിക്കുന്ന കാലഘട്ടം—ഈ മൂന്നു ബിന്ദുക്കളാണു് ഈ ത്രികോണത്തിൻെറ അതിരുകൾ. ഈ ത്രികോണത്തിനുള്ളിൽ നിർത്തിക്കൊണ്ടല്ലാതെ ഒരു സാഹിത്യകൃതിയെയും പൂർണ്ണമായി

*

വിലയിരുത്താനാവില്ല. ഈ സത്യം മനസ്സിലാക്കിയില്ലെങ്കിൽ ഇബ്സൻെറയും സ്ട്രിൻഡ്ബെർഗ്ഗിൻെറയും നാടകങ്ങളുമായി താരതമ്യപ്പെടുത്തിനോക്കുമ്പോൾ ഷേക്സ്പിയർകൃതികൾ വേണ്ടപോലെ നിരീക്ഷണം ചെയ്യാനായെന്നുവരില്ല. അതുതന്നെയല്ലേ, വാസുദേവൻനായരുടെ 'നാലുകെട്ടി'ൻെറ പശ്ചാത്തലത്തിൽ ചന്തുമേനോൻെറ 'ഇന്ദുലേഖ'യെ പരിശോധിക്കുമ്പോഴും നമുക്കനുഭവപ്പെടുന്നതു്? അതുകൊണ്ടു ഷേക്സ്പിയർക്കോ ചന്തുമേനോനോ എന്തെങ്കിലും അപകർഷം സംഭവിക്കുന്നു എന്നു കരുതുന്നതു തെററാവും. അവരുടെ സാഹിത്യം അവർ ജീവിച്ച കാലഘട്ടത്തോടുള്ള സത്യസന്ധമായ ഒരൊത്തുതീർപ്പിൽനിന്നു് ഉണർന്നുവന്നതാണെന്നേ ഇതിന്നർത്ഥമുള്ളു. ആ കാലഘട്ടത്തിൻെറ തുടിപ്പുകളും ചലനങ്ങളുമാണു് അവരുടെ ചിന്തയിലും ശൈലിയിലുമെല്ലാം അനുരണനംകൊള്ളുന്നതു്.

ചെറുകഥാസാഹിത്യത്തെപ്പററി ചിന്തിക്കുമ്പോൾ, ഈ വസ്തുത കുറച്ചുകൂടി വ്യക്തമായി കാണുന്നുണ്ടു്. കാരണം ആ സാഹിത്യവിഭാഗം, അതിൻെറ ചുരുങ്ങിയ ജീവിതത്തിൽ, കടന്നുപോയിട്ടുള്ള പ്രസ്ഥാനവിശേഷങ്ങൾ നിരവധിയാണു്. ഇനിയും, അതു പൂർണ്ണവളർച്ചയിലെത്തിയിരിക്കുന്നു എന്നു പറയാൻ പ്രയാസമുണ്ടു്. അതുകൊണ്ടുതന്നെ, ഇന്നലെ പുരോഗമനപരമായി തോന്നിയ ഒരു കഥയിൽ ഇന്നു് ഒരു നൂതനത്വവും കണ്ടെത്താൻ കഴിഞ്ഞില്ലെന്നു വരാം. ഇന്നത്തെ പരീക്ഷണങ്ങളുടെ ചൂടു നാളെ ആറിത്തണുത്തുവെന്നു വരും.

ഗോഗോളിൻെറ സുപ്രസിദ്ധമായ ആ 'ഓവർക്കോട്ട്'ന്ന കഥതന്നെയെടുക്കുക. ഇന്നു് ആ കഥ വായിക്കുമ്പോൾ അതിലെ പ്രമേയം തികച്ചും പഴഞ്ചനാണെന്നു തോന്നിയേക്കാം; ആ കഥയുടെ അന്ത്യം അവിശ്വസനീയമാംവിധം നാടകീയമായും. എന്നാൽ ആ കഥ പ്രസിദ്ധീകരിക്കപ്പെട്ടപ്പോൾ, വിശ്വസാഹിത്യത്തിൽ ഒരു 'സംഭവ'മായിരുന്നു. സാഹിത്യകാരൻെറ പല വിശ്വാസപ്രമാണങ്ങളെയും ആ കൊച്ചുകഥ ആട്ടിക്കുലുക്കുകയുണ്ടായി. സാധാരണമനുഷ്യനെയും അയാളുടെ പൊള്ളുന്ന പ്രശ്നങ്ങളെയും സാഹിത്യത്തിലേക്കാവാഹിക്കാനുള്ള ആദ്യത്തെ ശ്രമമായിരുന്നു അതു്. ഗോഗോൾ അന്നു് ആ കഥ എഴുതിയില്ലായിരുന്നുവെങ്കിൽ, തുർഗനേവിൻെറ(Turgenev)യും ചെക്കോ(Chekhov)വിൻെറയും മോപ്പസാങ്ങി(Maupessant)ൻെറയും ജേംസ് ജോയ്സി(James Joyce)ൻെറപോലും എത്രയോ കഥകൾ ഒരിക്കലും എഴുതപ്പെടുമായിരുന്നില്ല. തുർഗനേവുതന്നെ ഒരിക്കൽ പറഞ്ഞതുപോലെ, "വാസ്തവത്തിൽ, നമ്മളെല്ലാവരും ആ 'ഓവർക്കോട്ടി'നുള്ളിൽനിന്നു പുറത്തുവന്നവരാണു്."

ചെറുകഥാസാഹിത്യത്തിൻെറ വികാസപരിണാമങ്ങളുടെ ചരിത്രം പരിശോധിക്കുമ്പോൾ, ഈ ചലനാത്മകത്വമാണു് അതിലേറ്റവും ശ്രദ്ധേയമായി തോന്നുന്നതു്: മലയാളത്തിലെ ചെറുകഥാസാഹിത്യത്തിൻെറതന്നെ കാര്യമെടുക്കുക. ഒടുവിൽ കുഞ്ഞുകൃഷ്ണമേനോൻ തുടങ്ങിയ ആ ആദ്യത്തെ കഥാകൃത്തുക്കൾ ഇംഗ്ലീഷ് സാഹി

ത്യത്തിൽ കിപ്ലിങ്ങിൻെറയും അല്ലൻപോയുടെയും കഥ കളെയാണനുസ്മരിപ്പിക്കുന്നതു്. സങ്കീൎണ്ണമായ പ്രമേയ ങ്ങൾ, നാടകീയമായ അന്ത്യം, കാവ്യമയമായ ശൈ ലി—ഇതൊക്കെയായിരുന്നു, ആ ആദ്യകാഥികരുടെ ആ ധാരശിലകൾ. ഒരു കഥ പറയുക, അതാവുന്നതും രസക രമായി പറയുക എന്നതിൽ കവിഞ്ഞു് ആ പൂൎവ്വഗാമി കൾക്കു താത്പര്യമൊന്നുമുണ്ടായിരുന്നില്ല. നോവലും ക ഥയും തമ്മിലുള്ള അതിർവരമ്പുകൾ അവ്യക്തങ്ങളായി രുന്ന ആ കാലത്തു് അവരുടെ കഥകൾ സംഭവപ്രധാ നങ്ങളായിത്തീൎന്നതിലും അത്ഭുതമില്ല.

എന്നാൽ ഈ പ്രവണത അധികകാലം നീണ്ടുനി ന്നില്ല. ചിന്താലോകത്തിൽ പുതിയ ചലനങ്ങളുടെ പ്ര തിധ്വനികൾ കേട്ടുതുടങ്ങി. അതോടുകൂടിത്തന്നെ മനു ഷ്യൻെറ മൂല്യസങ്കല്പങ്ങളിലും മൗലികമായ മാററങ്ങൾ സംഭവിച്ചു. മാർക്സിയൻസിദ്ധാന്തങ്ങളുടെ പ്രചാരത്തെ തുടൎന്നു്, 'സോഷ്യൽ റിയലിസം' സാഹിത്യകാരൻെറ അവസാനവാക്കായിത്തീൎന്നു. മലയാളചെറുകഥാസാഹി ത്യത്തിൽ ഈ 'പരിവൎത്തനത്തിൻെറ കാററുകൾ' വീ ശിത്തുടങ്ങിയതു്, തകഴിയുടെയും ബഷീറിൻെറയും കേ ശവദേവിൻെറയും മററും ആഗമനത്തോടുകൂടിയാണു്. ചെക്കോവ്, തൎജ്ജനേവ് തുടങ്ങിയ റഷ്യൻകഥാകൃത്തുക്ക ളും ഫ്ളാബേ (Flaubert), സോള (Zola), മോപ്പസാങ്ങ് തുടങ്ങിയ ഫ്രഞ്ചുകഥാകാരന്മാരുമാണു് ഇവരുടെ ചിന്താ ശൈലികളിൽ കാൎയ്യമായ സ്വാധീനം ചെലുത്തിയതു്. 'സാഹിത്യത്തെ ജീവിതത്തോടടുപ്പിക്കുക' എന്നതായി

രുന്നു ഇവരുടെ മുദ്രാവാക്യം. ജീവിതത്തിൻെറ പരന്ന തലങ്ങളിൽനിന്നുതന്നെ കലാസന്ദർഭങ്ങളെ സ്വീകരിക്കാനും അവയെ പരിണാമപ്പെടുത്തുന്ന വമ്പിച്ച സാമൂഹ്യസ്രോതസ്സുകളെ കണ്ടെത്താനും ഈ കാഥികർ ശ്രമിച്ചുതുടങ്ങി. അതിൻെറ ഫലമായി, ഇക്കാലത്തെ ചെറുകഥകളിലധികവും ഒരുതരം 'വർഗ്ഗപഠന'ങ്ങളായിത്തീരുകയാണുണ്ടായതു്. ഗോഗോളിൻെറ ഓഫീസ്ഗുമസ്തന്മാർ, ചെക്കോവിൻെറ ഡോക്ടർമാർ, മോപ്പസാങ്ങിൻെറ വേശ്യകൾ—ഇവരൊക്കെ ഇക്കാലത്തു സാഹിത്യലോകത്തിലേയ്ക്കു കടന്നുവന്നവരാണു്. മലയാളത്തിലും ഇതുതന്നെയല്ലേ കണ്ടുവന്നതു്? തകഴിയുടെ കുട്ടനാടൻ കൃഷിക്കാർ, കാരൂരിൻെറ അദ്ധ്യാപകർ, പൊൻകുന്നം വർക്കിയുടെ കൃസ്തീയപുരോഹിതന്മാർ—ഇവരാണു് ഇവിടെ ഏററവുമധികം അപഗ്രഥിക്കപ്പെട്ട സാമൂഹ്യവിഭാഗങ്ങൾ. എന്നാൽ ഇന്നു് ഈ കാലഘട്ടത്തിലേയ്ക്കു തിരിഞ്ഞുനോക്കുമ്പോൾ, ഈ കാഥികരുടെ ഏററവും വലിയ പരാജയം സാഹിത്യകാരനു സമൂഹത്തോടുള്ള ഉത്തരവാദിത്വത്തെക്കുറിച്ചുള്ള ചൂടേറിയ ചർച്ചകളുടെ തിരക്കിൽ അവർ സാഹിത്യത്തിൻെറ രൂപഘടനയെക്കുറിച്ചും ആവിഷ്കരണരീതിയെപ്പററിയും കാര്യമായൊന്നും ചിന്തിക്കാതെ പോയി എന്നതാണെന്നെനിക്കു തോന്നുന്നു. രൂപഭാവങ്ങളെക്കുറിച്ചു് അന്നു നടന്ന ചർച്ചകളധികവും 'രൂപം' എന്ന വാക്കിൻെറ തെററായ നിർവ്വചനങ്ങളിൽനിന്നാണുണ്ടായതെന്നു തോന്നുന്നു.

എന്നാൽ ശബ്ദായമാനമായ ഈ അന്തരീക്ഷത്തിൽനിന്നെല്ലാം ഒഴിഞ്ഞുമാറി ഒരേകാന്തതയിലിരുന്നു സ്വാ

നുഭൂതികൾക്കു സാഹിത്യരൂപം നല്കാൻ ശ്രമിച്ച ഒരാളുണ്ടായിരുന്നു—പി. സി. കുട്ടികൃഷ്ണൻ. വാസ്തവത്തിൽ, മലയാളത്തിലെ ഭാവാത്മകകഥാപ്രസ്ഥാനം പി. സി. യിൽനിന്നാണു് തുടങ്ങുന്നതു് എന്നു വേണം കരുതുക. 'തുറന്നിട്ട ജാലകം', 'ഗണപതിയട', 'പാവപ്പെട്ട അമ്മ' തുടങ്ങിയ സുപ്രസിദ്ധകഥകളിലെല്ലാംതന്നെ, വികാരപൂർണ്ണങ്ങളായ ചില ജീവിതഭാവങ്ങളെയാണു്, കത്തിക്കാളുന്ന സാമൂഹ്യപ്രശ്നങ്ങളെയല്ല, പി. സി. അവഗ്രഹിക്കാൻ ശ്രമിക്കുന്നതു്.

പി. സി.യിൽനിന്നു തുടങ്ങുന്ന ഭാവാത്മകകഥാപ്രസ്ഥാനം പൂർണ്ണവളർച്ചയിലെത്തുന്നതു വാസുദേവൻനായരുടെയും പത്മനാഭൻെറയും മാധവിക്കുട്ടിയുടെയും മോഹനൻെറയും മററും വരവോടുകൂടിയാണു്. സാമൂഹ്യസംഘട്ടനങ്ങളെ വിശ്വാസബോധത്തോടെ പകർത്തിക്കാട്ടാനല്ല, മനുഷ്യമനസ്സിൻെറ ഇടനാഴികകളിലൂടെ വായനക്കാരെയും കൂട്ടി സഞ്ചരിക്കാനാണു്, ഈ കാഥികർക്കു താത്പര്യം. ഇംഗ്ലീഷ്സാഹിത്യത്തിൽ മുപ്പതു കൊല്ലം മുൻപാരംഭിച്ച ഒരു പ്രസ്ഥാനത്തിൻെറ തുടർച്ചയാണു് നാം ഇവിടെ കാണുന്നതു്. അന്നു വെർജീനിയാ ഫുൾഫും (Virginia Woolf) ജേംസ് ജോയ്സുമായിരുന്നു ഈ പുതിയ യുഗത്തിൻെറ ഉദ്ഘാടകർ. ബാഹ്യജീവിതത്തെപ്പോലെയോ അതിൽ കൂടുതലോ പ്രധാനമാണു് മനുഷ്യൻെറ ആന്തരികജീവിതമെന്നും അതുകൊണ്ടു കഥാകൃത്തുക്കൾ മനുഷ്യഹൃദയത്തിൻെറ ആഴമേറിയ തലങ്ങളിലേയ്ക്കിറങ്ങിച്ചെന്നു് അവിടെക്കണ്ടെത്തുന്ന സംഘ

ഷാത്മകങ്ങളായ രംഗങ്ങളെ ചിത്രീകരിക്കുകയാണ് വേണ്ടതെന്നും വുൾഫും ജോയ്സും വാദിച്ചു. ഒരു കഥയ്ക്കു ജീവിതത്തോടുള്ള സാദൃശ്യം അത്രയൊന്നും പ്രധാനമല്ലെന്നും ജീവിതത്തെ പരിപൂർണ്ണമായി പ്രകാശിപ്പിക്കുന്ന പ്രതീകാത്മകങ്ങളായ ചില നിമിഷങ്ങളിലൂടെ മനുഷ്യമനസ്സിന്റെ അന്തർമണ്ഡലങ്ങൾ തുറന്നിട്ടുകാണിക്കുവാനാണ് സാഹിത്യകാരന്മാർ ശ്രമിക്കേണ്ടതെന്നും ഇവർ അഭിപ്രായപ്പെട്ടു.

ആധുനികരായ ചെറുകഥാകൃത്തുക്കളിൽ ഏററവുമധികം വ്യക്തിത്വം പ്രദർശിപ്പിക്കുന്ന ജെ. ഡി. സാലിൻജറു(J. D. Salinger)ടെ "എസ്മെയ്ക്കു് സ്നേഹത്തോടും മാലിന്യത്തോടുംകൂടി (For Esmie With Love and Squalor) എന്ന മധുരമായ കഥ ഇതിനു നല്ലൊരു ദൃഷ്ടാന്തമാണ്. ജീവിതനൈരാശ്യം ബാധിച്ച ഒരമേരിക്കൻ പട്ടാളക്കാരൻ യാദൃച്ഛികമായി കണ്ടെത്തുന്ന ഒരു കൊച്ചുകുട്ടിയുമായി നടത്തുന്ന സംഭാഷണത്തിലൂടെ ജീവിതത്തിനു കൂടുതൽ പ്രസാദാത്മകമായ ഒരു വശമുണ്ടെന്നു മനസ്സിലാക്കുന്നതും അങ്ങനെ തന്റെ മാനസികനില വീണ്ടെടുക്കുന്നതുമാണ് ഈ കഥയിലെ പ്രമേയം. അപൂർണ്ണമായ ജീവിതത്തിൽനിന്നും അത്രതന്നെ അപൂർണ്ണതയോടെ തെറിച്ചുവീഴുന്ന കുറെ നിമിഷങ്ങളിലൂടെ വികാരാർദ്രമായ ഒരു ജീവിതരംഗത്തെ സൃഷ്ടിക്കാനാണ് സാലിൻജർ ഈ കഥയിലൂടെ ശ്രമിക്കുന്നതു്. ആ പട്ടാളക്കാരനെപ്പററിയോ ആ കുട്ടിയെപ്പററിയോ ഇവിടെ ഒരു വർണ്ണനയും കഥാകൃത്തു് ഒരുമ്പെടുന്നില്ല. എന്നാൽ അ

വരുടെ സംഭാഷണം അവരുടെ വ്യക്തിത്വത്തെ പൂർണ്ണമായി പ്രകാശിപ്പിക്കാൻ പര്യാപ്തമാംവിധം അത്രയ്ക്കു ഹൃദയസംവാദക്ഷമമാണെന്നതാണ് ഈ കഥയെ ഇത്രയധികം ഭാവഭരിതമാക്കുന്നത്. ആ കൊച്ചുകുട്ടി ആ പട്ടാളക്കാരൻെറ ചെവിയിൽ മന്ത്രിക്കുന്നു: "ഒരു മതിൽ മറേറ മതിലിനോട് എന്താണ് സ്വകാര്യം പറഞ്ഞതെന്നു പറയാമോ?" അതിനൊരുത്തരം പറയാനാവാതെ അയാൾ കുഴങ്ങി നില്ക്കുമ്പോൾ, അവൻതന്നെ പൊട്ടിച്ചിരിച്ചുകൊണ്ടതിനു മറുപടി പറഞ്ഞു: "നമുക്കു മൂലയിൽവെച്ചു കണ്ടുമുട്ടാം."

അത്യന്തം വികാരലോലമായ ഈ സംഭാഷണശകലത്തിലൂടെ നിഷ്കളങ്കമായ ഒരു ബാലഹൃദയത്തിൻെറ ഉള്ളറകൾ നമുക്കു കാണാൻ കഴിയുന്നില്ലേ?

ടി. പത്മനാഭൻെറ 'കുടയനെല്ലൂരിലെ ഒരു സ്ത്രീ' എന്ന ഭാവബന്ധുരമായ കഥയിൽ ഏതാണ്ടു സമാനമായ ഒരു സാങ്കേതികരീതി ദൃശ്യമാണ്. അതിൽ ബാലചന്ദ്രൻ എന്ന യുവാവും അയാളുടെ അയല്ക്കാരിയും തമ്മിലുള്ള ബന്ധത്തിൻെറ അനുക്രമമായ വികാസം അവരുടെ മാനസികസംഘർഷങ്ങളെ പ്രതിഫലിപ്പിക്കുന്ന ചില നിമിഷങ്ങളിലൂടെ കാഥികൻ സമർത്ഥമായാവിഷ്കരിക്കുന്നു. വാസുദേവൻനായരുടെ 'ഇരുട്ടിൻെറ ആത്മാവ്', മാധവിക്കുട്ടിയുടെ 'മതിലുകൾ', എൻ. മോഹനൻെറ 'നിൻെറ കഥ (എൻെറയും)' എന്നീ കഥകളിലും ഊക്കേറിയ ഒരാത്മോദ്ഗാരത്തിൻെറ അലയടികളാണ് മുഴങ്ങിക്കേൾക്കുന്നത്.

എന്നാൽ സമൂഹത്തിൽനിന്നു വ്യക്തിയിലേയ്ക്കുള്ള സാഹിത്യത്തിൻെറ ഈ വ്യതിയാനം ഒരു 'പിൻമടക്ക' മായി കണക്കാക്കുന്നവരുണ്ടു്. സാഹിത്യം ജീവിതത്തിൽ നിന്നകന്നുപോയി എന്നാണവരുടെ പരാതി. പക്ഷേ ജീവിതത്തിനു സാമൂഹ്യമായ ഒരു വശംമാത്രമേയുള്ളൂ എന്നു ധരിക്കുന്നവർമാത്രമേ ഈ വാദഗതിയിൽ പ്രസക്തി കണ്ടെത്തുകയുള്ളൂ. അതുകൊണ്ടുതന്നെയല്ലേ, സാഹിത്യകാരനും സമൂഹവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു മുൻപു നടന്ന ചർച്ചകളെല്ലാം ഇന്നു മിക്കവാറും ആറിത്തണുത്തുകഴിഞ്ഞിരിക്കുന്നതു്?

ഈ പ്രവണതകൾക്കും പരിവർത്തനങ്ങൾക്കുമെല്ലാം അപ്പുറത്തു നില്ക്കുന്ന ഒരു കാഥികൻെറ ഏകാന്തസുന്ദരമായ ഒരു ശബ്ദമാണു് ഈ സമാഹാരത്തിലെ പതിനെട്ടു കഥകളിലൂടെ മാറെറാലിക്കൊള്ളുന്നതു്. ഈ കഥകളിൽ ചിലതു 'കഥാരത്നമാല' എന്ന പേരിൽ അന്നു പ്രസിദ്ധീകൃതമായ ഒരു ഗ്രന്ഥത്തിലൂടെ പുറത്തു വന്നിട്ടുണ്ടു്. ബാക്കിയുള്ള മിക്കവയും 'വിദൂഷകൻ' 'സരസകഥാമഞ്ജരി' എന്നീ മാസികകളിലൂടെയാണു് വെളിച്ചം കണ്ടതു്.

ഈ കഥകളിലൂടെ കടന്നുപോകുന്ന ഒരാൾക്കു ശ്രീ സി. എസ്സ്. വാര്യർക്കു എം. ആർ. കെ. സി. സമകാലികരായ സി. എസ്സ്. ഗോപാലപണിക്കർ, ഇ. വി. കൃഷ്ണപിള്ള എന്നിവരോടു തുല്യമായ ഒരു സ്ഥാനം അവകാശപ്പെടാനർഹതയുണ്ടെന്നു മനസ്സിലാകും. പലേ നിലകളിലും അദ്ദേഹത്തിൻെറ വീക്ഷണചക്രവാളം അവരുടേതിനെക്കാളധികം വിശാലമായിരുന്നുവെന്നുതന്നെ പറയാം.

കഥാസന്ദർഭങ്ങളെയും കഥാപാത്രങ്ങളെയും തേടി ബംഗാളിലേയ്ക്കും മററും നമ്മുടെ സാഹിത്യകാരന്മാർ സഞ്ചരിച്ചുകൊണ്ടിരുന്ന ഒരു കാലത്തു തൻെറ ചുററും പരന്നൊഴുകിയ ജീവിതത്തിൽനിന്നു പ്രചോദനംകൊള്ളാനും ആ ജീവിതത്തിൽ കാലുറച്ചുനില്ക്കുന്ന സാധാരണമനുഷ്യരുടെ 'മുഖച്ഛായകഠം' പകർത്താനും അദ്ദേഹത്തിനു കഴിഞ്ഞിരിക്കുന്നു. ഉദാഹരണത്തിനു് ഇതിലെ 'ഒരു ബാങ്കു് നോട്ടു്' എന്ന കഥതന്നെയെടുക്കുക. മോഷണംപോയ ഒരു ബാങ്കു്നോട്ടിനെത്തുടന്നുണ്ടായ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ പാവപ്പെട്ട ഒരു കുടുംബത്തിൻെറ ഉത്കണ്ഠാകുലങ്ങളായ ചില നിമിഷങ്ങഠം അനാവരണം ചെയ്യപ്പെടുന്ന ഈ കഥ വാസ്തവത്തിൽ മലയാളത്തിലെ 'ഓവർക്കോട്ടാ'ണെന്നു വേണം കരുതുക. അതിലെ കഥാനായകൻെറ നിസ്സഹായാവസ്ഥ, മോഷണംപോയ തൻെറ ഓവർക്കോട്ടിനുവേണ്ടി ദാഹിച്ചുനടക്കുന്ന ഗോഗോളിൻെറ ആ സാധുവായ ഓഫീസ് ഗുമസ്തൻെറ ഏതാണ്ടു സമാനമായ അവസ്ഥയെയാണു് ഓമ്മിപ്പിക്കുന്നതു്. മാംസളങ്ങളായ സ്ത്രീപുരുഷബന്ധങ്ങളിൽക്കവിഞ്ഞു യാതൊന്നിലും കണ്ണുചെല്ലാതിരുന്ന ഒരു കാലത്തു ജീവിതയാഥാത്ഥ്യങ്ങളെ കുറച്ചുകൂടി ആഴത്തിൽ പ്രതിഫലിപ്പിക്കുന്ന ഈ കഥ ഏതു നിലയ്ക്കും അക്കാലത്തെ സാധാരണരീതികളിൽനിന്നു ശ്രദ്ധേയമായ ഒരു വ്യതിയാനമാണു്. ഉപരിപ്ലവങ്ങളായ പ്രേമബന്ധങ്ങളുടെ നേരെയുള്ള ആക്ഷേപഹാസ്യപരമായ (Satirical) നല്ലൊരു കഥയാണു് 'പ്രേമദൃഷ്ടം'. ആ കഥയിൽ അലിഞ്ഞുകിടക്കു

ന്ന നർമ്മബോധം 'ഡി' എന്ന കഥയിൽ ശക്തിയോടെ പുറത്തു വരുന്നുണ്ട്. അന്തരീക്ഷാവിഷ്കരണത്തിൽ ഈ കാഥികനുള്ള പ്രത്യേകപാടവം ഗ്രന്ഥനാമം വഹിക്കുന്ന 'പവിത്രേശ്വരം' എന്ന കഥയിൽനിന്നു സുവ്യക്തമാണ്. എന്നാൽ തൻെറ സമകാലികരെ അപേക്ഷിച്ച് ഈ കഥാകൃത്തു വളരെയധികം മുന്നോട്ടു പോയിട്ടുള്ളതു തൻെറ ആഖ്യാനശൈലിയിലാണ്. വൃഥാസ്ഥൂലങ്ങളായ വർണ്ണനകളും കൃത്രിമത്വം മുഴച്ചുനില്ക്കുന്ന കാവ്യമയശൈലിയും പ്രബലമായിരുന്ന ഒരു കാലത്ത് അയത്നലളിതമായ ഒരു പ്രതിപാദനരീതി അദ്ദേഹം സ്വായത്തമാക്കിയിരിക്കുന്നു. അങ്ങനെ പരിമിതമായ തോതിലെങ്കിലും പുതിയ ചലനങ്ങളെ സൃഷ്ടിക്കാനും പുതിയ നീരൊഴുക്കുകൾ പായിക്കാനും അദ്ദേഹം ശ്രമിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെയാണ് സ്വന്തം അനുഭൂതികൊണ്ടും സ്വന്തം വീക്ഷണംകൊണ്ടും മാത്രം പണിതുയർത്തിയ ഒരു വ്യക്തിത്വത്തിൻെറ മുദ്ര ഈ കഥകളിലെല്ലാം അമർന്നുകിടക്കുന്നതും.

ഈ ചെറുകഥകൾ ആദ്യമായി പുറത്തുവന്നപ്പോൾ സുപരിചിതനായ ഒരു സാഹിത്യകാരൻെറ കൃതികൾ എന്ന നിലയ്ക്കാണ് അന്നത്തെ സാഹിത്യലോകം അവയെ സ്വാഗതംചെയ്തത്. ഇന്നു സാഹിത്യവൃത്തികളിൽ നിന്നെല്ലാം വിരമിച്ച്, ജീവിതസായാഹ്നത്തിലെത്തി, സുഖവിശ്രമംകൊള്ളുന്ന ഈ ഗ്രന്ഥകർത്താവിനെ സഹൃദയലോകത്തിലേയ്ക്കു വീണ്ടും ആനയിക്കുന്നതു്, ഇതെഴുതുന്ന ആൾക്കു പല കാരണങ്ങൾകൊണ്ടും ചാരിതാർത്ഥ്യജ

നകമായ കാര്യമാണു്. ഇതിനിടയ്ക്കു് ഒരു കാലത്തിൻെറ പോക്കിൽ സാഹിത്യത്തിനു വന്നിട്ടുള്ള മാററങ്ങൾ എന്തു തന്നെയായാലും, ഈ കഥകളിലെ നൈസർഗ്ഗികമായ കലാഭംഗിയും അകൃത്രിമലളിതമായ ശൈലിയും നമ്മ ബോധവും അനുവാചകക്കു് ഇന്നും, അന്നത്തെപ്പോലെ തന്നെ, ആസ്വാദ്യമായി തോന്നുമെന്നു് എനിക്കു തീച്ച്യുണ്ടു്.

ലണ്ടൻ,
4 മേയ് 1964

സി. ശരച്ചന്ദ്രൻ



ഗ്രന്ഥകർത്താവു് (1913_ൽ)

# ഗ്രന്ഥകാരനെക്കുറിച്ച്

ഈ പുസ്തകത്തിലുൾപ്പെടുത്തിയിട്ടുള്ള ചെറുകഥകളുടെ കർത്താവായ ശ്രീ. സി. ശങ്കരവാര്യർ തിരുവിതാംകൂറിലെ കൊട്ടാരക്കര താലൂക്കിൽപ്പെട്ട പവിത്രേശ്വരം ഗ്രാമത്തിൽ 1064-ാമാണ്ടു മിഥുനമാസത്തിൽ (1889 ജൂൺ) ജനിച്ചു. അച്ഛൻ ചക്രപാണിവാര്യരും അമ്മ ഈശ്വരിവാരസ്യാരുമായിരുന്നു.

അന്നത്തെ സമ്പ്രദായമനുസരിച്ച്, അദ്ദേഹത്തിന്റെ ബാല്യകാലവിദ്യാഭ്യാസം സംസ്കൃതത്തിൽ അടിയുറച്ചതായിരുന്നു. സംസ്കൃതത്തിലെ ആദ്യത്തെ പാഠങ്ങൾ മുടപ്പിലാപ്പിള്ളി നീലകണ്ഠഭട്ടതിരിയും പിന്നീട്, കാവ്യനാടകാലങ്കാരങ്ങളും ജ്യോത്സ്യവും ആ കാലത്തെ ഒരു മികച്ച പണ്ഡിതനായിരുന്ന ഒറവൂർ കൊച്ചുണ്ണിക്കുറുപ്പും ആണ് അദ്ദേഹത്തെ പഠിപ്പിച്ചതു്. സംസ്കൃതം പഠിച്ചു കഴിഞ്ഞു ശ്രീ. ശങ്കരവാര്യർ ഇംഗ്ലീഷ്‌വിദ്യാഭ്യാസത്തിനായി ആററിങ്ങൽ ഇംഗ്ലീഷ്‌സ്കൂളിലും അതിനുശേഷം തിരുവനന്തപുരത്തു മഹാരാജാസ് ഹൈസ്കൂളിലും ചേർന്നു.

ബാല്യകാലത്തിലെ സംസ്കൃതവിദ്യാഭ്യാസം, പിന്നീടൊരു സാഹിത്യകാരനെന്നു പേരെടുത്ത, കനിഷ്ഠസഹോദരനായ, പണ്ഡിതർ സി. ഈശ്വരവാര്യരുടെ ഒരുമിച്ചായിരുന്നു. ശ്രീ. ശങ്കരവാര്യരുടെ ആദ്യത്തെ സാഹിത്യശ്രമങ്ങൾ ഈ സഹോദരനുമൊരുമിച്ചാണ് ചെയ്തിരുന്നതു്. ഇവർതങ്ങളിലുള്ള സഹോദരസ്നേഹം അ

നിതരസാധാരണമായിരുന്നു. ഈശ്വരവാര്യർ മലയാളത്തിലും സംസ്കൃതത്തിലും പാണ്ഡിത്യം നേടി മധുരയിൽ മലയാളംപണ്ഡിതരായി കുറേ കാലം ജോലിനോക്കിയിട്ടു്, 1093-ൽ (1917) കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. ഈ സംഭവം ശ്രീ. ശങ്കരവാര്യരുടെ പില്ക്കാലത്തെ ജീവിതത്തെയും സാഹിത്യശ്രമങ്ങളെയും സാരമായി ബാധിച്ചു എന്നു പറയാം. ബാല്യകാലത്തു സതീർത്ഥ്യന്മാരായികഴിഞ്ഞ ഈ സഹോദരന്മാരുടെ സഹവാസം ഈശ്വരവാര്യർ ഉദ്യോഗാർത്ഥം മധുരയിലേയ്ക്കു പോയപ്പോഴും തുടൎന്നുവന്നു; അപ്പോഴേയ്ക്കും തൃശ്ശിനാപ്പിള്ളി സെൻറ് ജോസഫ് കോളേജിൽനിന്നു മധുരയിൽ അമേരിക്കൻ കോളേജിലേയ്ക്കു ശ്രീ. ശങ്കരവാര്യരുടെ പഠിപ്പു മാററികഴിഞ്ഞിരുന്നു. ജീവിതത്തിലെന്നപോലെ സാഹിത്യത്തിലും ആദ്യത്തെ അടികൾ ഒത്തൊരുമിച്ചുവെച്ചായിരുന്നു ഈ സഹോദരന്മാർ മുന്നോട്ടു പോയതു്. സാഹിത്യസംബന്ധമായി പലതും അന്നു് ആലോചിച്ചുവെച്ചിരുന്നതു് 'കൊച്ചനിയ'ൻെറ എന്നെന്നേയ്ക്കുമായ വേർപാടിൽ തകൎന്നുപോയതായി അന്നു ശങ്കരവാര്യൎക്കു തോന്നി.

ഈശ്വരവാര്യരുടെ നിര്യാണത്തിനുശേഷം, ശങ്കരവാര്യർ കോളേജ്‌വിദ്യാഭ്യാസം തുടൎന്നു. തിരുവനന്തപുരത്തുനിന്നു് 1095-ൽ (1920) ചരിത്രവും ധനശാസ്ത്രവും ഭരണമീമാംസയും ഐച്ഛികമായെടുത്തു് അദ്ദേഹം ബി. എ. ഓണേഴ്‌സ്‌ബിരുദം സമ്പാദിച്ചു. അതുകഴിഞ്ഞു ബോംബെയിൽനിന്നു് എൽ. എൽ. ബി. ബിരുദം നേടി 1099-ാമാണ്ടിൽ (1923) കൊല്ലത്തു് അഭിഭാഷക

വൃത്തിയിൽ പ്രവേശിച്ചു. നാലു വഷങ്ങൾക്കശേഷം, 'പ്രാക്ടീസ്' ഊട്ടക്കമണ്ഡലത്തിലേയ്ക്കു മാററിയതോടുകൂടി അദ്ദേഹത്തിൻെറ പ്രവൃത്തിരംഗം അങ്ങോട്ടു മാറി. ഈ കാലത്തു് അദ്ദേഹം രാഷ്ട്രീയപ്രവൃത്തികളിലും പങ്കെടുത്തിരുന്നു. ക്കൂനൂർകോൺഗ്രസ്സ്കമ്മിററിയിലെ അധ്യക്ഷനായും തമിഴ്നാട്കോൺഗ്രസ്സ്കമ്മിററിയിലെ ഒരംഗമായും അദ്ദേഹം ചെയ്ത സേവനങ്ങൾ സ്മരണീയമാണ്. 1111-ൽ (1935) അദ്ദേഹത്തിൻെറ പ്രാക്ടീസ് തിരുവനന്തപുരത്തേയ്ക്കു മാററി. ഹൈക്കോടതിവക്കീലെന്ന നിലയിൽ 1125-ൽ (1949) ജോലിയിൽനിന്നു വിരമിക്കുന്നതുവരെ അദ്ദേഹം അവിടെയായിരുന്നു. ഇപ്പോൾ പവിത്രേശ്വരംഗ്രാമത്തിൽ, അവിടത്തെ സാമൂഹ്യജീവിതത്തിനു നേതൃത്വം കൊടുത്തുകൊണ്ടു താമസിക്കുകയാണ്.

ഒററപ്പാലത്തു് അന്തിമഹാകാളൻകാവിൽ വാര്യത്തെ ശ്രീമതി അമ്മുവാരസ്യാരെ അദ്ദേഹം 1100 (1924)-ാമാണ്ടു് തുലാമാസത്തിൽ വിവാഹം കഴിച്ചു. സന്താനങ്ങളില്ലാത്തതുകൊണ്ടു്, ആ ദമ്പതികൾ ഈശ്വരവാര്യരുടെ സന്താനങ്ങളെ ഔരസസന്താനങ്ങളായി വളത്തിക്കൊണ്ടുവന്നു.

അഭിഭാഷകവൃത്തിക്കും രാഷ്ട്രീയപ്രവത്തനങ്ങൾക്കും തൻെറ ജീവിതത്തിൽ ഏതാണ്ടു സവ്വവ്യാപകമായ സ്വാധീനം വധിച്ചുവന്നതോടുകൂടി, ശ്രീ. ശങ്കരവാര്യരുടെ സാഹിത്യശ്രമങ്ങൾ കുറഞ്ഞുവന്നു എന്നു പറയാം. ആകെക്കൂടി നോക്കുമ്പോൾ അദ്ദേഹത്തിൻെറ സാഹിത്യശ്രമങ്ങളെ മൂന്നു ദശകളായി ഭാഗിക്കാം.

ആദ്യത്തെ ദശയിലെ കൃതികൾ 1085 (1910)മുതൽ 1093 (1918)വരെ ശ്രീ. ഈശ്വരവാര്യരുമൊരുമിച്ചുള്ള ശ്രമത്തിന്റെ ഫലമായി ഉണ്ടായവയാണു്. ഈ കൂട്ടത്തിൽ ഉൾപ്പെടുത്തേണ്ടവയാണു് 'ആത്മപോഷിണി'യിൽ ഈശ്വരവാര്യർ എഴുതി പ്രസിദ്ധപ്പെടുത്തിയ രുഗ്മാംഗദചരിതനിരൂപണം, ആഖ്യായികാനിർമ്മാണം എന്ന ലേഖനപരമ്പര, 'ഉത്തരതാരക'യിലെ സാഹിത്യനിരൂപണങ്ങൾ, 'കവനകൗമുദി'യിലെ ചില കവിതകൾ മുതലായവ.

രണ്ടാമത്തെ ദശ (1093—1095)യിലെ കൃതികൾ ഒരു സതീർത്ഥ്യനും ചിരസ്നേഹിതനുമായിരുന്ന വിദൂഷകൻ പത്രാധിപർ പി. എസ്സ്. നീലകണ്ഠപിള്ളയുമായുള്ള സമ്പർക്കവുമായി ബന്ധപ്പെട്ടുകിടക്കുന്നു. 1085-ൽ (1910) തന്നെ ഈ രണ്ടു യുവസാഹിത്യകാരന്മാർ 'വേറൊരു കഥാരത്നമാല' എന്ന ഒരു ചെറുകഥാസമാഹാരം അന്നത്തെ സാഹിത്യനായകന്മാരെ ഏതാണ്ടു വെല്ലുവിളിച്ചുകൊണ്ടു പ്രസിദ്ധപ്പെടുത്തി. 'പി. എസ്.' വിദൂഷകൻ മാസിക പുറപ്പെടുവിച്ചതോടുകൂടി ശങ്കരവാര്യർ അതിലെ ഒരു പ്രധാനലേഖകനായിത്തീൻു. വിദൂഷകനിൽ പ്രസിദ്ധപ്പെടുത്തിയ ചില ചെറുകഥകളും 'വേറൊരു കഥാരത്നമാല'യിൽ പ്രസിദ്ധപ്പെടുത്തിയ അദ്ദേഹത്തിന്റെ അഞ്ചു ചെറുകഥകളോടൊപ്പം ഈ സമാഹാരത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. ചെറുകഥകൾ കൂടാതെ, 'മാരാരെ കവിയാക്കിയതു്' എന്ന ശീർഷകത്തിൽ ഫലിതമായ വീക്ഷണഗതിയിലെഴുതിയ ഒരു സാഹിത്യനിരൂപ

ണലേഖനപരമ്പരയും കവിതകളും ഉപന്യാസങ്ങളും മ റ്റും ശ്രീ. ശങ്കരവാര്യർ വിദൂഷകനു സംഭാവന ചെയ്തു. ഈ ദശയിലെ വേറൊരു സാഹിത്യസംഭാവന 'ഇന്ദിര യുടെ കത്തുകൾ' എന്ന പേരിൽ 'ഭജേകേരള'ത്തിൽ പ്ര സിദ്ധപ്പെടുത്തിയ കലാനിരൂപണസംബന്ധമായ ലേഖ നപരമ്പരയാണ്.

മൂന്നാമത്തെ ദശ തുടങ്ങിയതു ശ്രീ. ശങ്കരവാര്യർ കൊല്ലത്തുനിന്നു് ആ കാലത്തു പ്രസിദ്ധപ്പെടുത്തിക്കൊ ണ്ടിരുന്ന 'ശ്രീവാഴുംകോടു്' എന്ന വാരികയുടെ പത്രാ ധിപത്യം 1099-ൽ ഏറ്റെടുത്തപ്പോഴാണ്. 'ശ്രീവാഴും കോടി'ൽ പ്രസിദ്ധപ്പെടുത്തിയ അദ്ദേഹത്തിൻെറ ചെ റുകഥകളും സാഹിത്യനിരൂപണങ്ങളും യാത്രാവിവരണ ങ്ങളും, രാഷ്ട്രീയപ്രശ്നങ്ങളെക്കുറിച്ചെഴുതിയ താത്കാലിക ശ്രദ്ധയെ കവിഞ്ഞുള്ള പ്രാധാന്യം അർഹിക്കുന്ന മുഖപ്ര സംഗങ്ങളോടൊപ്പം, അന്നത്തെ സാഹിത്യശ്രമങ്ങളിൽ ഉൾപ്പെടുത്തേണ്ടവയാണ്.

'ശ്രീവാഴുംകോടി'ൻെറ പത്രാധിപത്യം വിട്ടിട്ടു് ഏറെ താമസിയാതെ ശ്രീ. ശങ്കരവാര്യർ 'സരസകഥാമ ഞ്ജരി' എന്ന ചെറുകഥാമാസികയുടെ പ്രധാനപത്രാ ധിപരായി. ഈ മാസികയുടെ സഹപത്രാധിപപ്രസാധ കനും 'വേറൊരു കഥാരത്നമാല', 'വിദൂഷകൻ' എന്നീ പ്രസിദ്ധീകരണങ്ങളുടെ പ്രസാധകനും ശ്രീ. ശങ്കരവാര്യ രുടെ ഒരു സുഹൃത്തുമായ ശ്രീ. എസ്. എസ്. ചെട്ടി യാർതന്നെയായിരുന്നു. മലയാളത്തിലെ ആദ്യത്തെ ചെ റുകഥാമാസിക എന്ന നിലയ്ക്കു 'സരസകഥാമഞ്ജരി' ന

മ്മുടെ സാഹിത്യത്തിൽ ശ്രദ്ധേയമായ ഒരു സ്ഥാനം അർഹിക്കുന്നുണ്ടു്. ആ കാലത്തു ശ്രീ. ശങ്കരവാര്യർ എഴുതിയ കഥകൾ ഈ മാസികയിലാണു് പ്രസിദ്ധപ്പെടുത്തിയതു്. അവയിൽ ചിലതു് ഈ സമാഹാരത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്.

സാഹിത്യശ്രമങ്ങളുടെ മൂർദ്ധന്യകാലത്തു്, ശ്രീ. ശങ്കരവാര്യരെ ഒരു ചെറുകഥാകൃത്തു് എന്ന നിലയ്ക്കാണു് സാഹിത്യലോകം കണക്കാക്കിയിരുന്നതു്. അദ്ദേഹത്തിൻെറ ചെറുകഥകളെക്കുറിച്ചുള്ള ഒരു നിരൂപണം ഈ പുസ്തകത്തിൻെറ അവതാരികയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. സംസ്കൃതപാണ്ഡിത്യത്തിലൂടെ നേടിയ പഴയ പാരമ്പര്യത്തോടൊപ്പം ഇംഗ്ലീഷ്‌വിദ്യാഭ്യാസംവഴി അറിയാൻ കഴിഞ്ഞ പാശ്ചാത്യസാഹിത്യത്തിലെ നൂതനപ്രവണതകളും അദ്ദേഹത്തിൻെറ കൃതികളിൽ പ്രതിഫലിച്ചു കാണാം.

—കെ.

# കുറിപ്പ്

ഈ പുസ്തകത്തിലുൾപ്പെടുത്തിയിട്ടുള്ള ചെറു കഥകൾ പഴയ മാസികകളിൽനിന്നു ശേഖരിക്കാൻ ശ്രീചിത്തിരതിരുനാൾവായനശാലയിലെ ശ്രീമാൻ പി. ശ്രീധരൻനായർ ചെയ്ത സഹായ സഹകരണങ്ങൾ കൃതജ്ഞതാപൂർവ്വം സ്മരിച്ചുകൊള്ളുന്നു.

—പ്രസാധകൻ

# സമർപ്പണം

എന്റെ കൊച്ചനിയന്റെ സ്മരണയ്ക്കു്

—സി. ശങ്കരവാരിയർ

# വിഷയവിവരം


| | | |
|---|---|---|
| 1. | പവിത്രേശ്വരം | 1 |
| 2. | പ്രണയപരീക്ഷ | 10 |
| 3. | 'സ്വപ്നച്ഛായ' | 19 |
| 4. | തീവണ്ടിയിൽ | 34 |
| 5. | "ഢി" | 42 |
| 6. | രണ്ടാംസ്വയംവരം | 52 |
| 7. | പ്രേമദുഷ്പഥം | 64 |
| 8. | ആളു മാറി | 73 |
| 9. | വെള്ളിയാഴ്ച | 87 |
| 10. | ഊർമ്മിള | 104 |
| 11. | ബാഷ്പബിന്ദു | 119 |
| 12. | അപഥസഞ്ചാരം | 126 |
| 13. | പേരു കിട്ടീല്ല | 137 |
| 14. | പ്രതികാരം | 148 |
| 15. | ഒരു ബാങ്ക്നോട്ട് | 161 |
| 16. | ഞാൻ നരകം കണ്ടതു് | 171 |
| 17. | 'എനിക്കൊന്നും വേണ്ടാ' | 178 |
| 18. | ബാൺസാലിയുടെ വിരുന്നു് | 193 |

UNIVERSITY LIBRARY
28 DEC 1974
MADRAS

## 1. പവിത്രേശ്വരം

നിലാവുള്ള ഒരു രാത്രി. ഏതാണ്ടു മണി പത്തായിക്കാണും. പവിത്രേശ്വരത്തു പടിഞ്ഞാറെ പാടത്തിന്റെ തെക്കെ വരമ്പിലൂടെ ഒരു യുവാവു ചിന്താമഗ്നനായി സാവധാനം കിഴക്കോട്ടു വരികയായിരുന്നു. ആ സുകുമാരശരീരനു് ഇരുപത്തിമൂന്നു വയസ്സായിട്ടുണ്ടു്. ഒത്ത നീളം, ഒത്ത വണ്ണം. മനോഹരമായ ഒരു തേജസ്സു് ആ മുഖത്തു വിളയാടുന്നുണ്ടു്. അയാളുടെ ചിന്താഗതിക്കു വിഘാതംവരുത്തിയതു വേഗത്തിൽ കിഴക്കുനിന്നു വന്ന വേറൊരുവന്റെ ശബ്ദമായിരുന്നു. അമ്പലമുററത്തേയ്ക്കു കയറുവാനുള്ള ഇടവഴിയിൽവെച്ചാണു് അവർതമ്മിൽ കണ്ടുമുട്ടിയതു്.

ആഗതൻ ആക്രോശിച്ചു:

"എടാ ധിക്കാരി, ഞാൻ ജീവിച്ചിരിക്കുമ്പോം ഇതു സാധിക്കില്ല. എൻെറ അച്ഛൻെറ തറവാട്ടിൻെറ മാനം കെടുത്താനല്ലേ ഇതു്?"

യുവാവു വിട്ടുകൊടുത്തില്ല: "തൻെറ പാട്ടിനു പോടോ! എൻെറ കാര്യം എനിക്കു്."

"തെമ്മാടിത്തം അധികമെടുക്കേണ്ടാ. മൂരിമുറിനായരുടെ വീട്ടിൽ കേറാനുള്ള യോഗ്യത തനിക്കുണ്ടോ?"

"അതു താനാണോ നിശ്ചയിക്കേണ്ടതു്?"

"ആട്ടെ, നാളെ സന്ധ്യയ്ക്കു പടനിലത്തിൽ വാ. നമുക്കു യോഗ്യത നിശ്ചയിക്കാം. പോയ്ക്കോ."

രണ്ടുപേരും പിരിഞ്ഞു.

വായനക്കാരെ അല്പനേരത്തേയ്ക്കു കൊല്ലവർഷം 800-ാമാണ്ടടുത്തുള്ള ഒരു കാലത്തേയ്ക്കു നയിക്കേണ്ടിയിരിക്കുന്നു. കേരളത്തിൽ നാനാഭാഗങ്ങളിലും കളരിയും ആയുധാഭ്യാസവും ദ്വന്ദ്വയുദ്ധങ്ങളും അന്നു സർവ്വസാധാരണമായിരുന്നു. കൊട്ടാരക്കരരാജ്യത്തിലുള്ള ഒരുപ്രദേശമാണു് പവിത്രേശ്വരം. നാം കണ്ട രോഷാകുലനായ ആൾ അവിടത്തെ ഇടപ്രഭുവായ മൂരിമുറിനായരുടെ മകനാണു്; ആ യുവാവാകട്ടെ, കിട്ടായി എന്നു പറയുന്ന ഒരു സാധാരണനും. കിട്ടായിയുടെ കുടുംബമായ പിള്ളവീടു സ്ഥിതിയിൽ തുലോം താഴ്ന്നതും എന്നാൽ പാരമ്പര്യവശാൽ ആ പ്രദേശത്തു ശൗര്യത്തിനും ധൈര്യത്തിനും മുന്നണിയിൽ നിന്നിരുന്നതുമാണു്. മൂരിമുറിനായരുടെ വത്സലപുത്രനായ കുടന്തഉണ്ണിത്താനും—അതാണു് അയാളുടെ പേ

ട്ടു്—കിട്ടായിയും ഒരേ കളരിയിൽ അഭ്യസിച്ചവരാണു്. എങ്കിലും പലപല മത്സരപ്പയറ്റുകളിലും താൻ കിട്ടായിയാൽ പരാജിതനാക്കപ്പെട്ടിട്ടുള്ള വസ്തുത കുടന്തയെ നിരന്തരമായി വേദനിപ്പിച്ചിരുന്നു. പോരെങ്കിൽ തന്റെ അച്ഛന്റെ മരുമകൾക്കു കിട്ടായിയിൽ അനുരാഗവുമുണ്ടു്.

## II

പിറേറ ദിവസം രാവിലെ പത്തുനാഴിക പുലന്നു കാണും. കറുത്ത മുണ്ടിയായ ഒരു സ്ത്രീ ഓടിക്കിതച്ചു മൂരിമുറിയിലെ വടക്കെമാളികയിൽ കയറിച്ചെന്നു്, "കൊച്ചമ്മേ, കൊച്ചമ്മേ" എന്നു വിളിച്ചു. പരിഭ്രമസൂചകമായ ഈ വിളി കേട്ടു പുറത്തു വന്നതു്, നായരുടെ കുടുംബത്തിലെ ഏകസന്താനമായ കുഞ്ചിക്കുട്ടിയാണു്.

കുഞ്ചിക്കുട്ടി ചോദിച്ചു: "എന്താ, ഇടിക്കാളി?"

"കിട്ടായിച്ചേട്ടനും കുടന്തഏമാനുംകൂടി ഇന്നലെ പോരു ചൊല്ലിപ്പോലും!"

"സമയമെപ്പഴാ?"

"ഇന്നു മൂവന്തിയാമ്പഴാ്ത്രേ!"

"ആട്ടെ, നീ പതറാതിരി."

വ്രാന്തയിലുള്ള ഒരു തൂക്കമഞ്ചത്തിൽ ചെന്നു കുഞ്ചിക്കുട്ടി ഇരിപ്പായി. വായനക്കാക്കു് കുഞ്ചിക്കുട്ടിയെ സൂക്ഷ്മവീക്ഷണംചെയ്യുവാനുള്ള അവസരം ഇതാണു്. ഇടത്തെ കൈയിൽ ഒരു താളിയോലഗ്രന്ഥം വെച്ചും വലതുകൈ തൂക്കമഞ്ചത്തിന്റെ കമ്പിയിൽപ്പിടിച്ചും വിവിധവികാരപരവശയായിക്കൊണ്ടിരുന്ന ആ ജഗന്മോഹിനിയെ ഒന്നു

കാണേണ്ടതാണു്. നീണ്ടുചുരുണ്ട തലമുടി അഴിഞ്ഞും മാറത്തുള്ള മേൽമുണ്ടു് ഉലഞ്ഞും റോസാപ്പൂവൊത്ത കവിൾത്തടങ്ങൾ ചുവന്നുമിരിക്കുന്ന ആ കോമളരൂപത്തിന്റെ ആകർഷകത്വം അവർണ്ണനീയംതന്നെയാണു്. ആ ചെറുമുഖത്തിലെ അസാമാന്യമായ സ്ഥൈര്യവും കറുത്തിരുണ്ട പുരികങ്ങളുടെ പ്രത്യേകതയും അവളുടെ ലാവണ്യത്തെ ശതഗുണീഭവിപ്പിക്കുന്നുണ്ടു്. അതാ, അവളുടെ അധരപുടങ്ങൾ ചലിക്കുന്നു.

വീണ്ടും അവർ സംഭാഷണമാരംഭിച്ചു.

കുഞ്ചിക്കുട്ടി ചോദിച്ചു: "അപ്പൊഴേ, എപ്പഴാടീ, പോരു ചൊല്ലിയതു്?"

"ഇന്നലെ രാത്രു്."

"കാരണം?"

"എന്തോ, ആരക്കറിയാം? കിട്ടായിച്ചേട്ടൻ ഇവിടെ വരുമ്പം അറിയാം."

"വരുമോ?"

"ഉം." ഇടിക്കാളി തല കുലുക്കി ഒന്നു മൂളി.

"നീ പോയി നിന്റെ കിട്ടായിച്ചേട്ടൻ എപ്പം വരുമെന്നു് അറിഞ്ഞോണ്ടുവാ. ഞാൻ കുറച്ചു വായിക്കട്ടെ."

ഇതു പറഞ്ഞു കുഞ്ചിക്കുട്ടി ഗ്രന്ഥവുമായി അകത്തേക്കു കടന്നു. ഇടിക്കാളി താഴോട്ടും പോന്നു.

അന്നു് അന്തിയായി. അസ്തമനസൂര്യന്റെ കിരണങ്ങൾ മൂരിമുറിനായരുടെ മാളികമുകളിൽ അല്പാല്പം കാണുന്നുണ്ടു്. കുഞ്ചിക്കുട്ടി സാവധാനത്തിൽ അവിടെനി

ന്നു് ഇറങ്ങി അവരുടെ വകയും തൊട്ടു പടിഞ്ഞാറേതുമായ മാടങ്കാവിലേയ്ക്കാണു് പോയതു്. വള്ളിക്കുടിലുകളാലും ശാഖോപശാഖകളോടുകൂടി നില്ക്കുന്ന മൂന്നുനാലു് ഇലഞ്ഞിവൃക്ഷങ്ങളാലും നിറയപ്പെട്ട ആ കാവിൽ ഒരിലഞ്ഞിയുടെ താഴ്ന്നുകിടന്ന ശാഖയിൽ കയറി ഉത്കണ്ഠയോടുകൂടി നമ്മുടെ നായിക ഇരുന്നു. എന്നാൽ അവൾക്കു് അധികനേരം അങ്ങനെ ഇരിക്കേണ്ടിവന്നില്ല. അപ്പോഴേയ്ക്കും കിട്ടായി പിന്നാപ്പുറത്തുടെ "കുറച്ചു് അമാന്തിച്ചുപോയി" എന്നു പറഞ്ഞുകൊണ്ടു കുഞ്ചിക്കുട്ടിയുടെ അടുത്തു വന്നു.

കുഞ്ചിക്കുട്ടി എഴുന്നേററുനിന്നു ചോദിച്ചു: "എന്തിനാണു് ഈ ഒരുക്കങ്ങൾ?"

"പടനിലത്തേയ്ക്കുള്ളതാണു്."

"കുടന്തച്ചേട്ടനുമായി മല്ലിനാ?"

"അതേ."

"എന്തിനാ ഇതു്?"

"ഞാൻ കുഞ്ചിക്കുട്ടിയുമായി ഉരിയാടുന്നതുതന്നെ അയാൾക്കു ദേഷ്യമാ. എന്തു ചെയ്യാനാ? മൂരിമുറിനായരുടെ വീട്ടിൽ കേറാൻ ഈ വീടിനു് അവസ്ഥയില്ലന്നാ അയാളുടെ പക്ഷം. സ്ഥാനവും മാനവും പിള്ളവീടനില്ല. എന്നാലും ഒരു ഇമ്മിക്കു പുറകോട്ടു മാറുന്നവനല്ലെന്നു് അയാൾക്കറിഞ്ഞുകൂടായിരിക്കും."

"അമ്മാവൻ എന്തു പറയുമോ, ആദ്വാ, കുടന്തച്ചേട്ടൻ വീണാൽ?—"

"വരുന്നതു വരട്ടെ. നേരമായി. രാത്രിയിൽ കാണാം."

അവർ പിരിഞ്ഞു. കിട്ടായി അവിടെനിന്നു പുറപ്പെട്ടു വടക്കേക്കരെയ്ക്കു പോയി. ഇടവഴിയിലൂടെ മാതശ്ശേരിപ്പടനിലത്തേയ്ക്കു തിരിച്ചു.

മാതശ്ശേരിപ്പടനിലം ഇടപ്രഭുക്കന്മാരുടെ രണാങ്കണമാണു്. ഭയങ്കരങ്ങളായ അനവധി യുദ്ധങ്ങളുടെ സ്മരണകൊണ്ടും മററും ആ സ്ഥലം സാധാരണന്മാക്ക് വളരെ ഭയജനകമായിട്ടുള്ളതാണു്. ഏതാണ്ടു് ഒരു മയിൽനീളം വീതിയുള്ള ആ മൈതാനത്തിനു തൊട്ടു് അരികിലായി കിട്ടായി എത്തിയപ്പോൾ പടിഞ്ഞാറുനിന്നു് ഒരു കുതിരച്ചാട്ടത്തിൻെറ ശബ്ദം കേട്ടു. കിട്ടായി പിന്നോക്കം നോക്കി. കുടന്തയുണ്ണിത്താൻ ദ്വന്ദ്വയുദ്ധത്തിനു സന്നദ്ധനായി വരുന്നതു കണ്ടു. കിട്ടായി അവിടെ നിന്നു.

"ആരടാ അതു്" എന്നു കുടന്തയുണ്ണിത്താനും "തൻെറ എതിരാളിതന്നെ" എന്നു കിട്ടായിയും പരസ്പരം കുശലം പറഞ്ഞു പോരിനു തയാറായി.

വാൾ കുന്തം മുതലായ ആയുധങ്ങൾ പരസ്പരം 'ലാക്കുനോക്കി പ്രയോഗിച്ചുകൊണ്ടും അവയൊക്കെ തൽക്ഷണം തടുത്തുകൊണ്ടും' അരമണിക്കൂർനേരത്തേയ്ക്കു അതികഠിനമായി കുടന്തയുണ്ണിത്താനും കിട്ടായിയും പൊരുതു. അപ്പോഴേയ്ക്കും ഉണ്ണിത്താൻ പരവശനായി വീണുകഴിഞ്ഞു. "വീണിടത്തു പിള്ളവീടൻെറ വാൾ പൊങ്ങുല" എന്നു പറഞ്ഞു കിട്ടായി ശീഘ്രഗതിയിൽ അവിടെനിന്നു പോയി.

## III

പിറേറന്നാൾ പ്രഭാതമായപ്പോഴേയ്ക്കും ഈ ദ്വന്ദ്വയുദ്ധത്തിൻെറ ഫലം പവിത്രേശ്വരം മുഴുവൻ അറിഞ്ഞിരിക്കുന്നു. ചെറിയ പെൺകുട്ടികൾകൂടി ഉണ്ണിത്താനെ ഹസിച്ചുതുടങ്ങി. അന്നു പകൽമുഴുവൻ ഉണ്ണിത്താൻ മൂരിമുറിയിലെ സൂര്യപ്രകാശം കാണാത്ത ഒരു വാടാവിൽത്തന്നെ കഴിച്ചുകൂട്ടി.

നേരം സന്ധ്യയായി. കുഞ്ചിക്കുട്ടിയും ഇടിക്കാളിയും ക്ഷേത്രത്തിൽ പോയി തൊഴുതു മടങ്ങിയിട്ട് ഇലങ്കത്തിലേയ്ക്കു തിരിച്ചു. ഇലങ്കത്തിലെ പ്രദക്ഷിണവും മററും കഴികെ മാടങ്കാവിലെത്തിയപ്പേഴയ്ക്കും കിട്ടായിയും അവിടെ വന്നുചേൎന്നു. ഇടിക്കാളി ഒരു വള്ളിക്കെട്ടിലേയ്ക്കു് അല്പം മാറിനിന്നു.

കുഞ്ചിക്കുട്ടി കിട്ടായിയോട് ഉപചാരപൂൎവ്വം പറഞ്ഞു: "ഇരിക്കാം ഈ വള്ളിയിലെങ്ങാനും."

"എത്ര നാളായി, കുഞ്ചികുട്ടി, ഞാനിങ്ങനെ നടക്കുന്നു? എൻെറ കാമനയല്ലേ? ആരുടേയും തടസ്ഥംകൂടാതെ ഇനി എന്നു വരാറാകും? കുഞ്ചിയുടെ മനസ്സെന്താ? അമ്മാമനോട് എൻെറ അച്ഛൻ ചോദിക്കട്ടെ?"

"എനിക്കു സമ്മതക്കേടില്ല്യ. അമ്മാവൻ വല്യ ദ്വേഷ്യത്തിൽ ഇന്നലെ ഇതേപ്പററി പറഞ്ഞു. കുട്ടൻചേട്ടൻെറ തോൽവി കേട്ടപ്പംമുതൽ അമ്മാവിക്കു വല്യ കെറുവാണു്. എന്താ ചെയ്ക?"

കിട്ടായി അല്പനേരം മൗനമായി നിന്നു. എന്നിട്ടു പറഞ്ഞു: "ആട്ടെ, അങ്ങനെയാണെങ്കിൽ കുഞ്ചിക്കുട്ടിക്കു് എൻെറകൂടെ വരാനൊക്കുമോ?"

"തറവാടിന്നു മാനക്കേടുവരുത്തിയിട്ടോ?"

"പറഞ്ഞേ, കുഞ്ചി എന്റെയല്ലേ?"

കുഞ്ചിക്കുട്ടി കുറെ നേരത്തിന്നു് ഒന്നും പറഞ്ഞില്ല. പിന്നെ, ഏങ്ങിക്കരഞ്ഞുതുടങ്ങി. കിട്ടായി പലതരം വികാരങ്ങൾക്കു വശംവദനായി, "എന്റെ കുഞ്ചിക്കുട്ടീ, കരയാതിരുന്നേ" എന്നു പറഞ്ഞു് അവളുടെ കണ്ണുനീർ തുടച്ചു. അയാൾ തന്റെ പ്രേമഭാജനത്തെ ഗാഢമായി ആശ്ലേഷിക്കയും അവളുടെ ലോകമോഹനമായ ഗണ്ഡങ്ങളിൽ തെരുതെരെ ചുംബിക്കയും ചെയ്തു.

"നേരമായി കൊച്ചമ്മേ" എന്നുള്ള ഇടിക്കാളിയുടെ സൂചനയറിഞ്ഞു് ഇരുവരും പിരിഞ്ഞു. കിട്ടായി നടവരമ്പിലൂടെ കിഴക്കോട്ടും നമ്മുടെ നായികയും തോഴിയും അവരുടെ വീട്ടിലേയ്ക്കും തിരിച്ചു. കിട്ടായി വരമ്പിന്റെ കിഴക്കററത്തെത്തി. പുറകെ വന്ന എതിരാളിയെ ചിന്താവശഗനായ അയാൾ കണ്ടതേ ഇല്ല. "എടാ" എന്ന കുടന്തയുടെ ശബ്ദം കേട്ടു പിന്നാക്കം നോക്കിയതും കിട്ടായിയുടെ കഴുത്തിൽ കഠാരി ഇറങ്ങിയതും ഒന്നിച്ചു കഴിഞ്ഞു. സാധു കിട്ടായി നിലംപതിച്ചു.

ഗർവിഷ്ഠനും അസൂയാലുവുമായ ഉണ്ണിത്താൻ കിട്ടായിയെ ആരോ നിഗ്രഹിച്ചിരിക്കുന്നതായി മുരിമുറിയിലും അറിയിച്ചു. കുഞ്ചിക്കുട്ടി ഇടിയേററ ഇളംതെങ്ങുപോലെ നിലത്തു വീണു. ഇടിക്കാളി അടുത്തു നിന്നു കുറെ കരഞ്ഞ ശേഷം കുഞ്ചിക്കുട്ടിയുടെ മുഖത്തു വെള്ളം തളിക്കയും, മുണ്ടുകൊണ്ടു വീശുകയും ചെയ്തപ്പോൾ കുഞ്ചിക്കുട്ടി കണ്ണുകൾ തുറന്നു. അവൾ ധൈര്യത്തോടുകൂടി എണീററിരുന്നു.

"വാടീ, നോക്കാം നമുക്കു്" എന്നു പറഞ്ഞു തോഴിയെയും കൂട്ടി കിട്ടായിയുടെ മൃതശരീരം കിടക്കുന്ന സ്ഥലത്തേയ്ക്കു പോയി. ശോണിതപൂരത്തിൽ മുഴുകിക്കിടക്കുന്ന പ്രിയതമന്റെ കഴുത്തിൽനിന്നു് അവൾ കഠാരി ഊരിയെടുത്തു. "ഇടിക്കാളി, നീ പൊയ്ക്കോ" എന്നു പറഞ്ഞു് അവൾ ആ മൃതശരീരത്തെ വീണ്ടും വീണ്ടും ആലിംഗനം ചെയ്തു. "ഇതാ ഞാനുംകൂടി വന്നു" എന്നുച്ചരിച്ചു് ആ കഠാരി തന്നത്താൻ നെഞ്ചിൽ കുത്തിയിറക്കി. അവൾ തന്റെ പ്രിയതമന്റെ മാറിൽത്തന്നെ വീണു സുഖനിദ്ര കൊണ്ടു.

പവിത്രേശ്വരത്തു രാത്രികാലങ്ങളിൽ ഈ ദമ്പതികളെ ഒരുമിച്ചു കാണാറുണ്ടെന്നു് ഒരു കിംവദന്തി ഇപ്പോഴുമുണ്ടു്.

## 2. പ്രണയപരീക്ഷ

### ഏമാൻെറ ആഖ്യാനം

“ഇന്ദിരേ, എത്ര നാളായി ഞാൻ വലഞ്ഞുതുടങ്ങിയിട്ടെന്നറിയാമോ? ഈ ഓമനമുഖത്തു ഞാൻ തെരുതെരേ........”

ഇത്രയും വാക്കുകൾ ഞാൻ സ്പഷ്ടമായി കേട്ടതു കിഴക്കേ മാളികയുടെ വ്രാന്തയിൽനിന്നാണു്. എൻെറ ഹൃദയം മിന്നല്പിണരുകൊണ്ടെന്നപോലെ ഒന്നു ഞെട്ടി. നേരം ഏതാണ്ടു് ഏഴരമണിയായിക്കാണും. ക്ഷയോന്മുഖമെന്നു പ്രത്യക്ഷത്തിൽ തോന്നുന്ന ഞങ്ങളുടെ പൂന്തോട്ടത്തുവീട്ടിൽ ചില അറകളിലൊക്കെ മങ്ങിമങ്ങി വിളക്കുകൾ

പ്രകാശിക്കുന്നുണ്ടു്. ഗാഢാശ്ലേഷത്തിൽ അപൂർവ്വാനന്ദം അനുഭവിക്കുന്ന യുവതീയുവാക്കന്മാരുടെ നിഴൽ ഹാളി ലിരിക്കുന്ന മറയിൽ എനിക്കു കാണാമായിരുന്നു. ഇതിക ർത്തവ്യതാമൂഢനായി അല്പനേരം ഞാൻ അവിടെ നിന്ന ശേഷം പതുക്കെ കോണി പകുതിയിറങ്ങി അവിടെ നിന്നു.

* * *

എൻെറ വിചാരഗതികൾ കുറച്ചു വേണമെങ്കിൽ ഗ്രഹിച്ചുകൊൾക. ഇന്ദിര നാഗരികത്വമുള്ള ഒരു പെൺ കുട്ടിയാണു്. അവൾ സ്വതേ ഉത്സാഹപ്രിയയുമാണു്. ഞാനോ, ഏതാണ്ടൊരു നാടൻസമ്പ്രദായം. പൂന്തോട്ടത്തു ഭവനക്കാർ പഴയകാലത്തു വളരെ ഉന്നതസ്ഥിതിയിൽ ഇരുന്നു. കഴിഞ്ഞ മൂന്നു തലമുറയായി ക്രമപ്രവൃദ്ധമായി വന്ന കടം, ഞാൻ കാരണവസ്ഥാനമേററപ്പോഴേയ്ക്കും മൂ ർദ്ധന്യാവസ്ഥയിലായിട്ടുണ്ടു്. എനിക്കു് ഈടെന്നും പ ണയമെന്നും മേൽച്ചാർത്തെന്നും ഒററിയെന്നും പലിശയെ ന്നും പറഞ്ഞിരിക്കയല്ലാതെ ഇന്ദിരയെപ്പോലുള്ള ഒരു പെൺകുട്ടിയെ സരസസല്ലാപംകൊണ്ടു രസിപ്പിക്കാൻ സമയമില്ല. ഞങ്ങളുടെ നാട്ടിൻെറ രീതി മുഴുവൻ ഒരു നാഗരികവനിതയ്ക്കു രസിക്കാത്തവയായിരിക്കും. വലിയ വലിയ കുന്നുകളും ഇടയ്ക്കിടയ്ക്കുള്ള പൊയ്കകൾക്കു സമീപ ത്തായി വെട്ടിയെടുത്ത പാടങ്ങളും കുടിയാനവന്മാരുടെ വിനയദ്യോതകങ്ങളായ ചെറുമന്ദിരങ്ങളും മാത്രമേ ഇവി ടെയുള്ളൂ. ഏതാണ്ടു് ഒരു ജയിൽവാസംപോലെയായിരി ക്കും ഇന്ദിര ഇവിടെ കഴിയുക. ഞങ്ങളുടെ അതിഥിയാ

ണെങ്കിൽ, ബംബായിൽ 'ഡെയിലിഹിറാൾഡ്' എന്ന പത്രത്തിൻെറ ഉപപത്രാധിപരായ ശങ്കരൻകുട്ടിമേനവനാണ്. ആൾ സരസൻ, സുമുഖൻ. ഇളംമനസ്സുകളെ ചഞ്ചലിപ്പിക്കത്തക്ക വാങ്മാധുര്യമുള്ള ആൾമാത്രമല്ല, എൻെറ അമ്മാവൻെറ ഒരു മകൻ; ഇന്ദിരയുടെ പഴയൊരു ചങ്ങാതിയും—പോരേ?

എൻെറ മനസ്സ ചികഞ്ഞുനോക്കിയപ്പോൾ, മുമ്പു ഞാൻ കേട്ട ക്ഷോഭജനകങ്ങളായ വാക്കുകളുടെ ഉത്ഭവകാരണം ഇതൊക്കെയാണെന്നു തോന്നി. ഞാൻ സാധു ഇന്ദിരയെ എന്തിനു് അപരാധിനിയാക്കുന്നു? അവൾക്കു ശങ്കരൻകുട്ടിയിൽ ഉണ്ടായിരുന്ന സ്നേഹം, വൈദ്യുതശക്തിയാലെന്നപോലെ, പെട്ടന്നു ദ്യോതിച്ചിരിക്കാം. ഞാൻ ചെവിയോർത്തു. അപ്പോൾ ഇന്ദിര പറയുന്നതു കേട്ടു: "ഏമാൻ (അങ്ങനെയാണു് എന്നെ സാധാരണന്മാർ വിളിക്കുക.) വന്നു എന്നു തോന്നുന്നു."

"ഏയ്! ഒരിക്കലുമില്ല, രണ്ടു മണിക്കൂറിനു വരില്ല. എൻെറ പ്രേമമേ, ഇതു രണ്ടു വഷത്തിനു മുമ്പായിരുന്നെങ്കിൽ—"

എൻെറ കോപവും വ്യസനവും അടക്കാൻ ഞാൻ പിന്നെയും നിശ്ശബ്ദമായി കൈകൾ കോർത്തു് അമർത്തി. ഞാൻ ഇതു കേൾക്കേണ്ടായിരുന്നു. എന്തിനു് ഇത്ര സൗകര്യം കൊടുത്തു?

ഞങ്ങളുടെ വിവാഹംമുതലുള്ള സകലകാര്യങ്ങളും ഓരോന്നായി എൻെറ ഹൃദയപഥത്തിലൂടെ പാഞ്ഞു. ഒരുത്സാഹവുമില്ലാത്ത സ്ഥലമാണിതെന്നും മദിരാശിയി

ലോ തിരുവനന്തപുരത്തോ പോയി താമസിക്കണമെന്നും ഒന്നുരണ്ടു കുറി ഇന്ദിര എന്നോടാവശ്യപ്പെട്ടതു ഞാനപ്പോഠം ഓൎത്തു. എൻെറ ചിന്താഗതികഠംക്കിടയ്ക്കു് ഒരിക്കൽ ദീൎഘമായി ശ്വസിച്ചതു് ആരെങ്കിലും കേട്ടുവോ, എന്തോ! മെല്ലെ ഞാൻ കോണിയിറങ്ങി, ക്ഷേത്രത്തിലേയ്ക്കു നടന്നു.

ചിന്താമഗ്നനായി ക്ഷേത്രത്തിൻെറ പടിഞ്ഞാറേ മുററത്തു് ആൽത്തറയിൽ ചെന്നിരുന്നു. ശരച്ചന്ദ്രൻെറ ധവളകിരണങ്ങഠം, പടിഞ്ഞാറേപ്പാടത്തിൽ വരുന്ന ഇളംകാററു്—ഇതൊന്നും ആസ്വദിക്കാൻ സുഖമില്ലാതെ ഞാൻ എത്ര നേരം അവിടെ ഇരുന്നുവെന്നറിഞ്ഞുകൂടാ.

## ഇന്ദിരയുടെ ആഖ്യാനം

നേരം വെളുത്തു. രാത്രിയിൽ എനിക്കു സുഖനിദ്രലേശവുമുണ്ടായില്ല. ഏഴുമണിയോടുകൂടി 'ഏമാനും' മേനവൻചേട്ടനുംകൂടി ഷിക്കാറിനു പുറപ്പെട്ടുകഴിഞ്ഞു. എനിക്കു വല്ലാതെ കോപവും വ്യസനവും തോന്നി. എനിക്കു മേനവൻചേട്ടനോടു സ്നേഹമാണെന്നു് അദ്ദേഹം അറിഞ്ഞിരിക്കുമോ?

ഞാൻ മട്ടുപ്പാവിൽ നില്ക്കുയായിരുന്നു. മേനവൻ ചേട്ടൻ അടുത്തുവന്നു. അദ്ദേഹം പറഞ്ഞു: "ഷിക്കാറിനു പോകണമെന്നു് ഇന്ദിരയുടെ ഏമാൻ നിൎബ്ബന്ധിക്കുന്നു. എനിക്കു സമ്മതമില്ല; എങ്കിലും പോകണ്ടേ?"

"പോയ്ക്കോളൂ." ഞാൻ പറഞ്ഞു.

"എന്താ ചെയ്യുക? ഇന്ദിര മാപ്പു തരണേ!"

"ചേട്ടന്റെ ഹിതംപോലെ."

എന്റെ ഉള്ളംകൈയിൽ ഒന്നു ചുംബിച്ചിട്ടു മേനവൻചേട്ടൻ താഴോട്ടു പോയി. അന്നു വൈകീട്ടാണു് അവർ തിരികെ വന്നതു്. വന്നിട്ടും അവർ രണ്ടുപേരുംകൂടിയാണു് അധികസമയവും കഴിച്ചതു്. ഏതാണ്ടു് ഏഴരമണിയായി. ഞാൻ 'കൗമുദി'വായിച്ചുംകൊണ്ടു് എന്റെ കോച്ചിൽ ഇരിക്കയായിരുന്നു. മേനവൻചേട്ടൻ അടുത്തു വന്നിരുന്നു. എന്നിട്ടദ്ദേഹം ചോദിച്ചു: "എന്റെ ഇന്ദിരേ, എന്നിൽ ദയയില്ലേ? ഈ ജെയിലിൽ എന്തിനു പാർക്കുന്നു? നിന്റെ ഏമാന്റെ പ്രേമം എന്തെന്നു് അറികതന്നെ വയ്യാം. വരൂ, വരൂ. എന്റെ ഇന്ദിരയല്ലേ?"

മേനവൻചേട്ടൻ കൈകളെക്കൊണ്ടു് എന്നെ ഗാഢമായി വരിഞ്ഞപ്പോൾ പ്രേമംകൊണ്ടു ബന്ധിക്കയാണെന്നു് എനിക്കു തോന്നി. ഞാൻ പറഞ്ഞു: "കുറെ ക്ഷമിക്കൂ, ചേട്ടൻ. ഏമാനും എന്നെ സ്നേഹമില്ലാതില്ല. വേറൊരു സമ്പ്രദായം—അത്രയല്ലേ ഉള്ളൂ?"

"ഇന്ദിരേ, എന്റെ ജീവിതസർവ്വസ്വമേ, നമുക്കു ബംബയിൽ പോയി സുഖമായി താമസിക്കാം. വിവാഹം എന്നു പറയുന്നതു് ഒരു സങ്കല്പംമാത്രമാണു്."

ഞാൻ വളരെ പണിപ്പെട്ടു് എന്റെ വികാരങ്ങളെ അടക്കി. അപ്പോഴേയ്ക്കും ഏമാൻ കുളികഴിഞ്ഞു വന്നു കഴിഞ്ഞു. അവർ സൊള്ളിക്കൊണ്ടു് അങ്ങനെ കൂടി; ഞാൻ ചിന്താമഗ്നയായിട്ടും. ഒരേഴു വർഷം മുമ്പു ഞാൻ ഞങ്ങളുടെ സപ്പക്കാവിന്റെ വടക്കേവശത്തുള്ള ഇല

ഞ്ഞതിയിലെ വള്ളിക്കെട്ടിൽ കയറി ആടുകയായിരു ന്നു. മേൽമുണ്ടില്ല; ഒരു റോസ്നിറത്തിലുള്ള ജാക്കററുമാ ത്രമുണ്ട്. തലമുടി അഴിച്ചു പിന്നാക്കം ഇട്ടിരുന്നു. ഞാന റിയാതെ എൻെറ പിന്നാപ്പുറത്തൂടെ വന്നു കണ്ണുകൾ പൊത്തി എന്നെ ചുംബിച്ചതു് ഈ ചേട്ടൻതന്നെയാ യിരുന്നു. "നിന്നെ ഞാനല്ലാതെ വല്ലവരും സംബന്ധം ചെയ്താൽ എന്നെ മറന്നുകളയുമോ" എന്നു ചോദിച്ചതി നു് "ഞാൻ മറക്കുകേ?—അതുണ്ടാവ്വോ" എന്നു പറഞ്ഞ മറുപടി ഞാനിന്നും ഓക്കുന്നു. അന്നു ഞാൻ വെറും കുട്ടിയായിരുന്നു. ബാലിശമായ ആ വക ചാപല്യങ്ങൾ ഞാൻ മറന്നിട്ടില്ല. മറക്കുന്നതെങ്ങനെ? എങ്കിലും 'അ ദ്ദേഹ'ത്തോടു് എനിക്കു പ്രേമമുണ്ടു്. മേനവൻചേട്ട ൻെറ വാങ്മാധുര്യത്തിൽ വശപ്പെട്ടുപോയതാണെന്നും തോന്നി.

*　　　*　　　*

നേരം പന്ത്രണ്ടായിക്കാണും. "തീയ്! തീയ്!" എ ന്നു് ഉച്ചത്തിലുള്ള വിളികൾ കേട്ടു ഞാൻ ഞെട്ടിയുണ ന്നു. ഓടുകൾ പൊട്ടുന്നതും തീ കത്തിക്കാളുന്നതുമായ ഭ യങ്കരശബ്ദങ്ങൾ കേൾക്കുന്നു. ഞാൻ ഉണന്നപ്പോൾ, "പത്രു, ഓമനേ, പരിഭ്രമിക്കണ്ടാ" എന്നു പറഞ്ഞു് ഏ മാൻ എന്നെ വിളിച്ചു. എട്ടുകെട്ടിൻെറ തെക്കേമോളിൽ നിന്നു് എൻെറ കൈ പിടിച്ചും വളരെ ഘനമേറിയ ഒരു പെട്ടി ചുമലിൽ എടുത്തും ഏമാൻ താഴെയിറങ്ങി. അല്പം അകലെയായി നില്ക്കുന്ന അശോകച്ചുവട്ടിൽ എ ന്നെ നിത്തി. എന്നിട്ടു പറഞ്ഞു: "ഇന്ദിര ഇവിടെ നി

ന്നോളൂ. പെട്ടി സൂക്ഷിച്ചുകൊള്ളണം. പക്ഷേ മേനവ നെക്കൂടി ഇങ്ങോട്ടയയ്ക്കാം."

അദ്ദേഹം വീണ്ടും കെട്ടിലേയ്ക്കു പോയി.

എൻെറ ഹൃദയം തുടിച്ചു. എന്താണാവോ വരാൻ പോകുന്നതു്! അപ്പോഴേയ്ക്കും മേനവൻചേട്ടനും അശോ കച്ചുവട്ടിലെത്തി. ഞങ്ങരം രണ്ടും പരസ്പരം മിണ്ടാതെ ഓരോരോ ചിന്തകറംക്കു വശപ്പെട്ടു നിന്നു. ഉത്തരങ്ങരം കരിഞ്ഞുമറിഞ്ഞു വീഴുന്ന ഗംഭീരശബ്ദം ഇടയ്ക്കിടെ കേറം ക്കാറുണ്ടു്. വീട്ടിൻെറ നാലുപുറത്തും കിടക്കുന്ന പാട്ടക്കാ രും മററുള്ളവരുമായി അനവധി ആളുകറം തീയ് കെടു ത്താൻ ശ്രമിക്കുന്നുണ്ടു്. ഏമാനെ കാണാനേ ഇല്ല. കെ ട്ടിനകത്താണു്. എൻെറ ഇടനെഞ്ഞു പൊട്ടുന്നു എന്നു് എനിക്കു തോന്നി. അതാ, അദ്ദേഹം വടക്കേ തളത്തിലേ യ്ക്കു പുറത്തൂടെ കടക്കുന്നു. ഞാൻ മേനോൻചേട്ടനോടു പ റഞ്ഞു:

"ചേട്ടാ, തീയധികമുള്ള സ്ഥലത്തേയ്ക്കാണു് ഇ പ്പോറം അദ്ദേഹം പോയതു്. അങ്ങോട്ടൊന്നു ചെല്ലൂ."

"ഏയ്, ഒന്നുമല്ല."

"പോകൂ. അതേ, അങ്ങോട്ടാണു് പോയതു്."

"വെറുതേ നില്ക്കൂ, ഇന്ദിരേ. അവിടെ എത്രയോ പേരുണ്ടു്."

ചേട്ടൻെറ ഈ ഉദാസീനത എനിക്കു പിടിച്ചില്ല. ഞാൻ ശാസനാസ്വരത്തിൽ ചോദിച്ചു:

"പോകുന്നോ? അല്ലെങ്കിൽ ഞാൻ പോകും."

"ഇന്ദിരയോട് ഈ പെട്ടി സൂക്ഷിക്കാൻ പറഞ്ഞി ട്ടില്ലേ?"

ഇത്ര ധൈര്യവും സ്നേഹവുമില്ലാത്തയാളാണല്ലോ ഈയാൾ എന്നു കരുതിക്കൊണ്ടു ഞാൻ വടക്കേ കെട്ടി ലേയ്ക്ക് ഓടി. കിണറുപുര വെന്തു വീണുതുടങ്ങി. ഞാൻ തീയിൻെറ ശക്തിയൊന്നുമോക്കാതെ അതിവേഗത്തിൽ പാഞ്ഞു. വടക്കേ കെട്ടിലെ കോമ്പുരയിൽ ചെന്നപ്പോൾ അദ്ദേഹം എനിക്കതിവാത്സല്യമുള്ള പൂച്ചക്കുട്ടിയെയും എടുത്തുകൊണ്ടു വരുന്നതു കണ്ടു. ഞാൻ നിന്നനിലയിൽ അങ്ങു വീണു.

## ശങ്കരൻകുട്ടിമേനവൻെറ ആഖ്യാനം

ഇന്ദിരയുടെ പരിഭ്രമം! ഈ കോന്തനുവേണ്ടി തീ യിൽ ചാടുകയോ! കഷ്ടം! അവൾ ഒരു സരസത്തിയാ ണെന്നു ഞാൻ വിചാരിച്ചുപോയി. അവൾക്കുവേണ്ടി എൻെറ ജീവൻ കളയേണ്ട കാര്യമില്ല. രണ്ടുപേരുടെയും കഥ എങ്ങനെയാകുമോ, എന്തോ—ഇങ്ങനെ ഓരോന്നു വിചാരിച്ചുംകൊണ്ടു ഞാൻ അശോകച്ചുവട്ടിൽ അങ്ങ നെ നിന്നു. പതിനഞ്ചു നിമിഷം കഴിഞ്ഞു. അതാ, ഇ ന്ദിരയേയും പൂച്ചയെയും എടുത്തുകൊണ്ട് അവളുടെ ഏ മാൻ വരുന്നു. പകുതിയഴിഞ്ഞ മുണ്ടും കുഴഞ്ഞുവാടിയ മെയ്യും കെട്ടാത്ത തലമുടിയുമായി ആ കോമളവിഗ്രഹ ത്തെ ഞാൻ അയാളുടെ കൈയിൽ കണ്ടപ്പോൾ എ ൻെറ മനസ്സ് അതുപോലെ ആർദ്രമല്ലെന്ന് എനിക്കു തോന്നി. മുഖത്തു മുണ്ടുകൊണ്ട് അല്പനേരം വീശുകയും

കുറെ വെള്ളം തളിക്കയും ചെയ്തപ്പോൾ ഇന്ദിര കണ്ണു തുറന്നു. 'പ്രാണനാഥാ' എന്നു വിളിച്ചിട്ടു് അവൾ വീണ്ടും കണ്ണുകൾ ചിമ്മി.

കുറെ നേരം കഴികെ കണ്ണു തുറക്കാതെ ഇന്ദിര ഇങ്ങനെ മന്ത്രിച്ചു: "പ്രാണനാഥാ, ക്ഷമിക്കണേ, ക്ഷമിക്കണേ! ഞാൻ അപരാധിനിയാണു്. ക്ഷമിക്കുമോ—ആ നീചൻ—എന്നെ—ക്ഷമിക്കുമോ?"

ശോകസ്വരത്തിൽ വീണ്ടും വീണ്ടും അവൾ ആവർത്തിച്ചു. ഏമാൻ സാവധാനത്തിൽ ആ ജഗന്മോഹനമായ ഗണ്ഡങ്ങളിൽ ചുംബിച്ചു. ഞാൻ ഈർഷ്യയോടുകൂടി അതു കണ്ടില്ല എന്നു നടിച്ചു തീയും നോക്കിനോക്കി നിന്നു.

## 3. 'സ്വപ്നച്ഛായ'

ഏകദേശം ഏഴുകൊല്ലം മുൻപു്, ഞാൻ മധുരയിൽ താമസിച്ചിരുന്ന കാലത്താണു് അച്ഛൻ ആദ്യമായി എന്നോടു മുഷിവു കാണിച്ചതു്. അന്നു പഠിത്തം നിൎത്തണമെന്നു് അച്ഛൻ ആജ്ഞാപിച്ചതു് ഞാൻ കൈക്കൊണ്ടതുമില്ല. പിന്നെ ഈയിടെ ഞാൻ തിരുവനന്തപുരം ലാക്കാളേജിൽ വായിച്ചുകൊണ്ടിരുന്നപ്പോൾ ചില പ്രത്യേകകാരണങ്ങളാൽ അച്ഛനും ഞാനും തമ്മിൽ വീണ്ടും ഇടയാൻ ഇടവന്നു. ഇപ്പോൾ അച്ഛന്റെ ഉദ്ദേശം ഫലിച്ചു. എനിക്കു പഠിത്തം നിൎത്തേണ്ടിവന്നു. കുട്ടിക്കാലംമുതല്ക്കേ ചിത്രമെഴുത്തിലുള്ള വാസനയെ ഞാൻ അവസരംപോലെ വൎദ്ധിപ്പിച്ചിട്ടുണ്ടായിരുന്നു. അതുകൊണ്ടു് എങ്ങനെയെങ്കിലും കാലം കഴിക്കാമെന്നു കരുതി നാടുവിട്ടു

ബാംബയിലേക്കു പോന്നു. ബാംബയിൽ പണമില്ലാതെ ഒന്നും സാധിക്കയില്ല. എൻെറ ഉത്തമസ്നേഹിതനായ ഗജേന്ദ്രനാഥൻ വലിയൊരു ധനികനായ വ്യാപാരിയുടെ മകനാകയാൽ വലിയ വാടകകൂടാതെ ചിത്രശാല സ്ഥാപിക്കാനായി ഒരു സ്ഥലം കിട്ടി. "സ്കെച്ചുകൾ തയാറാക്കുക, ഛായാപടങ്ങൾ വലുതാക്കുക, എണ്ണച്ചായത്തിൽ ചിത്രങ്ങൾ എഴുതുക മുതലായവ ചെയ്യുന്നതാണു്" എന്നു് ഒരു ബോർഡും എഴുതിവെച്ചു. തൊഴിലിൽ പ്രവേശിച്ചിട്ടു വളരെയായില്ല. ഇതിനിടയിൽ ഗജേന്ദ്രനാഥൻെറ ഒരു പരിചിതനായ 'രാമദാസകാന്തിലാല' എന്ന മഹാരാഷ്ട്രയുവാവുകൂടി എൻെറ ചിത്രശാലയിൽ താമസമായി. പ്രകൃത്യാ എന്നോടു് അധികം സഹവസിക്കുന്നവരോടു സ്നേഹമാകുക എൻെറ പതിവാണു്. കാന്തിലാലനും എൻെറ നല്ല സ്നേഹിതനായി. അദ്ദേഹത്തിൻെറ ധാർമ്മികബോധം പ്രശംസനീയമായ ഒരു സ്ഥിതിയിലല്ല എന്നു് എനിക്കറിയാമായിരുന്നു. എങ്കിലും അതു ഞങ്ങളുടെ പരസ്പരസ്നേഹത്തിനു പ്രതിരോധകമായി വന്നതേയില്ല.

കാന്തിലാലൻ എവിടെയോ പോയിരിക്കയായിരുന്നു. ഞാൻ എൻെറ സ്ററുഡിയോ(അഭ്യസനമുറി)യിൽ ഇരുന്നു് അഹല്യയുടെ ഒരു ചിത്രം വരച്ചുകൊണ്ടേ ഇരുന്നു. ദേവേന്ദ്രൻ പോയശേഷം അഹല്യ തൻെറ സത്കർമ്മവ്യതിചലനത്തെപ്പററി ചിന്തിച്ചുകൊണ്ടിരിക്കുന്ന മനോഭാവം മുഖരംഗത്തിൽ വരുത്തുവാൻ ശ്രമിക്കയായിരുന്നു. ആരോ വന്നു കതകിൽ മന്ദമായി ശബ്ദമുണ്ടാക്കി.

ഞാൻ വാതിൽ തുറന്നപ്പോൾ അവിചാരിതമായ ഒരു കാഴ്ചയാണു് കണ്ടതു്. നിഷ്കളങ്കമായ മുഖപ്രസന്നതയോടുകൂടിയ ഒരു പെൺകുട്ടി "കാന്തിലാലൻ ഇവിടെയില്ലേ" എന്നു ചോദിച്ചു. ആ പെൺകുട്ടിയുടെ മനോഹരമായ ദേഹകാന്തിയും ആ കണ്ണുകളുടെ സവിശേഷമായ ആകർഷകത്വവും നോക്കിക്കൊണ്ടു നിന്നുപോയതിനാൽ ഞാൻ ഉത്തരം പറഞ്ഞതു് അല്പം താമസിച്ചായി. ഞാൻ പറഞ്ഞു: "എവിടെയോ പോയിരിക്കയാണു്. വൈകുന്നേരമാകുമ്പോൾ വന്നേയ്ക്കും."

"നിങ്ങൾ അദ്ദേഹത്തിന്റെ കൂടെ താമസിക്കുന്ന ആളാണോ?"

"അതേ. വരുമ്പോൾ വിവരം അറിയിച്ചാൽ മതിയെങ്കിൽ കാര്യം പറയാം."

"കാര്യം പറഞ്ഞിട്ടുമാത്രം പോയാൽ പോരാ."

ആ പെൺകുട്ടി അല്പം ലജ്ജാഭാരം നടിച്ചു നമ്രമുഖയായി നിന്നു. ഞാൻ പറഞ്ഞു: "എന്നാൽ അടുത്ത മുറികളിൽ താമസിക്കുന്നതു് എന്റെ പരിചിതന്റെ കുടുംബമാണു്. കാന്തിലാലൻ വരുന്നതുവരെ ആ സ്ത്രീകളുടെ ഒരുമിച്ചു് ഇരിക്കാം."

"വന്ദനം."

ഞാൻ ആ പെൺകുട്ടിയെ അടുത്ത ബംഗ്ലാക്കിലാക്കിയിട്ടു തിരികെ വന്നിരിപ്പായി. ഞങ്ങളുടെ സംഭാഷണം ഇംഗ്ലീഷിലായിരുന്നു. എന്തിനാണു് അവൾ വന്നതെന്നു് എനിക്കു് ഒരൂഹവുമുണ്ടായില്ല. ആ പെൺകുട്ടി—അഥവാ സ്ത്രീ എന്നു പറഞ്ഞാലും തരക്കേടില്ല—ക

ണ്ടാൽ അതിസൗന്ദര്യശാലിനിതന്നെ. ചുരുണ്ട തലമുടി ചിന്നി വൃത്താകാരത്തിൽ പിറകിൽ ഒതുക്കി, ഒരു മാല ചൂടിയിരിക്കുന്നു. അകൃത്രിമമായ ഒരു ശോഭാവിശേഷം ചെറിയ ആ മുഖത്തു വിളയാടുന്നുണ്ടു്. വലിയ വേഷമൊന്നുമില്ല; സാധാരണമഹാരാഷ്ട്രസ്ത്രീകളുടെ മാതിരി ഒരുതരം ജാക്കററു്, ചുവപ്പുചേൎന്ന നിറത്തിലെ ചേല, കാതിൽ തുലോം ചെറിയ രണ്ടു കല്ലുകൾ, കഴുത്തിൽ പരിഷ്കൃതരീതിയിൽ ഒരു സ്വൎണ്ണമാല, കൈകളിൽ കനം കുറഞ്ഞ ഓരോ വള, കാലിൽ മുൻഭാഗമുയൎന്ന ഒരുതരം ചുവന്ന ജോടുകൾ—ഇത്രയേ ഉള്ളൂ. മെലിഞ്ഞ ആ ഉടലിൻെറ ഭംഗിയും മുഖത്തിൻെറ തേജസ്സും കണ്ണുകളുടെ ആകൎഷകത്വവും ഏതു സന്ന്യാസിയുടെയും ധ്യാനനിഷ്ഠയെ ഭഞ്ജിക്കും, സംശയമില്ല. ഞാൻ ഇങ്ങനെ ഏതാണ്ടു വിചാരമഗ്നനായി ചിത്രത്തിൻെറ മുന്നിലിരുന്നപ്പോൾ യാദൃച്ഛികമായി ഒരു കത്തു കണ്ടുകിട്ടി. കാന്തിലാലൻ എഴുതിയതും മിസ്സ് മാലതീജയകർ എന്ന വിലാസത്തിലുള്ളതുമായിരുന്നു അതു്. ഈ കത്തു് ആ സ്ത്രീക്കുള്ളതായിരിക്കുമോ എന്നു ശങ്കിച്ചു ഞാൻ വേഗം അങ്ങോട്ടു ചെന്നു. "നിങ്ങളുടെ പേർ മാലതീജയകർ എന്നാണോ?" എന്നു ഞാൻ ചോദിച്ചു. "അതേ" എന്നു് അവൾ സന്തോഷഭാവത്തിൽ മറുപടി പറഞ്ഞു. ജയകർ എന്നതു് അവളുടെ അച്ഛൻെറ പേരാണു്. ഞാൻ ആ കത്തു മാലതിയുടെ കൈയിൽ കൊടുത്തു. ഉത്കണ്ഠയോടുകൂടി അതു പൊളിച്ചു വായിച്ചുതുടങ്ങിയപ്പോൾ ആ കോമളമായ മുഖം വാടിത്തുടങ്ങി. അതാ അവൾ ഏങ്ങിയേങ്ങി

കരയുന്നു. ഞാൻ ഇതികർത്തവ്യതാമൂഢനായി അല്പനേരം ചിന്താഗ്രസ്തനായി നിന്നുപോയി. ഞാൻ ഇങ്ങനെ ആശ്വസിപ്പിച്ചു: “കരയാതിരിക്കുക; കാര്യം പറഞ്ഞാൽ എന്തെങ്കിലും സമാധാനം കണ്ടുപിടിക്കാൻ ശ്രമിക്കാം.”

മാലതി സഗദ്ഗദം പറഞ്ഞു: “എന്തിനു പറയുന്നു?”

“പറയൂ, എന്തായാലും പറയൂ.”

എൻെറ ഉത്കണ്ഠ കണ്ടിട്ട് അവൾ ആ കത്ത് എൻെറ കൈയിലേയ്ക്കു രോഷാകുലയായി എറിഞ്ഞുതന്നു.

കത്തിങ്ങനെയായിരുന്നു:

“എൻെറ പ്രിയപ്പെട്ട മാലതി,

ഞാൻ ഒരു വഞ്ചകനാണ്; ദ്രോഹിയാണ്. എൻെറ അപരാധത്തെ ക്ഷമിക്കണമെന്നു ഞാൻ പറയുന്നതെങ്ങനെയാണ്? എനിക്കു മാലതിയെ വിവാഹം ചെയ്യാൻ സാധിക്കാതെവന്നിരിക്കുന്നു. ഇങ്ങോട്ടു വരാനായി പറഞ്ഞ അവസരത്തിൽ മാലതിയെ വിവാഹം ചെയ്യണമെന്നുതന്നെയായിരുന്നു വിചാരം. സത്യത്തിൽ ബ്രഹ്മപുരോഹിതൻമായി വേണ്ട ഏർപ്പാടുകൾകൂടി ഞാൻ ചെയ്തുകഴിഞ്ഞതാണ്. പക്ഷേ അച്ഛൻ എന്നെ നിരാശനാക്കുമെന്നു സത്യം ചെയ്തിരിക്കുന്നു. ഈ ഘട്ടത്തിൽ അച്ഛൻ നിശ്ചയിച്ചിരിക്കുന്ന ഒരു ‘ശവ’ത്തെത്തന്നെ എനിക്കു കഴുത്തിലിടേണ്ടിവന്നിരിക്കുന്നു. അതിനായി ഞാനിതാ, പോകുന്നു.

മാലതിക്കു തിരിയെ പോകാൻ ആവശ്യമുള്ള പണംകൂടി ഇതിലുണ്ടു്. പോയി എന്നെ മറന്നേയ്ക്കുക. ഞാനും മറക്കാൻ ശ്രമിക്കാം.

എന്നു സ്വന്തം
കാന്തിലാൽ."

ഞാൻ കത്തു വായിച്ചുതീൎന്നിട്ടു മാലതിയോടു ചോദിച്ചു: "എന്നാൽ വീട്ടിലേയ്ക്കു പോകുന്നതല്ലേ നല്ലതു്? ഞാൻകൂടി വരാം."

മാലതി കരഞ്ഞുംകൊണ്ടു പറഞ്ഞു: "അല്ല—ഏതായാലും വീട്ടിലേയ്ക്കില്ല."

"പിന്നെ?"

മാലതി ഒന്നും മിണ്ടിയില്ല. ഞാൻ അല്പംകൂടി അടുത്തു ചെന്നു. തത്കാലസ്ഥിതിക്കു വീട്ടിൽ പോകുന്നതാണു് നല്ലതെന്നു ഞാൻ മാലതിയെ മനസ്സിലാക്കാൻ ശ്രമിച്ചുനോക്കി. പക്ഷേ സാധിച്ചില്ല. മാത്രമല്ല, ഏതെങ്കിലും പ്രവൃത്തിയിൽ ചേരണമെന്ന മാലതിയുടെ സ്ഥിരപ്രതിജ്ഞയെ ചലിപ്പിക്കാനും കഴിഞ്ഞില്ല. ഏതായാലും, മാലതിയെ ഒരാഴ്ച അവിടെത്തന്നെ താമസിപ്പിക്കാൻ വേണ്ട ഏൎപ്പാടുകൾ ചെയ്തിട്ടു ഞാൻ എന്റെ അത്യാസന്നമുറിയിലേയ്ക്കു പോന്നു.

എനിക്കന്നു വേറെ പലേ ജോലിത്തിരക്കുകളുമുണ്ടായിരുന്നു. അതിനാൽ മാലതിയുടെ സ്ഥിതി അന്വേഷിക്കാൻ എനിക്കു സമയം കിട്ടിയില്ല. പിറേറ ദിവസം രാവിലെത്തന്നെ ഞാനങ്ങോട്ടു ചെന്നു. അപ്പോഴെയ്ക്കും മാലതിക്കു രാത്രിയിൽ തുടങ്ങിയ പനി ഏകദേശം നൂററിനാ

ല്പ ഡിഗ്രിവരെയായിരിക്കുന്നു. വേഗം ഡാക്ടർ ഫെർണാൻഡീസിനു ഫോൺചെയ്തു. അഞ്ചു നിമിഷത്തിനുള്ളിൽ ഡാക്ടർ വന്നു മാലതിക്കു ചില മരുന്നുകൾ കൊടുത്തു. ഒരു ഇൻജെക്ഷനും ചെയ്തു. അന്നു വലിയ ഭേദമൊന്നുമുണ്ടായില്ല. ഞാൻ അടുത്തു ചെന്നു അല്പനേരം നോക്കിക്കൊണ്ടിരുന്നപ്പോൾ മാലതി കണ്ണു തുറന്നു്, "കാന്തിലാല, ഞാൻ എന്തപരാധം ചെയ്തു?" എന്നു ചോദിച്ചു.

"ഉറങ്ങിക്കോളൂ" എന്നു പറഞ്ഞു ഞാനാശ്വസിപ്പിക്കാൻ നോക്കി. "അങ്ങേയ്ക്കെന്നോടു പ്രേമമില്ലേ? എന്നെ സ്നേഹിക്കുന്നുണ്ടെന്നു പറയൂ" എന്നിങ്ങനെ അവൾ അസംബന്ധം പ്രലപിച്ചുതുടങ്ങി.

അവളെ ശാന്തയാക്കാനായിമാത്രം "സ്നേഹമുണ്ടു്, തീർച്ചയായുമുണ്ടു്; ഉറങ്ങിക്കോളൂ!" എന്നു ഞാൻ മറുപടി പറഞ്ഞു.

ആ അകത്തു് അപ്പോൾ വേറെ ആരുമില്ലായിരുന്നു. മാലതി പിന്നെയും തുടന്നു: "പ്രേമമുണ്ടെന്നു പറയുന്നതല്ലേ ഉള്ളൂ? ഒന്നു ചുംബിക്കൂ. എന്നാൽ ഞാൻ ഉറങ്ങാം."

അവളുടെ മോഹാലസ്യത്തിലെ ഈ വികാരങ്ങൾക്കു് ഒരു ശാന്തത വരുത്താൻ ഞാൻ വേറൊരു മാർഗ്ഗവും കണ്ടില്ല. ആ കോമളമുഖത്തു ഞാൻ ഒന്നു ചുംബിച്ചു. മാലതി ശാന്തയായി. പത്തു മിനുട്ടിനകം അവൾ ഉറങ്ങിക്കഴിഞ്ഞു. ഞാൻ ചുംബിച്ചപ്പോൾ എനിക്കു് ഒരു സഹോദരസ്നേഹംമാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നു,വായ

നക്കാർ, ഓക്കണേ! പിറേറ ദിവസമായപ്പോൾ മാലതിയുടെ ജ്വരത്തിനു് ആശ്വാസം കണ്ടുതുടങ്ങി. രണ്ടു ദിവസം കൊണ്ടു ദീനം ഏകദേശം വാശിയായി എന്നുതന്നെ പറയാം. എന്നാൽ പരസഹായംകൂടാതിരിക്കത്തക്കവിധം ആരോഗ്യം ഒട്ടില്ലതാനും.

ഞാൻ മാലതിയുടെ അറയിൽ ഇരിക്കയാണു്. മാലതി കട്ടിലിന്മേൽ എഴുന്നേററിരുന്നു പറഞ്ഞു:

"ഞാൻ നാളെ എന്തെങ്കിലും പ്രവൃത്തിയിൽ ചേരും. ടെലഫോൺ ആഫീസിൽ കുറെ പെൺകുട്ടികളെ വേണമെന്നു കേട്ടു."

"അടങ്ങി ഒതുങ്ങി കുറെ ഇരിക്കാമോ?"

"ഇവിടെ താമസിക്കാൻ എന്റെ മനസ്സു് അനുവദിക്കുന്നില്ല."

"ക്ഷീണം വിടുന്നതുവരെ ഇവിടെ താമസിക്കണം. പിന്നീടു പ്രവൃത്തിയിൽ ചേരാം."

കുറെ വിവാദം കഴിഞ്ഞപ്പോൾ മാലതി ഏകദേശം എന്റെ അഭിപ്രായത്തോടു ചേർന്നു. ഒരാഴ്ചകൂടി അവിടെത്തന്നെ താമസിക്കാമെന്നു സമ്മതിച്ചു. മാലതിയുടെ സുഖസൗകര്യങ്ങൾക്കുള്ള എല്ലാ ഏർപ്പാടുകളും, എന്റെ ധനസ്ഥിതി അനുവദിച്ചില്ലെങ്കിലും, ഞാൻ ചെയ്തു. പിറേറ ദിവസം ഏകദേശം ഒരുമണിയോടുകൂടി, മാലതി സാവധാനത്തിൽ എന്റെ 'സ്ററുഡിയോ'വിൽ വന്നു. ഈ ഒരധ്വാനം വേണ്ടിയിരുന്നില്ലെന്നു് എനിക്കു തോന്നി. ഞാൻ പറഞ്ഞു:

"ക്ഷീണം മാറാതെ നടക്കണ്ടായിരുന്നല്ലോ."

"ക്ഷീണമൊക്കെ മാറിപ്പോയി."

മാലതി നേത്ത ഒരു സാലചക്കുടി ദേഹത്തിൽ ഇട്ടിട്ടുണ്ടായിരുന്നു. മുഖത്തു് അല്പം ക്ഷീണമുണ്ടെങ്കിലും അകൃത്രിമമായ തേജസ്സിന്റെ അനിതരസാധാരണത്വം എന്നെ വല്ലാതെ അത്ഭുതപ്പെടുത്തി. ചിത്രകാരന്റെ നിലയിൽ എനിക്കു പ്രകൃത്യാ സൗന്ദര്യത്തോടു് ഒരുൻഭാവമുണ്ടു്. ചിന്താഗ്രസ്തനായി ഞാൻ നാലഞ്ചു നിമിഷം ഇരുന്നുപോയി. എന്നിട്ടു ഞാൻ പറഞ്ഞു:

"മാലതിക്കു ക്ഷീണമൊന്നുമില്ലെങ്കിൽ ആ സോഫായിൽ കുറച്ചിരിക്കൂ! മാലതിയുടെ ഒരു ചിത്രം വരയ്ക്കാൻ ശ്രമിക്കാം."

"ഇപ്പോൾത്തന്നെ വരച്ചുതീരുമോ?"

"ഇല്ല. നാലഞ്ചു ദിവസംകൊണ്ടു തീക്കാം."

മാലതി കുറെ പ്രസന്നതയോടുകൂടി പറഞ്ഞു: "ആട്ടെ. അങ്ങനെയാവട്ടെ."

മാലതി ഒരു സോഫായിൽ ഇരുന്നു. ഞാൻ ചിത്രരചനയ്ക്കുള്ള ബ്രഷും ചായവും മററുമെടുത്തു പടമെഴുതാൻ തുടങ്ങി. അന്നു കുറച്ചേ എഴുതിയുള്ളൂ. മാലതിയുടെ സൗന്ദര്യത്തെ അങ്ങനെയാണു് ഞാൻ പഠിച്ചതു്. ലാവണ്യം മൂത്തീഭവിച്ച ഒരു ദേവിയെന്നപ്പോലെ മാലതിയെ ചിത്രത്തിൽ ഞാൻ കണ്ടു. ഈ മാതിരി തേജോവിശേഷം ലോകത്തിൽ അഗോചരമായിരിക്കയാൽ ആ ചിത്രത്തിനു ഞാൻ 'സ്വപ്നച്ഛായ' എന്ന പേരു കൊടുത്തു. അഞ്ചു ദിവസത്തിനകം ആ ചിത്രം ബോമ്പേ കലാലയത്തിലേയ്ക്കു് അയച്ചുകൊടുത്തു. കലാലയക്കാർ

ആ ചിത്രം സ്വീകരിക്കയും ആയിരം രൂപയുടെ ഒരു 'ചെക്കു' എനിക്കയച്ചുതരികയും ചെയ്തു. അതു കിട്ടിയപ്പോൾ എന്തെന്നില്ലാത്ത ഒരു സന്തോഷം എനിക്കുണ്ടായി. ഇത്രയും വലിയ ഒരു തുക എൻെറ ഒരു ചിത്രത്തിനും ഇതേവരെ കിട്ടീട്ടില്ല. ഞാൻ വിവരം മാലതിയെ അറിയിച്ചു. അവളും വളരെ പ്രസന്നത കാണിച്ചു. മാലതിക്കു കുറേശ്ശെ ചിത്രമെഴുത്തു പഠിച്ചാൽക്കൊള്ളാമെന്നായി. ദിവസത്തിൽ ഒരു മണിക്കൂർ വീതം ചിത്രമെഴുത്തു പഠിക്കാൻ ഞാനവൾക്കു സൗകര്യം കൊടുത്തു. അങ്ങനെ ഏകദേശം പത്തു ദിവസം കഴിഞ്ഞു. സ്കെച്ചുകൾ തയ്യാറാക്കാൻ മാലതിക്കു് ഒരു വാസനാവൈഭവം തന്നെയുണ്ടെന്നു് ഇതിനകം തെളിഞ്ഞു.

അങ്ങനെയിരിക്കെ, "അമ്മയുടെ സുഖക്കേടു് അപായസ്ഥിതിയിലാണു്, ഉടൻ പുറപ്പെടുക" എന്നു് ഒരു കമ്പി എനിക്കു കിട്ടി. മാലതിയോടു വിവരം പറഞ്ഞു:

"എൻെറ കാര്യങ്ങൾ നോക്കാൻ ഇവിടെ ആരുമില്ല. പല എഴുത്തുകുത്തുകളും വേണ്ടിവരും. ദയവുചെയ്തു രണ്ടാഴ്ചകൂടി മാലതി ഇവിടെ താമസിക്കു. ഏതായാലും വീട്ടിലേയ്ക്കു തിരിച്ചുപോകുന്നില്ലെന്നു തീർച്ചപ്പെടുത്തിയല്ലോ. എന്തു പറയുന്നു?"

"അങ്ങനെതന്നെ."

മാലതി സസന്തോഷം സ്ററുഡിയോവിൻെറ ഭാരമേററു. ഞാൻ കുറെ രൂപയും അവളെ ഏല്പിച്ചിട്ടു നാട്ടിലേയ്ക്കു വണ്ടി കേറി. കാന്തിലാലൻ ഒരു മാസം കഴി

ഞ്ഞേ വരൂ എന്നു് എനിക്കറിവുതന്നിരിക്കയാലാണു് മാലതിയെ കാര്യങ്ങൾ ഏല്പിച്ചതു്.

*　　*　　*　　*

ഞാൻ വീട്ടിലെത്തിയപ്പോൾ, അമ്മയ്ക്കു സുബോധമില്ലായിരുന്നു. അമ്മയുടെ മുഖത്തു പ്രകൃത്യാ ഉള്ള ശാന്തതമാത്രം അപ്പോഴും കാണാനുണ്ടു്. അന്നുച്ചയ്ക്കു്—വൃശ്ചികമാസത്തിലെ തിരുവാതിരയായിരുന്നു അന്നു്— ഞാൻ അമ്മയുടെ കട്ടിലിനടുത്തു നില്ക്കുകയായിരുന്നു. "അമ്മേ" എന്നു ഞാൻ പതുക്കെ വിളിച്ചു. അമ്മ കണ്ണു തുറന്നു സാവധാനത്തിൽ ഇങ്ങനെ പറഞ്ഞു:

"കുഞ്ഞേ, വ്യസനിക്കരുതു്. ഞാൻ പോകാൻ ഭാവിക്കയാണു്. എനിക്കു് ഒരാഗ്രഹമുണ്ടു്. അതു സാധിപ്പിക്കുമോ?"

ഞാൻ സഗദ്ഗദം പറഞ്ഞു: "എന്താഗ്രഹമായാലും സാധിപ്പിക്കാം. അമ്മ പറഞ്ഞാൽമാത്രം മതി."

"തെക്കേടത്തെ മീനാക്ഷിയെത്തന്നെ നീ വിവാഹം ചെയ്യണം. എന്റെ ഒടുവിലത്തെ ആഗ്രഹം സാധിപ്പിക്കണേ! ഇവിടെ അടുത്തു വരൂ."

ഞാൻ അടുത്തു ചെന്നു കട്ടിലിൽ ഇരുന്നു. അമ്മ എന്റെ തലയിൽ തൊട്ടു് അനുഗ്രഹിച്ചു: "നന്നായി വരും! ഞാൻ പോകുന്നു!"

അന്നു സന്ധ്യയ്ക്കുമുമ്പു് അമ്മ എന്നെ വിട്ടു ശാശ്വതശാന്തിയിൽ ലയിച്ചു. എന്റെ ദുഃഖത്തെപ്പററി അധികം വിസ്തരിച്ചിട്ടാവശ്യമില്ല. പിണ്ഡം കഴിഞ്ഞു ബോംബേയ്ക്കു മടങ്ങുന്നതിനുമുമ്പായി മീനാക്ഷിയെ ഒരിക്കൽ

ചെന്നു കണ്ടു. കുശലാന്വേഷണങ്ങൾക്കുശേഷം ഞാൻ പറഞ്ഞു:

"മീനാക്ഷിയെ ഞാൻ വിവാഹം ചെയ്യണമെന്നാണു് അമ്മയുടെ അവസാനാഗ്രഹം. അതിനെപ്പററി എന്തു പറയുന്നു?"

"അങ്ങേയ്ക്കു ഹിതമെങ്കിൽ—"

"യഥാൎത്ഥത്തിൽ പ്രണയമൊന്നും എനിക്കു മീനാക്ഷിയോടില്ല. എങ്കിലും വിവാഹം ചെയ്തു മീനാക്ഷിയുടെ സുഖത്തെ വൎദ്ധിപ്പിക്കാൻ ഹൃദയംഗമമായി ശ്രമിക്കാം. ഞാൻ ഇന്നുതന്നെ മടങ്ങുന്നു."

ഞങ്ങൾ പിരിഞ്ഞു; ഞാൻ ബോമ്പയ്ക്കു തിരിച്ചു.

* * * *

ഞാൻ സ്ററുഡിയോവിൽ ചെന്നപ്പോൾ മാലതി അവിടെ ഇല്ലായിരുന്നു. അല്പം കഴിഞ്ഞു വന്നു. എന്നെ കണ്ടപ്പോൾ മാലതി വളരെ സന്തുഷ്ടി പ്രദൎശിപ്പിച്ചു. അതിനിടയിൽ അവൾ ചെറിയൊരു ജോലി എങ്ങനെയോ സമ്പാദിച്ചുകഴിഞ്ഞിരിക്കുന്നു—'സ്ത്രീകളുടെ അസഹകാരിസദസ്സി'ലെ കാൎയ്യദൎശിനിയായിട്ടു ദിവസം ഒരു മണിക്കൂറു് എഴുത്തുജോലി. ഞാൻ അമ്മയുടെ മരണവാൎത്ത അറിയിച്ചപ്പോൾ സാധു മാലതി കരയാൻ തുടങ്ങി. സ്ത്രീചാപല്യമായി ഞാനതിനെ പരിഹസിച്ചു. അതിനിടയ്ക്കു തൻെറ താമസസ്ഥലം വീട്ടുകാർ അന്വേഷിച്ചറിഞ്ഞു വന്നുവെന്നും താൻ അവരുടെ വരുതി നിൎദ്ദേശം വിട്ടിരിക്കുന്നുവെന്നും മാലതി പറകയുണ്ടായി.

ദിവസങ്ങൾ അങ്ങനെ കഴിഞ്ഞു. മാലതി ചിത്രകലാഭ്യസനത്തിൽ പൂർവ്വാധികം ശുഷ്കാന്തി കാണിച്ചുവന്നു. എനിക്കു മാലതിയുടെ ഗുണഗണങ്ങളിലുള്ള ബഹുമാനവും വർദ്ധിച്ചുകൊണ്ടേ വന്നു. ചുരുക്കത്തിൽ, എനിക്ക് അവളോടുണ്ടായിരുന്ന അനുഭാവം യഥാർത്ഥപ്രണയമായിത്തീൎന്നു. എന്നാൽ ഈ പ്രണയാവേശം ഞാനവളെ ധരിപ്പിച്ചില്ല. എന്നല്ല, അതവളിൽനിന്നു ഗോപനം ചെയ്യാൻ സദാ പ്രയത്നിച്ചുകൊണ്ടുമിരുന്നു.

ദിവസങ്ങൾ, ആഴ്ചകൾ, മാസങ്ങൾ—ഇങ്ങനെ കാലം കുറെ കഴിഞ്ഞു. ഏകദേശം ഒരു വർഷത്തോളമായി. എന്റെ ഹൃദയഗതികളെ ആച്ഛാദിതമായി ഇനി സൂക്ഷിക്കാൻ വയ്യാ എന്നു തോന്നിത്തുടങ്ങി. എന്റെ വികാരങ്ങൾ അമ്മയുടെ അന്ത്യശാസനത്തിനു വിപരീതമായി വന്നിരിക്കുന്ന ഈ ഘട്ടത്തിൽ ഞാൻ ഒരു പരിഭ്രാന്തചിത്തനായിത്തന്നെയാണ് കഴിച്ചുകൂട്ടിയതു്. അങ്ങനെയിരിക്കെ ഒരു ദിവസം, അമ്മാവന്റെ ഒരു കത്തു വന്നു. മീനാക്ഷിയുടെ വിവാഹം നിശ്ചയിച്ചിരിക്കുന്നതിനാൽ ഉടൻ തിരിക്കണമെന്നായിരുന്നു കത്തിലെ സാരം. ഇങ്ങനെ ഒരു ധർമ്മസങ്കടം ഇതേവരെ എനിക്കു വന്നിട്ടില്ല. എന്താ ചെയ്ക! മാലതിയെ ഞാൻ സ്നേഹിക്കുന്നു. അവളെ ഞാൻ ജീവിതസർവ്വസ്വമായി കരുതിത്തുടങ്ങിയിട്ടു വളരെ ദിവസമായി. എന്നാൽ ഞങ്ങളുടെ അനുരാഗം—അതേ, അവൾക്കെന്നിലും യഥാർത്ഥമായ പ്രേമമുണ്ടെന്ന് എനിക്കറിയാം—അന്യോന്യം അറിയിച്ചിട്ടുമില്ല. ഞാൻ വിചാരമഗ്നനായി, തലയും കുമ്പിട്ട് ഇരിക്കു

കയാണ്. എൻെറ ഇരിപ്പു കണ്ടു മാലതി അടുത്തു വന്നു ചോദിച്ചു:

"എന്താ, തപസ്സിൻെറ ആരംഭമാണോ?"

"അല്ല, ഞാൻ വിവാഹം ചെയ്യാൻ പോകയാണ്."

"എന്നെക്കൂടി ക്ഷണിക്കയില്ലേ?"

ഞാൻ ഉത്തരം പറവാൻ വല്ലാതെ കുഴങ്ങി.

അന്നു വൈകീട്ടുതന്നെ തിരുവിതാംകൂറിലേയ്ക്കു തിരിക്കാനുള്ള ഒരുക്കങ്ങളൊക്കെ ചെയ്തു. മാലതിയുടെ മുഖത്ത് അന്നു പിന്നെ ഞാൻ നോക്കിയതേ ഇല്ല. ഇരിമ്പുപെട്ടി മുതലായവ ഒരു വണ്ടിയിൽ എടുപ്പിച്ചുവെച്ചു. മാലതിയുടെ അറയിൽ ചെന്ന്, "താമസിയാതെ വരാം" എന്നു യാത്ര പറഞ്ഞു. എൻെറ ദേഹംമാത്രം മുന്നോട്ടു വണ്ടിയിലേയ്ക്കു ചെന്നു; മനസ്സു മാലതിയുടെ ശാന്തമായ ആ മുഖത്തിൻെറ പരിസരങ്ങളിൽ ചുററിത്തിരികയായിരുന്നു.

*　　　*　　　*　　　*

വണ്ടിയിൽ ചെന്നു കേറുന്നതിനുമുമ്പെ, ഒരു കമ്പിശ്ശിപായി ഒരു കമ്പി കൊണ്ടുതന്നു. അതു വേഗം പൊളിച്ചുനോക്കി. മീനാക്ഷിയുടേതായിരുന്നു:

"മാപ്പ്! ഞാൻ നിങ്ങളെ സ്വീകരിക്കയില്ല; വരണമെന്നില്ല. എന്നു സ്നേഹിത മീനാക്ഷി."

യഥാർത്ഥമായ ഒരാശ്വാസമാണപ്പോൾ ഉണ്ടായത്. വേഗം തിരിയെ മാലതിയുടെ മുറിയിൽ ചെന്നു ഞാൻ ഒരുത്സാഹസ്വരത്തിൽ പറഞ്ഞു:

"മാലതീ, ഞാൻ വിവാഹം ചെയ്യുന്നില്ല. ഇപ്പോൾ പോകുന്നുമില്ല. വരു, സ്'റ്റുഡിയോവിലേയ്ക്കു വരു."

"ഇതാ, വന്നുകഴിഞ്ഞു."

ഞങ്ങൾ സ്'ററുഡിയോവിലിരുന്നു വളരെ നേരം സംഭാഷണം ചെയ്തു. ഒടുവിൽ അവൾ ബോധരഹിതയായിക്കിടന്ന സമയം എന്നിൽനിന്നു വാങ്ങിയ ആ ചുംബനത്തിൻെറ കഥയും പറഞ്ഞവസാനിപ്പിച്ചു.

കഥയൊന്നുമില്ല ഇനി. ഞങ്ങൾ പിറേറ ദിവസം തന്നെ വിവാഹിതരായി. ഇതാ, സുഖമായി താമസിക്കുന്നു.

# 4. തീവണ്ടിയിൽ

മംഗലാപുരം പാസഞ്ചർ ഈറോഡിലെത്തിയപ്പോൾ മണി ഏകദേശം പതിനൊന്നായി. ഊൺ കഴിക്കാൻ സമയമുണ്ടെന്നു കരുതി ഞാൻ ഹോട്ടലിൽ പോയി, വളരെ ധൃതിപ്പെട്ടു് ഊണു കഴിച്ചുവെന്നു വരുത്തി മടങ്ങി. ഞാനിരുന്ന മുറിയിൽ അപ്പോഴേയ്ക്കും മധ്യവയസ്കനായ ഒരാളും രണ്ടു സ്ത്രീകളും കടന്നു് ഇരിപ്പായി. വണ്ടിയുടെ മണി കേട്ടു പരിഭ്രമിച്ചു ചെന്ന എന്നെ ആ മനുഷ്യൻ നീരസത്തോടെ തടയാൻ ആരംഭിച്ചു. "സ്ത്രീകളിരിക്കുന്നല്ലോ ഇവിടെ, അടുത്ത മുറിയിൽ പോകരുതേ?" എന്നായി ചോദ്യം.

"എല്ലായിടത്തും തിരക്കുള്ള ദിവസമാണു് ഇന്നു്." ഞാൻ മറുപടി പറഞ്ഞു.

അയാഠം വിടാനുള്ള ഭാവമല്ല: "നിങ്ങളെ തടയാൻ എനിക്കധികാരമില്ല. പക്ഷേ ഇങ്ങനെ ആളുകളെ ബുദ്ധിമുട്ടിക്കാതിരുന്നാൽ കൊള്ളാം."

"നിവൃത്തിയില്ല. അടുത്ത സ്റ്റേഷനിൽ എത്തിയിട്ടു മാറാൻ നോക്കാം."

കൂടെയുള്ള പെൺകുട്ടി—അയാളുടെ മകളാണെന്നു തോന്നുന്നു—എൻെറ സ്ഥിതിയിൽ അനുകമ്പ തോന്നിയപോലെ, "അച്ഛാ, ഞാൻ ഈ അരികിലോട്ടു മാറിയിരിക്കാം. അദ്ദേഹം അവിടെത്തന്നെ ഇരുന്നുകൊള്ളട്ടേ" എന്നു പറഞ്ഞു. അങ്ങനെ ഞാനുമിരുന്നു. ആ പെൺകുട്ടിയുടെയും എൻെറയും കണ്ണുകഠം തമ്മിൽ ഒന്നിടഞ്ഞു. കുറെ നേരം ഞങ്ങഠം മൗനദീക്ഷയിൽ കഴിച്ചു. പിന്നീടു് ആ മനുഷ്യൻ എൻെറ കാര്യങ്ങഠം ചോദിച്ചറിഞ്ഞു. ഞാൻ അവരുടെ സ്ഥിതികളും മനസ്സിലാക്കി. അങ്ങനെ സ്റ്റേഷൻ ഒന്നുരണ്ടെണ്ണം കടന്നുപോയി. ആ പെൺകുട്ടിയുടെ ലാവണ്യവിലാസം എൻെറ കണ്ണുകളെ ചിലപ്പോഠം ആകർഷിച്ചുകൊണ്ടിരുന്നു. തേജസ്വിനിയായ ആ യുവതിയിൽ എനിക്കു് ഒരു പ്രത്യേകാനുഭാവം തോന്നിയതിൽ വായനക്കാരിൽ ചിലരേ അത്ഭുതപ്പെടുകയുള്ളു. നാരായണിക്കുട്ടിയുടെ—അതേ, ആ പെൺകുട്ടിയുടെ പേരതാണു്—മുഖം, അത്ര ചെറുതല്ല. ഇരുണ്ട പുരികക്കൊടികളും കുറുനിരകളുമാണു് ആ മുഖത്തിനു് ആകർഷകത്വമുണ്ടാക്കുന്നതെന്നു തോന്നുന്നു. ചുരുണ്ടു നീണ്ട തലമുടി കെട്ടി പുറകോട്ടു് ഇട്ടിരിക്കയായിരുന്നു. അവശ്യം വേണ്ട ആഭരണങ്ങളേ ഉള്ളു. ആകപ്പാടെ അനലംകൃത

മായ ഒരു തേജസ്സാണു് ഞാൻ നാരായണിക്കുട്ടിയിൽ കണ്ടതു്.

കേശവമേനോൻ—നാരായണിക്കുട്ടിയുടെ അച്ഛൻ—തിരുവനന്തപുരത്തു് ഒരു ഡാക്റ്ററാണു്. തൃപ്രയാററാണു് സ്വദേശം. ആക്കോണത്തുനിന്നു വരികയാണു്. ഞങ്ങൾ അധികം താമസിയാതെത്തന്നെ വലിയ 'ലോഗ്യ'ത്തിലായി പല വിഷയങ്ങളെപ്പററി സംസാരിച്ചുകൊണ്ടിരുന്നു. ഷൊറണ്ണൂർ എത്തിയപ്പോൾ കേശവമേനോൻ പുറത്തിറങ്ങി. സ്ഥലം സൂക്ഷിക്കണേ എന്നു പറഞ്ഞിട്ടാണു് പോയതു്. കേശവമേനോൻെറ ഭാര്യ—അധികം സംസാരിക്കാത്ത പ്രകൃതമാണെന്നു തോന്നുന്നു—സാവധാനത്തിൽ, "കഴിഞ്ഞ കൊല്ലം തിരുവനന്തപുരത്തു താമസിച്ചിരുന്നതു് എവിടെയായിരുന്നു" എന്നെന്നോടു ചോദിച്ചു.

"രാമകൃഷ്ണവിലാസ് ലാഡ്ജിലാണു്. തൈയ്ക്കാട്ടേയ്ക്കു പോകുന്ന വഴിയിൽ."

കേശവമേനോൻെറ ഭാര്യ മകളോടു ചോദിച്ചു:

"നാരായണിക്കുട്ടി കണ്ടിട്ടുണ്ടോ ആ വീടു്?"

"ഉവ്വമ്മേ. പേരു വളരെ വലിപ്പത്തിൽ എഴുതിവച്ചിട്ടുണ്ടല്ലോ—" മകളുടെ മറുപടി.

കേശവമേനോൻെറ ഭാര്യ വീണ്ടും എന്നോടു ചോദിച്ചു:

"പരീക്ഷയുടെ ഫലം എന്നു പുറത്താകും? ഇവൾ വളരെ ഭയന്നുകഴിയുകയാണിപ്പോൾ."

"ഏതു പരീക്ഷയാണാവോ?"

കുറച്ചു ലജ്ജാഭാവത്തോടുകൂടി നാരായണിക്കുട്ടിയാണു് മറുപടി പറഞ്ഞതു്: "ഇൻറർ—ആർട്ടസ്."

"ഇനി അധികം താമസമില്ല. ഐച്ഛികം എന്താണോ?" ഞാൻ ചോദിച്ചു.

"ചരിത്രംതന്നെ."

അപ്പോഴയ്ക്കും കേശവമേനോൻ മടങ്ങിയെത്തി. വണ്ടിയും നീങ്ങി. തൃശ്ശൂരെത്തിയപ്പോൾ അവരൊക്കെ ഇറങ്ങി. സാമാനങ്ങൾ പുറത്തെടുത്തുവെയ്ക്കാൻ ഞാനും ഉത്സാഹിച്ചു. വണ്ടി നീങ്ങാറായി. ഞാൻ ഓരോരുത്തരോടും യാത്ര പറഞ്ഞു. "താമസിയാതെ കാണാമല്ലോ" എന്നു മിസ്റ്റർ മേനോനും "എന്നാ കാണുക?" എന്നു മേനോൻെറ ഭാര്യയും ചോദിച്ചു യാത്ര പറഞ്ഞു. നാരായണിക്കുട്ടി സ്നേഹസൂചകമായ ഒരു വീക്ഷണംകൊണ്ടുമാത്രം യാത്ര പറഞ്ഞു. വണ്ടി നീങ്ങി.

മനോവ്യഥയോടുകൂടിയാണു് ഞാൻ വീട്ടിലെത്തിയതു്. എങ്കിലും അധികമൊന്നും പുറത്തുവരുത്താതെ നാലഞ്ചു ദിവസം കഴിച്ചുകൂട്ടി. നാരായണിക്കുട്ടി തിരുവനന്തപുരത്തു് എത്തുമെന്നു നിശ്ചയിച്ചിരുന്ന ദിവസംതന്നെ അവിടെ എത്താൻ എനിക്കു ക്രമത്തിലധികം ആശയുണ്ടായി. അച്ഛനെക്കൊണ്ടു് എങ്ങനെയെങ്കിലും സമ്മതിപ്പിച്ചു് എടവം 6-ാംതീയതി ഞാൻ വണ്ടിയിൽ തിരുവനന്തപുരത്തേയ്ക്കു തിരിച്ചു.

അനുരാഗം എന്നു വിവക്ഷിക്കുന്ന വികാരവിശേഷം പെട്ടെന്നുണ്ടാകുന്ന ഒരു മനസ്ഥിതിയാണെന്നു് എനിക്കു വിചാരമില്ല. സൗന്ദര്യസൗശീല്യാദികൾകൊണ്ടുണ്ടാകുന്ന

ആദരവിൽനിന്നാണു് അങ്കുരിക്കുന്നതെങ്കിലും പിന്നെയും പിന്നെയും ഉണ്ടാകുന്ന ആലോചനയുടെ ഫലമായിട്ടാണു് അനുരാഗത്തെ കല്പിക്കേണ്ടതു്. നാരായണിക്കുട്ടിയെപ്പററി ചിന്തിക്കുന്തോറും നവംനവങ്ങളായ പല ഗുണങ്ങൾ ഞാൻ അവളിൽ കാണുകയും അവയൊക്കെ എൻെറ വികാരഗതികളെ ത്വരിതപ്പെടുത്തുകയും ചെയ്തു. ഏതായാലും എനിക്കു നാരായണിക്കുട്ടിയോടു് ഇപ്പോൾ അനുരാഗമാണെന്നു പറയാതിരിക്കാൻ തരമില്ല.

കടയ്ക്കാവൂർസ്റ്റേഷനിൽ വണ്ടി കുറച്ചു നില്ക്കുക പതിവുണ്ടു്. ഞാൻ പ്ലാററുഫാറത്തിൽ ഇറങ്ങി അല്പം ലാത്തുകയായിരുന്നു. മണി ഏഴായിക്കാണും. യാദൃച്ഛികമായി ഞാൻ ഒന്നാംക്ലാസ്സ്മുറിയിലേയ്ക്കു നോക്കി. എൻെറ ജീവിതസർവ്വസ്വം അതാ അവിടെ ഇരിക്കുന്നു! വേഗം അടുത്തു ചെന്നു. "വിചാരിച്ചപോലെ വരാൻ സാധിച്ചില്ല" എന്നും മററും കേശവമേനോൻ പറഞ്ഞു. ഞാനും ആ മുറിയിൽത്തന്നെ കയറി. തിരുവനന്തപുരംവരെ ഞങ്ങൾ സമയവ്യയംചെയ്തതു വളരെ ആനന്ദമയമായിട്ടായിരുന്നു. അവരുടെ കൂടെ ഉടൻതന്നെ വീട്ടിലേയ്ക്കു പോകുന്നതു മര്യാദയല്ലെന്നു കരുതി അവിടെവെച്ചു ഞാൻ പിരിഞ്ഞു. ഞാൻ എൻെറ പഴയ ലാഡ്ജിൽത്തന്നെ താമസമായി.

ദിവസം അഞ്ചാറു കഴിഞ്ഞു. ഒരു ദിവസം സന്ധ്യയോടുകൂടി ഞാൻ 'പാക്കി'ൽ പോയി. നാരായണിക്കുട്ടിയും അമ്മയും മുമ്പേതന്നെ അവിടെ എത്തിയിരുന്നു. സ്വച്ഛന്ദമായി വരുന്ന കുളിർതെന്നലുമേററു ഞങ്ങൾ

അവിടെ വിഹരിച്ചു. മണി ഏകദേശം ഏഴായി. ഭാരതിയമ്മ—നാരായണിക്കുട്ടിയുടെ അമ്മയാണു്—അങ്ങോട്ടുമിങ്ങോട്ടും മെല്ലെമെല്ലെ നടക്കുകയാണു്. ഞങ്ങൾ ഒരു ബഞ്ചിൽ ഇരിക്കുന്നു. തെളിഞ്ഞുതുടങ്ങുന്ന ചന്ദ്രന്റെ കിരണകന്ദളങ്ങൾ നാരായണിക്കുട്ടിയുടെ മുഖതേജസ്സിനെ വർദ്ധിപ്പിക്കുന്നുണ്ടു്. സല്ലാപത്തിന്നിടയിൽ ഞാൻ നാരായണിക്കുട്ടിയോടു പറഞ്ഞു:

"സന്ദേശകാരന്മാരൊക്കെ ദൂതന്മാരായി കല്പിക്കുന്നവക്കു വഴിചൊല്ലിക്കൊടുത്തു ബുദ്ധിമുട്ടാറുണ്ടു്. ചന്ദ്രനെ സന്ദേശവാഹകനാക്കുന്ന കവിക്കു ഈ പ്രയാസമില്ല. ചന്ദ്രനു രണ്ടുപേരെയും കാണാമല്ലോ."

"അതു വാസ്തവംതന്നെ."

"എന്റെ വികാരങ്ങൾ ചന്ദ്രനു് എന്റെ പ്രണയഭാജനത്തിനോടു പറയാൻ യഥാൎത്ഥത്തിൽ സാധിക്കുമായിരുന്നെങ്കിൽ—"

"എന്നാലേ സന്ദേശം എഴുതാവൂ?"

"അതല്ല—എന്നാൽ നാരായണിക്കുട്ടി വീട്ടിൽ പോകാൻ ഇത്ര തിരക്കുകൂട്ടില്ലായിരുന്നു."

"അങ്ങു പറയുന്നതിന്റെ അൎത്ഥം മനസ്സിലാക്കാൻ അസാമാന്യമായ ബുദ്ധിവൈഭവം വേണമെന്നു തോന്നുന്നു."

"അതൊന്നും വേണ്ടാ. ആൎദ്രമായ ഹൃദയമേ വേണ്ടൂ".

പിന്നെ കുറെ നേരം രണ്ടാളും ഒന്നും മിണ്ടാതിരുന്നു. എന്റെ ഹൃദയസ്പന്ദനം എനിക്കുതന്നെ കേൾക്കാ

മെന്നു തോന്നി. ഭാരതിയമ്മ അല്പം അകലെയാണു് നി ന്നിരുന്നതു്. അവർ വണ്ടിക്കാരനെ വിളിക്കാനാണു് അത്ര അകലെ പോയതു്. മാത്രമല്ല, എന്നെ പാകത വന്നിട്ടുള്ള ഒരു യുവാവെന്നു് അവർ കരുതിയുമിരിക്കാം. പെട്ടന്നു മനസ്സിൽ ഉദ്ദീപിപ്പിക്കപ്പെട്ട വികാരപ്രവാഹത്തെ നിയന്ത്രിക്കാൻ ശക്തിയില്ലാതെ ചന്ദ്രനെ നോക്കി വിചാരമഗ്നയായിരുന്ന നാരായണിക്കുട്ടിയുടെ ചമ്പകകുസുമത്തെ വെല്ലുന്ന കവിൾത്തടത്തിൽ ഞാൻ പതുക്കെയൊന്നു്...........

നാരായണിക്കുട്ടി പെട്ടന്നെഴുന്നേററു. അവിചാരിതമായ ഈ അനുഭവം അവളെ അരിശംകൊള്ളിച്ചു:

"നിങ്ങൾ ഇത്ര ശപ്പനാണെന്നു ഞാൻ സ്വപ്നേപി കരുതിയിരുന്നില്ല."

ഞാൻ വല്ലാതായി:

"ഓമനേ, എനിക്കു മാപ്പു തരണേ!"

വണ്ടി തയാറായി. ഞങ്ങൾ പിരിഞ്ഞു. അന്നുമുതൽ എനിക്കു വലിയ സുഖക്കേടായി. മനസ്സിനും ശരീരത്തിനും എന്തെന്നില്ലാത്ത ഒരു വല്ലായ്മ. കോടതിയിൽ പോകാറില്ല. ഒന്നുരണ്ടു മാസകാലം പനിപിടിച്ചു കിടപ്പിലായിരുന്നു. ചികിത്സ നാരായണിക്കുട്ടിയുടെ അച്ഛൻ കേശവമേനോൻതന്നെ. ഇതിനിടെ പല ദിവസങ്ങളിലും നാരായണിക്കുട്ടിയും എൻെറ സുഖക്കേടന്വേഷിച്ചു വന്നുകൊണ്ടിരുന്നു. അങ്ങനെ നാൾ കുറെ കഴിഞ്ഞു. ഇപ്പോൾ ദീനം അശേഷം മാറി. ഞാനും നാരായണിക്കുട്ടിയുമായി നടന്ന ഒരു ദിവസത്തെ സംഭാഷണം വായനക്കാർക്കുടി അറിഞ്ഞിരിക്കട്ടെ.

നാരായണിക്കുട്ടി പറഞ്ഞു: "ദീനമെല്ലാം മാറി ഇപ്പോൾ നിങ്ങൾ മിടുക്കനായിത്തീൎന്നിരിക്കുന്നു."

"നാരായണിക്കുട്ടി എന്നെ മിടുക്കനാക്കിയാൽ ഞാൻ മിടുക്കനായേനേ."

"നിങ്ങളെ, നിങ്ങൾ പറയുംപോലെ, മിടുക്കനാക്കാനുള്ള ശക്തി എനിക്കുണ്ടായിരുന്നെങ്കിൽ—"

"എങ്കിൽ എന്നെ മിടുക്കനാക്കുമോ?"

"എനിക്കു ധാരാളം കേസുണ്ടായിരുന്നെങ്കിൽ എല്ലാം നിങ്ങൾക്കുതന്നെ തന്നേനെ. ഞാൻ അച്ഛനോടു ശിപാൎശ ചെയ്യാം, കേസെല്ലാം നിങ്ങൾക്കു തരുവാൻ."

"എനിക്കു കേസൊന്നും വേണമെന്നില്ല. നാരായണിക്കുട്ടിയുടെ കേസൊന്നുമാത്രം മതി. അച്ഛനോടു് അതിനു ശിപാൎശചെയ്താൽ മതി."

ഞങ്ങൾ മുഖത്തോടുമുഖം നോക്കി നിന്നു. എന്തിനു വളരെ? അപ്പോഴത്തെ രംഗം വായനക്കാർ കാണണ്ടാ. മാസമൊന്നു കഴിയുംമുൻപേ വേണ്ടപ്പെട്ടവരുടെയെല്ലാം അനുവാദത്തോടും സാന്നിധ്യത്തോടുംകൂടി നാരായണിക്കുട്ടിയുടെ വീട്ടിൽവെച്ചു ഞങ്ങളുടെ വിവാഹം പൊടിപൂരമായി നടന്നു. അതിൽ പിറകാണു് ഞാൻ പ്രാക്ടീസ് നിറുത്തി നാരായണിക്കുട്ടിയുടെ നിൎബ്ബന്ധത്താൽ കാൺഗ്രസ്‌വേലയ്ക്കായി ഇറങ്ങിയിരിക്കുന്നതു്. നാരായണിക്കുട്ടി വസനചക്രം പ്രചരിപ്പിക്കുവാൻ പ്രസംഗക്കാരിയായിത്തീൎന്നിരിക്കുന്നു. ഞങ്ങൾ, ഇതാ, ഇപ്പോൾ ഭാരതമാതാവിനുവേണ്ടി വേല ചെയ്യുന്നു. തീവണ്ടിയിൽ വെച്ചുണ്ടായ ഞങ്ങളുടെ ആദ്യത്തെ കൂടിക്കാഴ്ചയെപ്പററി ഞങ്ങൾ ഇപ്പോഴും പറഞ്ഞു ചിരിക്കാറുണ്ടു്.

## 5. "ഢി"

ഞങ്ങളുടെ അച്ഛൻെറ കുടുംബത്തിൽ വന്നുചേൎന്ന കുഴപ്പങ്ങളാൽ എനിക്കു് ഇംഗ്ലീഷ്പഠിത്തം നിറുത്തേണ്ടിവന്നു. മനസ്സുകേടോടുകൂടി ഞാൻ വീട്ടിൽ സ്ഥിരതാമസമാക്കി. വീട്ടിൽ വന്നതിൽപ്പിന്നെ, എനിക്കു് ഒരുത്സാഹവുമില്ലാതായി. എൻെറ 'കൊച്ചനിയൻ' സൗകര്യമുള്ളപ്പോഴൊക്കെ ചതുരംഗക്കരു നിരത്തും. ഞങ്ങൾ സാധാരണസഹോദരന്മാരെപ്പോലെയല്ല പെരുമാറിയതും പെരുമാറുന്നതും, വെറും സ്നേഹിതന്മാരെപ്പോലെയാണു്. വീട്ടുകാര്യം മിക്കതും ഞങ്ങൾതന്നെയാണു് നോക്കിവന്നതു്. അച്ഛനു വയസ്സുകാലം; കടമോ, ധാരാളം. ഒരു നിവൃത്തിയുമില്ല. പക്ഷേ മുതലെടുപ്പിൽ ശരിയായ ശുഷ്കാന്തിവെച്ചാൽ നിത്യതജ്ജ ധാരാളം കാ

ണം. അതിനാൽ വയലിൽ ചെന്നു നോക്കുക, തെങ്ങിന്നു വെള്ളം കോരുക മുതലായ വീട്ടുജോലികൾ പലപ്പോഴും ഞങ്ങൾതന്നെ നടത്തിവന്നു. കൊച്ചനിയൻ ഒരു സാഹിത്യരസികനാണു്. ഞാൻ ഒന്നുമല്ല. വേണമെങ്കിൽ നോവൽ വായിക്കും, അത്രതന്നെ.

അന്നു 'കവനകൗമുദി' പ്രതിപക്ഷപത്രികയായി സഞ്ചരിക്കുന്ന കാലമാണു്. കൊച്ചനിയൻ പലപ്പോഴും 'കൗമുദി'ക്കു ലേഖനങ്ങൾ അയച്ചുകൊണ്ടിരുന്നുവത്രേ. ഞാനും ലേഖകനായിരുന്നു. പക്ഷേ പത്രാധിപർ എന്റെ ലേഖനങ്ങൾ സൂക്ഷിച്ചുവെയ്ക്കാറു ചവറുകുട്ടയിലാണെന്നുമാത്രം. അതുകൊണ്ടു് ഇപ്പോഴും കൊച്ചനിയനോടു്—'ലേഖകൻ കൊച്ചനിയ'നോടു്—ഒരു വൈരസ്യശകലം തോന്നാറുമുണ്ടായിരുന്നു.

ഇതുവരെ 'കവനകൗമുദി' ഞാൻ തൊട്ടിട്ടില്ലെന്നു സത്യം ചെയ്യാം. "കൊച്ചനിയനൊക്കെ കൊച്ചനിയൻ തന്നെ. എനിക്കു് ഈ നാല്ക്കാലികളെ അത്ര പിടിത്തമല്ല" എന്നൊക്കെ ചിലപ്പോൾ തട്ടിമൂളിക്കാറുണ്ടായിരുന്നു. മുന്തിരിങ്ങയെപ്പററി കുറുക്കനുള്ള അഭിപ്രായംപോലെയാണു് എന്റെയുമെന്നു വായനക്കാരു വിചാരിച്ചാലും തരക്കേടില്ല.

ഒരു ദിവസം രണ്ടു മണിക്കു ഞങ്ങൾ 'കിഴക്കതി'ലിരുന്നു ചതുരംഗം വെയ്ക്കുകയായിരുന്നു. ആരോ വാതുക്കൽനിന്നു് ഒരു ശബ്ദം കേൾപ്പിച്ചു. അഞ്ചല്ക്കാരനായിരുന്നു. മാസത്തിലൊരിക്കലോ മറേറാ തന്റെ സൗകര്യംപോലെയാണു് ഞങ്ങളുടെ നാട്ടിൽ വിദ്വാന്റെ വരവു്.

എനിക്കു് അഞ്ചല്ക്കാരന്റെ വരവിനോളം സന്തോഷകരമായിട്ടു വേറെ ഒന്നുംതന്നെയില്ല. എന്തിനേറെ? എനിക്കൊരു കത്തുണ്ടായിരുന്നു. അതു പൊട്ടിച്ചു വായിക്കുന്നതിനുമുമ്പു്, "ഒരു പാഴ്സലുമുണ്ടു്" എന്നു പറഞ്ഞുകൊണ്ടു ശിപായി ഒരു വീഞ്ഞപ്പെട്ടിയും തന്നു. എഴുത്തിപ്രകാരമായിരുന്നു:

85 തുലാം 8-ാംനു-

"എന്റെ അപരിചിതമിത്രമേ,

ഈ പാഴ്സൽ സ്വീകരിക്കണേ. നമുക്കിനി പരിചയപ്പെടാൻ ഭാഗ്യമുണ്ടെങ്കിൽ അന്നെന്നെ അറിഞ്ഞാൽ മതി. അല്ലെങ്കിൽ—"

ഇങ്ങനെ അദ്ധ്യോക്തിയിൽ കത്തു നിറുത്തിയിരിക്കുന്നു. ആരാണീ കത്തെഴുതിയതെന്നറിയാതെ സ്വല്പനേരം, അല്ല വളരെ നാഠം, കുഴങ്ങി. പാഴ്സൽ എന്തെന്നറിയാനുള്ള അത്യൗത്സുക്യംകൊണ്ടു വേഗം പൊട്ടിച്ചു. ചെറിയൊരു തകരപ്പെട്ടിയാണാദ്യം കണ്ടതു്. ചെറിയൊരു കടലാസ്കഷ്ണം, ഒരു സ്വർണ്ണവാച്ചു് ഇവയാണു് നമുക്കു കിട്ടിയതു്. കടലാസു് ഒരു നൂറുറുപ്പികയുടെ ബാങ്കുനോട്ടായിരുന്നു. ഞാൻ വല്ലാതെ അന്ധാളിച്ചു നിന്നു. കൊച്ചനിയൻ എന്റെ കൈയിൽനിന്നു കത്തു വാങ്ങി നോക്കി.

"വല്ല സ്നേഹിതന്മാരും കൊല്ലത്തുണ്ടോ?" അയാഠം ചോദിച്ചു.

"എനിക്കു പരിചിതന്മാർപോലുമില്ല." എന്നെന്റെയുത്തരം.

"ആരെങ്കിലുമാകട്ടെ, കുറെ കഴിയുമ്പോൾ അറിയാം" എന്നുവെച്ചടങ്ങിപ്പാർത്തു. അന്നുതന്നെ ഭട്ടതിരിപ്പാടിൻെറ ആള് പലിശപ്പണത്തിനു വന്നു. ബാങ്ക് നോട്ടു ചെലവായി. വാച്ചിതാ, ഇപ്പോഴും എൻെറ കോട്ടിൻെറ കീശയിൽ കിടക്കുന്നു. ഇക്കാര്യം ഞാൻ ക്രമേണ മറന്നു. പിന്നെയും സാധാരണപോലെ ദിവസങ്ങൾ കഴിച്ചുവന്നു. കുടുംബത്തിനും ധാരാളം ക്ഷയമുണ്ടായിക്കൊണ്ടിരുന്നു. അത്രതന്നെ.

കൊല്ലം ഒന്നു കഴിഞ്ഞു. എൻെറ ഇംഗ്ലീഷ് മുക്കാലും പോയിരിക്കുന്നു. ചതുരംഗം വിട്ടിട്ടില്ല. എൻെറ ഒരു സ്നേഹിതനായ മാറസ്സൂൽ കുഞ്ഞുകൃഷ്ണൻനായരുടെ ഒരു കത്തു വന്നു. അദ്ദേഹത്തിൻെറ വീട്ടിൽ കുറെ നാൾ താമസിക്കാൻ ക്ഷണിച്ചതായിരുന്നു. അച്ഛനോടനുവാദവും വാങ്ങി ഞാൻ പിറേറ ദിവസംതന്നെ കായംകുളത്തേയ്ക്കു പുറപ്പെട്ടു. അടുത്തരാവിലെ മാറസ്സൂലെത്തി. വളരെ സന്തോഷത്തോടുകൂടി മിസ്റ്റർ നായർ കൈതന്നു്, ബങ്കളാവിലെ ഹാളിൽ കൊണ്ടിരുത്തി. മാറസ്സൂൽകുടുംബത്തെപ്പററി സ്വല്പം പറയാതെ കഴികയില്ല. അതു സ്വത്തുള്ള ഒരു കുടുംബമാണു്. ആയിരത്തിൽച്ചില്വാനം പറയ്ക്കു നിലവും ഒരയ്യായിരം തെങ്ങും വരും. ഇപ്പോഴത്തെ കാരണവൻ മിസ്റ്റർ നായർതന്നെ. വീട്ടിൽ അധികം ആളുമില്ല.

ഞാനും മിസ്റ്റർ നായരും ഞങ്ങളുടെ പണ്ടത്തെ കഥകളൊക്കെ പറഞ്ഞുകൊണ്ടിരിക്കുന്ന മദ്ധ്യേ ഒരു പെൺകുട്ടി പെട്ടന്നു വന്നു്, "കുഞ്ഞേട്ടൻ കത്തയച്ചതിദ്ദേഹ

ത്തിനാണോ?" എന്നു സ്വല്പം ലജ്ജയോടും ഒരു ചെറു പുഞ്ചിരിയോടുംകൂടി ചോദിച്ചു. "അതേ" എന്നുത്തരം കേട്ട ഉടനെ തിരിയെപ്പോവുകയും ചെയ്തു.

"ഇതെന്റെ സഹോദരിയാണ്, സാധാരണ ദേവകിക്കുട്ടിയെന്നാണ് വിളിച്ചുവരാറ്." എന്റെ ഇഷ്ടൻ തന്റെ മുറയും നടത്തി.

ചിലരെ കാണുമ്പോഠംതന്നെ ഒരിഷ്ടം തോന്നും. നേരെമറിച്ചും വരും. ഈ തോന്നൽ എല്ലാക്കുമുണ്ടാവുമോ എന്നറിഞ്ഞില്ല. എന്നാൽ ഞാൻ അങ്ങനെ തോന്നുന്ന കൂട്ടത്തിലുള്ളവനാണ്. എനിക്കു ദേവകിക്കുട്ടിയോട് അകാരണമായി ഒരിഷ്ടം തോന്നി; അതു പുറത്തു പറഞ്ഞതുമില്ല.

കുളി കഴിഞ്ഞു, ഊണു കഴിഞ്ഞു. രാത്രിയായി. ദിവസം ഒന്നു കഴിഞ്ഞു. ഞാനും കുഞ്ഞുകൃഷ്ണൻനായരും കൂടി സംഭാഷണം ചെയ്യുമ്പോഴെല്ലാം ദേവകിക്കുട്ടി അവിടെ വന്നു കേഠംക്കാറുണ്ട് എന്നെനിക്കു തോന്നി. ഇതു കമിതാക്കഠംക്കു സാധാരണ വരുന്ന അബദ്ധമാണ്. ഞാൻ എന്റെ നേരംപോക്കു മുഴുവൻ എല്ലായ്പോഴും വിളമ്പിത്തുടങ്ങി. കുറെ ധാരാളമുണ്ടുതാനും. അങ്ങനെ മാസം ഒന്നു കഴിഞ്ഞു. ഇക്കാലത്തു ദേവകിക്കുട്ടി എന്നോട് ഒരക്ഷരംപോലും ഉരിയാടീട്ടില്ല. എന്നുമാത്രമല്ല, ചില സമയങ്ങളിൽ ഒരു നീരസഭാവം കാണിക്കുന്നില്ലേ എന്നുകൂടി എനിക്കു സംശയമുണ്ടായി.

കാലത്തെ കാപ്പി കഴിഞ്ഞു ഞങ്ങഠം ഹാളിലിരുന്ന് ഓരോന്നു പറഞ്ഞുകൊണ്ടിരുന്നു. ഞങ്ങളുടെ ഗ്രൂപ്പുഫോ

ട്ടോവിലുള്ള സ്നേഹിതരിലൊരാളായ 'നവനീതമേനവ'ന്റ ചിലരുടെ പൊട്ടശ്ലോകങ്ങളെ അസ്സൽ കവിതയെന്നു പറഞ്ഞു പുകഴ്ത്താനും അബദ്ധവാചകങ്ങളെ അസാധ്യവാചകങ്ങളെന്നു സ്തുതിക്കാനും മററുമുള്ള വാസനയെപ്പററിയും ഞങ്ങൾ സംസാരിക്കാതിരുന്നില്ല. ഞാൻ പറഞ്ഞു: "വലിയവർ പറയുന്നതൊക്കെ അദ്ദേഹത്തിന്നു വേദവാക്യം. ഗുണദോഷവിചാരചിന്ത എന്നതില്ല. അദ്ദേഹത്തിന്ന് അവരുടെ നേരെ 'കുരുടഭക്തി' അത്രയേ ഉള്ളൂ."

വെളിയിൽ നോക്കിയിട്ടു കുഞ്ഞുകൃഷ്ണൻനായർ ചോദിച്ചു: "ആരാ, ദേവകിക്കുട്ടിയോ അവിടെ നില്ക്കുന്നതു്?"

ദേവകിക്കുട്ടി ഉത്തരമൊന്നും പറയാതെ രണ്ടു കത്തു കൊണ്ടുവന്നു്, മേശപ്പുറത്തു വെച്ചു. ഒന്നു ഞങ്ങളുടെ നവനീതമേനവൻേറതായിരുന്നു; മററതു കൊച്ചുനിയൻേറതും. കൊച്ചുനിയൻെറ കത്തു് അതിവേഗത്തിൽ പൊട്ടിച്ചു വായിച്ചു—മനസ്സുകൊണ്ടു്.

85 തുലാം 26-ാംനു-

മുല്ലവേലി

ശ്രീ

അവിടെപ്പററിപ്പിടിച്ചു കിടക്കുന്നതെന്താണു്, കുഞ്ഞേട്ടാ? നമ്മുടെ കാര്യംകൂടി കുറച്ചൊക്കെ നോക്കണ്ടേ? 'വടശ്ശേരി' നമ്പ്രു് പതിച്ചിരിക്കുന്നുവത്രേ. അച്ഛന്റെ വാതത്തിൻെറ ഉപദ്രവവും വാധ്യാർപോററിയുടെ വാണ്ടും—ലഹളതന്നെ. അതിനിടയ്ക്കു കൊല്ലത്തുനിന്നൊരു കത്തും പാഴ്സലും. ആ കത്തിൽ നാനൂറുറുപ്പികയുടെ

ബാങ്ക്നോട്ടുണ്ടായിരുന്നു. പാഴ്സൽ ഒരു മോതിരമായിരുന്നു. 'ഡി' എന്നു് ഇംഗ്ലീഷിൽ കൊത്തിയിട്ടുമുണ്ടു്. അവ അയച്ച മഹാനാരെന്നറിവാൻ ഒരു മാൎഗ്ഗവുമില്ലേ? രൂപാ ചെലവാക്കാതിരിക്കാൻ നിവൃത്തിയില്ല. വേഗം വരണേ.

എന്നുമാത്രം

അനുജൻ.

വ. ല. വിശേഷിച്ചു് ഏട്ടൻെറ 'ഭാസി'യുടെ കത്തുമുണ്ടു്."

ഞാൻ വളരെ അദ്ഭുതപ്പെട്ടു. ഈ മഹാമനസ്കനാരായിരിക്കും എന്നു ചോദിച്ചുംകൊണ്ടു കത്തു മിസ്റ്റർ നായരുടെ കൈയിൽ കൊടുത്തു. അദ്ദേഹവും വളരെ അത്ഭുതപ്പെട്ടു. അഞ്ചല്ക്കാരൻെറ കൈവശംതന്നെ ഉടൻ ഒരു മറുപടിയും എഴുതികൊടുത്തു. ഒരാഴ്ച കഴികെ വീട്ടിലേയ്ക്കു പുറപ്പെട്ടുകൊള്ളാമെന്നായിരുന്നു മറുപടി. അന്നു പത്തുമണിക്കു് ഇഷ്ടനു് എന്തോ കാര്യവശാൽ കച്ചേരിക്കു പോകേണ്ടിവന്നു. ഞാൻ ദേവകിക്കുട്ടിയോടു് ഇതേവരെ സംസാരിച്ചിട്ടില്ല—ഓ, അതു ഞാനൊരിക്കൽ പറഞ്ഞല്ലോ! ഇപ്പോൾ നല്ല ഒരവസരം കിട്ടി. ഞങ്ങൾ രണ്ടുപേരുംമാത്രമേ അവിടുള്ളൂ. അതുതന്നെ തരം.

ഞാൻ ദേവകിക്കുട്ടിയുടെ 'അകത്തു' ചെന്നു. അവൾ എഴുന്നേററു. ഒരു കസാല നീക്കി ഇട്ടുതന്നു. ഞാനവിടെ ഇരുന്നു. ദേവകിക്കുട്ടിയാണു് പറഞ്ഞുതുടങ്ങിയതു്: "എന്താണാവോ ഇങ്ങോട്ടു കേറിയതു്? പതിവില്ലാത്തതാണല്ലോ."

ഞാൻ നേരമ്പോക്കിൽ ചോദിച്ചു: "പതിവുപോലെതന്നെ എല്ലായ്പോഴും വർത്തിക്കുമെങ്കിൽ ലോകത്തിൽ അഭിവൃദ്ധിയെങ്ങനെ?"

"എനിക്കു തത്ത്വജ്ഞാനമൊന്നുമില്ല. എന്നാണു് പോകാൻ നിശ്ചയിക്കുന്നതു്?"

"വരുന്ന തിങ്കളാഴ്ച."

"ഇവിടെ സുഖമില്ലായിരിക്കും, അല്ലേ?"

"ഇവിടെമാത്രമേ സുഖമുള്ളൂ. സുഖത്തിൻെറ അവതാരദേവതതന്നെ ദേവകിക്കുട്ടി."

"പിന്നെന്താ ധൃതി? ഞാൻ ദേവതയും മററുമല്ല."

"ഈ സുഖത്തിനു ഞാനെന്തായാലും അവകാശിയല്ലല്ലോ. ദേവകിക്കുട്ടി എൻെറ ദേവതയല്ലതാനും."

"നിങ്ങൾക്കെന്താ അവകാശക്കുറവു മററുള്ളവരിൽ നിന്നു്?"

"കുറവേയുള്ളൂ."

"കുഞ്ഞേട്ടൻെറ ഒരു സ്നേഹിതൻ. ഇതവകാശമല്ലെന്നു വരുമോ ഇവിടെ താമസിക്കാൻ?"

"ഒരാളിൻെറ സ്നേഹിതൻ— അതു ശരി. പക്ഷേ ദേവകിക്കുട്ടിയും ഈ തറവാട്ടിലെ ഒരംഗമാണല്ലോ."

"അതിനു്?"

"ദേവകിക്കുട്ടിയുടെ സ്നേഹിതനും മററുമല്ലല്ലോ ഞാൻ എന്നു വിചാരിച്ചു വ്യസനിക്കുകയാണു്."

"അതിനു വ്യസനിക്കേണ്ടാ. എൻെറയും സ്നേഹിതൻതന്നെ. മതിയോ? പക്ഷേ 'മററു'മല്ലായിരിക്കാം."

"പോരാ. സ്നേഹംതന്നെ ക്ഷണഭംഗുരമാണു്. ഇൗയിടെ 'വാസ്തവസ്നേഹം' കണ്ടുവരാറുള്ളതു വാക്കിൽമാത്രമാണു്. 'മററു'മിൻെറ കാര്യം പിന്നെ പറയാനുമില്ല."

"വാസ്തവസ്നേഹത്തെയല്ലാതെ ഞാൻ അറിഞ്ഞിട്ടില്ല. നിങ്ങൾ പറഞ്ഞതു നിങ്ങളുടെ അനുഭവമായിരിക്കാമെന്നേ വിചാരിക്കാൻ തരമുള്ളു. 'മററും' എന്നു പറഞ്ഞതു് എനിക്കു മനസ്സിലായതുമില്ല."

വായനക്കാർ മുഷിയരുതേ. ഇനിയത്തെ ഞങ്ങളുടെ സംഭാഷണം കുറച്ചു പ്രൈവററാണു്, പറയില്ല. ഞങ്ങൾ കുറെ നേരംകൂടി ഇങ്ങനെ പല വിഡ്ഢിത്തങ്ങളും പറഞ്ഞുകൊണ്ടിരുന്നു. ഒരാഴ്ച കഴിയുന്നതിനുമുമ്പു ഞാനും ദേവകിക്കുട്ടിയും തമ്മിൽ വലിയ ലോഹ്യത്തിലായിക്കഴിഞ്ഞു. പിന്നെ രണ്ടു പേരോടും യാത്ര പറഞ്ഞു പിരിഞ്ഞു. ദേവകിക്കുട്ടിയോടു വിശേഷാൽ ഒരു യാത്രകൂടി പറഞ്ഞു. അപ്പോഴത്തെ 'സീൻ' നിങ്ങൾ കാണണ്ടാ. ഒരു 'കർട്ടൻ' കിടക്കട്ടെ.

വീട്ടിൽ ചെന്നു കൊച്ചനിയനോടു വിവരമെല്ലാം പറഞ്ഞു. അയാൾമുഖാന്തിരം ചില ചില്ലറ എഴുത്തുകുത്തുകൾ നടന്നു. ഞങ്ങളുടെ വിവാഹകാര്യം തീച്ചപ്പെടുത്തി. തത്കാലക്കുഴപ്പംകാരണം അച്ഛനു സ്വല്പം വിസമ്മതമുണ്ടായിരുന്നു. മാറസ്സൂൽനിന്നാകയാൽ ഒരുവിധം സമ്മതിച്ചു. വലിയ ആഘോഷമൊന്നുമില്ലാതെ അടിയന്തിരവും നടന്നു. ദേവകിക്കുട്ടിക്കു ഞങ്ങളുടെ വീട്ടിലെ ബുദ്ധിമുട്ടനുഭവിക്കണ്ടെന്നു പറഞ്ഞു് എൻെറ കൂടെത്ത

ന്നെ വീട്ടിലേയ്ക്കു തിരിച്ചു, വീട്ടിലെത്തി. അങ്ങനെ ക ഴിഞ്ഞു കുറെ. ഒരു ദിവസം ദേവകിക്കുട്ടി ഒരു ബുക്ക്പോസ്റ്റ് തയാർ ചെയ്യുന്നതു കണ്ടു. "എന്താണതു്?" എന്നു ഞാൻ ചോദിച്ചു. ഒരു ലേഖനമാണെന്നു മറുപടിയും പറഞ്ഞു.

"ദേവകിക്കുട്ടിക്കും ലേഖകസ്ഥാനമുണ്ടോ?" ഞാൻ ചോദിച്ചു:

"അങ്ങേയ്ക്കുള്ളതുകൊണ്ടു് എനിക്കരുതെന്നുണ്ടോ?"

"എന്നെ എന്തിനാണു് ചെത്തകമ്പിലടിച്ചു കേറുന്നതു്?"

"അങ്ങയുടെ പേരിൽ പലേ ലേഖനങ്ങളും ഞാൻ 'കൗമുദി'യിൽ വായിച്ചിട്ടുണ്ടു്. എന്നുമാത്രമല്ല, ചില പ്രത്യുക്തികൾ 'ഡി' എന്ന പേരിൽ ഞാൻ എഴുതിയുമിരുന്നു. ഓർമ്മയില്ലെന്നുണ്ടോ?"

ഞാൻ കുറെ ആലോചിച്ചു. എന്നിട്ടു ചോദിച്ചു: "എനിക്കു കത്തും പാഴ്സലും അയച്ചതും ദേവകിക്കുട്ടിയായിരുന്നോ?"

"അതേ, അങ്ങേടെ കാര്യം പലതും കേട്ടും ഫോട്ടോ കണ്ടും കവിതയുടെ സാരള്യം അനുഭവിച്ചും കാണുന്നതിനു മുമ്പുതന്നെ ഒരു സ്നേഹം തോന്നി. അതാണു് പാഴ്സലയച്ചതും."

"കേമമായി! കൊച്ചനിയനാണു് കവിതക്കാരൻ. എന്റെ പേരു വെറുതെവെച്ചു് ആളുകളെ അലോഗ്യപ്പെടുത്തിയതാണു്."

ദേവകിക്കുട്ടി ലജ്ജിച്ചു തറയിൽ നോക്കിത്തുടങ്ങി. ഞാൻ എഴുന്നേററുപോകയും ചെയ്തു.

## 6. രണ്ടാംസ്വയംവരം

നേരം സന്ധ്യയായി, അത്രേയുള്ളൂ. മുല്ലശ്ശേരിയിലെ വാല്യക്കാരൻ ബംഗ്ലാവിലെ വിളക്കുകൾ കൊളുത്തിക്കഴിഞ്ഞു. നാലുകെട്ടിൻെറ പൂമുഖത്തു ചെറിയൊരു കുട്ടി നിലവിളക്കിൻെറ മുമ്പിലിരുന്നു നാമം ജപിക്കുന്ന ഭാവം നടിക്കുന്നു. ഇടയ്ക്കിടയ്ക്കു് അടുത്തിരിക്കുന്ന ഒരു പൂച്ചയെ എടുത്തു മേല്പോട്ടു് എറിയുകയും അതിനെ അടിക്കയും തലോടുകയും ചെയ്യുന്നുണ്ടു്.

"എന്താ, വെറുതെ ഇരിക്കില്ല അല്ലേ, കേശൂ?" എന്നു പതുക്കെ പറഞ്ഞുകൊണ്ടുവന്നതു കേശുവിൻെറ അമ്മയായിരുന്നു. ഭാരതിഅമ്മ—അതാണു് അവരുടെ പേരു്. അവർക്കു കഷ്ടിച്ചു് ഇരുപത്തിനാലു വയസ്സു കാണും. വലിയ പൊക്കമുള്ള കൂട്ടത്തിലല്ല. കുറച്ചു തടിച്ച

ദേഹമാണ്. മുഖവും വളരെ ചെറുതല്ല. ആ പ്രൗഢയുടെ മുഖത്തു കളിയാടുന്ന തേജസ്സ് ഒന്നു പ്രത്യേകംതന്നെയാണ്. അവരുടെ അച്ഛൻ കുഞ്ഞുപിള്ളക്കാര്യക്കാരുടെ രൗദ്രത ലേശംപോലും സ്പർശിച്ചിട്ടില്ല. അനലംകൃതമായ ആ ആകൃതിയിൽ തെളിയുന്നതു പ്രൗഢതമാത്രമല്ല, ആകർഷകമായ ഒരു ശാന്തതകൂടിയാണ്.

"പുസ്തകയെ വിട്ടിട്ട്, നാമം ജപിക്കു" എന്നു ഭാരതിയമ്മ മൃദുസ്വരത്തിൽ ഒന്നുകൂടി ശാസിച്ചിട്ട് അവിടെ നിലത്തിരുന്നു.

"അച്ഛൻ ഇൗയിടെ വരുമെന്നല്ലേ അമ്മ പറഞ്ഞതു്? വരാത്തതെന്തു്?" കേശു മുട്ടിച്ചു.

അമ്മ അല്പനേരത്തിനു് ഒന്നും പറഞ്ഞില്ല. കേശു പിന്നെയും "എന്തമ്മേ?" എന്നു് ഒന്നുകൂടി ചോദിച്ചപ്പോൾ "വരും, കുഞ്ഞേ. നാമം ജപിക്കു" എന്നു പറഞ്ഞു ഭാരതിയമ്മ ജാക്കററിൻെറ മുകളിൽ ഇട്ടിരുന്ന തോർത്തെടുത്തു മുഖം തുടച്ചു് അകത്തേയ്ക്കു പോയി. കേശു നാമവും പുസ്തകയുമായി കഴിയുന്നതിനിടയിൽ ഭാരതിയമ്മയുടെ അനുജത്തി ഇൗശ്വരിക്കുട്ടി പുറത്തേയ്ക്കു വന്നു കേശുവിനെ വിളിച്ചിട്ടു് അകത്തേയ്ക്കു പോയി മറഞ്ഞു.

പടിവാതുക്കൽ വന്നുനിന്ന വണ്ടി കുഞ്ഞുപിള്ളക്കാര്യക്കാരുടേതാണ്. അദ്ദേഹം വണ്ടിയിൽനിന്നിറങ്ങി അടിച്ചുകൂട്ടിൽ വന്നിരുന്നു്, "ഇൗശ്വരിക്കുട്ടീ" എന്നു വിളിച്ചു. ഇൗശ്വരിക്കുട്ടി വരുന്നതിനുമുമ്പേ അവിടെ എത്തിയതു പത്മനാഭൻനായരാണ്. ആൾ ചൊടിയുള്ള ഒരു ചെറുപ്പക്കാരൻ. ചെറിയ കണ്ണുകളുടെ ചലനവും

ച്ചുണ്ടിൻെറ ആകൃതിവിശേഷവും കണ്ടാൽ സാമുദ്രികാ ശാസ്ത്രജ്ഞന്മാർ, പക്ഷേ, ആ യുവാവിനെപ്പററി നല്ല അഭിപ്രായം പറകയില്ലായിരിക്കാം. യഥാൎത്ഥത്തിൽ ഏതാണ്ടു് അത്തരത്തിൽത്തന്നെയാണു് നായർ. പക്ഷേ ഈ ശ്വരിക്കുട്ടിയുടെ ഭത്താവിൻെറ ദോഷങ്ങളുണ്ടോ കുഞ്ഞുപിള്ളക്കാൎയ്യക്കാരു കാണുന്നു?

"പത്മനാഭാ, കേശുവിൻെറ ഊണു കഴിഞ്ഞോ?"

"ഉവ്വു്. കുറെ നേരമായി."

"നീ ഹൈക്കോട്ടിൽ പോയിരുന്നുവോ?"

"ഉവ്വു്. നമ്മുടെ കേസ്സു് അടുത്ത ആഴ്ചയിലാണത്രേ."

"കുട്ടനെ വിളിക്കാൻ ആളയയ്ക്കണം. നാളെ നമുക്കു കോടല്ലൂരിലേയ്ക്കു പോയേ മതിയാവൂ. എങ്ങനെയെങ്കിലും ആ വസ്തുക്കൾക്കു് ഒരുറപ്പു വരുത്തിയില്ലെങ്കിൽ ഇതേവരെയുള്ള ശ്രമം വിഫലമാവില്ലേ? പാച്ചുനോടു പറഞ്ഞേയ്ക്കൂ."

പത്മനാഭൻനായർ ബംഗ്ലാവിലേയ്ക്കും കാൎയ്യക്കാർ നാലുകെട്ടിലേയ്ക്കും പോയി.

മെഡിററേനിയൻസമുദ്രത്തിൻെറ ഒരു ഭാഗം. അതിവിസ്തൃതമായ ആ ജലാശയത്തിൻെറ നടുവിൽക്കൂടി അതാ ഒരു സ്റ്റീമർ ശീഘ്രഗതിയിൽ പായുന്നു. അസ്തമനസൂൎയ്യൻെറ കിരണകന്ദളങ്ങൾ ലോലലോലമായി ഇളകിക്കൊണ്ടിരിക്കുന്ന അലകളിൽ വ്യാപിച്ച സമുദ്രത്തിനാകപ്പാടെ നിസ്തുല്യമായ ഒരു മനോഹാരിത വരുത്തിയിട്ടുണ്ടു്. സ്റ്റീമറിൻെറ ദ്രുതഗതികൊണ്ടുണ്ടാകുന്ന ഇള

ക്കത്താൽ ചില വലിയ ജലജന്തുക്കൾ അപ്പോഴപ്പോൾ ഉണ്ടാക്കുന്ന ജലപ്രക്ഷോഭങ്ങൾ ആ കപ്പലിൻെറ ഡെക്കിൽനിന്നു നിരീക്ഷണം ചെയ്തിരുന്നവക്കു് എത്ര ഹൃദയാകഷകമായി തോന്നിയിരിക്കണം!

"എന്തു മനോഹാരിതയാണിതു്!" ഡക്കിൽ സുഖവിഹാരത്തിനായി നില്ക്കുന്ന ഒരിൻഡ്യൻ തൻെറ അടുത്തു നില്ക്കുന്ന ഒരാളോടു് ഇങ്ങനെ കുശലപ്രശ്നമാരംഭിച്ചു:

"ആകാശവും സമുദ്രവും ഒരുപോലെ മനോഹരങ്ങൾ!"

ഒന്നാമൻ ചോദിച്ചു: "നിങ്ങൾ ആരെന്നു ഞാൻ അറിയുന്നതിൽ വിരോധമുണ്ടോ?"

"ഏയ്, ഇല്ല. എൻെറ പേരു് ബി. എസ്. നായർ എന്നു്. ഡി. സി. എൽ.നു പോയിട്ടു വരികയാണു്. നാടു തിരുവിതാംകൂറാണു്. നിങ്ങളോ?"

"പക്ഷേ നിങ്ങൾ എന്നെ കേട്ടിരിക്കാം. കെ. സുജൻസിങ്ങ് കോർഡേ. ഫോം റൂൾ ഡെപ്യൂട്ടേഷനു പോയിട്ടു വരികയാണു്."

പരസ്പരം കരഗ്രഹീതരായി നില്ക്കേ, ബി. എസ്. നായർ പറഞ്ഞു: "ആംഗ്ലേയരീതിയിൽനിന്നുള്ള വ്യതിയാനമാണെങ്കിലും നമ്മുടെ ഈ പരിചയം ശാശ്വതമായിരിക്കട്ടെ."

"എൻെറ ഹൃദയവും അതുതന്നെ മന്ത്രിക്കുന്നു."

ഇവരുടെ സംഭാഷണം ഇംഗ്ലീഷിലായിരുന്നു. വായനക്കാരുടെ മുന്നിൽ നില്ക്കുന്ന സുജൻസിങ്ങ് കോർഡേ

മഹാരാഷ്ട്രനേതാക്കന്മാരിൽ അതിധീരനായ ഒരു യുവാവാണു്. ആ തേജസ്വിയുടെ ദീർഘമായ നാസികയും അല്പം വിവർണ്ണമായ വലിയ കണ്ണുകളും മുഖശോഭയും ചെറിയ മേൽമീശയും കണ്ടു പരിചയമില്ലാത്ത ബോംബേസംസ്ഥാനക്കാർ ഉണ്ടോ എന്നു സംശയമാണു്. നമ്മുടെ മിസ്റ്റർ നായർ ഈ രാജ്യം വിട്ടിട്ടു കുറെക്കാലമായിരിക്കുന്നു: 85-ലാണെന്നു തോന്നുന്നു പോയതു്. അന്നു പരിചയിച്ചിട്ടുള്ളവർ നായരെ ഇപ്പോൾ അറിയുമോ എന്നു ശങ്കിക്കണം. അല്പം ഇരുണ്ട പഴയ നിറം നിശ്ശേഷം മാറിപ്പോയിരിക്കുന്നു. നായർ ഇപ്പോൾ നല്ല ധവളതന്നെ. വലിയ മുഖവും നീണ്ട ദേഹവുമായി നില്ക്കുന്ന മിസ്റ്റർനായരുടെ ആംഗ്ലേയാനുകരണഭ്രമത്തെ മിസ്റ്റർ കോർഡേ സ്നേഹബുദ്ധ്യാ കളിയാക്കിക്കൊണ്ടിരിക്കേ പെട്ടന്നു് ഒരു ശബ്ദം കേട്ടതും സ്റ്റീമറിൻെറ ഏതാനും ഭാഗം പൊടിഞ്ഞു തകന്നതും ഒന്നായിക്കഴിഞ്ഞു. സുജൻസിങ്ങും നായരും സമുദ്രത്തിൻെറ അഗാധഗഹ്വരത്തിൽ അകപ്പെട്ടു. എങ്കിലും സബ്മറയിൻ അപകടത്തിൽനിന്നു രക്ഷിക്കാൻ പ്രത്യേകം തയാർചെയ്യപ്പെട്ടിരുന്ന ബോട്ടുകൾ, ബെൽററുകൾ മുതലായവയാൽ കുറെപ്പേർ രക്ഷിക്കപ്പെട്ടു. അപ്പോഴത്തെ ആ സ്ഥിതി ഊഹിക്കയാണു് നല്ലതു്. സുജൻസിങ്ങ് രക്ഷപ്പെട്ടകൂട്ടത്തിലാണെന്നു പിറേറ ദിവസത്തെ 'ബോംബേക്രാണിക്കിൾ' പ്രസ്താവിച്ചിരുന്നു. മിസ്റ്റർ നായരുടെ പേർ സ്റ്റീമർ റിക്കാർഡിലുണ്ടു്. മനുഷ്യരുടെ ആശാഗതികൾ എവിടെ? ഈശ്വരൻെറ മനോഹിതമെവിടെ? വളരെ നാളായി ഉത്കണ്ഠയോടുകൂടി ഒന്നു കാണാൻ ആഗ്രഹിച്ചിരുന്ന ആ മനസ്വിനിയുടെ രമണീ

യത്രുപത്തെ ഓത്തു മി. നായൎക്കുള്ള ഹൃദയസ്പന്ദനങ്ങൾ വിധിക്കു സൂഗ്രങ്ങളല്ലയോ?

മാസം മൂന്നു കഴിഞ്ഞു. 'മലയാളി'യിൽ 'സന്താപകരമായ ഒരു മരണം' എന്ന തലക്കെട്ടിൽ "കുഞ്ഞുപ്പിള്ള കാര്യക്കാരുടെ സീമന്തപുത്രിയുടെ ഭൎത്താവായ ബി. എസ്സ്. നായർ എം. എ. ഓണേഴ്സ് (ആക്സ്സൺ) ഡി. സി. എൽ. നാട്ടിലേയ്ക്കു വരുംവഴി റിവെൻജ് എന്ന സ്റ്റീമർ മെഡിററേനിയൻ സമുദ്രത്തിൽവെച്ചു സംബന്ധമായിൻ അപകടത്തിൽപ്പെട്ടുകയാൽ അകാലചരമം പ്രാപിച്ചിരിക്കുന്നു എന്നറിയുന്നതിൽ ഞങ്ങൾക്കു ഹൃദയംഗമമായ വ്യസനം ഉണ്ടു്. അദ്ദേഹത്തിൻെറ കുടുംബാംഗങ്ങളോടും കാര്യക്കാർ കുഞ്ഞുപ്പിള്ളഅവർകളോടും ഞങ്ങൾ സഹതപിച്ചുകൊള്ളുകയും മിസ്റ്റർനായരുടെ ആത്മാവിൻെറ ശാശ്വതശാന്തിക്കായി പ്രാൎത്ഥിക്കയും ചെയ്യുന്നു." എന്നുള്ള കുറിപ്പു മുല്ലശ്ശേരിയിൽ ആദ്യമായിക്കണ്ടതു് ഈശ്വരിക്കുട്ടിയായിരുന്നു. പത്മനാഭൻനായർ ഒരു ലേഖകമാന്യനാകയാൽ അയാളുടെ സ്വകാര്യമുറിയിൽ മിക്ക പത്രങ്ങളും കാണുക പതിവുണ്ടു്. മുല്ലശ്ശേരിയിലെ പത്രവായനക്കാരി ഈശ്വരിക്കുട്ടിയും. അവൾ ഇതു കണ്ട ഉടനെ 'മലയാളി'യുംകൊണ്ടു നാലുകെട്ടിൽ ചെന്നു ഭാരതിയമ്മയുടെ കൈയിൽ കൊടുത്തു. പ്രകൃത്യാ അടക്കമുള്ള ആ സുശീലയുടെ കണ്ണുകളിൽനിന്നു നിരർഗ്ഗളമായി കണ്ണുനീർ ഒഴുകുന്നുണ്ടെങ്കിലും സ്തോഭസൂചകമായി നിശ്വസിക്കുകയാകട്ടേ കരയുകയാകട്ടേ ചെയ്തതേയില്ല. അന്നു് ആ ഗൃഹം നിശ്ചലമായിരുന്നു. അന്ന

താപജന്യമായ നിശ്ശബ്ദതയെ ഭഞ്ജിച്ചതു കേശുവിൻെറ വികൃതികഠംമാത്രമാണു്.

പിന്നീടു ഭാരതിയമ്മ ഒരിക്കലും ചിരിച്ചുകണ്ടില്ല. പ്രശാന്തമായ ഒരു മനോവ്യഥയാണു് ആ അമ്മയുടെ മുഖത്തു സ്ഫുരിച്ചിട്ടുള്ളതു്. പത്മനാഭൻനായർ ചിലപ്പോഠം ഭാരതിയമ്മയുടെ ഈ ഭാവത്തെ ഹസിക്കുന്ന മട്ടിൽ ഈശ്വരിക്കുട്ടിയെ നോക്കാറുണ്ടു്. അവഠം ഭാരതിയമ്മയോളം ഗുണപുഷ്കലയല്ലാത്ത ഒരു കുട്ടിയാണു്. കാര്യക്കാരുടെ ഉദ്യോഗോന്നതിയിൽനിന്നുണ്ടായ ഡംഭുമകളുടെ അഴകുള്ള കൊച്ചുമുഖത്തു ധാരാളം കാണുന്നുണ്ടു്. അവഠം മുഗ്ദ്ധചിത്തയായ ആ ശാന്തയുടെ ഹൃദയഗതികളെ അവലോകനം ചെയ്യുന്നതേയില്ല. മാസങ്ങഠം പിന്നെയും കുറെ അങ്ങനെ കഴിഞ്ഞു. ഭാരതിയമ്മയ്ക്കു പുനർവിവാഹം എന്ന പദംപോലും കർണ്ണാരുന്തുദമാണു്. അതുദ്ദേശിച്ചു വന്നിരുന്നവരെല്ലാം നിരാശരായി മടങ്ങിപ്പോയി. പത്മനാഭൻനായക്കു് ഇത്തരം സമ്പ്രദായമൊന്നും ഇഷ്ടമല്ല. ഇതൊക്കെ അപകടതയുടെ ഫലമായിട്ടാണു് വിഢ്ഢാൻ വ്യാഖ്യാനിക്ക പതിവു്. നായരുടെ വകയിൽ ഒരു ചേട്ടൻ, ഭാര്യ മരിച്ചുപോയതിൽപ്പിന്നെ സംബന്ധമൊന്നുമില്ലാതെ ഇരിക്കയായിരുന്നു. തൻെറ ചൊല്പടിയിൽ നില്ക്കുന്ന ചേട്ടനെക്കൂടി മല്ലശ്ശേരിയുമായി ഘടിപ്പിക്കുന്നതു നായരുടെ ഭാവിഗുണത്തിനുതകുന്നതാണെന്നു് ഒരു ചിന്ത അയാളെ പിടികൂടിയിട്ടു നാഠം കുറെയായി. എന്നാൽ അതിനു വിരോധമായി നിന്നതു ഭാരതിയമ്മയുടെ ഭർത്തൃസ്നേഹമായിരുന്നു. നാ

032:3M998:1 1
K5



യരുടെയും ഈശ്വരിക്കുട്ടിയുടെയും പരിഹാസങ്ങൾക്കു് ആ അമ്മയെ സൽപഥത്തിൽനിന്നു വ്യതിചലിപ്പിക്കാൻ സാധിച്ചില്ല. കണ്ണിലുണ്ണിയായിത്തീൎന്നിരിക്കുന്ന പത്മനാഭൻനായരുടെ കപടവാങ്മാധുൎയ്യംകൊണ്ടു് ഇക്കാൎയ്യത്തിൽ തൃപ്തനായ കാൎയ്യക്കാർ ഒരു ദിവസം ഭാരതിയമ്മയെ വിളിച്ചു് ഉപദേശിച്ചു: "ഭാരതീ, പത്മനാഭന്റെ അഭിപ്രായം ലോകസ്ഥിതിക്കു ചേൎന്നതാണു്. നിന്റെ ആദൎശം നന്നുതന്നെ. പക്ഷേ ലോകസുഖത്തിനു പൎയ്യാപ്തമല്ല, എന്നേയുള്ളു."

ഉത്തരമായി ഭാരതിയമ്മ ഒന്നും പറഞ്ഞതേയില്ല. അല്പം കഴികേ അവർ അകത്തു ചെന്നു് "അച്ഛന്റെ ഇഷ്ടംപോലെ" എന്നു് ഈശ്വരിക്കുട്ടിയോടു പറഞ്ഞയച്ചു. ഭാരതിയമ്മയുടെ ഈ അനുമതി, യഥാൎത്ഥത്തിൽ, സ്വയമേവ ഉണ്ടായതല്ല. അച്ഛനു വിഹിതമായ ഒരു കാൎയ്യം താൻ ചെയ്യേണ്ടിവരുമെന്നുള്ള ഭയമാണു് ഇങ്ങനെ പറയാൻ അവരെ പ്രേരിപ്പിച്ചതു്. ഏതായാലും പത്മനാഭൻനായരുടെ കാൎയ്യം സാധിച്ചു. കാൎയ്യക്കാരുടെ മരണശേഷം ഒട്ടുവളരെ സ്വത്തുള്ള ഒരു കുടുംബത്തിൽ സ്വേച്ഛാവിഹാരം ചെയ്യാനുള്ള വ്യാമോഹമാണു് നായൎക്കുണ്ടായിരുന്നതു്.

വിവാഹദിവസവും നിശ്ചയിച്ചു. അടിയന്തിരം വളരെ കേമമായി നടത്തണമെന്നു് ആലോചനയില്ലായിരുന്നു. [illegible] വിവാഹത്തിന്റെ വികൃതച്ചട[illegible] കഴിക്കണമെന്നാണു് തീൎച്ചപ്പെട്ട[illegible]ലും വരന്റെ കുടുംബാംഗങ്ങ

MUL
284432
UNIVERSITY LIBRARY

ളെല്ലാം വന്നിരുന്നു. കൂടാതെ കാര്യക്കാരുടെ അടുത്ത മി
ത്രങ്ങളും, ചില വലിയ ഉദ്യോഗസ്ഥന്മാരും മാത്രം ക്ഷ
ണിക്കപ്പെട്ടു. സന്ധ്യയ്ക്കുമുമ്പേതന്നെ അതിഥികൾ വ
ന്നു നിറഞ്ഞുകഴിഞ്ഞു. വരൻ കിട്ടുണ്ണിനായർ വാദ്യ
ഘോഷങ്ങളുടെയും കുരവകളുടെയുമിടയിൽ അർത്ഥമി
ല്ലാതെ ഒരു കാര്യം നേടാൻ മുതിരുന്നതിലുള്ള വികാര
പരവശതയോടെ രംഗസ്ഥിതനാവുന്നു. ഭാരതിയമ്മ ത
ൻെറ സ്നേഹിതകളായ സമവയസ്കകളുടെ പ്രേമപൂർവ്വ
മായ അനുമോദനാശംസകൾക്ക ലാക്കായിട്ടാണെങ്കിലും
അതൊക്കെയും അതൃപ്താഗണ്യകോടിയിൽ തള്ളിയിട്ടു്,
പിതാവിൻെറ നിഷ്ഠുരണദുശ്ശാസനത്തിന്നടിമപ്പെട്ടപോ
ലെ, സന്തപ്തവദനത്തെയാണു് പ്രദർശിപ്പിക്കുന്നതു്. കു
രവയും നാഗസ്വരവും സദിരും ഇടവിട്ടിടവിട്ടു പൊടി
പാറുന്നു. അന്നത്തെ വധൂവരന്മാരെ ഭാര്യാഭർത്താക്കന്മാ
രായി അഭിഷേകംചെയ്യാനുള്ള ചടങ്ങുകൾ അങ്ങനെ
അടുക്കടുക്കായി മുറയ്ക്കു നടന്നുകൊണ്ടിരിക്കുന്നു. മുഹൂർത്ത
വും അടുത്തടുത്തുവരുന്നു. ആ മംഗളക്രിയയ്ക്കു് ഒരുക്കിയി
ട്ടുള്ള വിശാലമായ ഹാളിലെ രണ്ടു ഭാഗങ്ങളിലായി തരു
ണീതരുണന്മാർ നിന്നു തിക്കിത്തിരക്കുന്നു. ഇനി വധൂ
വരന്മാർ പ്രത്യക്ഷരായാൽ മതി. അതാ, ആ രാത്രിയി
ലെ വരൻ നമ്രമുഖനായി ലജ്ജാപരിഭ്രമസംഭ്രാന്തനായും
വധു ഭദ്രകാളിക്ഷേത്രത്തിലെ കുരുതിക്കു ഹാജരാക്കപ്പെട്ട
ന്ന ആടെന്നപോലെയും ആവിർഭവിക്കുന്നു. ഹാളിൽ പു
ഷ്പവൃഷ്ടി പൊഴിയുന്നു. ആ നിമിഷം തട്ടിലിരുന്ന രണ്ടു
ഗൗളികൾ കശപിശക്കൂട്ടി ശബ്ദിക്കുന്ന ഒച്ച കേട്ടു് അന്ധ

വിശ്വാസികളിൽ ചിലർ അതിൻെറ പൊരുളറിയാൻ ബദ്ധപ്പെടുന്നു. ഇതിനിടയ്ക്കു വെളിയിൽ മോട്ടോർകാറിൻെറ വല്ലാത്തൊരു ശബ്ദം കേൾക്കുന്നു. ആ നിമിഷം തന്നെ ആ ഹാളിലേയ്ക്കു ബൂട്ട്സിൻെറ ശബ്ദപ്രവാഹത്തോടുകൂടി ഒരു സായ്പ് പാഞ്ഞെത്തുന്നു. അതേ, സായ്പ്തന്നെ; ആകൃതിയും പ്രകൃതിയും ശുദ്ധവെള്ളക്കാരൻെറതന്നെ. ഒരു കൂസലും കൂടാതെ അവിടേയ്ക്കാഗമിച്ച ആ വിദ്വാൻ മലയാളികളുടെ ആ മംഗളക്രിയ കാണ്മാൻ കൊതിച്ചുവന്നതായിരിക്കാമെന്നു പലരും സ്വഖക്കേടോടുകൂടി സംശയിക്കെ പാക്കററിൽനിന്നു സ്വർണ്ണവർണ്ണമായ ഒരൊന്നാംതരം പട്ടെടുത്തു ലേശവും സംശയം കൂടാതെ ഭാരതിയമ്മയ്ക്കു സമർപ്പിക്കുന്നു. അതിഥികളും അടുപ്പക്കാരും ബന്ധുക്കളും കിട്ടുണ്ണിനായരും എല്ലാവരും ഈ കാഴ്ച കണ്ടു സ്തബ്ധഹൃദയരായിപ്പോയി. ഭാരതിയമ്മ നിശ്ചേഷ്ടയായി നിന്നിടത്തുതന്നെ നില്ക്കുന്നു. അതിഥികളോടായി ആ സ്വയംവരക്കാരൻ ഇങ്ങനെ പറഞ്ഞു:

“മരിച്ചുപോയ ബി. എസ്. നായരാണ് നിങ്ങളുടെ മുമ്പിലിപ്പോൾ നില്ക്കുന്നതു്. ഭാഗ്യവശാൽ ഞാൻ മരിച്ചില്ല. ഭാഗ്യവശാൽത്തന്നെ എനിക്കിപ്പോൾ ഇവിടെ എത്തിച്ചേരാനുമിടയായി. പത്രക്കാർ എൻെറ മരണവൃത്താന്തം പ്രസിദ്ധപ്പെടുത്തിയ കൃത്രിമം ഏതു വഴിക്കുണ്ടായതെന്നു സൂക്ഷ്മമായി എനിക്കറിയാം. കപ്പലപകടത്തിനുശേഷം കുറെക്കാലം ഞാൻ ടർക്കിയിലകപ്പെട്ടുപോയതുകൊണ്ടാണ് ഇങ്ങോട്ടു വരാനിത്ര താമസം നേരിട്ടതു്. കാര്യക്കാരമ്മാവനോടു് എനിക്കശേഷം നീരസ

മില്ല. തറവാടിൻെറ നേരുകൊണ്ടു തക്ക സമയത്തിനി വിടെ വന്നുചേരാൻ ദൈവം എനിക്കിടവരുത്തിയല്ലോ. അല്ലെങ്കിലെൻെറ കുട്ടികഠം."

ബാക്കി തുടരാൻ കഴിഞ്ഞില്ല. വാക്കുകഠം ഗൽഗദത്തിൽ ലയിച്ചു.

കാര്യക്കാരുടെ മുഖത്തു പായുന്ന വികാരപരമ്പരകളെ വിശകലനംചെയ്യുക സാധ്യമല്ല. ഈ അപ്രതീക്ഷിതസംഭവത്തിൻെറ 'ഷോക്കു'കൊണ്ടെന്നോണം വളരെ നേരം ഇരുന്ന ഇരുപ്പിൽ ഇരുന്നുപോയ കാര്യക്കാർ ഒടുവിൽ ഒരു ദീർഘനിശ്വാസംവിട്ടു് അടുത്തിരിക്കുന്ന സുപ്രണ്ടു് ഗോവിന്ദമേനോനോടായി, "ഒക്കെ ഭഗവാൻെറ മായാവിലാസങ്ങഠം! ലോകത്തിൻെറ വികൃതഗതികഠം! കേട്ടോ, ഗോവിന്ദമേനോനേ, തറവാട്ടുകാരെ വേണം വീട്ടിൽ കേററാൻ. ആ വക്രക്കള്ള.......ഇ അവനാണു് ഇതിനൊക്കെ കാരണം. അവനെ.......ഇവിടെ......." എന്നൊക്കെ പലതും സ്പഷ്ടമായും അസ്പഷ്ടമായും പറഞ്ഞു. ബാക്കി വന്നിട്ടുള്ള തൻെറ പല്ലുകളെക്കൊണ്ടു് ഒരു ഘോരസമരംചെയ്യിച്ചുകൊണ്ടുഴറി. കാര്യക്കാരുടെ ഭയങ്കരമായ ആ മുഖവും ഭാവവും സ്വരവും ദേഷ്യവും മററും കണ്ടും കേട്ടും വേദനപ്പെട്ടു സ്വന്തം പ്ലാട്ടു് പററാഞ്ഞതിൽ നിരാശനായി നാണിച്ചു് ഇളിഭ്യനായി അവിടൊരു മൂലയിൽ പമ്മിപ്പതുങ്ങി നില്ക്കുന്ന പത്മനാഭൻനായർ സ്വയമേവ ഉന്തിയരശ്ശായ കിട്ടുണ്ണിനായരുടെ പിറകെ തനിക്കും ഉന്തിയരശ്ശാവേണ്ടിവരുമോ എന്നു സംശയിച്ചു പരിഭ്രമിച്ചു വിഷമിച്ചു വിറയ്ക്കുന്നു. സർവ്വതന്ത്രക്കുതന്ത്രനാ

യ കാര്യക്കാരപ്പെരുമാളുടെ രൗദ്രപ്രതാപദംഷ്ട്രം ഏതു വഴിക്കു തിരിയുമെന്നു് ആക്കറിയാം?

ഇതിനിടയ്ക്കു്, "ആ സായിപ്പു് എൻെറ അച്ഛനാണെന്നു പറയുന്നു. അമ്മ കള്ളം പറയാതിരിക്കാൻ പറയണേ! മൊണ്ണൻ സായിപ്പു്!" എന്നു പറഞ്ഞു ചാടിച്ചാടി വന്നു കാര്യക്കാരപ്പൂപ്പൻെറ വക്കാലത്തു് ആവശ്യപ്പെടുന്ന കേശുവിൻെറ വർത്തമാനം കേട്ടു കാര്യക്കാരും അതിഥികളും സന്ദർഭം മറന്നു ചിരിച്ചുപോയി.

## 7. പ്രേമദുഷ്പഥം

ചമ്പോട്ടിൽ ഭാരതിയമ്മ 'മാതൃഭൂമി' മേശപ്പുറത്തു വലിച്ചെറിഞ്ഞു. അവരുടെ അറയിൽ പടിഞ്ഞാറെ അരികിൽ ഇരിക്കുന്ന നിലക്കണ്ണാടിയിൽ ചെന്നു നോക്കി. ഉയന്നു് അല്പം മെലിഞ്ഞുള്ള ആ കോമളവിഗ്രഹവും ചുവന്ന അധരപുടങ്ങളും ലേസുവെച്ചു തുന്നിയ 'ബാഡി'യുടെ മുകളിൽ ഇട്ടിരിക്കുന്ന സിൽക്കു്ബ്ളൗസ്സിൻെറ ഭംഗിയും മുഖത്തിലെ ശ്രീത്വവും ഒന്നു സൂക്ഷ്മപരിശോധന ചെയ്തശേഷം ഭാരതിയമ്മ വെറുതേ അങ്ങോട്ടുമിങ്ങോട്ടും കുറെ നടന്നു. ഗ്ലാസലമാരിയിൽനിന്നു 'വിവാഹം—ഒരു മഹാവ്യാജം' എന്ന പുസ്തകം എടുത്തു് അഴിവാതുക്കൽ വന്നുനിന്നു. എന്നാൽ അതു വായിച്ചില്ല.

റോഡിൽ കാറിൻെറ ശബ്ദം കേട്ടു. കാറു നിറുത്തി ഇറങ്ങിവന്നതു ഹാരിസൺകമ്പനിയിലെ ചീഫ് എ

ജൻററ് ഗോവിന്ദൻകുട്ടിമേനവനാണു്. "എന്താ അദ്ദേഹം ഇത്ര നേരത്തേ" എന്നു വിചാരിച്ചുകൊണ്ടു ഭാരതിയമ്മ കോലായിലേയ്ക്കു ചെന്നു.

ഗോവിന്ദൻകുട്ടിമേനവൻ ചോദിച്ചു: "അമ്മാമ ഇല്ലല്ലോ."

"ഇല്ലില്ല."

"ഒരു കാര്യം പറയാനാണു് വന്നതു്."

ഭാരതിയമ്മ ഉത്കണ്ഠയോടുകൂടി ആരാഞ്ഞു: "എന്താവോ!"

"എനിക്കു സ്വാതന്ത്ര്യം ലഭിക്കാറായി. നമ്മുടെ ദാക്ഷായണി 'വിവാഹമോചന'ത്തിനു് ആരംഭിക്കുന്നു."

ഭാരതിയമ്മ അല്പനേരത്തിനു മിണ്ടിയില്ല. പിന്നെ ചോദിച്ചു: "അങ്ങു തക്കിക്കുന്നില്ലേ?"

"ഇല്ല. ഞാൻ സമ്മതിച്ചേയ്ക്കാം. എന്നാലെനിക്കു ഭാരതിയെ വിവാഹംചെയ്യാമല്ലോ. നാം എത്ര ബുദ്ധിമുട്ടി! ആരുടെയെല്ലാം കണ്ണുമറച്ചു! ഞാൻ ഇനി ഭാരതിയുടെ അമ്മാമയോടു നേരിട്ടു ചോദിക്കാൻ നിശ്ചയിച്ചിരിക്കയാണു്. സൗകര്യംപോലെ വിശേഷം പറയാൻ ഞാൻ പിന്നീടു വരാം. ഇറങ്ങുന്നു."

മേനവൻ കാറിൽക്കയറി; അതു വലിയ ശബ്ദം മുഴക്കിക്കൊണ്ടു പോവുകയും ചെയ്തു.

ഭാരതിയമ്മ വീണ്ടും തനിച്ചായി. അവരുടെ വാല്യക്കാരിയും വെപ്പുകാരനും അവിടെയില്ല. അറയ്ക്കുള്ളിൽ കടന്നു് ഓരോന്നു വിചാരിച്ചുതുടങ്ങി. തന്റെ അച്ഛന്റെ കൂടെ താമസിച്ചതും ഗോവിന്ദൻകുട്ടിമേനവനെ

യാദൃച്ഛികമായി ഒരു മോട്ടോർബസ്സപകടത്തിൽവെച്ച് പരിചയമായതും മേനവൻെറ ഭാര്യ ദാക്ഷായണിയമ്മ വിസ്മരിച്ച് അദ്ദേഹത്തെ സ്നേഹിച്ചുതുടങ്ങിയതും ഓരോന്നായി സ്മൃതിപഥത്തിലെത്തി.

*　　　*　　　*

ഭാരതിയമ്മയുടെ വിവാഹദിവസത്തിനു മൂന്നുനാൾ മുമ്പാണു്, ഉള്ളാട്ടു ഗോമതിയമ്മയുടെ കാഫി ചമ്പോട്ടിലായിരുന്നു. ഗോമതിയമ്മ ചമ്പോട്ടിൽകെട്ടിലെ ഹാളിൽ അഴിവാതിലിനടുത്തുള്ള ഒരു കസാലയിൽ ഒതുങ്ങിയിരുന്നു ഭാരതിയമ്മയെ അർദ്ധനിമീലിതങ്ങളും നിരുന്മേഷങ്ങളുമായ കണ്ണുകൾകൊണ്ടു നിരീക്ഷണംചെയ്യുകയായിരുന്നു. ഇടതുകണ്ണ് അല്പം ചെറുകിക്കൊണ്ടു്, ഗോമതിയമ്മ ചോദിച്ചു: "സന്തോഷംതന്നല്ലേ?"

"പിന്നെ, സംശയമുണ്ടോ?"

"നിങ്ങളൊരു വിഡ്ഢിയാണു്."

"എന്തു്? എന്തുകൊണ്ടു്?"

"അതോ," ഗോമതിയമ്മ വിസ്തരിക്കാൻ നിശ്ചയിച്ചു: "കാര്യങ്ങളെല്ലാം ശരിയായിരുന്നില്ലേ? എന്തിനാണു് സംബന്ധംകൊണ്ടു കുഴപ്പം ഉണ്ടാക്കുന്നതു്? നിങ്ങൾക്കു തലതിരിച്ചോ? തെളിച്ചുപറയണോ? കഴിഞ്ഞ രണ്ടു കൊല്ലങ്ങളായി നിങ്ങൾ രണ്ടാളും അനുരക്തരായിട്ടല്ലേ കഴിയുന്നതു്? അതിൻെറ ഗോപ്യാവസ്ഥയും വഞ്ചനയുമാണു് നിങ്ങളെ സന്തോഷിപ്പിച്ചതു്. അസ്വാതന്ത്ര്യം എന്നില്ലാതാകുന്നോ, അന്നുമുതൽ അതിൻെറ സ്വാദു കുറഞ്ഞുപോകും."

"നിങ്ങൾ അസംബന്ധം പുലമ്പുകയാണ്."

ഷൂസിൻെറ ശബ്ദം കേട്ടു ഭാരതിയമ്മ വേഗം എഴുന്നീററു. ഗോവിന്ദൻകുട്ടിമേനവൻ അകത്തു കടന്നു. ഗോമതിയമ്മ മേനവനെ ഒന്നു കടാക്ഷിച്ചിട്ടു പുറത്തേയ്ക്കു കടന്നുപോകയും ചെയ്തു. ഭാരതിയമ്മയും മേനവനും കുറച്ചുനേരം സല്ലപിച്ചുകൊണ്ട് ഇരുന്നു.

അവരുടെ വിവാഹം കഴിഞ്ഞു. വലിയ ആഘോഷമൊന്നുമില്ലായിരുന്നു. ഏതാനും ബന്ധുക്കളും കുറെ സ്നേഹിതന്മാരും മാത്രമേ ഉണ്ടായിരുന്നുള്ളു. അവരുടെ ദാമ്പത്യജീവിതം തുലോം ആനന്ദകരമായിക്കഴിഞ്ഞു. മേനവൻെറ എല്ലാ ആവശ്യങ്ങളും ഭാരതിയമ്മ പ്രത്യേകം സൂക്ഷ്മമായി നോക്കിവന്നു. പരസ്പരമുള്ള ദൃഢാനുരാഗം സകല പ്രവൃത്തികളിലും സ്പഷ്ടീഭവിച്ചു കണ്ടു. അവർ അധികം പുറത്തു പോകുകേ ഇല്ല. നിരന്തരസഹവാസം തന്നെ അവൎക്കു സന്തോഷജനകമായിരുന്നു. ചിലപ്പോൾ ഭാരതിയമ്മ വീണ വായിച്ചു മേനവനെ ആനന്ദിപ്പിക്കും. വേറെ ചിലപ്പോൾ അവർ 'പിങ്ങ്പാങ്ങ്' കളിച്ചുരസിക്കും. അങ്ങനെ കഴിഞ്ഞു, ദിവസങ്ങൾ കുറെ. ഈ ആനന്ദാധിക്യം ചിലപ്പോൾ ഭാരതിയമ്മയെ ഭയവിഹ്വലയാക്കാറുണ്ടായിരുന്നു. ഒരു ദിവസം ഭാരതിയമ്മ മേനവനോടു പറഞ്ഞു: "നമ്മുടെ ഇപ്പോഴത്തെ സുഖാധിക്യം കണ്ടു ഭയമാകുന്നു."

"എന്തിന്?" മേനവൻ ഭാരതിയമ്മയുടെ നെറുകയിൽ ചുംബിച്ചിട്ടു പറഞ്ഞു: "എൻെറ ഓമന ഭയപ്പെടുകയേ വേണ്ടാ."

കുറെ കഴിഞ്ഞപ്പോാൾ മേനവൻ ചോദിച്ചു:

"ആ അവളുടെ പേരെന്താണു്—ഭാരതിയുടെ സ്നേഹിത?"

"അതേ, ഉള്ളാട്ടിൽ ഗോമതിഅമ്മ."

"ഈയിടെ കാണാറുണ്ടോ?"

"ചിലപ്പോാൾ. എന്തു്?"

"ഏയ്, ഒന്നുമില്ല."

* * *

വൃശ്ചികമാസത്തിൽ അഷ്ടമിദിവസമാണു് ആ ഘോരസംഭവം നടന്നതു്. അതു് അതിക്രൂരമായിരുന്നു. എത്ര പെട്ടന്നുമായിരുന്നു. ഭാരതിയമ്മയുടെ ഹൃദയം തകന്നതുപോലെ തോന്നി. അവർ വൈകുന്നേരം തൊഴാൻ പോയതു കാറിലായിരുന്നു. കാറു ഹാരിസൺകമ്പനി ഏജൻറാഫീസിൻെറ ഉമ്മറത്തു വന്നു. ഭാരതിയമ്മ അവിടെ ഇറങ്ങി മേനവനെ കണ്ടിട്ടു വീട്ടിലേയ്ക്കു പോകാമെന്നു കരുതി ഭത്താവിൻെറ പ്രൈവററു് മുറിയിൽ ചെന്നു നോക്കി. ആരെയും കണ്ടില്ല. മേനവൻ ടെലഫോൺമുറിയിൽ പോയതായി പ്യൂൺ പറഞ്ഞു. മേശപ്പുറത്തിരുന്ന കടലാസുപെട്ടിയുടെ ഭംഗി കണ്ടു ഭാരതിയമ്മ തുറന്നുനോക്കി. വിശേഷപ്പെട്ട പച്ചപ്പട്ടുകൊണ്ടുള്ള ഒരു ബ്ലൗസും ഒരു ചെമ്പകച്ചെണ്ടുമാണു് അതിൽ. അതു തനിക്കുള്ളതായിരിക്കാം. പറഞ്ഞിട്ടു കൊണ്ടുപോകാനുള്ള തിടുക്കംകൊണ്ടു് അവർ ടെലഫോൺമുറിയുടെ കിഴക്കെ വാതലിനടുത്തു ചെന്നു. മേനവൻ സംസാരിക്കുന്നതു ഭാരതിയമ്മയ്ക്കു വ്യക്തമായി കേട്ടു.

"അതു് ഓമനയാണോ? എനിക്കു കാണണം. നാളെയോ? അല്ല, ഇന്നു് ആറുമണിക്കു്. ഏ? ആ പെണ്ണു മതി സഹായത്തിനു്. അവൾ വിശ്വസ്തയാണല്ലോ. ഒരു ബ്ളൗസും ചെണ്ടും ഞാൻ കൊണ്ടുവരും. ഇല്ലില്ല. ഓ, അവൾക്കു കൊടുക്കുന്നു! എന്റെ ഇഷ്ടമല്ലേ? ശരി, തീൎച്ച. ആറുമണിക്കു കാണാം."

ഇത്രയും കേട്ടു് ഉടൻ ഭാരതിയമ്മ ഇറങ്ങി വേഗം കാറിൽ കേറി വീട്ടിലേയ്ക്കു പോയി. അവർ വന്ന വിവരം മേനവനെ അറിയിക്കാൻ ശിപായിയോടു പറഞ്ഞിരുന്നു.

ഭാരതിയമ്മ ഈ സല്ലാപം കേട്ടതായി മേനവൻ ഊഹിക്കപോലും ചെയ്തില്ല. മേനവന്റെ അസ്ഥിരമായ ബുദ്ധിയെയും ചാപല്യത്തെയും മനസാ പഴിച്ചും തന്റെ ബുദ്ധിഹീനതയെപ്പററി തപിച്ചും ആ അമ്മ മണിക്കൂറുകൾ കഴിച്ചുകൂട്ടി. തന്റെ ഭൎത്താവു തന്നിൽ ചൊരിഞ്ഞിട്ടുള്ള പ്രേമസംബോധനകളെല്ലാം നിരൎത്ഥകങ്ങളാണെന്നും ഉള്ളാട്ടിൽ ഗോമതിയമ്മ വിവാഹത്തിനു മുമ്പു പറഞ്ഞ വാക്കുകളുടെ പരമാൎത്ഥം അന്നു താൻ അറിയാഞ്ഞതു് അബദ്ധമായി എന്നും അവൎക്കു തോന്നി. മേനവൻ അന്നു വന്നതേ ഇല്ല. നേരം വെളുക്കുന്നതുവരെ ഓരോ ദുസ്സ്വപ്നങ്ങളും കണ്ടുകൊണ്ടു ഭാരതിയമ്മ കിടന്നു. ഗോമതിയമ്മയെപ്പോലെ അല്പം വിളറിയ മുഖത്തോടുകൂടിയ ഒരു യുവതിയെ മേനവൻ ആലിംഗനം ചെയ്യുന്നതും തന്നെ കുതിരക്കുവുഞ്ചികൊണ്ടു് അടിക്കുന്നതും മററും അവർ സ്വപ്നം കണ്ടു.

ഈ മഹാവിപത്തു സംഭവിച്ചിരിക്കുന്ന വേളയിൽ ആരുടെയെങ്കിലും സഹതാപത്തെ ഭാരതീയമ്മ ആശിച്ചു. ഗോമതിയമ്മയോടു പറഞ്ഞാലോ? എന്തായാലും ഉള്ളാട്ടിൽ പോകാൻ ഉറച്ചു. ഏഴുമണിയോടുകൂടി പുറപ്പെട്ടു ഗോമതിയമ്മയുടെ വീട്ടിൽ ചെന്നു. ഇവരുടെ പരിഭ്രമദ്യോതകമായ മുഖഭാവം കണ്ടു ഗോമതിയമ്മ അല്പം അമ്പരപ്പോടെ കുശലപ്രശ്നം ചെയ്തു:

"വിശേഷം ഏതാണ്ടുണ്ടു്. ഇരിക്കു. ആ കസാല പൊട്ടിയിരിക്കയാണു്. കോച്ചിലിരിക്കൂ."

ഭാരതിയമ്മ ഇരുന്നു. അവർ പറയാൻ തുടങ്ങി: "അദ്ദേഹത്തിൻെറ കാര്യംതന്നെ. വേറെ ആരോ ഉണ്ടു്."

"ആരോ ഉണ്ടു്!"

"ഉണ്ടു്. ഇന്നലെ ഫോണിൽ സംസാരിക്കുന്നതു ഞാൻ കേട്ടു."

ഗോമതിയമ്മ ശ്രദ്ധാപൂർവ്വം കേട്ടുകൊണ്ടു ഭാരതിയമ്മയുടെ മുഖത്തുതന്നെ നോക്കിക്കൊണ്ടിരുന്നു. ഭാരതിയമ്മ തുടർന്നു: "അവളെ ഇന്നലെ വൈകുന്നേരം ആറു മണിക്കു കാണണമെന്നും ബ്ളൗസും ചെണ്ടും കൊണ്ടുവരുന്നുവെന്നും മററും ആണു് സംസാരിച്ചതു്."

"ഭാരതിയമ്മ ഇത്രയും പറഞ്ഞപ്പോൾ താൻ തലേന്നാൾ കണ്ട പച്ച ബ്ളൗസുപോലൊന്നു ഡ്രെസ്സ് സ്റ്റാൻഡിൽ തൂങ്ങിക്കിടക്കുന്നതു കണ്ടു. അതു കണ്ടു ഭാരതിയമ്മ പറഞ്ഞു: "ഗോമതിയമ്മേ, അതാ, ആ ബ്ളൗസുപോലത്തേതാണു്. ഞാൻ കണ്ടു. അവൾക്കുവേണ്ടി ചമ്പകച്ചെണ്ടും വരുത്തിക്കൊടുത്തു."

"ആഹാ!"

"ഇനി പറയാനൊന്നുമില്ല. ഞാൻ കാണിക്കുന്നതു വിഡ്ഢിത്തമാണെന്നു നിങ്ങൾ പറഞ്ഞതു് ഓക്കുന്നുവോ? ഞങ്ങളുടെ ബന്ധം അവസാനിക്കാറായി."

ഭാരതിയമ്മ എണീററു് അങ്ങോട്ടുമിങ്ങോട്ടും നടന്നു. അതിനിടയിൽ തലേന്നാൾ താൻ കണ്ട ചമ്പകച്ചെണ്ടു് ഒരു 'ടിപ്പാഡി'ൽ ഇരിക്കുന്നതും കണ്ടു.

"ഈ ചെണ്ടു്! ആ ബ്ളൗസു്!!" ഗോമതിയമ്മയുടെ മുഖത്തു ദൃഷ്ടിയുറപ്പിച്ചു നോക്കിക്കൊണ്ടു്. അല്പം കഴിഞ്ഞു ചോദിച്ചു: "നിങ്ങൾതന്നെയാണോ?"

ഗോമതിയമ്മ സന്തോഷമില്ലാത്ത ചിരിയോടുകൂടി പറഞ്ഞു: "എപ്പോൾ അറിയുമെന്നു നോക്കുകയായിരുന്നു."

"ഗോമതിയമ്മേ, നിങ്ങൾ" ആ ചോദ്യം മുഴുമിക്കാൻ ഭാരതിയമ്മയ്ക്കു കഴിഞ്ഞില്ല.

"അതേ, ഞാൻതന്നെ."

"എന്താ, ഇതു യോഗ്യതയാണോ?"

"നിങ്ങളുടെ സ്ഥിതി ആലോചിച്ചു നോക്കൂ. മി. മേനവനു് ഒരു ഭത്താവായിയിരുന്നു മടുത്തിരിക്കുന്നു. ഞാനല്ലെങ്കിൽ വേറൊരുവൾ, അത്രതന്നെ. അദ്ദേഹത്തിനു ഒരവിശ്വസ്തയായ ഭാര്യയേ ഉണ്ടായിരിക്കാവൂ."

"നിങ്ങൾ ഒരു പിശാചാണു്!" ഭാരതിയമ്മ അലറി.

"അദ്ദേഹത്തിൻെറ മുമ്പിലത്തെ ഭാര്യ നിങ്ങളെപ്പററി വിചാരിച്ചതും ഇങ്ങനെതന്നെ."

* * *

ഒരു മൃതനിശ്ശബ്ദത. അതിനിടയ്ക്കു മേനവന്റെ കാറിന്റെ ശബ്ദം കേട്ടു. മേനവൻ കേറിവന്നപ്പോൾ ഭാരതിയമ്മ ചിരിക്കാൻ ശ്രമിച്ചു. മേനവൻ രണ്ടുപേരുടെയും മുഖത്തു പിന്നെയും പിന്നെയും നോക്കി. എന്നിട്ടു ചോദിച്ചു: "എന്താ അപകടം വല്ലതുമുണ്ടായോ?"

ആരുമൊന്നും ഉത്തരം പറഞ്ഞില്ല. ഒടുവിൽ ഭാരതിയമ്മ ചോദിച്ചു: "ഇന്നു ചമ്പകത്തെക്കൂടെ കൊണ്ടുവന്നിട്ടുണ്ടോ?"

"എന്തു്? എന്താ അതിന്റെ അർത്ഥം?"

"അർത്ഥമോ? നിങ്ങൾക്ക നിങ്ങളുടെ പാട്ടു്. ഇനി, ചമ്പോട്ടിലേയ്ക്കു വരണ്ടാ."

ഇത്രയും പറഞ്ഞു ഭാരതിയമ്മ വേഗം പുറത്തിറങ്ങിപ്പോകയും ചെയ്തു.

## 8. ആളു മാറി.

ഞാൻ തിരുവനന്തപുരത്തു പഠിച്ചു പാൎക്കുകയായിരുന്നു. ടൗൺ വിട്ടിരിക്കുന്നതു കുറെക്കൂടി സുഖമായിരിക്കുമെന്നു കരുതി ‘പട്ട’ത്തു് ഒരു സ്നേഹിതന്റെ ഗൃഹത്തിൽ താമസമാക്കി. ഞാനും കൃഷ്ണപിള്ളയും (എന്റെ സ്നേഹിതന്റെ പേരതാണു്.) കൂടി ഒരു ദിവസം വൈകുന്നേരം ഒന്നു ലാത്തിവരാമെന്നു നിശ്ചയിച്ചു പുറത്തിറങ്ങി. അന്നു ‘കമ്പിനീട്ടി’യതു പടിഞ്ഞാറോട്ടായിരുന്നു. ഞങ്ങളുടെ അന്നത്തെ സംഭാഷണവും പതിവുപോലെ തന്നെ നിരൎത്ഥകമായിരുന്നു. എന്റെ കാൎയ്യത്തെപ്പറ്റിപ്പറയുന്നതു് എനിക്കുതന്നെ രസകരമെന്നറിഞ്ഞിരുന്ന ഇഷ്ടൻ എന്നെ അതിലേയ്ക്കു ചാടിച്ചു:

“എന്താ ഹേ, നിങ്ങൾ ഇക്കൊല്ലം പാസ്സായാൽ ‘ലാ’സ്കൂ വായിക്കാതെ വല്ല ജോലിക്കും പോകണമെന്നു മക്കടമുഷ്ടിപിടിക്കുന്നതു്?”

“നിങ്ങളൊന്നും അറിഞ്ഞിട്ടില്ലാത്തതുപോലെ പറയുന്നല്ലോ.” ഞാൻ ചോദിച്ചു: “എൻെറ സ്ഥിതി നിങ്ങൾക്കറിവില്ലേ? ഇതുവരെ എത്തിയതുതന്നെ എൻെറ സ്നേഹകാംക്ഷികളായ ചില യോഗ്യന്മാരുടെ കൃപയുണ്ടായിട്ടാണു്. ഇനിയും അവരുടെ ദയാശീലം പരീക്ഷിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല.”

“എങ്ങനെയെങ്കിലും ‘ലാക്കാളേജി’ൽ ചേരുന്നതാണു് നന്നു്. വക്കീലായാൽ സ്വാതന്ത്ര്യവും കുറെ അധികമുണ്ടല്ലോ.”

“എനിക്കും ആഗ്രഹമുണ്ടു്. പക്ഷേ സാധിക്കുന്ന കാര്യം സംശയത്തിലാണു്.”

സംഭാഷണം ഈ ഘട്ടത്തിലായപ്പോൾ ഞങ്ങൾ ‘ഉള്ളൂരേ’സ്കൂ തിരിഞ്ഞുപോകേണ്ട മൂന്നുമൂക്കുവരെയായി. നേരവും സന്ധ്യയായി. ‘പൊളിററിക്കൽ ഇക്കാണമി’ കുറെ വായിക്കാനുണ്ടെന്നു ചിരിച്ചുകൊണ്ടു് എൻെറ സ്നേഹിതനും ‘ത്രിഗ്ഗണാമെററ്ററി’യിൽ ഒരു പരീക്ഷയുണ്ടെന്നു ഞാനും പറഞ്ഞു ഞങ്ങൾ മടങ്ങി. വളരെ പതുക്കെയാണു് നടന്നതു്. സല്ലാപച്ചരടു തിരഞ്ഞപ്പോൾ തന്നെ പൊട്ടിപ്പോയി. ഞങ്ങളുടെ പിന്നത്തെ വത്തമാനമെല്ലാം വിവാഹബന്ധത്തെപ്പററിയായി. ഞാൻ നിത്യബ്രഹ്മചാരികൾക്കുവേണ്ടി വാദിക്കുന്നവനാണെന്നു് ഇഷ്ടനറിയാം. വിവാഹബന്ധത്തിലുൾപ്പെടുന്നതു

സവ്വഥാ ശോചനീയമായ ഒരു സ്ഥിതിയാണെന്നു് ഉറക്കെ വാദിക്കാൻ നല്ല മിടുക്കു് എനിക്കുണ്ടായിരുന്നുവെങ്കിലും—ഉള്ളുകൊണ്ടു വായനക്കാരു ചിരിക്കരുതേ—അതിൻെറ സുഖങ്ങളെ അപ്പോഴപ്പോൾ ആസ്വദിക്കാനും ഞാൻ മടിച്ചില്ല.

റോഡിൻെറ തെക്കുഭാഗത്തായി ഒരു കുളമുണ്ടു്. അതിൽ കുളിക്കാൻ പല സ്ത്രീകളും പതിവുപോലെ വന്നിട്ടുണ്ടായിരുന്നു. കുളി കഴിഞ്ഞു മടങ്ങാൻ താമസിച്ച കൂട്ടരിൽ ചിലരെ ഞങ്ങൾ കണ്ടുമുട്ടി. അവരിൽ ഒരാൾ സേവൻതാണുപിള്ളയുടെ മകളാണെന്നും പേരു ഭവാനി എന്നാണെന്നും കൃഷ്ണപിള്ള എന്നെ ധരിപ്പിച്ചു. സേവൻതാണുപിള്ളയെപ്പററി ഇതിനുമുമ്പു പലപ്പോഴും ഞാൻ കേട്ടിട്ടുണ്ടായിരുന്നു. വലിയൊരു ധനവാൻ. അവകാശികളാരുമില്ല. ഇങ്ങനെയാണു് മൂപ്പിലാൻെറ നില. രണ്ടു യൗവനയുക്തകളായ പെൺകുട്ടികളും ഒരു മുത്തശ്ശിയുംകൂടിയാണു് പടിഞ്ഞാറോട്ടു പോയതു്. ഒരു കുട്ടിയുടെ മുഖം ഞാൻ നല്ലവണ്ണം കാണുകയും ചെയ്തു.

ഞങ്ങൾ രണ്ടുപേരും വീട്ടിലെത്തി. അത്താഴം കഴിഞ്ഞു് അവരവരുടെ ജോലി നോക്കിത്തുടങ്ങി. കൃഷ്ണപിള്ള വായിച്ചുകൊണ്ടിരിക്കയാണു് എന്നു് അദ്ദേഹത്തിൻെറ മുറിയിലെ നിശ്ശബ്ദതകൊണ്ടു മനസ്സിലാക്കാം. പക്ഷേ ഞാൻ വായിക്കയാണെന്നു് അഭിനയിച്ചതേ ഉള്ളൂ. പുസ്തകം മേശപ്പുറത്തു വെച്ചു് അതിൽ നോക്കിക്കൊണ്ടിരുന്നു. എൻെറ ആലോചന എന്തായിരുന്നു എന്നു നിങ്ങൾ ഊഹിച്ചിരിക്കും. അതുതന്നെ തെളിവായിട്ടു

കണ്ടില്ല എന്നു ഞാനും സമ്മതിക്കാം. പക്ഷേ അതിനു മുമ്പേതന്നെ എന്തോ 'ഒരിതു്' എന്റെ ഹൃദയത്തിൽ ക്ഷോഭമുണ്ടാക്കിത്തീർത്തിരിക്കുന്നു. ക്ഷോഭം എന്നല്ലായിരിക്കും പറയേണ്ടതു്; വികാരമെന്നാവട്ടെ. എന്റെ ഭാവിയിലുള്ള സകല സുഖങ്ങളും ആസ്വദിച്ചിരിക്കുന്നതു ഭവാനിയുടെ സഹവാസത്തിലാണെന്നു ഞാൻ നിശ്ചയിച്ചുകഴിഞ്ഞു. വല്ല കഴിവുണ്ടെങ്കിൽ ഭവാനിയെത്തന്നെ കല്യാണം കഴിക്കാനും തീർച്ചപ്പെടുത്തി. അനുഭവിക്കുമ്പോളുണ്ടാകുന്നതിൽ കൂടുതൽ സുഖം വ്യാമോഹിച്ചിരിക്കുമ്പോളുള്ള സങ്കല്പസുഖത്തിലാണെന്നു് അന്നു ഞാനെങ്ങനെ വിശ്വസിക്കും? 'മ്യൂസി'യത്തിലേക്കു 'ഫിററ'നിൽ കേറി സവാരി, 'ബീച്ചി'ൽ കാററുകൊള്ളാൻ പോകൽ, 'പാൎക്കി'ൽ ഉലാത്തുക, ബയാസ്കോപ്പു് സൎക്കസ് ഡ്രാമാ മുതലായവ കാണ്മാൻ പോകൽ, എല്ലായ്പോഴും ഭവാനി അടുത്തു്—എന്നൊക്കെ ഞാൻ വിചാരിച്ചു. ഞാൻ കസാലയിൽ ഇരുന്നു് ഒരു നോവൽ വായിക്കുമ്പോൾ ഭവാനി നേരംപോക്കും കൊണ്ടുവന്നു് എന്നെ ബുദ്ധിമുട്ടിച്ചു എന്നുതന്നെ എനിക്കപ്പോൾ തോന്നി.

എന്റെ മുറിയുടെ വാതലിൽ ആരോ പതുക്കെ തട്ടി. കൃഷ്ണപിള്ളയായിരിക്കുമെന്നു ഞാനൂഹിച്ചു. അതു വാസ്തവമായിരുന്നു. അദ്ദേഹം വായിച്ചു മുഷിഞ്ഞപ്പോൾ കുറെ സൊള്ളാമെന്നു വിചാരിച്ചു് ഇങ്ങോട്ടു വന്നതാണു്. കൃഷ്ണപിള്ള ചോദിച്ചു: "വല്ലതും വായിച്ചോ? അതോ, സങ്കല്പസുഖത്തിൽ ലയിച്ചിരുന്നോ?"

അദ്ദേഹം തമാശയ്ക്കു പറഞ്ഞതാണെങ്കിലും എനിക്കു നല്ലപോലെ തട്ടി. പക്ഷേ ഞാനൊന്നും ഭാവിക്കാതെ

സ്വല്പം ഗൗരവത്തോടുകൂടി പറഞ്ഞു: “സാധാരണ, എനിക്കതു പതിവില്ല. നിങ്ങൾ ഇങ്ങനെ അസംബന്ധം പുലമ്പുന്നതെന്തിനാണു്?”

എൻെറ ചോദ്യവും ‘തമാശ’യ്ക്കുതന്നെ. പക്ഷേ കൃഷ്ണപിള്ള വിട്ടില്ല: “നിങ്ങളല്ലേ അസംബന്ധത്തെപ്പററി പ്രസംഗിച്ചിരുന്നതു്? ഭവാനിയുടെ മുഖശ്രീ നിങ്ങളുടെ തത്വജ്ഞാനമൊക്കെ ‘ആടി’ കടത്തിയിരിക്കാം.”

“സ്വന്തം ആഗ്രഹംതന്നെയാണു് നിങ്ങൾ പറയുന്നതു്.”

“എനിക്കു വേറെ ആളുണ്ടു്; നിങ്ങൾക്കു ഭവാനിയും. അദ്ദേഹത്തിനു പണംകൊണ്ടു സഹായിക്കുന്നതിനും കഴിയും. കാററുള്ളപ്പോൾ തൂററുക!”

“ഇമ്മാതിരിക്കാര്യങ്ങളിൽ സ്നേഹിതന്മാക്കു പ്രവേശിക്കാൻ അധികാരമില്ലതന്നെ. സ്നേഹമൊക്കെ സ്നേഹം.”

ഇത്രയും ആയപ്പോൾ ഇഷ്ടൻ പെട്ടന്നിറങ്ങി ഒരു നട. എനിക്കു കുറെ നീരസം തോന്നി. എങ്കിലും ഭവാനിയെപ്പററി തടസ്സം കൂടാതെ വല്ലതും ആലോചിക്കാമെന്നു കരുതി ഞാനാശ്വസിച്ചു. ഞാനും വിളക്കണച്ചു കിടന്നു. പലേ മാതിരി ചിന്തകളോടുകൂടി ഉറങ്ങി. രാവിലെ ഉണന്നു. നടാടത്തെ വിചാരം ഭവാനിയെക്കുറിച്ചായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ. ഈ ‘നിസ്സാര’ കാരണത്താൽ പള്ളിക്കൂടത്തിൽ പോകാതിരിക്കുന്നതു് അത്ര നന്നല്ലല്ലോ. ഉടുപ്പും ഇട്ടു ‘ടൈയും കാളറും’ ‘ബെന്തർ’ മട്ടിൽ ധരിച്ചു കാളേജിലേയ്ക്കു നടന്നു. ഞാനും കൃ

ഷ്ണപിള്ളയും ഒരുമിച്ചാണു് പോയതു്. നന്തൻകോട്ടമു ക്കിൽ എത്തിയപ്പോൾ ഭവാനിയുടെ 'ജഡ്ക്കാ' പോകു ന്നതു കണ്ടു. അവളുടെ ചങ്ങാതിയുമുണ്ടായിരുന്നു. അവ രും സ്കൂളിലേയ്ക്കാണു് പോയതു്. ഭാഗ്യവശാൽ മുഖം തെ ളിവായിട്ടൊന്നു കാണാൻ സാധിച്ചു. എനിക്കപ്പോളു ണ്ടായ ആശ്ചര്യസന്തോഷസമ്മിശ്രമായ വിഭ്രമം ഒന്നു കാണേണ്ടതായിരുന്നു. കൃഷ്ണപിള്ള ഉള്ളുകൊണ്ടു് ഒരു പു ഞ്ചിരിയിട്ടു എന്നു് എനിക്കു തോന്നി.

ഞാൻ ദിവസേന ഭവാനിയെ കാണുക പതിവാ യി. സ്കൂളിൽ പോകുമ്പോഴും കുളി കഴിഞ്ഞു മടങ്ങി വരു ന്ന സമയത്തും, എന്നുവേണ്ടാ, സൗകര്യമുള്ളപ്പോഴൊ ക്കെ എനിക്കു യാദൃച്ഛികമായും അകാരണമായും ഭവാനി യോടുണ്ടായ 'ഒരിതു്' ഇപ്പോൾ അനുരാഗമായിത്തീൎന്നു. എന്നാൽ അതിനെപ്പററി ഇതേവരെ ഒരക്ഷരംപോലും സംസാരിപ്പാൻ കഴിഞ്ഞതുമില്ല.

ഭവാനിയുടെ രൂപഗുണത്തെപ്പററി വല്ലതും ഇനി യെങ്കിലും പറയാതിരുന്നാൽ വായനക്കാരിൽ ചിലർ പരിഭവിച്ചേയ്ക്കാം. പക്ഷേ പറഞ്ഞാൽ ഭവാനിയും മുഷി യും. അതുകൊണ്ടു ചുരുക്കിപ്പറഞ്ഞുകളയാം. നല്ല നി റം, ചുരുണ്ട മുടി, കുരളക്കുഴി, ചെറിയ മുഖം, ഇവയും ആകപ്പാടെയുള്ള ഒരു ശ്രീത്വവുമാണു് എന്നെ ആകൎഷി ച്ചതു്. ഭവാനിയോടു് എന്റെ അനുഗ്രഹത്തെപ്പററി സം സാരിക്കുന്ന കാര്യം എന്നെ ഒട്ടുവളരെ ബുദ്ധിമുട്ടിച്ചു. കൃ ഷ്ണപിള്ളയും ഞാനുംകൂടി ഒരുമിച്ചു് ഉലാത്താൻ പോകു ന്ന പതിവു് ഒന്നു നിൎത്തി. ഞാൻ തനിച്ചായി. അല്ലെ

ങ്കിൽ ഭവാനിയെ ഭാഗ്യവശാൽ സൗകര്യമായി കണ്ടാലും വല്ലതും പറയുന്ന കാര്യം പരുങ്ങലിലാകുമെന്നു് എനിക്കു തോന്നി. ഒരു ദിവസം വൈകുന്നേരം പതിവുപോലെ മുൻപറഞ്ഞ റോഡിലൂടെ പടിഞ്ഞാറോട്ടു നടക്കാൻ നിശ്ചയിച്ചു. ഈ റോഡിനെ എനിക്കു 'പ്രത്യേക'മാണു്. ആദ്യമായി ഭവാനിയെ കണ്ടതു് ഈ റോഡിൽ വെച്ചാണല്ലോ. കുളത്തിനടുത്തായപ്പോൾ ഭവാനി വേഗത്തിൽ ഓടിവരുന്നതു കണ്ടു. എൻെറ സമീപത്തുകൂടെയാണു് പോയതു്. അപ്പോൾ എൻെറ ഹൃദയം തുടിച്ചു. ഉള്ളിൽ ഒരു 'കിടുകിടുപ്പു്.' കാരണം ഇതുവരെ എനിക്കു മനസ്സിലായില്ല. അവൾ കുളക്കടവിൽവെച്ചു മറന്നുപോയ സോപ്പുപെട്ടിയുമെടുത്തു തിരിയെ വേഗം നടന്നു തുടങ്ങി. അധികം അകലെയല്ലാതെ മററവരും നില്ക്കുന്നുണ്ടായിരുന്നു. അടുത്തപ്പോൾ ധൈര്യമൊക്കെ ശേഖരിച്ചു് 'എന്താ മറന്നതു്' എന്നു ഞാൻ ചോദിച്ചു. അവൾ ഒന്നും മിണ്ടാതെ ഒരു പച്ചച്ചിരിയും ചിരിച്ചു് ഓടിയങ്ങു പോയി. "ഭവാനി, നിന്നോടയാൾ എന്തു ചോദിച്ചു? ഞാൻ കേട്ടല്ലോ അതു്"—ഇത്രയും എൻെറ പലേ വിചാരങ്ങൾക്കിടയിൽ അവ്യക്തമായിട്ടു കേട്ടു. ക്രമത്തിലധികം നൈരാശ്യത്തോടും ലജ്ജയോടുംകൂടി ഞാൻ വീട്ടിലേയ്ക്കു നടന്നു.

കുഞ്ഞുകൃഷ്ണൻ—ഇസവൻ നാണുപിള്ളയുടെ ഇളയ മകൻ—അന്നു സെക്കൻഡു്ഫാറത്തിൽ വായിക്കയായിരുന്നു. അവനോടു പരിചയമായി അവൻ മുഖാന്തരം വല്ല പ്രകാരത്തിലും ഭവാനിയോടു സൈ്വരമായിട്ടു് ഒ

ന്നു സംസാരിക്കണമെന്നുതന്നെ തീച്ചപ്പെടുത്തി. ഒരു ദിവസം അവൻെറ 'ഭവാനിഅക്ക'നു സമ്മാനിക്കാൻ 'ഒരപേക്ഷ' എന്ന തലവാചകത്തിൽ പത്തു ശ്ലോകം എഴുതിക്കൊടുത്തു. പച്ചമലയാളത്തിൽ ഞാൻ ഏറക്കുറെ ഭ്രമമുള്ളവനാകയാൽ എൻെറ അപേക്ഷയും അതിൽത്തന്നെയായിരുന്നു. എരിയുന്ന തീയിൽ നെയ്യൊഴിക്കാനെന്നപോലെ, "ഈ വിടപ്രലാപങ്ങൾ നിങ്ങൾക്കുതല്ല, എന്നോടെടുക്കയും അരുതു്" എന്നു 'വേറൊരപേക്ഷ' എന്നൊരു മറുപടിയും കിട്ടി. എന്തിനു്? എൻെറ അഭിമാനം മുഴുവൻ ഭവാനിയുടെ സന്തോഷത്തിനുവേണ്ടി ബലികഴിച്ചു. അനുരാഗദേവത പ്രത്യക്ഷപ്പെട്ടു. ഞങ്ങൾക്കു ഗോപ്യമായി സൈ്വരസല്ലാപം ചെയ്യാൻ ഒരു സ്ഥലം കണ്ടുപിടിച്ചു—കുളത്തിൻെറ തെക്കേ കരയിലുള്ള വള്ളിക്കുടിലുകളുടെ ഇടയിൽ എന്നും അവിടെ കൂടും. വാസ്തവത്തിൽ എനിക്കു ഭവാനിയോടു ക്രമത്തിലധികം അനുരാഗമുണ്ടായിരുന്നു. സേവൻ നാണുപിള്ളയുടെ പ്രാബല്യം ഓത്തും മററും ഉള്ളതിൽ ഒരു പതിന്മടങ്ങു ഞാൻ അഭിനയിച്ചിരുന്നുവെന്നാണു് എനിക്കു പിന്നെ തോന്നിയതു്. എൻെറ അഭിപ്രായത്തെപ്പററി അവൾ ഇന്നലെയും എന്നെ ശകാരിച്ചു. ഞാനോ, സാധാരണ നമ്മുടെ 'യോഗ്യ'ന്മാരെപ്പോലെ തല കുലുക്കി രസിച്ചു.

സേവൻ നാണുപിള്ളയോടു് ഇക്കാര്യം പറയാൻ തീച്ചപ്പെടുത്തി. എന്നാൽ അദ്ദേഹം എങ്ങനെയോ ഇതു മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു. ഒരു ദിവസം സന്ധ്യയ്ക്കു ഞാൻ വീട്ടിലേയ്ക്കു വരുംവഴി നാണുപിള്ള എന്നെ പി

ടിച്ചു നിത്തി. ഒന്നു രണ്ടു ചോദ്യം ചോദിച്ചു. ഭവാനി യോടുള്ള എൻെറ പ്രതിപത്തിയെയും വ്യംഗ്യമായി ധ്വ നിപ്പിച്ചു. ഒടുവിൽ എല്ലാം സ്പഷ്ടമാക്കി "എൻെറ വീ ട്ടിൽ വല്ലതും കഴിക്കാൻണ്ടെന്നു വിചാരിച്ചു ഭവാനിയെ സംബന്ധം ചെയ്യണമെന്നില്ല" എന്നദ്ദേഹം പറഞ്ഞു. ഞാനും അദ്ദേഹത്തിൻെറ ഇഷ്ടത്തിനായി ഒന്നു ചിരിച്ചു പിരികയും ചെയ്തു.

സംബന്ധം നിശ്ചയിച്ചു. വലിയ അടിയന്തരസ മ്പ്രദായമൊന്നുമില്ലായിരുന്നു. എൻെറ രണ്ടുമൂന്നു സ്നേഹി തന്മാരും കുറെ കുടുംബമിത്രങ്ങളും ക്ഷണപ്രകാരം വന്നി രുന്നു. ഞങ്ങളുടെ അഭീഷ്ടവും സാധിച്ചു.

മാസം ഒന്നു കഴിഞ്ഞു. അവരുടെ ബങ്കളാവിൻെറ പടിഞ്ഞാറെ വരാന്തയിൽ ഒരു കൊച്ചു കസാലയിൽ ഇരിക്കയായിരുന്നു ഞാൻ. കുറെ ധൃതിപിടിച്ചു ഓടിവ ന്നാണ് ഞാൻ അവിടെ ഇരുന്നതു്. ഭവാനി തൻെറ സ്വാഭാവികമായ പുഞ്ചിരിയോടുകൂടി അടുത്തു വന്നു്, "ടെന്നീസ്കളി ഉച്ചയ്ക്കും ഉണ്ടോ?" എന്നു ചോദിച്ചു. ഭവാനിയെക്കണ്ടമാത്രയിൽത്തന്നെ എൻെറ മുഖത്തെ രക്തം ആസകലം പോയിരിക്കുന്നു. അസാധാരണമായ ഒരു സംഭ്രമവുമുണ്ടായി. "എന്നെ നീ ഇങ്ങനെ വഞ്ചിക്കു മെന്നു വിചാരിച്ചിരുന്നില്ല" എന്നു ഞാൻ സഗദ്ഗദം ബദ്ധപ്പെട്ടു പറഞ്ഞു.

"എനിക്കു മനസ്സിലായില്ല. വ്യക്തമായിട്ടു പറയ ണം." അവൾ ആരാഞ്ഞു.

"നിൻെറ ചങ്ങാതിയുടെ പേരെന്തു്?"

"എന്റെ പേരുതന്നെ."

എനിക്കു ക്രമത്തിലധികം ദേഷ്യവും വ്യസനവുമു ണ്ടായി. എന്റെ ആകാശഹർമ്മ്യങ്ങൾ, ഇതാ, ഇടിഞ്ഞു നിലത്തു കിടക്കുന്നു; അവയുടെ നഷ്ടശിഷ്ടങ്ങളെ കണ്ടും കൊണ്ടു ഞാനും. ഞാൻ പെട്ടന്നു പുറത്തിറങ്ങി വീട്ടി ലേയ്ക്കു നടന്നു. "അസംബന്ധമായിട്ടുള്ള സംബന്ധം. കൃ ഷ്ണപിള്ള ഇതറിഞ്ഞിരിക്കയില്ല. അന്നു് അദ്ദേഹം വന്നി ട്ടില്ലായിരുന്നല്ലോ. കഷ്ടമേ! ഇനി ഞാനെങ്ങനെയാണു് ലാക്കോളേജിൽ വായിക്കുക?" എന്നൊക്കെ വിചാരിച്ചു വിചാരിച്ചു വീട്ടിലെത്തി. കൃഷ്ണപിള്ളയും എന്റെ കഥ കേട്ടു വ്യസനപൂർവ്വം ഒന്നു പുഞ്ചിരിയിട്ടു. എങ്കിലും എ ന്നെ ഏറെക്കുറെ ആശ്വസിപ്പിക്കയും ചെയ്തു.

പിറേറ ദിവസം രാവിലെ കണി കണ്ടതു കുഞ്ഞു കൃഷ്ണനെയായിരുന്നു: "ഭവാനിഅക്കനെ ഇന്നലെ സന്ധ്യ കഴിഞ്ഞതിൽപ്പിന്നെ കാണാനില്ല" എന്നവൻ സ്വല്പം പരുങ്ങലോടുകൂടിപ്പറഞ്ഞു. കുഞ്ഞുകൃഷ്ണൻ പറഞ്ഞതി ന്റെ സാരം 'മനഃപായസം' കളഞ്ഞുപോയതുകൊണ്ടു ള്ള എന്റെ ഉൾക്കുഴപ്പത്താൽ മനസ്സിലാക്കാൻ സാധി ച്ചില്ല. എന്നെങ്കിലും ഒടുവിൽ കാര്യമെല്ലാം മനസ്സിലാ ക്കി. ഭവാനിയോടു് എനിക്കുള്ള അനുരാഗം, ഇതാ, ശത ഗുണമായി വന്നുകേറിയിരിക്കുന്നു. വ്യസനംമാത്രമല്ല, പശ്ചാത്താപവും തോന്നി. എന്നെ ഞാൻതന്നെ ശാസി ക്കയും ശകാരിക്കയും ചെയ്തു. ഭവാനിയെക്കണ്ടുപിടിച്ചി ട്ടിനി വേറെക്കാര്യമെന്നു കരുതി, 'കല്പന'യ്ക്കു് ഒരു ക ത്തെഴുതി കാളേജിലേയ്ക്കു കൊടുത്തയച്ചു. 10 മണിക്കുള്ള

തപാൽവണ്ടിയിൽ നാഗർകോവിലിലേയ്ക്കു തിരിച്ചു. അവളുടെ തറവാടവിടെയാകയാലാണു് അങ്ങോട്ടു പുറപ്പെട്ടതു്. നിരാശതയോടെ മടങ്ങേണ്ടിവന്നു. ആറുങ്ങലേയ്ക്കാണു് പിന്നെ പോയതു്. അവിടങ്ങളിലുള്ള മിക്ക വീടുകളിലും അന്വേഷിച്ചു. എന്റെ വേറൊരു സ്നേഹിതനായ ശങ്കരൻഭട്ടതിരി മുഖാന്തരം പല ആളുകളെയും ഇക്കാര്യത്തിൽ ഭാരമേല്പിച്ചു. ഞാൻ ഭട്ടതിരിയുടെ ഇല്ലത്തു താമസമാക്കി. ആറുങ്ങലെത്തിയതിന്റെ പിറേറ ദിവസം അഞ്ചല്ക്കാരൻ ഒരെഴുത്തു കൊണ്ടുവന്നു. 'കോട്ടയ്ക്കകം', 'തിരുവനന്തപുരം'—ഈ മുദ്രകൾ ലക്കോട്ടിലുണ്ടായിരുന്നു. 'പട്ട'ത്തു ചെന്നു മടങ്ങിയതായിരുന്നു. പൊട്ടിച്ചു വായിച്ചു:

"എന്റെ നിസ്സാരതയിൽ അങ്ങു വ്യസനിക്കേണ്ടാ. എന്നെസ്സംബന്ധംചെയ്തു എന്നുള്ള കാര്യംതന്നെ മറന്നേയ്ക്കുക. ഞാൻ കാരണം അങ്ങേയ്ക്കു് ഇത്രയും വ്യാകുലത വന്നതിൽ അസഹ്യമായ പശ്ചാത്താപമുണ്ടു്. ദയവുചെയ്തു്, എന്നെ അന്വേഷിക്കരുതേ. എന്നു സ്വന്തം ഭവാനി."

ഭവാനി തിരുവനന്തപുരത്തുനിന്നു പോകുന്നതിനു മുമ്പെഴുതിയ കത്താണിതെന്നു മനസ്സിലാക്കി, മിസ്റ്റർ ഭട്ടതിരിയോടു യാത്ര പറഞ്ഞു കൊല്ലത്തേയ്ക്കു പുറപ്പെട്ടു. അവിടെയും വേണ്ട അന്വേഷണങ്ങൾ നടത്തി. ഫലം 'മേപ്പടി'തന്നെ. എനിക്കു് എന്നോടുതന്നെ കുണ്ഠിതം തോന്നി. പല സ്നേഹിതന്മാർക്കും കത്തുകളെഴുതി ഭവാനിയെ കണ്ടുപിടിക്കാനുത്സാഹിച്ചു.

മാസം ഒന്നുരണ്ടു കഴിഞ്ഞു. കുറെ പണമുള്ള എന്റെ അകന്ന ഒരമ്മാവന്റെ ഒരു കത്തു വന്നു. എന്നോടു നല്ല സ്വരച്ചേർച്ചയില്ലാത്ത ആളാണദ്ദേഹം. അതുകൊണ്ടു്, അദ്ദേഹത്തിനു വേറെ അവകാശികളാരുമില്ലാതിരുന്നിട്ടും, കാണാനും മറ്റും ഞാൻ പോകാറില്ലായിരുന്നു. അദ്ദേഹത്തിനു വലിയ സുഖക്കേടാണെന്നു കത്തു വന്നപ്പോൾ പോകേണ്ടതു് എന്റെ കടമയാണെന്നു വിചാരിച്ചു ഞാൻ കൊട്ടാരക്കരയ്ക്കു തിരിച്ചു. അമ്മാവന്റെ വീടു 'കോട്ടാത്തല'യാണു്. അവിടെയെത്തി അമ്മാവന്റെ 'അകൗത്തി'ന്റെ വാതുക്കൽ ചെന്നു നിന്നു. ആദ്യം ഞാൻ വിശ്വസിച്ചില്ല. പിന്നീടു വിശ്വസിക്കാതെ തരമില്ലെന്നു വന്നു. അടുത്തിരിക്കുന്നു ഭവാനി. എന്നെ കണ്ട ഉടനെ അവൾ പുറത്തിറങ്ങി പൊയ്ക്കളഞ്ഞു. ഞാൻ അകത്തു കേറി വർത്തമാനങ്ങൾ ഒക്കെപ്പറഞ്ഞു. എന്നാൽ അമ്മാവനു ദയയാണുണ്ടായതു്, സ്വത്തു മുഴുവൻ എനിക്കു മരണപത്രപ്രകാരം തന്നിരിക്കുന്നുവെന്നും മറ്റും പറഞ്ഞു. പിന്നീടു ഞാൻ ഭവാനി അവിടെങ്ങനെ വന്നുകൂടിയെന്നും മറ്റും ചോദിച്ചു. വിദ്വാന്റെ മാനേജ്മെന്റിൽ ചെറിയൊരു പെൺപള്ളിക്കൂടം അവിടെ നടക്കുന്നുണ്ടായിരുന്നു. അതിലെ ഹെഡ്മിസ്ട്രസ്സായിട്ടാണു് എന്റെ ഭവാനി അവിടെ താമസിച്ചിരുന്നതു്; 15 ഉറുപ്പിക മാസപ്പടിയുണ്ടു്. മിഡിൽസ്കൂൾ പാസ്സായിട്ടുണ്ടു്. അവിടെ യാദൃച്ഛികമായിട്ടു ചെന്നുചേർന്നതാണത്രേ. ഇതൊക്കെ ആരറിഞ്ഞു! കുളിയും ഊണുമൊക്കെ കഴിച്ചു. ഭവാനിയെ ചെന്നു കണ്ടു. അവൾക്കു് അ

തൃപ്തിയാണു്. എങ്കിലും ഞാൻ ആദ്യം സംസാരിച്ചു. ഞങ്ങഠം അങ്ങനെ പിന്നെയും യോജിച്ചു. അമ്മാവനോടു ഞങ്ങളുടെ സ്ഥിതി മുഴുവൻ പറഞ്ഞു. അമ്മാവൻ ചോദിച്ചു:

"ഭവാനിയെന്താണു് പുറപ്പെട്ടുപോന്നതു്?"

ഞാൻ പറഞ്ഞു: "സേവൻനാണുപിള്ളയുടെ മകഠം ഭവാനിയാണെന്നു വിചാരിച്ചാണു് ഞാൻ സംബന്ധം ചെയ്തതു്. ഇവഠം അദ്ദേഹത്തിൻെറ അനുജൻെറ മകളാണു്. അതിൻെറ വാസ്തവമറിഞ്ഞപ്പോഠം ഞാൻ കുറെ വല്ലാതെ സംസാരിച്ചു. ഇതുതന്നെ കാരണം."

"ഭവാനീ, ഇവിടെ വരൂ. നാണിക്കണ്ടാ." അമ്മാവൻ ഭവാനിയെ അടുത്തു പിടിച്ചിരുത്തി പറഞ്ഞു: "നീ എൻെറ മകളാണു്. ഒട്ടും അത്ഭുതപ്പെടേണ്ടാ. എൻെറ കുററംകൊണ്ടല്ല ഞാൻ നിന്നെ വിട്ടുപിരിഞ്ഞുപോന്നതു്. നിൻെറ അമ്മ മരിക്കുമ്പോഠം നിനക്കു കഷ്ടിച്ചു രണ്ടു വയസ്സേ പ്രായമുണ്ടായിരുന്നൊള്ളു. നിന്നെക്കൂടി ഇങ്ങോട്ടു കൊണ്ടുവരാൻ ഞാനെന്നാൽ കഴിയുന്നത്ര ശ്രമിച്ചു. പക്ഷേ അതിനൊന്നും, സേവൻനാണുപിള്ളയുടെ കൃത്രിമംകൊണ്ടു്, വീട്ടുകാർ സമ്മതിച്ചില്ല. അതിൽവെച്ചു വലിയ വിരോധത്തിലും വ്യസനത്തിലുമാണു് ഞാൻ നിങ്ങളുടെ വീട്ടിൽനിന്നു് ഇറങ്ങിത്തിരിച്ചതു്. എങ്കിലും വാല്യക്കാരൻ കിട്ടുവിനെ അയച്ചു ഞാൻ, മകളേ, നിൻെറ സ്ഥിതികളൊക്കെ അറിയുന്നുണ്ടായിരുന്നു. നീ ഇവിടെ വന്നുചേരാനിടയായതും ഞാൻ കിട്ടു മുഖാന്തരം ചെയ്ത ചില പണികഠംകൊ

ണ്ടാണ്. നിന്നെ ഒന്നു കാണുന്നതിനുമുമ്പേ മരിച്ചുപോകുമോ എന്നും എനിക്കു വലിയ പേടിയുണ്ടായിരുന്നു. ഈശ്വരാധീനംകൊണ്ടു് ഇങ്ങനെയൊക്കെ മംഗളമായി കലാശിച്ചു. എന്റെ പെട്ടി തുറന്നു നോക്കിയാൽ നിന്നെ ഞാൻ മറന്നിട്ടില്ലെന്നു കാണാം. എന്റെ സകല വസ്തുക്കളിലും പകുതി നിന്റെ പേരിൽ ആധാരമെഴുതി രജിസ്റ്റർ ചെയ്തുവെച്ചിട്ടുണ്ടു്; പകുതി നിന്റെ ഭർത്താവിനും."

ഇതു കേട്ടു് എനിക്കെന്തെന്നില്ലാത്ത അത്ഭുതം തോന്നി. ഭവാനിക്കു് അപ്പോൾത്തന്നെ താനനുഭവിച്ചിട്ടില്ലാത്ത പിതൃലാളനകളെല്ലാം പലിശ കൂട്ടി കിട്ടി. ഭവാനിയുടെ അച്ഛൻ സേവൻനാണുപിള്ളയുടെ അനുജനാണെന്നു പറഞ്ഞുനടന്നതു വെറും ഭോഷ്കായിരുന്നു. അമ്മാവൻ തനിക്കു കൊട്ടാരം രായസമുണ്ടായിരുന്നപ്പോഴുള്ള പഴയ കഥകളും ഭവാനിയുടെ അമ്മയുടെ കാര്യവുമൊക്കെപ്പറഞ്ഞു. ഞങ്ങൾക്കൊക്കെ വലിയ സന്തോഷമായി. അദ്ദേഹം മരിക്കുന്നതുവരെ ഞങ്ങൾ അവിടെ താമസിക്കണമെന്നു നിർബ്ബന്ധിച്ചു. ഭവാനി സമ്മതിച്ചു. പിന്നെ എന്റെ കാര്യം പറയാനില്ലല്ലോ. എന്റെ വിഡ്ഢിത്തങ്ങൾ, പറഞ്ഞു് അവളിപ്പോഴും എന്നെ മക്കാറാക്കുന്നുണ്ടു്. പക്ഷേ എനിക്കതും ബഹുരസംതന്നെ.

## ൯. വെള്ളിയാഴ്ച

മനോമോഹനമേനോൻ എം. ഏ., എം. ഡി., ബി. എസ്സ്സി. ബിലായത്തിൽനിന്നു വന്നിട്ടു കൊല്ലം ഒന്നൊന്നര കഴിഞ്ഞിരിക്കുന്നു. ഇക്കാലംകൊണ്ടു് അദ്ദേഹം മദ്രാസിൽ ഒരു ജനസമ്മതനായിട്ടുണ്ടു്. അദ്ദേഹത്തെ നല്ലപോലെ അറിഞ്ഞിട്ടില്ലാത്തവർ ആളൊരു 'മദനക്കുഴമ്പ'നാണെന്നൊക്കെ ധരിച്ചുവശാകും. പക്ഷേ ആൾ മഹായോഗ്യനാണു്. പുതു'മോസ്സറി'നു നടക്കുന്ന ശീമക്കാരുടെ വഷളത്തരങ്ങളൊന്നും അദ്ദേഹത്തിനില്ല. ഗാംഭീര്യരസപ്രതിനിധിയായിനില്ക്കുന്ന കറുത്തു ചുരുണ്ട മേൽമീശയും മുഖപ്രസന്നതയ്ക്കൊരു താങ്ങായി, അടുത്ത ബന്ധു താനാണെന്നുള്ള നാട്യത്തിൽ നിമിഷംപ്രതി യോടിയെത്തുന്ന മന്ദഹാസവും തമ്മിലുള്ള പോരു മനോമോഹനമേനോൻെറ മുഖത്തെ ഐശ്വര്യകേളീരംഗമാ

ക്കിത്തീൎത്തിരിക്കുന്നു. മദ്രാസിൽ മിസ്റ്റർ മേനോൻെറ താമസം 'എഗ്മൂറി'ലാണു്. ഒരു ദിവസം രാത്രി 10 മണിസമയം മനോമോഹനമേനോൻ സ്വകാര്യമുറിയിലിരുന്നു്, 'കേംബ്രിഡ്ജ്മെഡിക്കൽറെവ്യൂ'വിനയയ്ക്കാൻ ഒരു ലേഖനമെഴുതുകയായിരുന്നു. 'തലച്ചോറു മാററാമോ?' എന്നതായിരുന്നു ലേഖനവിഷയം.

വെളിയിൽനിന്നു് ആരോ മണിയടിച്ചു. ആരാണെന്നു് ഇംഗ്ലീഷിൽ ചോദിച്ചുകൊണ്ടു ഡോക്ടർ മേനോൻ കതകു തുറന്നു. ഒരു വാല്യക്കാരനെയാണു് കണ്ടതു്. അയാൾ ഒരെഴുത്തു കൈയിൽ കൊടുത്തു. കത്തു വായിച്ചുതീൎന്ന ഉടൻ ഡോക്ടർ മേനോൻ ഡ്രൈവറെ വിളിച്ചു തൻെറ മോട്ടോർവണ്ടിയിൽ കേറി മൈലാപ്പൂരിലേയ്ക്കു തിരിച്ചു; നിശ്ചിതസ്ഥലത്തെത്തി. മിസ്റ്റർ മേനോനെ പ്രതീക്ഷിച്ചുകൊണ്ടിരുന്നതു ബാരിസ്റ്റർ കുഞ്ഞുകൃഷ്ണപ്പണിക്കരായിരുന്നു. അദ്ദേഹം കൈകൊടുത്തു മിസ്റ്റർ മേനോനെ മുകളിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. ഒരു മുറിക്കുള്ളിൽ പണിക്കരുടെ മകൾ സരോജിനി കിടക്കുന്നു. ഡോക്ടർ മേനോൻ അകത്തു കടന്നു്, രോഗിയുടെ നാഡി പിടിച്ചുനോക്കി. പിന്നീടു്, കൈവശമുള്ള കുഴൽ ഹൃദയത്തിൽവെച്ചു് അദ്ദേഹം സ്വല്പനേരം വിചാരമഗ്നനായിരുന്നു. എന്തോ ഉപായം തോന്നിയപോലെ, ഡോക്ടർ മേനോൻ പെട്ടന്നെഴുനേററു്, "ഞാനിപ്പോൾ വരാം" എന്നു പറഞ്ഞു തൻെറ വസതിയിലേയ്ക്കുതന്നെ മടങ്ങി. പണിക്കർ സരോജിനിയുടെ കിടയ്ക്കയുടെ അടുത്തുതന്നെ ഒരു കസാലയിലിരുന്നു. മുഖത്തു പ്രസാദം ലേ

ശമില്ലെന്നു പറയണോ? സന്താപമേഘശകലങ്ങൾ മുഖാന്തരീക്ഷത്തിലൂടെ കടന്നുപോകുന്നുണ്ടു് എന്നു് അപ്പോൾ പണിക്കരെക്കണ്ടാൽ ആക്കും മനസ്സിലാക്കാം. ഇടയ്ക്കിടെയുള്ള സരോജിനിയുടെ "അയ്യോ, അച്ഛാ!" എന്നുള്ള ദീനസ്വരങ്ങൾ അദ്ദേഹത്തിൻെറ സമാധിക്കു ഭംഗംവരുത്തിയിരുന്നു. അല്ലാതെ വേറൊരു ശബ്ദവും മററെങ്ങും കേൾക്കാനില്ല. മണി പന്ത്രണ്ടാകാറായി. മദിരാശി മുഴുവൻ നിശ്ശബ്ദം. ആസന്നമരണയായ മകളുടെ മുറിയിലിരുന്നു പണിക്കർ എന്തൊക്കെയോ വിചാരിച്ചു. അതൊന്നും നമുക്കറിഞ്ഞിട്ടു കാര്യമില്ല.

മിസ്റ്റർ പണിക്കർ വിദ്യാഭ്യാസതൃഷ്ണാന്തി കുറെ കൂടുതലുള്ള കൂട്ടത്തിലായിരുന്നു. ബാല്യത്തിൽത്തന്നെ മകളെ സ്കൂളിലയച്ചു. സരോജിനി മെട്രിക്യുലേഷനു പഠിക്കുന്ന ഇക്കാലത്തു പതിനഞ്ചു വയസ്സേ ആയിട്ടുള്ളു. ദീനത്തെപ്പററി ആക്കും വ്യക്തമായിട്ടൊന്നും അറിയാൻകഴിഞ്ഞില്ല. ഡാക്ടർമാക്കുകൂടിയും ദീനത്തിൻെറ സ്ഥിതി പൂർണ്ണമായിട്ടൊന്നും നിശ്ചയമില്ലാത്ത മട്ടാണു്. സരോജിനിക്കു് അന്നു വൈകുന്നേരം 5 മണിക്കു തുടങ്ങിയതാണു് ഒരു മോഹാലസ്യം; പിന്നെ ബോധക്ഷയവും. പല ചില്ലറ ഡാക്ടർമാരും ദീനമെന്തെന്നറിയാൻ പാടില്ലാതെ കുഴങ്ങിയപ്പോഴാണു്, പണിക്കർ മനോമോഹനമേനോനു കത്തുകൊടുത്താളെ അയച്ചതു്. ഇനിനിടയ്ക്കു് ഒന്നുരണ്ടു പ്രാവശ്യം സരോജിനി കണ്ണു തുറന്നു്, "രാജഗോപാൽ, രാജഗോപാൽ" എന്നുച്ചരിക്കയുണ്ടായി. ഈ പേരു് അവിടെയാരും ഇതിനുമുമ്പു കേട്ടിട്ടുതന്നെയില്ല. ആക്കും ഒരു രൂപവുമുണ്ടായില്ല.

ഡാക്ടർ മേനോൻ പോയി ഒരു മണിക്കൂർ കഴി ഞ്ഞു തിരിച്ചെത്തി. എന്തോ കുറച്ചു ദ്രാവകം എവിടെ യോ ഒക്കെ കുത്തിവെച്ചു. ഒന്നുരണ്ടു ചെറിയ കുപ്പി സ രോജിനിയുടെ മൂക്കിനടുത്തു പിടിച്ചു. എന്തിനു്, മേ നോൻ വളരെ പ്രയത്നപ്പെട്ടു. ഒരു മണിക്കൂർ കഴിഞ്ഞ പ്പോഠം സരോജിനിക്കു ബോധക്ഷയം മാറി; സ്വപ്ന ത്തിൽനിന്നെന്നപോലെ ഉണൎന്നു. അവഠം "എന്തിനാ ണച്ഛൻ ഇവിടെ വന്നിരിക്കുന്നതു്" എന്നു ചോദിച്ചു. പണിക്കൎക്കു വലിയ സന്തോഷമായി. ഡാക്ടർ മേനോൻ സരോജിനിയുടെ മുഖത്തൊന്നു സൂക്ഷിച്ചുനോക്കി. ഡാ ക്ടർ രോഗിയുടെ മുഖത്തു സൂക്ഷിച്ചുനോക്കുന്നതിൽ മ റെറാന്നും സംശയിക്കാനില്ലല്ലോ. പക്ഷേ സരോജിനിക്കു് ആ നോക്കു സഹിക്കാൻ പാടില്ലാത്തതായിരുന്നു. ആശ്ച ൎയ്യസമ്മിളിതമായ ലജ്ജകൊണ്ടു സരോജിനി തല താ ഴ്ത്തി—ഡാക്ടർ അന്നെത്ര പ്രാവശ്യം സരോജിനിയുടെ മു ഖത്തു നോക്കി! അനുരാഗവിത്തു് എപ്പോഴെല്ലാമാണു് മുളയ്ക്കുന്നതെന്നാരു കണ്ടു?

ഡാക്ടർ മേനോൻ പുറപ്പെട്ടു പറഞ്ഞു: "ഇനി നാ ളെ രാവിലെ ഞാനിങ്ങോട്ടു വരാം. ഗോതമ്പുറവയിൽ പാലൊഴിച്ചു കാച്ചി ഇപ്പോഠംത്തന്നെ കൊടുക്കണം. ക്ഷീണം നല്ലപോലുണ്ടു്. രണ്ടു കുപ്പി ഐസ്ക്രീംസോ ഡാ രാവിലെ വാങ്ങണം. പിന്നെ വേണ്ട മരുന്നുകഠം ഞാൻ കൊണ്ടുവരാം."

ഡാക്ടർ മേനോൻ തന്റെ ഡ്രൈവറെ വിളിച്ചു. പണിക്കർ മേനോനോടു നന്ദിസൂചകമായി കുറെ സംസാ

രിച്ചു. അതൊന്നും അധികം നീട്ടിക്കാതെ ഡാക്ടർ താമസസ്ഥലത്തേയ്ക്കു തിരിച്ചു. വഴിക്കു സരോജിനിയുടെ മുഖം കൂടി കൂട്ടുണ്ടായിരുന്നതുകൊണ്ടു വേഗം വീട്ടിലെത്തി. പോരെങ്കിൽ, മോട്ടോർകാറിലായിരുന്നല്ലോ വിദ്വാൻെറ വരവു്.

പിറേറ ദിവസം മനോമോഹനമേനോൻ ഉണൎന്നപ്പോൾ മണി എട്ടരയ്ക്കു മേലായി. തിടുക്കത്തിൽ കുറെ കാപ്പിയും പിന്നേതാണ്ടൊക്കെയുംകൂടി അകത്താക്കീട്ടു മൈലാപ്പൂരിലേയ്ക്കു പോയി. സരോജിനിക്കു പൂൎണ്ണസുഖമായിരിക്കുന്നു. എങ്കിലും തൻെറ പ്രത്യേകപ്രതിപത്തികൊണ്ടു ചില വിശേഷപ്പെട്ട മരുന്നുകൾ വാങ്ങാൻകൂടി 'പ്രെസ്ക്രിപ്ഷൻസ്' കൊടുത്തു. ചില വിശിഷ്ടൌഷധങ്ങളും പണിക്കരെ ഏല്പിച്ചു.

ഒരാഴ്ച കഴിഞ്ഞു. സരോജിനിക്കു പിന്നെയും സുഖക്കേടു വന്നു. അതേ ആഴ്ച, അതേ സമയം. ലക്ഷണങ്ങളെല്ലാം പണ്ടത്തെപ്പോലെതന്നെ. 'രാജഗോപാൽ' എന്നുള്ള വിളികളും ആവൎത്തിച്ചു. ഡാക്ടർ മേനോൻെറ സാമൎത്ഥ്യംകൊണ്ടു് അതും ഭേദമായി. ബാരിസ്റ്റർ പണിക്കർ ഡാക്ടർ മേനവനോടു വലിയ പത്ഥ്യത്തിലായി. ഒരു ദിവസം നാലു മണിക്കു മേനോൻ പണിക്കരുടെ വീട്ടിൽ വന്നു. അകാരണമായിട്ടാണു്. പണിക്കർ കോട്ടിൽനിന്നു മടങ്ങിയെത്തിയിട്ടില്ല. പണിക്കരുടെ ഭാൎയ്യ മരിച്ചിട്ടു് ഒന്നരക്കൊല്ലമായി. പിന്നെ, അവിടത്തെ വാല്യക്കാരും സരോജിനിയും മാത്രമേ അവിടെ ഉള്ളൂ. ഡാക്ടർ സരോജിനിയുടെ വാതിലിൽ ടിപ്, ടിപ്,

ടിപ് എന്നു മൂന്നു തവണ തട്ടി. സരോജിനി പതുക്കെ കതകു തുറന്നു. ഡാക്ടർക്ക് ഒരു കസാല നീക്കിയിട്ടു. അദ്ദേഹം ഇരുന്നു.

സരോജിനി പറഞ്ഞു: "അച്ഛൻ കോർട്ടിൽനിന്നും മടങ്ങിയില്ല."

"ഇല്ല, ഇല്ല, വെളിയിൽ സംസാരിക്കാൻ ആരുമില്ലാഞ്ഞിട്ടാണ് ഇങ്ങോട്ടു കടന്നതു്. അതിനു മാപ്പു്."

"ഹെയ്, ഇതെന്താ? ഇവിടെ വരുന്നതിനും മാപ്പു പറയണോ?"

"ആട്ടെ. ഇപ്പോൾ സുഖക്കേടു് ഒന്നുമില്ലല്ലോ."

"ഇന്നു വ്യാഴാഴ്ചയല്ലേ?"

"അതിനെന്താ?"

"വെള്ളിയാഴ്ചതോറുമാണല്ലോ സുഖക്കേടു വരുന്നതു്."

"നാളെയും വരുമെന്നാണോ വിശ്വാസം?"

"അതേ. കഴിഞ്ഞ രണ്ടു വെള്ളിയാഴ്ചയും ആണല്ലോ വന്നതു്."

"അതുകൊണ്ടു നാളെയും വരണമെന്നുണ്ടോ? ഏതായാലും അക്കാര്യം നാളെ നിശ്ചയിക്കാം. 'രാജഗോപാൽ' ആരാണു്? സരോജിനി അറിയുമോ?"

"അതാ, അച്ഛൻ വന്നെന്നു തോന്നുന്നു. നമുക്കങ്ങോട്ടു പോകാം."

ഇതു പറഞ്ഞു സരോജിനി എഴുന്നേറ്റു. ഡാക്ടർ അടുത്തുള്ള ഹാളിൽ ചെന്നിരുന്നു. മിസ്റ്റർ പണിക്കരും

ഉടുപ്പു മാറി വന്നു് ഒരു ചാരുകസാലയിൽ കിടപ്പായി. പല കാര്യങ്ങളെക്കുറിച്ചും അവർ സംസാരിച്ചിരുന്നു. ബാരിസ്റ്റർ കോടതിക്കാര്യങ്ങളും ഡാക്ടർ വിശേഷപ്പെട്ട ദീനക്കേസ്സുകളും എടുത്തു വിളമ്പി. വായനക്കാർക്കു രുചിച്ചാലുമില്ലെങ്കിലും അതൊക്കെക്കൂടി ഇവിടെ വിവരിക്കണമെന്നു വിചാരിക്കുന്നില്ല. ചായ കഴിച്ചിട്ടു രണ്ടു പേരുംകൂടി ഡാക്ടർ മേനോൻെറ മോട്ടോറിൽത്തന്നെ 'ബീച്ചിലേ'യ്ക്കു തിരിച്ചു. സരോജിനിയും ഒരുമിച്ചുണ്ടായിരുന്നു. ബീച്ചിൽ ചെന്നിറങ്ങി കാററു കൊണ്ടുകൊണ്ടു കുറെ നേരം അവിടെ നടന്നു. അപ്പോൾ പ്ണിക്കരുടെ ഒരിഷ്ടൻ—ദിവാൻ ബഹദൂർ രാമസ്വാമിനായിഡു എം. ഏ., ബി. എൽ—പണിക്കരെ കണ്ടു വിളിച്ചു. ആയിട മിസ്റ്റർ നായിഡുവിൻെറ പേരിൽ വലിയ ഒരു മതാമ്മ 'പ്രമാദ'പ്പെട്ട ഒരു കേസു നടത്തുന്ന കാലമാണു്. ആ കേസ്സുസംബന്ധിച്ചു് എന്തോ ചില സ്വകാര്യങ്ങൾ പറവാൻവേണ്ടി പണിക്കരും നായിഡുവും ഒരു ഭാഗത്തേയ്ക്കു നടന്നു. ഡാക്ടരും സരോജിനിയും ഇവിടെ തനിച്ചായി.

സരോജിനി ഡാക്ടരോടു പറഞ്ഞു: "എനിക്കു നാളെയും ദീനം വരുമെങ്കിൽ അങ്ങേയ്ക്കു വലിയ ബുദ്ധിമുട്ടാകുമല്ലോ."

"എനിക്കെന്താണു് ബുദ്ധിമുട്ടു്? സരോജിനിക്കു സുഖക്കേടാകുമ്പോഴെങ്കിലും എൻെറ ബുദ്ധി മുട്ടാതിരിക്കുകയില്ലേ?"

"ഓ! അങ്ങേയുടെ ബുദ്ധിമുട്ടിനും അങ്ങേയ്ക്കു ബുദ്ധിമുട്ടാതിരിക്കുന്നതിനും എല്ലാംകൂടി ഇതാ ഹൃദയംഗമമായി നന്ദി പറഞ്ഞുകൊള്ളുന്നു."

"അതൊന്നും വേണ്ടാ. ഹൃദയം മാത്രം മതി."

"ഡാക്കറല്ലേ? ഹൃദയമെടുക്കാനും വശമുണ്ടായിരിക്കാം. കഴിയുമെങ്കിൽ എടുത്തുകൊള്ളുക. ഞങ്ങൾ അതു പണ്ടേതന്നെ തന്നിരിക്കുന്നു."

"'ഞങ്ങളുടെ' വേണ്ടാ. 'എൻെറ'.................... എന്നു പറഞ്ഞുകേട്ടാൽ........................."

ഇത്രയുമായപ്പോൾ പണിക്കർ നായിഡുവിനെ യാത്രയാക്കീട്ട്, മടങ്ങിയെത്തി. എല്ലാവരുംകൂടി വീട്ടിലേയ്ക്കു തിരിച്ചു. ഡാക്കരുടെ വിചാരങ്ങൾ എന്തായിരുന്നുവെന്നു വായനക്കാർതന്നെ ഊഹിച്ചുകൊള്ളണം. സരോജിനിയുടെ മനോഗതങ്ങൾ ഞാൻ പറയാമായിരുന്നു. പക്ഷേ അപകീർത്തിക്കേസ്സിലുള്ള കിടുകിടുപ്പുകൊണ്ടു് ഇപ്പോൾ നിറുത്തുന്നു. കുറെ കഴിയട്ടെ, പ്രൈവററായിട്ടു പറയാം.

ഡാക്കർ മേനോൻ വീട്ടിലെത്തി. ഊണു കഴിച്ചു. പിറേറ ദിവസം സരോജിനിക്കു വരാൻപോകുന്ന ദീനത്തിൻെറ ലക്ഷണങ്ങളെപ്പററി വളരെ നേരം ആലോചിച്ചുകൊണ്ടിരുന്നു. പല പുസ്തകങ്ങളും നോക്കി ഒടുവിൽ ഒരു മാതിരി നിരാശതയോടെ ഉറക്കമായി.

പിറേറ ദിവസം വൈകുന്നേരം ഡാക്കർ മൈലാപ്പൂരിലെത്തി. പതിവുപോലെതന്നെ സരോജിനി സുഖമി

ല്ലാതെ കിടപ്പാണു്. അതും വലിയ വിഷമതയൊന്നും കൂടാതെ ഭേദമായി. പിന്നെ ഡാക്ടർ കൂടക്കൂടെ പണിക്കരെക്കാണാൻ വന്നുകൊണ്ടിരുന്നു. വല്ലതും വെടി പറഞ്ഞുകൊണ്ടു് അങ്ങനെ കൂടും. ഒരു ദിവസം വൈകുന്നേരം തിരിച്ചു താമസസ്ഥലത്തെത്തിയപ്പോൾ ഡാക്ടർക്കു് ഒരു കത്തുണ്ടായിരുന്നു. കത്തു് ഇംഗ്ലീഷിലായിരുന്നു. അതിൻെറ തർജ്ജിമ താഴെ ചേർക്കുന്നു:

ഞായറാഴ്ച 10 മണി

ഡിയാൻജലിസ് ഹോട്ടൽ

പ്രിയപ്പെട്ട ഡാക്ടർ,

ഈ എഴുത്തു കണ്ടു കുണ്ഠിതപ്പെടരുതേ. തത്കാലം ആളെ അയയ്ക്കാൻ സൗകര്യമില്ലാഞ്ഞിട്ടാണു് ഇപ്പോൾ എഴുത്തയയ്ക്കുന്നതു്. വലിയൊരു സുഖക്കേടു്. ഉടൻ ഡിയാൻജെലിസ് ഹോട്ടൽ 15-ാംനമ്പർ റൂമിൽ വരണം.

എന്നുമാത്രം

അപായസ്ഥിതിയിൽ

രാജഗോപാൽ (ഒപ്പു്)

രാജഗോപാൽ! ഇതാരാണു്? എന്തത്ഭുതം! എന്നൊക്കെ വിചാരിച്ചുകൊണ്ടു്, ഉടൻതന്നെ ഡാക്ടർ ഹോട്ടലിലേയ്ക്കു തിരിച്ചു. 'വെയിററ'റുടെ സഹായത്തോടുകൂടി 15-ാംനമ്പർ റൂമിലെത്തി. രാജഗോപാലനെക്കണ്ടു. വലിയ മേൽമീശയും വട്ടമുഖവും വെള്ളിക്കണ്ണടയുമെല്ലാംകൂടി ഡാക്ടർക്കത്ര പിടിച്ചില്ല. എങ്കിലും ഐറോപ്പീയമര്യാദയ്ക്കനുസരിച്ചു് ഇംഗ്ലീഷിൽ കുശലപ്രശ്നാദികൾ

കഴിഞ്ഞശേഷം ഡാക്ടർ ചോദിച്ചു: "എന്താ, നിങ്ങൾക്ക സുഖക്കേടു്?"

രാജഗോപാൽ കസാല ചൂണ്ടിക്കാട്ടി പറഞ്ഞു: "പറയാം. ഈ കസാലയിൽ അടുത്തു വന്നിരിക്കണം."

ഡാക്ടർ അടുത്തു ചെന്നു് ഇരുന്നു: രാജഗോപാൽ തുടന്നു: "ഞാൻ പറയുന്നതു കേട്ട നിങ്ങൾ അത്ഭുതപ്പെടേണ്ടാ. ഞാനും വൈദ്യശാസ്ത്രത്തിൽ കുറെ നോക്കീട്ടുണ്ടു്. നിങ്ങളെ ഇവിടെ വരുത്തിയതു് ഒരു സ്വകാര്യം പറവാനാണു്."

രാജഗോപാൽ ഇത്രയും പറഞ്ഞു ഡാക്ടറുടെ മുഖത്തു മിഴിച്ചുനോക്കിക്കൊണ്ടു കുറെ നേരം ഇരുന്നു. പിന്നെ കൈലേസെടുത്തു മുഖം തുടച്ചു. അപ്പോഴേയ്ക്കും ഡാക്ടരുടെ മുഖവും ചുവന്നു. വല്ലാത്ത പരുങ്ങലിലായി വിഡ്ഢാൻെറ കഥ. ദേഹമാസകലം വിയത്തൊലിച്ചു. പട്ടാപ്പകലുച്ചയ്ക്കു ബാധയെക്കണ്ടു പേടിച്ചപോലായി ഡാക്ടരുടെ നില. നേരവും സന്ധ്യ കഴിഞ്ഞു. രാജഗോപാൽ പിന്നെ തൻെറ കസാല പിറകോട്ടു മാററിയിട്ടിട്ടു ഡോക്ടരോടു ചോദിച്ചു: "ഡാക്ടർ, നിങ്ങൾ സരോജിനിയുടെ കാമിതാവാകാൻ ഉത്സാഹിക്കുന്നുണ്ടു്, അല്ലേ?"

ചത്ത ശരീരം സംസാരിക്കുമെങ്കിൽ ആ വിധത്തിലായി ഡാക്ടരുടെ സംസാരം: "ഉ-ഉവ്വു്."

പിന്നെയും ഡാക്ടരെക്കൊണ്ടു രാജഗോപാൽ പലതും പറയിച്ചു. അതൊക്കെക്കഴിഞ്ഞിട്ടു്, മാസ്മരനിദ്രയിലായിപ്പോയ ഡാക്ടരെ ഉണത്തി. എന്നിട്ടയാൾ ഇങ്ങ

നെ പറഞ്ഞു: "സരോജിനിയെ എനിക്കു വിവാഹംചെയ്യണം. അതിനു നിങ്ങൾകൂടി ഉത്സാഹിക്കണം. നിങ്ങളെ ഇവിടെ വിളിച്ചുവരുത്തിയതിൻെറ ഉദ്ദേശം ഏതാണ്ടു് ഇതൊക്കെത്തന്നെ. അവളെ നിങ്ങൾ ആഗ്രഹിക്കണ്ടാ. ഞാൻ പറയുന്നതിനു വിപരീതമായി പ്രവത്തിച്ചാൽ പിന്നെ ഇതൊന്നുമല്ല ഫലം. തത്കാലം നമുക്കു പിരിയാം."

ഇതൊക്കെ കേട്ട തനിക്കു ബോധക്ഷയം വന്നതോത്തു ഡാക്ടർ വളരെ കുഴങ്ങി. രാജഗോപാൽ സാധാരണനല്ലെന്നു തീച്ചപ്പെടുത്തി അയാളോടു മറുപടിയൊന്നും പറവാൻ ഡാക്ടർ ഒരുങ്ങിയില്ല. വല്ലതുമൊക്കെ പറയണമെന്നു തോന്നായ്കയില്ല. പക്ഷേ രാജഗോപാലൻെറ കൈയിലിരുന്ന ഇരട്ടക്കുഴല്പ്പുത്തോക്കു കണ്ടു ഡാക്ടരുടെ നാക്കു താനേ അടങ്ങി. രാജഗോപാൽ യാത്ര പറഞ്ഞു പോയി. ഡാക്ടർ അവിടെത്തന്നെ ഇരുന്നു. ഒരു മണിക്കൂർ കഴിഞ്ഞിട്ടാണു് ഡാക്ടക്കു കസാലയിൽനിന്നൊന്നിളകാൻ സാധിച്ചതു്. രാജഗോപാലിൻെറ പൊടികൂടി കാണ്മാനില്ലാതായി. ഡാക്ടർ ഹോട്ടലിൽ പല അന്വേഷണങ്ങളും നടത്തി. എന്നിട്ടെന്തു്? രാജഗോപാലിനെ അറിയുന്നവരാരുമില്ല. പിന്നെ ഡാക്ടർ നേരെ വീട്ടിലേയ്ക്കു തിരിച്ചു. സരോജിനിയും രാജഗോപാലുമായി എന്തോ ഇടപാടുണ്ടായിരിക്കണമെന്നുതന്നെ ഡാക്ടർ തീച്ചപ്പെടുത്തി. ആകപ്പാടെ ഡാക്ടക്കു വലിയൊരു ജാള്യവും അത്ഭുതവും മനോവ്യഥയുമൊക്കെയാണുണ്ടായതു്. പിറേറ ദിവസം കാലത്തുതന്നെ മൈ

ലാപ്പൂരിലേയ്ക്കു തിരിച്ചു. രാമസ്വാമിനായിഡു അന്നവി ടെ വന്നിട്ടുണ്ടായിരുന്നു. അക്കാലത്തു മദ്രാസ്സിൽ വലിയ ക്ഷോഭത്തെ ഉണ്ടാക്കിത്തീൎത്ത 'മതാമ്മനായിഡുക്കേസി' നെപ്പററി സംസാരിച്ചുകൊണ്ടിരിക്കയാണു് പണിക്ക രും നായിഡുവും. ഡാക്ടർ മേനോൻ സരോജിനിയുടെ മുറിക്കകത്തേയ്ക്കുതന്നെ കടന്നു. കടന്ന ഉടനെ ഡോക്ടർ മുഖവുരയായി ഇങ്ങനെ പറഞ്ഞു: "എനിക്കു ചെറിയൊ രു സംഗതി ചോദിക്കാനുണ്ടു്."

"ചെറുതായാലും വലുതായാലും ചോദിച്ചുകൊ ള്ളൂ." സരോജിനി പറഞ്ഞു.

"രാജഗോപാലനെപ്പററി എന്തറിയാം?"

സരോജിനി കുറച്ചു നിമിഷം ആലോചിച്ചിട്ടു പ റഞ്ഞു: "വാസ്തവത്തിൽ എനിക്കൊന്നും അറിഞ്ഞുകൂടാ."

"ചിലപ്പോഴൊക്കെ 'രാജഗോപാൽ' എന്നു് അ സംബന്ധമായിട്ടു പറയുന്നതിൽനിന്നെന്താണൂഹിക്കേ ണ്ടതു്?"

"എന്തൂഹിച്ചാലും വേണ്ടില്ല. 'രാജഗോപാൽ' എ ന്നു കേട്ടിട്ടുണ്ടു് ഞാൻ; അത്രതന്നെ."

"ഞാൻ കണ്ടിട്ടുമുണ്ടു്."

"സത്യമാണോ?" സരോജിനി അദ്ഭുതത്തോടെ ചോദിച്ചു.

"അതേ, സത്യംതന്നെ."

പിന്നെ അവർ രാജഗോപാലനെപ്പററി വളരെ നേരം സംസാരിച്ചുകൊണ്ടിരുന്നു. ഏകദേശം 5 മണി

യോടുകൂടി ഡാക്ടർ വീട്ടിലെത്തി. അവിടെ പ്രത്യേകം സൂക്ഷിച്ചുവെച്ചിട്ടുള്ള ഒരു പാമ്പിനെ എടുത്തു കീറി മുറിച്ചുതുടങ്ങി. പാമ്പിനു കണ്ണും കാതും ഒന്നായതെങ്ങനെ എന്നു കണ്ടുപിടിക്കാനുള്ള ശ്രമമായിരുന്നു. ഉടനെ ആരോ മണിയടിച്ചു. ഡാക്ടരെ കാണ്മാൻ വന്നതു് ഒരു ധാരയായിരുന്നു. സ്വാഗതവർത്തമാനങ്ങൾ കഴിഞ്ഞു ധാര ഒരു കസാലയിലിരുന്നു. പാമ്പിനെപ്പററി ഡാക്ടർ കണ്ടുപിടിക്കാൻ ശ്രമിച്ചതു്, ഈ ധാര വളരെക്കാലം മുമ്പുതന്നെ കണ്ടുപിടിച്ചിട്ടുണ്ടത്രേ. കണ്ണിനും കാതിനും ആന്തരമായ വ്യത്യാസമൊന്നുമില്ലെന്നും ഏതെങ്കിലുമൊന്നിനു കേടുപററിയാൽ ആ ശക്തി മററതിനുണ്ടാക്കാമെന്നും മററുമുള്ള തത്വങ്ങളെപ്പററി ധാര വളരെ പ്രസംഗിച്ചു. പെട്ടന്നു ചെവി കേൾക്കണമെങ്കിൽ കണ്ണിൻെറ കാഴ്ച സ്വല്പം കുറച്ചാൽ മതിയത്രേ. ഈ ധാരയെ ഡാക്ടർക്കു കേട്ടു പരിചയമേ ഉള്ളൂ. കണ്ണൽ പ്രെഡ്ഡ് എന്ന പേരിലാണു് മദ്രാസുകാർ അദ്ദേഹത്തെ അറിയുന്നതു്.

പെട്ടന്നു ധാര കസാല മേശയോടടുത്തിട്ടു കൈലേസെടുത്തു് ഉള്ളംകൈ ഒന്നു തുടച്ചു. ഹാറെടുത്തു മാററിവെച്ചു മേനോൻെറ മുഖത്തു സൂക്ഷിച്ചുനോക്കി. അപ്പോഴല്ലേ കാര്യം മനസ്സിലായതു്. രാജഗോപാലൻെറ മുഖമാണു് ഡാക്ടർ കണ്ടതു്. മനോമോഹനമേനോൻ മോഹിച്ചു കസാലയിൽ വീണു. രാജഗോപാൽ സ്വല്പ നേരത്തേയ്ക്കു ഡാക്ടരുടെ ഉള്ളു മുഴുവൻ കാണാനെന്നപോലെ നോക്കി. പിന്നെ ചോദിച്ചു: "മേനോൻ, നിങ്ങളെന്നെക്കുറിച്ചു ദുഷ്യമായി കുറെ സംസാരിച്ചു, ഇല്ലേ?"

"ഉവ്വു്, സംസാരിച്ചു."

"ആട്ടെ, എൻെറ പിറകെ വരു. പഠിപ്പിച്ചേയ്ക്കാം."

ഡാക്ടർ, പോലീസുകാരൻെറ പിറകെ പോകുന്ന ജയില്പുള്ളിപോലെ, ധരയെ അനുഗമിച്ചു. വെള്ളാള സ്ട്രീററിലേയ്ക്കാണു് പോയതു്. അവിടെ ഒരു വീട്ടിൽ കേറി വാതിൽ തുറന്നു. ധര അകത്തു കടന്നു; കൂടെ മേനോനും. അവർ വലിയൊരു ഹാളിലെത്തി. ധര ഒരു സൂത്രബ്ബട്ടൻ അമർത്തി. പെട്ടന്നു വേറൊരു വാതിൽ പ്രത്യക്ഷപ്പെട്ടു. അതിനകത്തു കടന്നു. ചെറിയൊരു മുറി. അൽഭുതം തോന്നിക്കുന്ന പലേ മാതിരി ആയുധങ്ങളും ചെറിയ യന്ത്രങ്ങളും രസതന്ത്രശാസ്ത്രാഭ്യസനത്തിനു വേണ്ട പലേ ഉപകരണങ്ങളും അവിടെ ഉണ്ടായിരുന്നു. ഡാക്ടരെ അവിടെ ഒരു കസാലയിൽ ഇരുത്തി രാജഗോപാൽ മാസ്മരനിദ്രയിൽനിന്നുണർത്തി. രാജഗോപാൽ പറഞ്ഞു: "ഇവിടെ വിളിച്ചുകൊണ്ടുവന്നതു വെറുതെയാണെന്നു വിചാരിക്കണ്ടാ. എന്നെ ഒരു സാധാരണക്കാരനെപ്പോലെ കരുതിയതു നിങ്ങളുടെ മൗഢ്യമാണു്. ഞാൻ പറയുന്നതുപോലെ ചെയ്യില്ലെങ്കിൽ നിങ്ങളുടെ അവസാനം ഇവിടെത്തന്നെ. ഓർത്തു സംസാരിക്കണം. നിങ്ങൾക്കു സരോജിനിയെ വിവാഹംചെയ്യണമെന്നു നിർബ്ബന്ധമുണ്ടോ?"

"ഉണ്ടു്. അവൾക്കെന്നോടനുരാഗമുണ്ടെന്നു തോന്നുന്നു."

"നിങ്ങൾ അക്കാര്യത്തെപ്പററി ഇതുവരെ ഒന്നും സംസാരിച്ചിട്ടില്ലെന്നെനിക്കറിയാം. പക്ഷേ അവൾക്കു

നിങ്ങളോടു സ്നേഹമുണ്ടായിരിക്കാം. എന്നാൽ എനിക്കു് അവളുടെ സമ്മതംകൂടാതെ വിവാഹംചെയ്യണമെന്നാഗ്രഹമില്ല. നിങ്ങൾക്കിവിടെനിന്നു വല്ലടത്തും പോകാമോ?"

"എനിക്കിവിടെ സ്നേഹിതന്മാരും മററുമുണ്ടു്. പോകാൻ സാധിക്കില്ല."

"വേണ്ടാ. ഹൃദയം വേണമെങ്കിൽ മാററാം. തലച്ചോറു മാററാമെന്നല്ലേ നിങ്ങളുടെ അഭിപ്രായം? നിങ്ങളുടെ ഹൃദയം എടുത്തുരുക്കി എൻെറ രക്തത്തിൽ കലത്തും. ഉരുക്കുന്നതിനു വിദ്യുച്ഛക്തിക്കു സാധിക്കും. ഇതു ഞാൻതന്നെ കണ്ടുപിടിച്ചതാണു്. സരോജിനിയുടെ ഹൃദയത്തിനു നിങ്ങളുടെ ഹൃദയത്തോടുള്ള ബന്ധം ഒന്നു മാറി എൻേറതിനോടാവും. അങ്ങനെ അവളുടെ സമ്മതപ്രകാരംതന്നെ എനിക്കവളെ വിവാഹവും ചെയ്യാം. നാളെ രാവിലെ ഞാനിവിടെ വരും. അപ്പോൾ സരോജിനിയെയും കൊണ്ടുവരും. പിന്നെയാണു് പ്രയോഗങ്ങൾ. പേടിക്കണ്ടാ. ഇതെല്ലാം ഞാൻ നടത്തും. ഞാൻ വരുന്നതുവരെ നിങ്ങൾ ഇവിടെത്തന്നെ ഇരിക്കുക."

ഇത്രയും പറഞ്ഞു രാജഗോപാൽ വാതിലടച്ചു പുറത്തിറങ്ങി. ഡാക്കരുടെ കഥ പരുങ്ങലിലായി എന്നു പറയേണ്ടതില്ലല്ലോ. ഡാക്ടർ അവിടെ ഇരുന്നു. എഴുന്നേല്ക്കാൻ ശ്രമിച്ചു. സാധിച്ചില്ല. തൻെറ തത്കാലസ്ഥിതിയെപ്പററി സൂക്ഷ്മമായി വിഭാവനം ചെയ്യാൻ ഡാക്കർക്കു കഴിഞ്ഞില്ല. പലേമാതിരി വിചാരങ്ങളോടുകൂടി ഡാക്ടർ അവിടെത്തന്നെ ഇരുന്നു. അദ്ധരാത്രി

യായി. ഡാക്ടർക്ക് ഒരുമാതിരി നല്ല ബോധം വീണു. പെട്ടന്നെഴുന്നേററു. അപ്പോൾ അതിന്നു ശക്തിയുണ്ടായി. വാതിലിൽ ബലം പ്രയോഗിച്ചു നോക്കി. നിഷ്പ്രയോജനമായി.. പിന്നെ ചില ആയുധങ്ങളുടെ സഹായത്തോടുകൂടി രണ്ടു മൂന്നു കതകു വെട്ടിക്കീറി പുറത്തിറങ്ങി. റോന്തുചുററുന്ന പോലീസുകാരനെക്കണ്ടു. കഥ മുഴുവൻ പറഞ്ഞു. അവർ രണ്ടുപേരും രാജഗോപാലിൻെറ വീട്ടിൽത്തന്നെ മറഞ്ഞുനിന്നു. നേരം വെളുക്കാറായി. രാജഗോപാലിൻെറ വരവായി; പിറകെ സരോജിനിയുമുണ്ട്. അവർ രണ്ടുപേരും മറഞ്ഞുനില്ക്കുന്നവരെ കണ്ടില്ല. വീട്ടിനകത്തു കാലെടുത്തുവെച്ചതും കാൺസ്റ്റബിൾ രാജഗോപാലൻെറ 'പെടലി'യ്യൊന്നടിച്ചതും ഒരുമിച്ചു കഴിഞ്ഞു. രാജഗോപാൽ ഒരു കരുത്തനാണെങ്കിലും തിരിഞ്ഞുനിന്നില്ല. ഓടി, ഒരോട്ടം.

കാൺസ്റ്റബിളിൻെറ സഹായത്തോടുകൂടി ഡാക്ടരും സരോജിനിയും ഒരു വണ്ടിയിൽ കേറി മൈലാപ്പൂരിലെത്തി. പിറേറ ദിവസം രാവിലെത്തന്നെ മദ്രാസിലെ എല്ലാ പോലീസുകാൎക്കും അറിവു കൊടുത്തു. വൈകുന്നേരം ഡിയാൻജലിസ് ഹോട്ടലിൽവെച്ചു പോലീസുകാർ രാജഗോപാലിനെ പിടിച്ചു. കോടതിയിൽ അയാളുടെ മാസ്മരദുഷ്ടതകൾ മുഴുവൻ ധരിപ്പിച്ചു. ഇനിയും ഈ ദുഷ്ടൻ വല്ല കൃത്രിമങ്ങളും ചെയ്യേങ്കിലോ എന്നു ശങ്കിച്ച്, അയാളുടെ തലച്ചോറിനു തട്ടത്തക്ക ഒരു തൈലപ്രയോഗം ചെയ്തു.

അടുത്ത വെള്ളിയാഴ്ച സരോജിനിക്കു സുഖക്കേടു വന്നില്ല. മിസ്റ്റർ പണിക്കരുടെ പൂൎണ്ണസമ്മതത്തോടുകൂടി ഡാക്ടർ മനോമോഹനമേനോൻ സരോജിനിയെ വിവാഹം ചെയ്തു. അവരിപ്പോൾ താമസം ലാഹൂരിലാണു്. പണിക്കർ മദ്രാസ്സിൽത്തന്നെയുണ്ടു്. മൈലാപ്പൂരിൽത്തന്നെ താമസം. രാജഗോപാൽ ജയിലിലില്ലം. സരോജിനി വെള്ളിയാഴ്ചതോറും വൈകുന്നേരം രാജഗോപാലിനെ കാക്കും; അപ്പോളവൻ തൻെറ മാന്ത്രതന്ത്രങ്ങൾ പ്രയോഗിക്കും—അതായിരുന്നു ദീനത്തിൻെറ സംഗതി. ഇങ്ങനെ കാപ്പിക്കാനുള്ള വിദ്യ 'വെള്ളിയാഴ്ച വൈകുന്നേരം എന്നെ കാക്കല്ലേ—രാജഗോപാൽ' എന്നൊരെഴുത്തായിരുന്നുപോലും.

# 10. ഊൎമ്മിള

ഒരു മൂടൽമഞ്ഞുള്ള പ്രഭാതമാണു്. നേരം പ്രകാശമായി വരുന്നതേയുള്ളൂ. അച്ഛൻെറ മരണം കഴിഞ്ഞതിൽപ്പിന്നെ ഞാൻ എന്നുംതന്നെ അതിരാവിലെ എഴുന്നേററു പാടങ്ങളിൽ ചെന്നു നോക്കാറുണ്ടു്. അന്നു വീട്ടിൽനിന്നു് അല്പം തെക്കുള്ള 'മുല്ലവേല'പ്പാടത്തിലേയ്ക്കാണു് പോയതു്. ആ പാടത്തിൻെറ താഴെക്കോണിൽനിന്നു കിഴക്കേ വരമ്പേ അസാരം വേഗത്തിൽ നടന്നു പോയപ്പോൾ ഒരു വെടിയുടെ ശബ്ദം കേട്ടു. ചെവിയനെ വെടിവെയ്ക്കുന്നവർ പലരും അവിടെയൊക്കെ ഉള്ളതുകൊണ്ടു് ആ വെടി എൻെറ ശ്രദ്ധയെ അത്ര ക്ഷണിച്ചില്ല. എന്നാൽ ഒരു നിമിഷത്തിനകം ദുൎബ്ബലമായ ഒരു കരച്ചിൽകൂടി കേട്ടപ്പോൾ ആ ശബ്ദത്തിൻെറ ഉത്പത്തിസ്ഥാനം അറിയാനുള്ള പരിഭ്രമം അസാമാന്യമാ

യിത്തീൎന്നു. ഉടൻതന്നെ പിന്നോക്കം നടന്നു. കൈത ച്ചെടികളാൽ നിബിഡമായ ഒരു ഭാഗത്തായിരുന്നു ആ കരച്ചിൽ. അവിടെ കണ്ട കാഴ്ച എന്നെ വല്ലാതെ ഭ്രമി പ്പിച്ചു.

വെടികൊണ്ടു വീണ പെൺകുട്ടിയുടെ തോളിൽ നിന്നു രക്തം ധാരാളം പ്രവഹിക്കുന്നുണ്ടു്. വേദനയുടെ ആധിക്യംകൊണ്ടു് അവൾക്കു സ്വയമേവ എണീക്കാൻ പോലും വയ്യാ. ഞാൻ അവളോടന്വേഷിച്ചു: "എന്താ! എങ്ങനെ വന്നു?"

"ആരോ ചെവിയനെ വെടിവെച്ചതാണു്. എ നിക്കു കൊണ്ടു."

"ഒന്നു താങ്ങിത്തരാം. അല്പം നടക്കാമോ?"

"ഉവ്വ്" എന്നവൾ പതുക്കെ പറഞ്ഞു. ഞാൻ ആ പെൺകുട്ടിയെ താങ്ങിക്കൊണ്ടു് ഒരു ഫർലോങ്ങോളം ദൂ രത്തുള്ള ഉണ്ണിത്താൻവൈദ്യന്റെ വീട്ടിൽ ചെന്നു. വൈദ്യനില്ലെന്നു മുമ്പുതന്നെ അറിയുമെങ്കിലും അദ്ദേഹ ത്തിന്റെ ഭാൎയ്യ ജാനകിയമ്മയ്ക്കും കുറച്ചേതാണ്ടു വൈദ്യ വും മുറിവിനും മററുമുള്ള ചില പ്രത്യേകചികിത്സകളുമു ണ്ടെന്നു ഞാൻ കേട്ടിട്ടുണ്ടു്. എന്നെ കണ്ട മാത്രയിൽ ത്തന്നെ ജാനകിയമ്മ കോലായിൽ വന്നു് ആ പെൺ കുട്ടിയെ താങ്ങിക്കൊണ്ടു് "എന്തബദ്ധമാണോ വന്നതു്" എന്നു ചോദിച്ചു. "വലിയ അപകടമൊന്നുമില്ലെന്നു തോന്നുന്നു. രക്തപ്രവാഹം നിറുത്തിയാൽ പിന്നെ ആ ശങ്കയൊന്നും വേണ്ടാ" എന്നു ഞാനും പറഞ്ഞു.

ജാനകിയമ്മ ഉടൻതന്നെ അവളെ ചെറിയൊരു മുറിയിൽ കൊണ്ടുപോയി കട്ടിലിൽ കിടത്തി. എന്തൊക്കെയോ ചില മരുന്നും വെച്ചു കെട്ടി. അവർ ഇങ്ങനെ കുറെ നേരം ശുശ്രൂഷിച്ചശേഷം എന്നോടായി പറഞ്ഞു: "തരക്കേടില്ല. പക്ഷേ ഒന്നോ രണ്ടോ ദിവസം ഇവിടെ കിടക്കേണ്ടിവരും."

ഞാൻ കട്ടിലിൻെറ അരികിലോട്ടു ചെന്നു. "എന്നാൽ വിവരം ചെന്നറിയിക്കാം. എന്താ?" എന്നു ഞാൻ ആ പെൺകുട്ടിയോടു ചോദിച്ചു. അപ്പോൾ അവൾ മുഖം അല്പമുയർത്തി സാവധാനത്തിൽ പറഞ്ഞു: "വേണ്ടാ. എൻെറ വേദന തീരെ പോയിരിക്കുന്നു. ഞാൻ പോകയാണു്."

ആ പെൺകുട്ടിയുടെ മനോഹരമായ മുഖത്തിൽ കളിയാടുന്ന ലാവണ്യവിലാസത്തെ ഞാൻ സൂക്ഷ്മമായി അപ്പോഴാണു് കണ്ടതു്. എന്താണ്ടു കുറച്ചു വിസ്മയത്തോടുകൂടി ആ കൃശശരീരമാകെ ഒന്നു വീക്ഷിച്ചു. ഇരുണ്ടു തേജോമയമായ ആ കണ്ണുകളുടെ ആകർഷകതയും അരോഗതാസൂചകമായ കവിൾത്തടങ്ങളും യോഗികളുടെ ധ്യാനത്തെക്കൂടി ഭഞ്ജിക്കുമെന്നു് എനിക്കു തോന്നി. ഞാൻ പറഞ്ഞു: "ഇവിടെ താമസിക്കുന്നതിൽ തകരാറൊന്നുമില്ല. ഏതാണു് വീടു്? ആരാണച്ഛൻ?"

"അച്ഛനില്ല. അവിടെ അപ്പൂപ്പനേ ഉള്ളു. മാണ്ണോട്ടുവയലിൻെറ കിഴക്കേക്കരയിൽ പോക്ക്യാരത്തു് എന്നാണു് വീട്ടുപേരു്."

"മനസ്സിലായില്ല, അപ്പൂപ്പൻെറ പേരു്?"

"വെളുത്തഗോവിന്ദൻ എന്നു പറയും."

ഞാൻ ആശ്വസിപ്പിച്ചുകൊണ്ടു പറഞ്ഞു: "ആട്ടെ, പരിഭ്രമിക്കണ്ടാ. ഞാൻ ചെന്നു പറഞ്ഞുവരാം."

ആ തേജസ്സേറിയ മുഖത്തു് ഒന്നുകൂടി നോക്കിയിട്ടു ഞാനിറങ്ങിപ്പോന്നു. ബാല്യകാലത്തുമാത്രമേ ഞാൻ വീട്ടിൽ സ്ഥിരമായി താമസിച്ചിട്ടുള്ളു. പിന്നെ, കല്പനക്കാലത്തു വല്ലപ്പോഴും വന്നാൽത്തന്നെ നാട്ടുകാരുമായി പരിചയപ്പെടാൻ അവസരം ലഭിക്കാറില്ല. വെളുത്തഗോവിന്ദൻെറ ഭവനം സുമാർ ഒരു മയിലകലെയാണു്. എങ്കിലും എനിക്കു് ആ സ്ഥലം പരിചിതമല്ല. അയാളെച്ചെന്നു കാണാമെന്നു വിചാരിച്ചു മുല്ലവേലിപ്പാടത്തിൻെറ കിഴക്കേക്കുന്നിൽ കേറി കുറെ നടക്കുന്നതിനിടയിൽ നടത്തിയ ചില അന്വേഷണങ്ങളിൽനിന്നു വെടിവെച്ചവൻെറ പേരു യോഹന്നാൻ എന്നാണെന്നും അവൻ ഭയന്നിട്ടാണു് സംഭവസ്ഥലത്തേയ്ക്കു വരാഞ്ഞതെന്നും മനസ്സിലായി. അരമണിക്കൂറിനകം ഗോവിന്ദൻെറ പടിപ്പുരയ്ക്കലെത്തി. അയാൾ മുററത്തു് ഇറങ്ങി നിന്നുകൊണ്ടു്, "അവിടുന്നു് ഇത്രത്തോളം വന്നതെന്തിനാണോ" എന്നു ചോദിച്ചു. "അല്പം വിശേഷം ഉണ്ടു്" എന്നുമാത്രം ഉത്തരം പറഞ്ഞിട്ടു ഞാൻ പടിയിൽ ചാരി നിന്നു.

ഞാൻ തുടൎന്നു: "ഇവിടെയുള്ള ഒരു പെൺകുട്ടിക്കു കുറച്ചുപകടം പററിയിരിക്കുന്നു. ആരോ ഒരാൾ കൈതക്കാട്ടിൽവെച്ചു ചെവിയനെ വെടിവെച്ചതു കുട്ടിക്കു കൊണ്ടു. തോളിലേ കൊണ്ടുള്ളു. തകരാറൊന്നുമില്ല. ഉണ്ണിത്താൻവൈദ്യൻെറ വീട്ടിൽ കിടക്കയാണു്. രണ്ടുമൂന്നു

ദിവസം കഴിയാതെ അവിടെനിന്നു മാററാൻ സാധിക്കയില്ല."

ഗോവിന്ദൻ ഉദാസീനഭാവത്തിൽ പറഞ്ഞു: "ആശവം! അതങ്ങനത്തതാ. എവിടെങ്കിലും പോയിത്തൊലയട്ടെ. അവിടത്തെ നോട്ടത്തിൽ വല്ല തരക്കേടും വന്നാൽ—"

ഞാൻ ഇടയ്ക്കു കയറിപ്പറഞ്ഞു: "ഏയ്, ആ വീട്ടുകാർ നല്ല കൂട്ടത്തിലാണു്. വളരെ സൂക്ഷിക്കും."

"വെടിവെച്ചവൻ കണ്ടോട്ടേ; അവനെ ഞാൻ വിടില്ല, നഷ്ടം തരണം. എനിക്കതേ വേണ്ടൂ. ഞാൻ ഒന്നാം ക്ലാസ്സിൽ അന്യായം കൊടുക്കും. അവൻ........"

ഗോവിന്ദന്റെ ക്രൂരഹൃദയം എന്നെ ആശ്ചര്യപ്പെടുത്തി. സംഭാഷണം ദീർഘിപ്പിക്കണമെന്നു് എനിക്കൊട്ടും ആഗ്രഹമില്ലായ്കയാൽ ഞങ്ങൾ വേഗം പിരിഞ്ഞു.

വെളുത്തഗോവിന്ദൻ ആ വയൽക്കരയിൽ വന്നു താമസംതുടങ്ങിയിട്ടു് ആറേഴ വഷമായിക്കാണും. അയാൾ ആരോടും അധികം സംസാരിക്കാനും ഇടപെടാനും പോകാറില്ല. പഴേവീടുകാരുടെ പാട്ടക്കാരനായി കുറെ നിലം കൃഷിചെയ്കയും മെത്തപ്പായ് നെയ്തു വില്ക്കയുമാണു് അയാളുടെ പ്രവൃത്തി. അയാളുടെ ഭാര്യയും അനന്തരവനും ഈ പെൺകുട്ടിയുംമാത്രമേ ആ വീട്ടിൽ അംഗമായിട്ടുള്ളൂ. അവരുടെ ജാതിയെപ്പററി ആക്കും ഒന്നും അറിയാൻ വയ്യാ. ചിലർ ഈഴവരെന്നും മററു ചിലർ ചക്കാലരെന്നും പറയുന്നു. ജാതിഭ്രഷ്ടു്വന്ന സാമന്തന്മാരെന്നും ചിലർ പറയാറുണ്ടു്.

ഞാൻ അന്നു വൈകിയിട്ടും ഉണ്ണിത്താൻവൈദ്യ ൻെറ വീട്ടിൽച്ചെന്നു. ഒരാഴ്ചവരെ അവിടെത്തന്നെ കിട ക്കേണ്ടിവരുമെന്നു ജാനകിയമ്മ അഭിപ്രായപ്പെട്ടതു കേ ട്ടു് ആ പെൺകുട്ടി വളരെ വ്യസനിച്ചിരിക്കയായിരുന്നു. ആ കുട്ടി കിടക്കുന്ന അകത്തു ഞാൻ കടന്നുചെന്നു. എ ന്നെ കണ്ടപ്പോഠം അവഠം തല അല്പം ഉയൎത്തി അത്യുത് കണ്ഠയോടെ ചോദിച്ചു: "അപ്പൂപ്പൻ എന്തു പറഞ്ഞു?"

"വിസമ്മതമൊന്നും പറഞ്ഞില്ല. എങ്കിലും സമ്മ തം പൂൎണ്ണമാണെന്നു് എനിക്കു തോന്നിയതുമില്ല. ഏതാ യാലും സുഖമായിട്ടു പോയാൽ മതി."

"അവരാരെങ്കിലും ഇങ്ങോട്ടു വരുമോ?"

"നിശ്ചയമില്ല. ആട്ടെ, എന്താ പേരു്?"

"സാധാരണ വിളിക്കുന്നതു 'കാവു്' എന്നാണു്"

"കാവിനു് എഴുത്തറിയാമല്ലോ. സമയം പോകു ന്നില്ലെങ്കിൽ വായിക്കാൻ ഞാൻ ഒന്നുരണ്ടു ചെറിയ ക ഥകഠംകൂടി കൊണ്ടുവന്നിട്ടുണ്ടു്."

"വളരെ സന്തോഷം. അപ്പൂപ്പൻെറ കൂടെ താമസ മാക്കിയതിൽപ്പിന്നെ ഒന്നും വായിക്കാൻ സാധിച്ചി ട്ടില്ല."

ഞങ്ങഠം അല്പനേരംകൂടി ഇരുന്നു സംസാരിച്ചു. അ വഠംക്കു മുത്തച്ഛനെ വലിയ ഭയമാണെന്നും ആകപ്പാടെ ഒരു സുഖജീവിതമല്ല അവഠം നയിക്കുന്നതെന്നും ആ സം ഭാഷണത്തിൽനിന്നു മനസ്സിലാക്കി. അവിടെനിന്നും ഇ റങ്ങി ചില പറമ്പുകളിൽക്കൂടി നോക്കിയിട്ടു ഞാൻ വീ ട്ടിലേയ്ക്കു പോന്നു.

UNIVERSITY LIBRARY
DEC 1971

വായനക്കാരിൽ ചിലർ ഹസിക്കുന്നുണ്ടാവും. എങ്കിലും യാഥാർത്ഥ്യം മറയ്ക്കുന്നതിനു മനസ്സുമില്ല. എനിക്കു കാവിനോടുള്ള അനുഭാവം ക്രമേണ അനുരാഗമായി പരിണമിക്കുമെന്നു ശങ്ക തുടങ്ങി. എൻെറ വികാരങ്ങളെ ഞാൻതന്നെ വിശകലനം ചെയ്തു. ആ തേജസ്വിനിയെ കണ്ടുകൊണ്ടിരിക്കാൻ തോന്നുന്ന ആഗ്രഹം പ്രേമത്തിൻെറ ആരംഭമായിട്ടേ എനിക്കു വ്യാഖ്യാനിക്കാൻ സാധിച്ചുള്ളൂ. ജാതിവ്യത്യാസം, സ്ഥിതിവ്യത്യാസം എന്നിവയൊക്കെ എൻെറ വികാരഗതിയെ നിരോധിക്കാൻ പര്യാപ്തമാകുമോ എന്നു സംശയമായി. ഏതായാലും ഇതു നിയന്ത്രിക്കണമെന്നു നിശ്ചയം ചെയ്തു. അടുത്ത ദിവസം അങ്ങോട്ടു പോകാതെകഴിക്കാൻ ശ്രമിച്ചുവെങ്കിലും സാധിക്കാതെയാണു് വന്നതു്. എന്തിനു്? രണ്ടു മൂന്നു ദിവസം കഴിഞ്ഞു. ഞാനും കാവുമായി വലിയ 'ലോഗ്യ'ത്തിലായി. നാട്ടിലുള്ള ഏതാനും ചിലരൊക്കെ ദുരുഹങ്ങളെ ആസ്പദമാക്കി ചിലതൊക്കെ പിറുപിറുത്തതായും ഞാൻ അറിയാതിരുന്നില്ല.

ഞങ്ങളുടെ വലിയപറമ്പിൽ തേങ്ങാവെട്ടുദിവസമാണു്. ഞങ്ങളുടെ കൃഷിക്കാരനായ രാമസ്സാരു് അങ്ങോട്ടുമിങ്ങോട്ടും പറമ്പിൽ ചുററി നടക്കുന്നു. അഞ്ചെട്ടു തണ്ടാന്മാർ കേറാനുള്ളതുകൊണ്ടു കുറവരു തേങ്ങാ കൊണ്ടു പോകാതെ സൂക്ഷിക്കാൻ വളരെ ഞെരുക്കമുണ്ടു്. ഞാനും കണ്ണുകൾ പറമ്പൊട്ടുക്കു വ്യാപരിച്ചുകൊണ്ടിരുന്നു. "അപ്പൻ വന്നില്ലെങ്കിൽ ഞാനിതാ പോകുന്നു, എനിക്കു വിശക്കുന്നു" എന്നു സരോജം അടുത്തിരുന്നു മുറുമുറുത്തു. രാ

മശ്ശാരോടു സൂക്ഷിച്ചുകൊള്ളണമെന്നു പറഞ്ഞിട്ടു ഞാനും സരോജവും കൂടി വീട്ടിലേയ്ക്കു പോയി. എന്നെ കാത്തു പടിക്കൽ നിന്നിരുന്ന ഒരാളെ ചൂണ്ടിക്കൊണ്ടു ഭാസ്കരൻ ചോദ്യം തുടങ്ങി: "ഇയാൾ വന്നിട്ടു ഒരുപടി നേരമായി. അപ്പനിത്ര താമസിച്ചതെന്താ? തേങ്ങാവെട്ടു കഴിഞ്ഞോ?"

ഞാൻ വന്നയാളോടു ചോദിച്ചു: "എവിടുന്നാണു്? കാര്യം പറയൂ. കുറച്ചു ധൃതിയുണ്ടു്."

"വെളുത്ത കോരുൻെറ അനന്തരോൻ കേയവനാ. കാവിനെ ഇന്നു മാറുണമെന്നുണ്ടു്. ആടെ കൂടെ വരുമോ?"

അയാൾ നീളംകൂടി കറുത്ത ഒരു മനുഷ്യനാണു്. മുഖത്തു് ഒരു നീചത്വമാണു് ഞാൻ കണ്ടതു്. അക്ഷരാഭ്യാസംപോലുമില്ലെന്നു് അവൻെറ സംസാരത്തിൽനിന്നൂഹിച്ചു. ഞാൻ പറഞ്ഞു: "ആട്ടേ, ജാനകിയമ്മയോടു ചോദിക്കാം. വൈകീട്ടു് അങ്ങോട്ടു വരിക."

"വല്ലടോം ഇടാനല്ല, അവളു കണ്ടവരെക്കൊണ്ടു് അനാവശ്യം പറയിക്കാൻ."

"വൈകിട്ടാകട്ടെ. ഗോവിന്ദനെ കണ്ടാലോചിക്കാം."

"എന്താലോശന?"

ഞാൻ നാണുവിനെ വിളിച്ചു. എനിക്കു് അധികം സംസാരിക്കാൻ സമയമില്ലെന്നു് അയാളെ മനസ്സിലാക്കാൻ പറഞ്ഞിട്ടു ഞാൻ അകത്തേയ്ക്കു പോയി.

അഞ്ചരമണിയോടുകൂടി ജോലി ഒതുങ്ങി. ഞാൻ ഒരു വടിയുമെടുത്തു് ഉണ്ണിത്താൻവൈദ്യൻെറ വീട്ടിലേയ്ക്കു നടന്നു. പടി കടന്നപ്പോൾത്തന്നെ കാവിൻെറ മുറിയിൽ ആരോ ഉണ്ടെന്നു മനസ്സിലായി. "നിന്നെ ഒരു പാഠം പഠിപ്പിച്ചേ വിടൂ" എന്നു് ഒരു പുരുഷൻെറ സ്വരം കേട്ടു. ഞാൻ ഓടി മുറിക്കകത്തു് എത്തിയപ്പോൾ കണ്ടതു പഴേവീട്ടിൽ കുഞ്ഞുരാമൻപിള്ളയുടെ കൈകളെ വിടുവിക്കാൻ കാവു് അതിപ്രയത്നം ചെയ്യുന്നതായിരുന്നു. 'ആഭാസത്തരം' കാണിക്കുന്നോ എന്നലറിക്കൊണ്ടു ഞാൻ കുഞ്ഞുരാമൻപിള്ളയുടെ കൈക്കു് ഒരു തട്ടു കൊടുത്തു കഴുത്തിൽ പിടിച്ചു പുറത്തേയ്ക്കു തള്ളി. 'തനിക്കെന്തു കാര്യം' എന്നു പറഞ്ഞു മുന്നോട്ടു കുതിച്ച അയാൾ വടിയിൽനിന്നു വാൾ ഊരുന്നതു കണ്ടപ്പോൾ എന്തൊക്കെയോ പുലമ്പിക്കൊണ്ടു പടിയിറങ്ങി അങ്ങു പോയി. അധമ്മപരമായ ഈ സാഹസത്തിനു് ഇയാൾ മുതിരുമെന്നു് ഇതിനുമുമ്പേ കാവിനു് അറിയാമായിരുന്നു എന്നും ജാനകിയമ്മ ഇല്ലാതിരുന്ന അവസരം അറിഞ്ഞുവന്നതായിരിക്കുമെന്നും മറ്റും കാവു പറഞ്ഞു ഞാൻ മനസ്സിലാക്കി. അവൾ തുടന്നു:

"കേശവൻചേട്ടൻ നേരത്തെ വന്നു വളരെ ദേഷ്യപ്പെട്ടു. അവിടന്നും ഞാനുമായി സ്നേഹമാണെന്നു് എല്ലാപേരും പറയുന്നുപോലും."

"അതിനെന്താണു്?"

"എന്നെക്കൊല്ലുമെന്നു ഭയപ്പെടുത്തി."

"കാവിനു് എന്നെ സ്നേഹിക്കാൻ ഭയമുണ്ടോ?"

"നമ്മുടെ സ്നേഹം നിലനില്ക്കയില്ല. പിന്നെന്തിനാണു്? എങ്കിലും എന്നെ വളരെ സഹായിച്ച ആളെ ഞാൻ മറക്കുമോ?"

"എന്നേയ്ക്കും എന്നെ സ്നേഹിക്കരുതേ?"

കാവു് ഒന്നും മിണ്ടിയില്ല. ഞാൻ കാവിൻെറ മൃദുവായ കൈ പിടിച്ചുകൊണ്ടു ചോദിച്ചു: "ഞാൻ വിവാഹം ചെയ്യുന്നതു കാവിനു സമ്മതമാണോ?"

അവൾ അമ്പരന്നുപോയി. അവൾക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല. "എന്തു്! നൊണ പറയുമോ അവിടന്നു്?"

"യഥാൎത്ഥമായിട്ടു പറയുകയാണു്. കാവിനോടു് എനിക്കു വലുതായ സ്നേഹമുണ്ടു്, സമ്മതമുണ്ടെങ്കിൽ—"

എൻെറ ഹൃദയം സ്പന്ദിക്കുന്നതു് എനിക്കു കേൾക്കാമായിരുന്നു.

"കേശവൻചേട്ടൻ........"

"അയാൾ എന്തു ചെയ്യാനാണു്?"

"മുത്തച്ഛൻെറ അഭിപ്രായം അങ്ങനെയാണു്."

"പറയൂ. കാവിൻെറ ദാസനാണു് ഞാൻ. കാവില്ലെങ്കിൽ എൻെറ ജീവിതം ശൂന്യമാണു്. ഉപേക്ഷിക്കരുതേ—"

"നമ്മുടെ ജാതി—" അവൾ അദ്ധോക്തിയിൽ നിർത്തി.

"ഞാൻ ജാതി നോക്കുന്നില്ല. പറയൂ, വേഗമാകട്ടെ. ജാനകിയമ്മ ഇതാ വരുന്നു."

കാവു മൗനം ദീക്ഷിക്കുന്നതു കണ്ടു. എനിക്കു് എന്നെത്തന്നെ നിയന്ത്രിക്കാൻ കഴിയാതായി. എന്റെ വികാരപരമ്പരകൾ കാവിന്റെ കവിൾത്തടങ്ങളിൽ ഒരു ചുംബനവർഷം ചെയ്തു എന്നു പറയാൻ എനിക്കു നാണമില്ലാതില്ല. ഏതായാലും വിവാഹനിശ്ചയം അങ്ങനെ നടന്നു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. ജാനകിയമ്മയോടു് അന്നേരം ഇതു പറയുവാൻ എനിക്കു സമയമില്ലാഞ്ഞിട്ടു് അധികമൊന്നും സംസാരിക്കാതെയാണു് ഇറങ്ങിപ്പോയതു്. അന്നു വീട്ടിലെത്തിയതു കുറെ ഇരുട്ടിയിട്ടാണു്. അത്താഴം കഴിഞ്ഞപ്പോൾ എനിക്കു് ഒരു തലവേദന തുടങ്ങി. നേരം വെളുത്തപ്പോൾ അസാമാന്യമായി പനിയുമുണ്ടായിരുന്നു. തല പൊക്കാൻകൂടി വയ്യാതായി. 'കുണ്ടറ' അപ്പോത്തിക്കരിക്കു് ആളയച്ചു.

നേരം എട്ടുമണിയായപ്പോൾ ജാനകിയമ്മ പരിഭ്രമിച്ചു വന്നു് എന്റെ കട്ടിലിനു് അടുത്തു നിന്നു പറഞ്ഞു: "കാവിനെ പിടിച്ചുകൊണ്ടു പോയി. ആ കേശവനും കുഞ്ഞുരാമൻപിള്ളയുംകൂടി. ആ മുതുക്കശവം ഇന്നു കുഞ്ഞിനെക്കൊല്ലും. എന്താ ചെയ്ക?"

ഞാൻ വളരെ പരുങ്ങി. എണീക്കാൻകൂടി വയ്യാത്ത ഞാൻ എന്തു ചെയ്യും? ഇതികർത്തവ്യതാമൂഢനായി ഞാൻ കിടന്നു് അമ്പരക്കുന്നതു കണ്ടു ജാനകിയമ്മ പറഞ്ഞു:

"ആകട്ടെ, ഞാൻ പോയി തിരക്കി വരാം. ഉടനെ തന്നെ ആരെയെങ്കിലും അയയ്ക്കാം—വ്യസനിക്കണ്ടാ."

ജാനകിയമ്മ പുറപ്പെട്ടു. ഞാൻ പറഞ്ഞു: "നിവൃത്തിയുള്ള സഹായം ചെയ്യണേ. എനിക്കു് ഒന്നും വയ്യാ. രാമച്ചാരെക്കൂടി അയയ്ക്കാം."

ജാനകിയമ്മ വേഗം പോയി. അപ്പോത്തിക്കരി വന്നപ്പോഴേയ്ക്കും എനിക്കു നല്ല ബോധംതന്നെ ഇല്ലാതായി. അസ്പഷ്ടമായ ഒരു ഓൎമ്മയേ എനിക്കുള്ളൂ എന്നായി. ശീതജ്വരമായി കലാശിക്കുമോ എന്നദ്ദേഹം സംശയിച്ചു. അങ്ങനെ മൂന്നു ദിവസം കഴിഞ്ഞു. നാലാംദിവസം രാവിലെ അപ്പോത്തിക്കരി വന്നപ്പോൾ എനിക്കു് എണീററിരിക്കാറായിരിക്കുന്നു. ഞാൻ അപ്പോത്തിക്കരിയോടന്വേഷിച്ചു:

"ഇനി ടൈഫോയിഡു് ആകുമോ?"

"ഇല്ല. സൂക്ഷിക്കണം. പൾസു് വളരെ ബലം കുറഞ്ഞിരിക്കുന്നു."

"പുറത്തിറങ്ങാമെങ്കിൽ സ്വല്പം നടക്കുന്നതിനു വിരോധമുണ്ടോ?"

"പാടില്ല."

ഞങ്ങൾ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ വാല്യക്കാരൻ നാണു ചെറിയൊരെഴുത്തു കൊണ്ടുവന്നു് എന്റെ കൈയിൽ തന്നു. അതിങ്ങനെയാണു്:

"എന്റെ കാൎയ്യം വലിയ തകരാറിലാണു്. മുത്തച്ഛൻ എന്നെ നല്ലതുപോലെ തല്ലി. ഇന്നു രാത്രിയിൽ 'മുണ്ടുകൊട' നിശ്ചയിച്ചിരിക്കുന്നു. കേശവൻചേട്ടനാണു് വരൻ. ഞാൻ ഏഴുമണിയോടുകൂടി ഇവിടം വിടുകയല്ലേ

നല്ലതു്? ഉടൻ അറിയിക്കണം. അവിടുന്നു് ഇങ്ങനെ കിടക്കുമ്പോൾ ഞാൻ വേറെ എന്തു ചെയ്യണമെന്നു് അറിയാതെ പരുങ്ങുന്നു. സുഖക്കേടു കുറെ ഭേദമുണ്ടെന്നറിഞ്ഞു സന്തോഷിക്കുന്നു.

എന്നു പരിഭ്രമത്തോടുകൂടി
സ്വന്തം കാവു്."

കത്തു വായിച്ചു തലയിണയുടെ കീഴിൽ വെച്ചു. അപ്പോത്തിക്കരിയുമായി യാത്ര പറഞ്ഞു ഭാസ്കരനെ വിളിച്ചു കടലാസ്സും പേനയും വരുത്തി. എൻെറ മരുമകൻ കൊച്ചുകുട്ടൻ വരാനായി ഒരത്യാവശ്യക്കത്തെഴുതി ഒരുത്തൻെറ കൈവശം കൊടുത്തയച്ചിട്ടു കാവിനും ഒരു കത്തെഴുതി.

"രാത്രി ഏഴേമുക്കാൽ മണിക്കു അരശുമൂട്ടിൽ എൻെറ വടിവാളോടുകൂടി നില്ക്കുന്ന ആളിൻെറ കൂടെ പോരുക. നാലുദിവസത്തിനകം കാണാം." എന്നുമാത്രമേ അതിൽ എഴുതിയുള്ളു.

പന്ത്രണ്ടു മണിയോടുകൂടി കുട്ടൻ വന്നു. വിവരം അയാളെ ധരിപ്പിച്ചു. വിജാതീയവിവാഹം അയാൾക്കു രസമല്ലെങ്കിലും, കാവിനെ അന്നു രാത്രിതന്നെ തിരുവനന്തപുരത്തേയ്ക്കു കൊണ്ടുപോകാമെന്നും എൻെറ സ്നേഹിതൻ വക്കീൽ മിസ്റ്റർ കൃഷ്ണൻകർത്താവിനെ ഏല്പിക്കാമെന്നും ഏററു. അന്നത്തെ ദിവസവും കഴിഞ്ഞു. പിറേറദിവസമായപ്പോൾ കാവിൻെറ നാടുവിട്ടുപോകൽ അവിടെയൊക്കെപ്പരന്നു. വെളുത്ത ഗോവിന്ദൻെറ ക്രൂര

ഹൃദയമുണ്ടോ പശ്ചാത്തപിക്കുന്നു! എന്റെ പനി മൂന്നു ദിവസംകൊണ്ടു നിശ്ശേഷം ഭേദമായി.

തിരുവനന്തപുരത്തു ചെന്നു കൃഷ്ണൻകൎത്താവിന്റെ താമസസ്ഥലത്തു പോയികണ്ടപ്പോൾ കാവു വളരെ സന്തോഷിച്ചു. മിസ്റ്റർ കൎത്താവിന്റെ അഭിപ്രായപ്രകാരം ഞങ്ങളുടെ വിവാഹനിശ്ചയം വീരകേസരിയിൽ പ്രഖ്യാപനം ചെയ്തു. ബ്രഹ്മസമാജപുരോഹിതനുമായി വേണ്ട ഏൎപ്പാടുകളൊക്കെ ചെയ്തു. വളരെ അടുത്ത മിത്രങ്ങൾക്കു ക്ഷണക്കത്തുകളും എഴുതിയിട്ടു തിരികെ വന്നു.

ഗോവിന്ദൻ വന്നു വീട്ടിൽ കാത്തുനില്ക്കുന്നുണ്ടായിരുന്നു. അയാളുടെ മുഖത്തു കോപഭാവമൊന്നും കണ്ടില്ല. അല്പം പുഞ്ചിരിയോടുകൂടി "ഈ നിശ്ചയമൊന്നും ഞാൻ അറിഞ്ഞില്ല. എന്നെ അറിയിക്കേണ്ട ആവശ്യവുമില്ല. അറിയിക്കേണ്ടവർ വന്നിട്ടുണ്ടു്. അങ്ങോട്ടു വരണം" എന്നു പറഞ്ഞതു കേട്ടു ഞാൻ കുറച്ചു് അത്ഭുതപ്പെട്ടു.

ഞാൻ കൂടെ പോയി. അയാളുടെ വീട്ടിൽ ചെന്നു. അവിടെ ഇരുന്ന ഒരാളെ ചൂണ്ടിക്കാണിച്ചുകൊണ്ടു് "അദ്ദേഹത്തോടു ചോദിച്ചോളു" എന്നു ഗോവിന്ദൻ പറഞ്ഞു.

"നിങ്ങൾ ആരെന്നു മനസ്സിലാകുന്നില്ല—ഞാൻ 'കാവി'നെ വിവാഹം ചെയ്വാൻ ഒരുങ്ങുകയാണു്. നാം തമ്മിലുള്ള ബന്ധം എന്താണെന്നറിയിക്കണം."

ആ അപരിചിതൻ പറഞ്ഞു: "കാവു് എന്റെ മകളാണു്. ഞാൻ ചെറിയ കോവിലകത്തു് ആദിത്യവൎമ്മരാജാവാണു്. കാവിന്റെ അമ്മയാണു് ആ നില്ക്കു

ന്നതു്." ഒരു മുപ്പത്തഞ്ചു വയസ്സുള്ള സ്ത്രീയെ ചൂണ്ടിക്കാണിച്ചുകൊണ്ടു് അയാൾ തുടൎന്നു: "അവർ ഒരു നമ്പൂതിരിസ്ത്രീയാണു്. ഞങ്ങൾ തമ്മിലുള്ള ബന്ധം അനാച്ഛാദിതമാകാതെ ഇരുന്നപ്പോളുണ്ടായ കുഞ്ഞാണു് കാവു്. അവളെ പന്ത്രണ്ടു വയസ്സുവരെ വളൎത്തിയതു് എൻെറ സ്നേഹിതൻ ഒരു വക്കീലായിരുന്നു. അയാളുടെ മരണശേഷമാണു് ഇയാളെ ഏല്പിച്ചതു്. ഇയാൾ കുടുംബത്തിലെ ഒരു പാട്ടക്കാരൻ നായരാണു്. പക്ഷേ കുറെ താഴ്ന്ന നായരാണു്, അത്രേ ഉള്ളൂ. ഞങ്ങൾ തമ്മിൽ 'വിവാഹം' നടത്തിയിട്ടു നാലു കൊല്ലമേ ആയുള്ളൂ. ബോംബേയിൽവെച്ചായിരുന്നു അതു്. പിന്നെ ഇപ്പോഴാണു് നാട്ടിലേയ്ക്കു തിരികെ വരുന്നതു്. വന്ന ഉടൻതന്നെ കാവിൻെറ കാൎയ്യം അറിയാനുള്ള തിടുക്കംകൊണ്ടു് ഇവിടെ വന്നപ്പോൾ സംഗതി മനസ്സിലായി. വളരെ സന്തോഷമായി. വിവാഹത്തിനു ഞങ്ങൾകൂടി വരുന്നു."

സന്തോഷാധിക്യംകൊണ്ടു് ഇടറുന്ന സ്വരത്തിൽ ഞാൻ പറഞ്ഞു: "നമുക്കു വീട്ടിലേയ്ക്കു പോകാം."

ഞങ്ങൾ അന്നുതന്നെ തിരുവനന്തപുരത്തേയ്ക്കു പോയി. മിസ്റ്റർ രാജാവു്, കാവിനു വിചാരിച്ചിരുന്ന പേരു് 'ഊൎമ്മിള' എന്നായിരുന്നെന്നു പറകയാൽ ആ പേരിലാണു് വിവാഹം നടത്തിയതു്.

,പ്രാൎത്ഥനാസമാജത്തിൽനിന്നു (ബ്രഹ്മോമന്ദിരം) ഞാൻ പുറത്തേയ്ക്കു് അലംകൃതയായ ഊൎമ്മിളയുമായി ഇറങ്ങിയപ്പോൾ "അപ്പാ, ഈ കൊച്ചമ്മ മിടുമിടുക്കിയാണോ?" എന്നു ചോദിച്ചുംകൊണ്ടു സരോജം ഊൎമ്മിളയുടെ കൈയിൽ തൂങ്ങുന്നുണ്ടായിരുന്നു.

## 11. ബാഷ്പബിന്ദു

ഞാൻ അന്നു ഫെർഗ്ഗുസൻകാളേജിൽ ഓണേഴ്സിനു വായിക്കുകയായിരുന്നു. പൂനയിൽ വളരെ ആൾത്തിരക്കില്ലാത്ത സോമവാർപെട്ടിലെ ലക്ഷ്മീമന്ദിർ എന്ന വീട്ടിൽ എൻെറ മുറിയുടെ ജനാലയിലൂടെ പുറത്തേയ്ക്കു ചിന്താമഗ്നനായി നോക്കിനില്ക്കുമ്പോൾ ആരോ കതകിൽ മുട്ടി. 'മേനോൻ ഹലോ' എന്നു ശബ്ദിച്ചു. 'ഹലോ' എന്നു ഞാൻ കതകു തുറന്നു. തപ്പാല്ക്കാരൻെറ കൈയിൽനിന്നു കത്തുകൾ വാങ്ങി പൊളിച്ചു വായിച്ചു. ഒന്നു് അമ്മയുടേതായിരുന്നു. കല്പനക്കാലത്തു നാട്ടിൽ വരാതെ അവിടെ താമസിക്കണ്ടാ എന്നും ഉടൻ പുറപ്പെടണമെന്നും അമ്മ എഴുതിയിരിക്കുന്നു. ഏതായാലും അന്നു വൈകീട്ടു കാളേജു് പൂട്ടിയാൽ രാത്രിയിലെ ബാംബേമെയിലിൽ മലബാറിലേയ്ക്കു തിരിക്കാൻ തീച്ചപ്പെടുത്തി.

ഞാൻ ഒലവക്കോട്ട സ്റ്റേഷനിൽ എത്തിയതു് ഏ താണ്ട 4½ മണിയായപ്പോളാണു്. നേരം പ്രകാശമായ പ്പോൾ ഞാൻ അച്ഛൻെറ വീടായ പാലിയക്കര എത്തി. കാര്യസ്ഥൻ കുഞ്ഞിക്കണ്ണൻനായരാണു് ആദ്യം എന്നെ കണ്ടതു്. "അച്ഛനും അമ്മയും ഉണ്ടന്നോ" എന്നു ഞാൻ ചോദിച്ചു. "ഉണ്ടന്നു പത്തായപ്പുരയിൽ ഇരിക്കുന്നതേ യുള്ളൂ" എന്നു നായർ പറഞ്ഞു. അവരെക്കാണാനുള്ള പരിഭ്രമംകൊണ്ട ഷൂസഴിക്കാതെ കോണി കയറിച്ചെന്നു് അച്ഛനെയും അമ്മയെയും കണ്ടു.

അമ്മ ഗദ്ഗദത്തോടെ പറഞ്ഞു: "അപ്പു, കുപ്പാ യം അഴിച്ചു വരൂ. ചായ കാലായിക്കാണും."

അച്ഛൻ ചോദിച്ചു: "നിനക്കു് ഏതാണ്ട പരീക്ഷ യുണ്ടെന്നു് എഴുതിയല്ലോ. അതു കഴിഞ്ഞുവോ?"

"കഴിഞ്ഞു."

അഴിവാതിലിലൂടെ ഞാൻ ഉത്കണ്ഠയോടെ എട്ട കെട്ടിലേയ്ക്കു് ഒന്നു നോക്കി. രണ്ടാംനിലയിലെ ജനാല യിൽ എൻെറ അച്ഛൻെറ മരുമകൾ സൗദാമിനിക്കുട്ടി അഴിഞ്ഞ കചഭാരവും വാടിയ മുഖവുമായി നില്ക്കുന്നതു കണ്ടു. ഞാൻ കുറച്ചൊന്നു വല്ലായ്മപ്പെട്ടു: "അമ്മേ!"

ഞാനിത്രമാത്രം പറഞ്ഞു വിരമിച്ചു്, താഴോട്ട ഇറ ങ്ങിപ്പോന്നു. അമ്മ എൻെറ പുറകിൽ വന്നു്, "എന്താ, അപ്പു വിളിച്ചതു്" എന്നു തിരക്കി.

"സൗദത്തിനു സുഖമല്ലേ?"

"അതേ, അതേ."

ഞാൻ കുപ്പായവും മററും അഴിച്ചുകഴിഞ്ഞപ്പോഴേയ്ക്കും ബാലൻ എൻെറ പല്ലുതേയ്ക്കലിനു ഒരുക്കിയിരുന്നു. ഞാൻ സാവധാനത്തിൽ പല്ലു തേച്ചു ചായയും കഴിച്ചു തെക്കേ വ്രാന്തയിൽ വന്നുനിന്നു. അമ്മ അടുത്തു വന്നു പൂനയിലെ വർത്തമാനങ്ങൾ ചോദിച്ചുതുടങ്ങി. കുറെ കഴിഞ്ഞപ്പോൾ ഞാൻ ചോദിച്ചു: "അമ്മേ, എന്താ, സൗദം വല്ലാതെ നിന്നതു്?"

"വല്ലായ്മയ്ക്കു കാരണം ഒന്നും ഇല്ല്യോ. കുട്ടിയുടെ സ്വയംവരം ആലോചിക്കുന്നുണ്ടു്, അത്രേയുള്ളൂ."

ഞാൻ ഉത്കണ്ഠയോടെ ചോദിച്ചു: "ആരാ, അമ്മേ?"

"അതോ", അമ്മ ചെറിയ കണ്ണുകൾ കുറച്ചു ചിമ്മിയിട്ടു പറഞ്ഞു: "ആ സ്വർണ്ണത്തെ നമ്പൂതിരിയാണത്രേ."

"എന്താ അങ്ങനെ?"

"ആവോ!"

കുറെ നേരം ഓരോരോ ചിന്തകൾക്കു വശപ്പെട്ടു ഞാൻ നിന്നുപോയി. സൗദം കുളി കഴിഞ്ഞു് എൻെറ അകത്തിൻെറ പിന്നാപ്പുറത്തുള്ള പൂവാടിയിലേയ്ക്കു പോകുന്നതു കണ്ടു്, ഞാൻ അങ്ങോട്ടു ചെന്നു. സൗദത്തിനെ വായനക്കാർ കണ്ടിരിക്കയില്ല. ഇരുനിറം, നീണ്ടുചുരുണ്ട മുടി, ഇരുണ്ട പുരികങ്ങൾ, നുണക്കുഴി, അസാധാരണസ്ഫീതമുള്ള ചെറിയ മുഖം—അതാണു് സൗദം. കുളി കഴിഞ്ഞു് ഈറൻ മാറാതെ ഒന്നു മടക്കിച്ചുററി ബാടിയു

ടെ മുകളിൽ ബ്ളൗസും മേൽമുണ്ടും നനച്ചുവാരിയിട്ടു വേറെട്ടക്കാത്ത തലമുടിയുമായി അവൾ ഒരു റോസാച്ചെടിയുടെ അടുത്തു ചെന്നുനിന്നു. ഞാൻ അഴിവാതിലിൽ നില്ക്കുന്നതു് അവൾക്കു കാണാമെന്നു തോന്നുന്നു. സൗദത്തിൻെറ ആ നില്പിൽ ഞാൻ കണ്ട ആകർഷകത്വം ഹൃദയാവർജ്ജകംതന്നെയായിരുന്നു. ഞാൻ ഹാൻഡ്ക്യാമറാകൊണ്ടു പെട്ടെന്നു ഛായയെടുത്തതു് അവൾ അറിഞ്ഞതേ ഇല്ല.

ഞാൻ അവളെ വിളിച്ചു: "സൗദം ഇതിലേ വരൂ."

"തൊഴുതിട്ടു വരാം."

ഇത്രയും പറഞ്ഞു് അവൾ പോകയും ചെയ്തു.

അച്ഛൻെറ തറവാടായ പാലിയക്കരഇടത്തെപ്പററി വായനക്കാരെ കുറച്ചു മനസ്സിലാക്കട്ടെ. തെക്കേമലയാളത്തിൽ ഇത്ര ധനാഢ്യനായ ഒരാൾ വേറെ ഉണ്ടോ എന്നു സംശയമാണു്. വലിയ സ്ഥാനിയും ജന്മിയുമാണു് അച്ഛൻ. അവിടെ ബ്രാഹ്മണസംബന്ധംമാത്രമേ പതിവുള്ളൂ. അച്ഛനു മരുമക്കളായി രണ്ടു പുരുഷന്മാരും രണ്ടു പെൺകുട്ടികളുംമാത്രമേയുള്ളൂ. ഇളയ കുട്ടിയാണു് സൗദാമിനി. ഈ കഥ നടന്ന കാലത്തു് അവൾക്കു വയസ്സു് ഏതാണ്ടു പതിനാറായിക്കാണും. എനിക്കു കുട്ടിയെ—അങ്ങനെയും ഞാൻ ചിലപ്പോൾ വിളിക്കാറുണ്ടു്—വലിയ സ്നേഹമാണു്. യഥാർത്ഥത്തിൽ അതു് അനുരാഗംതന്നെയാണു്. കുടുംബസ്ഥിതി ആലോചിച്ചു ഞാൻ ഇതേവരെയും ഗോപനംചെയ്തുവെച്ചുവരികയാണു്. സൗദത്തിനുതന്നെ അതറിയാമോ എന്നു സന്ദേഹമാണു്.

ഞാൻ സൗദത്തിനെ പിന്നെ കണ്ടതു് അന്നു പ ത്തുമണിക്കാണു്. ഇടംവക ഗ്രന്ഥശാലയായി സങ്കല്പി ക്കപ്പെട്ടിരിക്കുന്ന പടിഞ്ഞാറെ പത്തായപ്പുരയുടെ മോ ളിൽ ഞാൻ ഏതോ പത്രം മറിച്ചുനോക്കിനില്ക്കുയായിരു ന്നു. സാവധാനത്തിലുള്ള കാൽനടയുടെ ശബ്ദം കേട്ടു തി രിഞ്ഞുനോക്കിയപ്പോൾ കണ്ടതു സൗദത്തെയാണു്. അ വൾ ഒന്നും മിണ്ടാതെ നില്ക്കുയാണു്. ഞാൻ നേരമ്പോ ക്കിൽ ചോദിച്ചു: "കുട്ടീ, എന്താ മിണ്ടാത്തതു്? വാക്കി നു ഇത്രകണ്ടു വില കൂട്ടരുതലോ? വലിയ നമ്പൂതിരി സ്വ യംവരത്തിനു ഭാവമുണ്ടെന്നുവെച്ചു് ഈ സാധുവിനെ മറ ന്നായിരിക്കോ?"

"എന്തു്! ഏട്ടനെന്തേ പറഞ്ഞതു്? ഞാൻ........."

തൊണ്ട ഇടറുകയാൽ അവൾക്കു നിറുത്തേണ്ടിവ ന്നു. അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകി. ഞാനാശ്വസി പ്പിച്ചുകൊണ്ടു പറഞ്ഞു: "കരയണ്ടാ, സൗദം. കുട്ടി കരയു ന്നതു് എനിക്കു കാണുക വയ്യാ. ഞാൻ അബദ്ധം പറഞ്ഞ താണു്."

അവൾ ഗദ്ഗദത്തോടെ പറഞ്ഞു: "ഏ—ഏട്ട നെന്തേ അങ്ങനെ പറഞ്ഞതു്?"

സൗദാമിനി വേഗം താഴോട്ടിറങ്ങി അകായിലേയ്ക്കു പോയി.

എനിക്കു പണ്ടത്തെപ്പോലെ സൗദാമിനിയെ കാണാ നോ സ്വാതന്ത്ര്യത്തോടെ സല്ലപിക്കാനോ സൗകര്യമില്ല. മനസ്സുഖമില്ലാതെ ദിവസങ്ങൾ ഞാൻ കഴിച്ചുകൂട്ടിത്തു ടങ്ങി.

സൗദാമിനിയുടെ ഛായ എടുത്തു ഞാൻ 'വാഷ്' ചെയ്തു ശരിയാക്കി. എനിക്കു ചിത്രകലയിൽ കുറച്ചു വാസനയുണ്ടു്. ചായങ്ങൾ മിക്കവാറും എന്റെ കൈയില്ലുണ്ടുതാനും. അതിനാൽ ആ ഛായ എണ്ണച്ചായത്തിൽ എഴുതാൻതുടങ്ങി. മൂന്നുനാലു ദിവസംകൊണ്ടു് എഴുതിത്തീർത്തു. ഇതിനിടയിൽ യാദൃച്ഛികമായി രണ്ടുമൂന്നു കുറി അവളെ കാണാൻകഴിഞ്ഞതല്ലാതെ സ്വൈരമായി സംഭാഷണംചെയ്യാൻ സാധിച്ചിട്ടില്ല. ഈറനും ചുററി പൂവറുത്തുകൊണ്ടു നില്ക്കുന്ന ആ രൂപം ആ ചിത്രത്തിൽ നോക്കുംതോറും എന്നെ ആവജ്ജിച്ചുവന്നു. ചെറുതായ ഒരു കണ്ണുനീർത്തുള്ളിയുടെ ഗതികൂടി ആ ചിത്രത്തിൽ കാണാനുള്ളതുകൊണ്ടു്, ഞാൻ അതിനു 'ബാഷ്പബിന്ദു' എന്നു പേരിട്ടു. ഒരു സന്ധ്യയ്ക്കു ഞാൻ 'ബാഷ്പബിന്ദു'വിൽ നോക്കി ചിന്താമഗ്നനായി സോഫായിൽ ഇരിക്കയായിരുന്നു. മെല്ലെ വാതിൽ തുറന്നു സൗദാമിനി അകത്തേയ്ക്കു വന്നു.

ഞാൻ പറഞ്ഞു: "കുട്ടീ വരൂ. ഇരിക്കൂ. കുറച്ചു പറയട്ടെ. ഒന്നു കാണാൻപോലും സാധിക്കുന്നില്ലല്ലോ."

അവൾ സംശയിച്ചു നിന്നു.

"ഇരിക്കൂ." ഞാൻ പിടിച്ചു സോഫയിൽ ഇരുത്തി.

സോഫായിൽ ഇരുന്നപ്പോഴാണു്, സൗദാമിനി ആ ചിത്രം കണ്ടതു്. കുറച്ചു് ആശ്ചര്യത്തോടെ അവൾ ചോദിച്ചു: "ഏട്ടൻ എന്നാണു് ഇതെഴുതിയതു്?"

"ഇന്നലെ തീൻ്. ആട്ടെ, ഒരു കാര്യം ചോദിക്കട്ടെ: കുട്ടിയെ ആ നമ്പൂതിരി സംബന്ധംചെയ്യുന്നതു് ഇഷ്ടമാണോ?"

അവൾ ഒന്നും മിണ്ടാതെ മ്ലാനവദനയായി ഇരുന്നു. ആയിടെയെങ്ങും ഞങ്ങൾ അടുത്തടുത്തിരിക്കാറില്ലായിരുന്നു. അവളുടെ അപ്പോഴത്തെ ഇരിപ്പും ആ മുഖത്തിൽ ശോഭിച്ചിരുന്ന തേജസ്സും എന്നെ വല്ലാതെ ചലിപ്പിച്ചു എന്നു വായനക്കാരെ അറിയിക്കാൻ ലജ്ജയുണ്ടു്.

"എൻെറ സൗദം," ഞാൻ കുറേക്കൂടി അടുത്തേയ്ക്കിരുന്നു. താഴ്ന്ന സ്വരത്തിൽ പറഞ്ഞു: "ഈ പൊൻമുഖത്തു ഞാൻ ഒന്നു ചുംബിക്കട്ടെ?"

"അങ്ങനെ പാടുമോ, ഏട്ടാ?"

അവൾ മുഖമൊന്നു പൊക്കി എന്നെ ഹൃദയസ്പൃക്കായി നോക്കി. എന്നിട്ടു പെട്ടന്നെണീറ്റു പോകയും ചെയ്തു. പോയവഴിക്കു് അവളുടെ കണ്ണുകളിൽനിന്നു വീണ ബാഷ്പബിന്ദുക്കൾ നോക്കി നോക്കി ഞാൻ നിശ്ചേഷ്ടനായി ഇരുന്നു.

## 12. അപഥസഞ്ചാരം

സമയം ഏകദേശം എട്ടരമണിയായി. ഞാൻ നൂലു നൂറ്റുകൊണ്ടിരിക്കയായിരുന്നു. "എനിക്കു സ്കൂളിൽ പോകാറായി, അപ്പൻ ഇപ്പോഴെങ്ങും ഉണ്ണാൻ വരുന്നില്ലല്ലോ" എന്നു ഭാസ്കരകുമാരൻ ചോദിച്ചപ്പോൾ "എനിക്കല്പം താമസമുണ്ടു്" എന്നു ഞാൻ ചക്കം മാററിവെച്ചിട്ടു പറഞ്ഞു. ചാമ്പൽ വിതറാൻ കുറെ ആളുകളെ നിർത്തിയിരുന്നതിനാൽ പാടത്തിൽ ഒന്നു ചെന്നു നോക്കണമല്ലോ എന്നു കരുതി ഞാൻ എണീററു പുറത്തേയ്ക്കിറങ്ങി. മനസ്സിനു നല്ല സുഖമില്ലാത്ത ദിവസമാകയാൽ, അശേഷം ഉന്മേഷമില്ലാത്തവനെപ്പോലെ പടിഞ്ഞാറെ പാടത്തിലൂടെ സാവധാനം നടന്നു. കുറവരെയൊക്കെ ഊർജ്ജിതമായി ജോലിചെയ്യാൻ ഉത്സാഹപ്പെടുത്തി, രാമച്ചാരെക്കണ്ടു വേണ്ടതു പറഞ്ഞേല്പിച്ചിട്ടു വീട്ടിലേയ്ക്കു പോന്നു.

കാലിലൊക്കെ ചേറു പററിയതിനാൽ 'ഒന്നുകൂടി കുളിച്ചിട്ടാകാം ഊണു്'' എന്നു കരുതി വടക്കേക്കുളത്തിൽ ചെന്നു. വടക്കേക്കുളത്തിനു കിഴക്കു ഞങ്ങളുടെ വലിയ സർപ്പക്കാവാണു്. വൃക്ഷലതാദികളാൽ നിബിഡമായ ആ കാവിൻെറ പരിസരങ്ങളിൽപ്പോലും ഏതാണ്ടു് ഒരന്ധകാരം സദാ വ്യാപിച്ചുകാണാം. ആ കാവിൻെറ ഉള്ളു ഭയങ്കരമായി തോന്നാത്തവർ വളരെ ചുരുക്കമേ ഉള്ളൂ. കാവിനോടു ചേർന്നു വടക്കേഅരികിൽ ഒരു്ക്കൻഇലഞ്ഞിമരവും ചുററുപാടും പലതരം വള്ളിക്കുടിലുകളും ഉണ്ടു്. തിങ്ങിനില്ക്കുന്ന ഏതാനും വാഴക്കൂട്ടങ്ങളാൽ ഇലഞ്ഞിമൂട്ടിൽ ആരും നിന്നാൽ കുളത്തിൽ നില്ക്കുന്നവക്കു കാണാൻ സാധിക്കയില്ല. ഞാൻ കുളത്തിനരികിലെത്തിയപ്പോരം ആരോ ഇലഞ്ഞിക്കാവിൽ—അങ്ങനെയാണു് ആ ഭാഗത്തെ ഞങ്ങരം വിളിക്കാറു്—ഉണ്ടെന്നു സംശയം തോന്നുകയാൽ ഞാൻ പതുക്കെ അങ്ങോട്ടു ചെന്നു. അവിടെ ഞാൻ കണ്ട കാഴ്ച എൻെറ മനോവിഭ്രമത്തിൻെറ ഫലമായ വല്ല സ്വപ്നവുമാണോ എന്നുകൂടി ആദ്യം ശങ്കിച്ചു. എൻെറ ആകാശഹർമ്മ്യമെല്ലാം അതാ, തകൎന്നുകഴിഞ്ഞു. വളരെ നാളായി, ഞാൻ അച്ചിച്ചുവരുന്ന ആ പ്രേമദേവത—എന്നോടു വേണ്ടതുപോലെ പ്രസാദിക്കാത്ത ആ ദേവത—വേറൊരുവൻെറ ദാസിയെന്നപോലെ പ്രത്യക്ഷമായ പ്രണയത്തെ മുഖരംഗത്തിൽ വ്യാപരിപ്പിച്ചുകൊണ്ടു് ആ വള്ളിക്കെട്ടിലിരുന്നു് ഊഞ്ഞാലാടുന്നു.

മാങ്കാവിൽ ജാനുവിനെ വായനക്കാക്കു പരിചയമില്ലല്ലോ. ഞങ്ങളുടെ നാട്ടിൽ ഇത്ര സൗന്ദര്യമുള്ള വേ

റൊരു സ്ത്രീ തീച്ചയായും ഇല്ല. പൊക്കം അല്പം കുറവാണ്. നിറം നല്ല ചമ്പകപ്പൂവിൻേറതു്. മുഖത്തിൻെറ ആകൃതിയോ നിറത്തിൻെറ നന്മയോ അല്ല ജാനുവിനു് ആകഷകത്വമുണ്ടാക്കുന്നതു്. കറുത്തിരുണ്ട പുരികങ്ങളുടെ അടിയിലായി ആരേയും ഹഠാദാകഷിക്കത്തക്ക നിലയിൽ കാണുന്ന ആ കണ്ണുകളുടെ. സൗന്ദര്യം ഒന്നു പ്രത്യേകംതന്നെയാണു്. ജാനകിയമ്മ ഹൈയർ പാസ്സായിട്ടു രണ്ടു വഷമായിക്കാണും. ഇതിനിടയിൽ അടുത്തതുപ്പൂർഗാൽസ്സുളിൽ ഒരു മിസ്ട്രസ്സുപണിയും ഭാഗ്യവശാൽ ലഭിച്ചിരിക്കുന്നു. പരിഷ്കൃതരീതിയിലുള്ള ജാക്കററും മേൽമുണ്ടും നീട്ടികെട്ടിയ തലമുടിയും ചെറിയൊരു റോസാപ്പൂവുമായി അലഞ്ഞുലഞ്ഞുവരുന്ന ആ മത്തമാതംഗഗാമിനിയുടെ വരവിൽ 'നിലവിട്ടു പകച്ചുനിന്നുപോ'കാത്ത ധീരന്മാർ യുവജനങ്ങളുടെ കൂട്ടത്തിൽ അധികം കാണുകയില്ല. അച്ഛൻെറ മരണശേഷം ഞാൻ പഠിത്തം നിത്തി വീട്ടിൽ താമസിക്കുകയായിരുന്നു. വീട്ടിൽ സ്ത്രീകൾ ആരുമില്ലാത്ത ഈ ഘട്ടത്തിൽ ഒരാളെ വിവാഹം ചെയ്യണമെന്നു അമ്മാവനും മററും നിബ്ബന്ധിച്ചുകൊണ്ടിരുന്നു. ജാനകിയമ്മയുടെ രൂപലാവണ്യം എന്നെ അങ്ങോട്ടാകഷിച്ചിട്ടു നാളു കുറെയായി. എന്നാൽ അവരുടെ 'മോടിയും മോസ്തരും' ഇയ്യുള്ളവൻെറ ധനസ്ഥിതിയെ അപേക്ഷിച്ചു തുലോം ഉപരിയായിരുന്നുവെന്നു ഞാൻ അറിയാതെയുമിരുന്നില്ല. ഈ വ്യത്യാസങ്ങളേതാണ്ടു വിസ്മരിച്ചു്, എൻെറ കൃഷികാര്യത്തിനിടയിൽ സൗകര്യമുള്ളപ്പോൾ ഞാൻ അവരോടു സ്വൈര

സല്ലാപത്തിനു പോരുന്നുണ്ടായിരുന്നു. സത്യമല്ലേ പറയേണ്ടു, എനിക്കു ജാനകിയമ്മയോട് അനുരാഗംതന്നെ. അവരിങ്ങോട്ടു് ഒരു സ്നേഹഭാവംമാത്രമേ പ്രത്യക്ഷപ്പെടുത്തീട്ടുമുള്ളൂ. എൻെറ മോഹനിരകളെ ഭഞ്ജിക്കാൻ പ്രാപ്തമായ ഒരു സംഭവമാണു് ഞാൻ കഴിഞ്ഞ രംഗത്തിൽ വിവരിച്ചതു്. തിരുവനന്തപുരത്തുകാരൻ ഒരു കേശവനുണ്ണിത്താൻ ഏതാനും നാളായി ഒഴിഞ്ഞുകിടക്കുന്ന പോഷ്ടരില്ലത്തു താമസിച്ചു വരികയായിരുന്നു. ആ മനുഷ്യൻ നല്ലൊരു ധനികൻെറ സ്ഥിതിയിലാണു് താമസം. വാല്യക്കാരൻ, മോട്ടോർബൈക്കു്, എന്നു വേണ്ടാ, ഒരന്തസ്സുള്ള കൂട്ടത്തിലാണെന്നൂഹിക്കത്തക്ക ചടങ്ങുകളെല്ലാമുണ്ടു്. ഒന്നോ രണ്ടോ പ്രാവശ്യം ഞാൻ യാദൃച്ഛികമായി അടുത്തു കണ്ടു സംസാരിച്ചിട്ടുണ്ടു്. ചിലരെ കാണുമ്പോൾത്തന്നെ ഒരു വെറുപ്പു് എനിക്കു തോന്നാറുണ്ടു്. ഇഷ്ടാനിഷ്ടങ്ങൾ ഇങ്ങനെ അകാരണമായി തോന്നുന്നതു് എൻെറ സ്വഭാവവൈകല്യംതന്നെയെന്നു ഞാൻ ഏല്ക്കാം. എന്നാലും പലപ്പോഴും, ഈ 'ഭൂതോദയം' ഒരു യാഥാർത്ഥ്യമായി എനിക്കു ബോധപ്പെട്ടിട്ടുണ്ടു്. മിസ്റ്റർ ഉണ്ണിത്താനും ജാനകിയമ്മയുമായി വലിയ ലോഗ്യമാണെന്നു ചില നാട്ടുകാർ മുറുമുറുത്തപ്പോൾ എനിക്കയാളെപ്പററിയുള്ള നീരസം ദൃഢമൂലമായിത്തീൎന്നു. അങ്ങനെയിരിക്കുമ്പോഴാണു് മേൽവിവരിച്ച സംഭവം നടന്നതു്.

അതു നടന്നിട്ടു് ഒരാഴ്ച കഴിഞ്ഞിരിക്കുന്നു. കൊച്ചുനിയൻ (എൻെറ അമ്മയുടെ അനുജത്തിയുടെ മകൻ) ഒരു ചിട്ടിക്കാര്യം പ്രമാണിച്ചു വീട്ടിൽ വന്നു. ഏകദേ

ശം വൈകീട്ടു നാലരമണിയായിക്കാണും. ഞാൻ ചക്കയുമായി വിഹരിച്ചുകൊണ്ടിരിക്കയാണു്. അയാൾ കുട്ടികളോടു നേരംപോക്കും പറഞ്ഞുകൂടിയിരുന്നതിനിടയ്ക്കു പെട്ടന്നെൻെറ മുറിയിൽ കടന്നുവന്നു. അപ്പോൾ ഞാൻ പറഞ്ഞു: "എടോ, ഇന്നേതായാലും പോകണ്ടാ. ചിററമ്മ ശുണ്ഠിയെടുക്കുന്നെങ്കിൽ, കുററം എൻെറ പേരിലാക്കിക്കൊള്ളൂ."

"ചിററമ്മമാത്രമല്ല ശുണ്ഠിയെടുക്കാൻ. അതു പോട്ടെ, ജ്യേഷ്ഠൻ എന്താ വളരെ വല്ലാതെ ഇരിക്കുന്നതു്?"

"ഏയ് പറയത്തക്കതായി ഒന്നുമില്ല."

കൊച്ചനുജൻ വിടാനല്ല ഭാവം: "അതല്ല, എന്നോടു പറയുന്നതിനെന്തുള്ളൂ തരക്കേടു്?"

"എൻെറ വിഡ്ഢിത്തമെല്ലാം തനിക്കറിയണമെന്നു നിർബ്ബന്ധമുണ്ടോ?"

"ആ ജാനകിയമ്മയുടെ കാര്യംകൊണ്ടായിരിക്കാം അല്ലേ? കളയൂ, ജ്യേഷ്ഠാ. നമുക്കു് ആ തലയണശ്ശീലക്കാരിസ്സത്വം വേണ്ടാ. അവളെ ആ ചെകുത്താൻ കൊണ്ടുപോകട്ടെ."

"എൻെറ ഹൃദയം അതിനനുവദിക്കുന്നില്ല. അവരുടെ മനോഗതി പരിശുദ്ധമല്ലെന്നു ഞാൻ അറിയുന്നുണ്ടു്. എങ്കിലും............"

ആ ചെകുത്താനുണ്ണിത്താൻെറ കാര്യത്തിൽ ചില രഹസ്യാന്വേഷണങ്ങൾ നടക്കുന്നതു് അറിഞ്ഞില്ലേ? ഇന്നലെ മുതൽ അയാളെ കാണുന്നില്ല. മംപ്പുറത്തു നില

പറയിൽ മിനിഞ്ഞാന്നു രാത്രിയിൽ ആരോ കേറിയെന്നും വളരെ വിലപിടിച്ച പതക്കങ്ങളും രത്നങ്ങളുമായി കുറെ ദ്രവ്യം കൊണ്ടുപോയെന്നും കേട്ടു.''

“അതു് അയാളായിരിക്കയില്ല. ഇതേവരെ ഞാൻ അറിഞ്ഞില്ലല്ലോ അക്കാര്യം.''

ഞങ്ങൾ ഇങ്ങനെ പറഞ്ഞിരിക്കുന്നതിനിടയിൽ രാമച്ചാരു സംഭ്രമത്തോടുകൂടി ഓടിക്കിതച്ചു വന്നു പറഞ്ഞു: “ഫി—ഫി—ഇൻസ്പെക്കിട്ടറു വന്നിരിക്കുന്നു. മാങ്കാവിലും ഇങ്ങോട്ടും വരുമ്പോലും!''

ഞാൻ ചോദിച്ചു: “രാമച്ചാരു് അതിനിത്ര ഭ്രമിച്ചതെന്തിനാ?''

രാമച്ചാർ ഒന്നും മിണ്ടുന്നില്ല. ഞാൻ കൊച്ചനുജനോടു ചോദിച്ചു: “പരമേശ്വരൻപിള്ളയാണല്ലോ ഇൻസ്പെക്ടർ; അല്ലേ, കൊച്ചനിയാ? കുറെ ചായമോ മറ്റോ ഇടാൻ ഏർപ്പാടു ചെയ്യൂ.''

ഞങ്ങൾ പതിനഞ്ചു മിനുട്ടുനേരം ഈ കവച്ചക്കാര്യവും പറഞ്ഞുകൊണ്ടിരുന്നപ്പോഴേയ്ക്കും പോലീസുകാർ വന്നുചേർന്നു. മിസ്റ്റർ പരമേശ്വരൻപിള്ള ധൃതിയിൽ അടിച്ചുട്ടിലേയ്ക്കു കേറിവന്നു. വന്ന പാടേ പറഞ്ഞു: “വളരെ നേരം സംസാരിക്കാനും വെടിപറയാനും ഇന്നു നേരമില്ല. ക്ഷമിക്കണേ! പേഴരില്ലത്തു താമസിച്ചിരുന്ന ആ ഉണ്ണിത്താനെപ്പറ്റി ചില അന്വേഷണം നടത്താനായി വന്നതാണു്. അയാളെപ്പറ്റി വല്ലതും അറിയാമോ?''

"എനിക്കു പരിചയം നന്നേ കുറച്ചേ ഉള്ളൂ. തിരുവനന്തപുരത്തുകാരൻ ഒരു ഗൃഹസ്ഥനും ഒരിംഗ്ലീഷുകവിയുമാണെന്നൊക്കെ കേട്ടു."

"മാങ്കാവിൽ ജാനകിയമ്മയുടെ സ്വഭാവത്തെപ്പററി എന്താ അഭിപ്രായം?"

ഞാൻ ഒന്നും മിണ്ടിയില്ല. ഇൻസ്പെക്ടർ പരമേശ്വരൻപിള്ള തുടൎന്നു: "വേറെ ഒന്നും സംശയിക്കണ്ടാ. ആ സ്ത്രീയുടെ ഒത്താശയോടുകൂടിയാണോ ഈ കൃത്യം എന്നാണറിയേണ്ടതു്. അവൎക്കുവേണ്ടി ജാമ്യം വാങ്ങിക്കൊണ്ടു പോകയാണു്. ഉണ്ണിത്താൻെറ വക ഒരു തോൽസഞ്ചി മാങ്കാവിൽനിന്നെടുത്തതിൽ കളവുപോയ രത്നങ്ങൾ മിക്കവയും കാണുന്നുണ്ടു്. നാലഞ്ചു ദിവസംമുമ്പു് ഉണ്ണിത്താനും ഈ അമ്മയുമായി നെടുങ്ങോലത്തു രജിസ്റ്റർകച്ചേരിയിൽവെച്ചു് ഒരു രജിസ്റ്റർവിവാഹം നടത്തിയുമിരിക്കുന്നു."

"അവരെ സംശയിക്കാനില്ല എന്നെനിക്കു തോന്നുന്നു. നാളെ ഞാൻ, പക്ഷേ സ്റ്റേഷനിൽ വരാം."

എൻെറ ഭാവത്തിൽനിന്നു സംഭാഷണം നീട്ടുന്നതു് എനിക്കു ഹിതമല്ലെന്നു് ഇൻസ്പെക്ടരും ഊഹിച്ചുവെന്നു തോന്നുന്നു. പോലീസുകാർ പോയി. ഞാനും കൊച്ചനിയനും തനിച്ചായി. മനോവികാരങ്ങൾ വ്യാകുലപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ഞാൻ മൗനംപൂണ്ടവിടെ ഇരുന്നു. ഭാസ്കരൻ സ്കൂളിൽനിന്നു മടങ്ങി എൻെറ അടുത്തു വന്നു ചോദിച്ചു: "അപ്പാ, പോലീസുകാരു വന്നതെന്തിനാ? കുളിച്ചില്ല്യോ അപ്പനിന്നു്?"

"കുളിച്ചു. അച്ഛൻ ഏതോ ഒരു കേസിന്നു വന്നു. കുഞ്ഞു വല്ലതും കഴിക്കൂ. സരോജത്തിനെ ജാനകി പോയി കുളിപ്പിക്കട്ടെ."

ഞാനും കൊച്ചുനിയനും സന്ധ്യയോടുകൂടി ഉലാത്തിവരാനായി പാടത്തേയ്ക്കിറങ്ങിയെങ്കിലും എന്റെ മുഖം മ്ലാനമായിരുന്നെന്നു വായനക്കാരും ഊഹിക്കാതിരിക്കയില്ലെന്നു കരുതുന്നു. മറപ്പുറത്തെ കവച്ചയെക്കാൾ എന്റെ ഹൃദയത്തെ പ്രലോഭിപ്പിച്ചതു ജാനകിയമ്മയുടെ റജിസ്റ്റർവിവാഹമാണ്.

ദിവസം അഞ്ചാറു പിന്നെയും കഴിഞ്ഞു. നേരം സന്ധ്യ കഴിയാറായി. ഞാൻ ഇലഞ്ഞിക്കാവിന്റെ വടക്കേവശത്തുകൂടെ പോകയായിരുന്നു. ആ സ്ഥലത്തിനടുത്തു വരുമ്പോൾ എന്റെ ഹൃദയം തുടിക്ക പതിവാണ്. ചെവി കൊമ്മിച്ചപ്പോൾ ആരോ ഉണ്ടെന്നു സംശയം തോന്നി. എനിക്കു സംഭാഷണം കേൾക്കാൻ കഴിഞ്ഞു: "അതു ശരി. എന്നെക്കൂടെ വട്ടത്തിലാക്കിയതെന്തിനാ?"

അതേ, ഉണ്ണിത്താൻതന്നെ. സ്വരം വ്യക്തമായിട്ടു ഞാൻ കേട്ടു:

"തരക്കേടെന്തു വന്നു? ആ ശപ്പൻ ഇൻസ്പെക്ടർ പറയുംപോലെ അല്ല കേസ്. ആ രത്നങ്ങൾ എന്റെയാണ്. മറപ്പുറത്തു കവച്ചചെയ്തതു പോലീസുകാരുതന്നെ."

"എ, എ!" ജാനകിയമ്മയുടെ ഗദ്ഗദം എനിക്കു കേൾക്കാമായിരുന്നു. "വലിയ കുറച്ചിലായി."

"എൻെറ കൈയിൽ വേണ്ട പണമുണ്ടു്. നമുക്കു പോകാം, പിനാങ്ങിലേയ്ക്കു പോകാം. അവിടെ സുഖമായി താമസിക്കാം."

"വേണ്ടാ, വേണ്ടാ, ഞാൻ ഇവിടെങ്ങാനും കിടന്നു ചത്തോളാം."

"എൻെറ ഭാര്യയാണു് നീ എന്നു് ഓർമ്മിച്ചുകൊണ്ടാണോ സംസാരിക്കുന്നതു്?"

ജാനകിയമ്മ തേങ്ങിക്കരയുന്നതു ഞാൻ കേട്ടു. ഉണ്ണിത്താൻ വീണ്ടും പറഞ്ഞു: "പോലീസുകാർക്കു് എന്നെ പിടിക്കാൻ സാധിക്കയില്ല. മററന്നാൾ ഈ സമയത്തു് ഇവിടെ വരാം. അതിനുമുമ്പെ തീർച്ചപ്പെടുത്തിക്കൊള്ളണം."

ഇലഞ്ഞിക്കാവു നിശ്ശബ്ദമായി. കിഴക്കേക്കയ്യാലയിൽ ഉണ്ണിത്താൻ കേറുന്നതു് എനിക്കു കാണാമായിരുന്നു. ഞാൻ വീട്ടിലേയ്ക്കും പതുക്കെ നടന്നു.

പിറേറ ദിവസവും ഇൻസ്പെക്ടർ വീട്ടിൽ വന്നു. പോലീസന്വേഷണത്തിൻെറ ഫലമായി ഉണ്ണിത്താൻ വലിയൊരു കള്ളനാണെന്നും രണ്ടുരണ്ടു കൊലപാതകം കൂടി ചെയ്തിട്ടുള്ള ആളാണെന്നും കൊച്ചിയിൽ 'കൊച്ചു പോക്കാടൻ' എന്നു പ്രസിദ്ധനായ അക്രമിയാണെന്നും മനസ്സിലായി. അയാളെ ഇലഞ്ഞിക്കാവിൽവെച്ചു് അറസ്ററുചെയ്തു. ജാനകിയമ്മയെ, എൻെറ നിർബ്ബന്ധംകൊണ്ടും മററും, കേസിൽ അകപ്പെടുത്താതെ വിട്ടു. അവർ പിന്നെ സ്കൂളിൽപോകാതെയായി. കൊലപാതകിയുടെ ഭാര്യയെന്ന അവമാനം അവർ എങ്ങനെ സഹി

ച്ചിരിക്കുമോ, എന്തോ! എനിക്കവരെ കാണാൻ കുറെ ദിവസത്തേയ്ക്കു സാധിച്ചതേ ഇല്ല. ഒരു രാവിലെ, ക്ഷേത്രത്തിൽനിന്നു മടങ്ങുമ്പോൾ, ജാനകിയമ്മയെ കാണാൻ ഇടവന്നു. എൻെറ ഹൃദയം സ്പന്ദിക്കുന്നതു് അവരും കേട്ടുവെന്നു തോന്നുന്നു.

രജിസ്റ്റർവിവാഹം തെററിദ്ധാരണയുടെയും ചതിവിൻെറയും ഫലമായി നടന്നതാകയാൽ അസാധുവെന്നു വക്കീലന്മാർ അഭിപ്രായപ്പെട്ടതായി കേട്ടിരുന്നു. രണ്ടുപേക്കും ലജ്ജകൊണ്ടോ മനഃപീഡകൊണ്ടോ എന്തോ മുഖത്തോടുമുഖം നോക്കുന്നതിനു ദുഷ്കരമായിത്തോന്നി. ജാനകിയമ്മ പെരുവിരൽകൊണ്ടു് ഒരു പൂച്ചെടിയുടെ മൂട ചിക്കിത്തുടങ്ങി. കണ്ണുകളിൽനിന്നു നീർക്കണങ്ങൾ വീഴുന്നതും ഞാൻ കണ്ടു. ഞാൻ ചോദിച്ചു: "അമ്മായിക്കും മററും സുഖമാണോ?"

"അതേ."

ആരെങ്കിലും കേൾക്കത്തക്കവിധത്തിൽ സമീപത്തുണ്ടോ എന്നു ഞാൻ ചുററും നോക്കി. ആരുമില്ലെന്നറിഞ്ഞപ്പോൾ ഞാൻ പറഞ്ഞു: "കഴിഞ്ഞതൊക്കെ കഴിഞ്ഞു. ഇനി ഇങ്ങനെയുള്ള അപകടത്തിൽ ചെന്നുചാടാതെ സരോജത്തെയും രക്ഷിച്ചുകൊണ്ടു താമസിക്കാമെങ്കിൽ—"

ജാനകിയമ്മ തൊണ്ടയിടറിക്കൊണ്ടു പറഞ്ഞു: "എ....എൻെറ അപമാനം ഞാൻ—ഞാൻതന്നെ ചുമന്നുകൊള്ളാം........അങ്ങേ........കൂടി എന്തിനു കൊള്ളരുതാത്തവനാക്കുന്നു?"

"വെയിലുറയ്ക്കുന്നതിനുമുമ്പ് വീട്ടിൽ പോകുക. ഞാൻ സൗകര്യംപോലെ കണ്ടുകൊള്ളാം."

*　　*　　*　　*

ഈ സംഭാഷണം കഴിഞ്ഞിട്ട് ഏകദേശം മാസം നാലഞ്ചായി. ഉണ്ണിത്താനു പത്തുവർഷത്തെ ശിക്ഷ കിട്ടി. ജാനകിയമ്മയുടെ മനസ്ഥിതി ഞാനറിഞ്ഞു. അവൾക്ക് വലുതായ പശ്ചാത്താപവും എൻെറ സ്നേഹത്തിൽ അത്യാസക്തിയുമാണുപോലും! എനിക്കോ എന്നാണെങ്കിൽ, അവരെപ്പററിയുള്ള ബഹുമാനാദരങ്ങൾ വളരെ ഭേദപ്പെട്ടിട്ടില്ലെങ്കിലും, വിവാഹിതജീവിതത്തോടും സ്ത്രീഹൃദയത്തോടും ഏതാണ്ട് ഒരനാസ്ഥ വന്നുചേൎന്നിട്ടുണ്ട്. ഞങ്ങൾ ചിലപ്പോൾ കാണാറുണ്ട്. അത്യാവശ്യംപോലെ സംസാരിക്കാറുമുണ്ട്. അത്രേ ഉള്ളു.

## 13. പേരു കിട്ടീല്ല

അന്നെനിക്കു കോട്ടയത്തു് ചെറിയൊരു പണിയു ണ്ടായിരുന്നു. വേണമെങ്കിൽ വലുതാണെന്നുതന്നെ വി ചാരിച്ചാലും തരക്കേടില്ല. ഡിവിഷൻ ശിരസ്തദാരുദ്യോ ഗം 'വലുതാ'ണെങ്കിൽ ഞാനും വലിയൊരുദ്യോഗസ്ഥ നായിരുന്നു. ഞാൻ താമസിച്ചിരുന്നതു താഴയ്ക്കാട്ടു പണി ക്കരുടെ വീട്ടിലാണു്. താഴയ്ക്കാട്ടുവീടു കോട്ടയത്തു ടൌൺ വിട്ടാണു്. ഈ വീടിനെപ്പററി വല്ലതും പറയാനുള്ള ക ടമ എനിക്കില്ല. അവർ വലിയ ധനികന്മാരായിരുന്നു. ഇപ്പോഴും അതേ. അയ്യായിരത്തിൽപ്പരം രൂപയുടെ ക രം തീരുവയുണ്ടത്രേ. 'എന്തിനതൊക്കെപ്പറയുന്നു? അവി ടത്തെ അന്നത്തെ കാരണവർ പരമേശ്വരപ്പണിക്കരാ യിരുന്നു. ഇന്നും ആ വിദ്വാൻതന്നെ. പണിക്കരുടെ കൂ ടെ പിറന്നിട്ടാരുമില്ല. അദ്ദേഹത്തിൻെറ അമ്മ ഇപ്പോ

ഴമുണ്ടു്. നല്ലൊരു പെൺപിറന്നോരാണേ. പരമേശ്വരപ്പണിക്കർക്ക് അന്നു് ഇരുപത്താറു വയസ്സു്. നല്ല ദേഹപുഷ്ടി. മെററ്റിക്കുലേഷൻ ക്ലാസ്സിൽ വന്നൊന്നു തോററു. പിന്നെ പള്ളിക്കൂടം മുക്കുതിരിച്ചു നോക്കിത്തുടങ്ങി. വീട്ടിൽ അടങ്ങിപ്പാർത്തു. പണിക്കർ കാരണവനായിട്ടധികം താമസിയാതെത്തന്നെ തിരുവല്ലാ കോട്ടവട്ടത്തു നാരായണപിള്ളയുടെ മകളെ സംബന്ധം ചെയ്തു. നാരായണപിള്ള എൻെറ അമ്മാവൻെറ മകനാണു്. അദ്ദേഹംമൂലമുള്ള പരിചയത്താലാണു് ഞാൻ താഴയ്ക്കാട്ടു താമസമാക്കിയതു്. അവിടത്തെ പൊറുതിയുടെ പേരും നിങ്ങൾ അറിഞ്ഞിട്ടുള്ളതുതന്നെ: മീനാക്ഷി. അതു് അനാഥമായിരുന്നുതാനും. നല്ല ഒരു പെൺകുട്ടി. സ്വഭാവത്തിനു് ഒരു ചീത്തത്തവും ഞാൻ കണ്ടിട്ടില്ല. എൻെറ നാട്ടിലായിരുന്നല്ലോ അവളും വളന്നതു്. എനിക്കന്നേ നല്ല പരിചയവുമുണ്ടായിരുന്നു. സ്ത്രീപുരുഷപരിചയത്തെ—സ്നേഹത്തിൻെറ കഥ പിന്നെപ്പറയാനുമില്ല—അന്യഥാ വ്യാഖ്യാനിക്കുന്ന കുബുദ്ധികൾ എന്തെങ്കിലും വിചാരിച്ചോട്ടെ. മീനാക്ഷിക്കും എനിക്കും ഒരു പ്രായമായിരുന്നു. അവളോടെനിക്കു വാത്സല്യവുമുണ്ടായിരുന്നു. മീനാക്ഷിയുടെ വിവാഹം വെറും അസ്ഥാനത്തിലായിരുന്നുവെന്നു് എനിക്കന്നേ ബോദ്ധ്യമുണ്ടു്. പരമേശ്വരപ്പണിക്കർ ഒരു കൊച്ചുസന്യാസിയാണു്. അവിടെയാണു് കാര്യം കിടക്കുന്നതു്. വിദ്വാൻ എന്നും രാവിലെ മൂന്നു മണിക്കുണരും. കുളിയുണ്ടു്, കുറിയുണ്ടു്, ജപമുണ്ടു്. വലിയ ഭക്തനാണു്. മൂപ്പക്ക് എന്നെ വലിയ കാര്യമായിരുന്നു. അദ്ദേഹത്തോടെനിക്കു ബഹുമാനവുമുണ്ടായിരുന്നു.

കോട്ടയത്തെനിക്കും പരിചയക്കാരുണ്ടായി. ഞങ്ങളുടെ അടുത്ത വീട്ടിലാണു് കുഞ്ഞുകൃഷ്ണപിള്ളവക്കീൽ പാൎത്തിരുന്നതു്. വക്കീൽസാറിന്റെ മകൻ വാസുദേവൻനായർ എന്റെ ഒരു സ്നേഹിതനാണു്. വാസുദേവൻനായക്കും ഡിവിഷനിൽ ഒരു പണിയുണ്ടു്. മിക്കപ്പോഴും ഞങ്ങൾ ഒരുമിച്ചായിരുന്നു. ഇപ്പോഴുള്ള ചില സരസന്മാർ ഓരോരുത്തരുടെ സ്നേഹം തട്ടിപ്പറിക്കുന്നതു് പലപ്പോഴും അവരുടെ സഹോദരിമാരുടെയോ മറ്റോ മുഖപ്രസന്നത കണ്ടിട്ടാണെന്നു പറഞ്ഞാൽ വായനക്കാർ മുഷിയില്ലല്ലോ. "കാര്യസാദ്ധ്യമാം നിദാനമീ സൗഹൃദഭാവനയ്ക്കെടോ" എന്നൊരനുഭവരസികൻ പറഞ്ഞിട്ടുള്ളതു ഞാൻ എന്നുമോക്കും. എന്റെ കുററം സമ്മതിക്കുന്നതിൽ എനിക്കൊട്ടും വിമുഖതയില്ല. കുഞ്ഞിക്കുട്ടിയുടെ സൗന്ദൎയ്യം കണ്ടല്ല ഞാൻ വാസുദേവൻനായരോടു സ്നേഹമായതു്. പക്ഷേ പിന്നീടു പലതവണയും കണ്ടിട്ടു് ഏതാണ്ടൊക്കെ തോന്നിയില്ലെന്നുമില്ല. എന്നാൽ ഞങ്ങളുടെ വേഴ്ച 'പൈശാചിക'മാക്കണമെന്നുള്ള വിചാരം എനിക്കു ലേശവുമില്ലായിരുന്നു.

ഒരു കൊല്ലം കഴിഞ്ഞു. പരമേശ്വരപ്പണിക്കരുടെ സന്യാസം മൂത്തുതുടങ്ങി. ശ്രീരാമകൃഷ്ണപരമഹംസൻ, വിവേകാനന്ദസ്വാമി മുതലായ മഹായോഗികളെ പിൻതുടൎന്നു്, നമ്മുടെ വിദ്വാനും യോഗാഭ്യാസം തുടങ്ങി. ചിലപ്പോൾ കണ്ണുമേൽ ചെരുകി, കാലു രണ്ടും തുടയിൽ കേററി കൈ പിറകിൽ കെട്ടി, നിശ്ചലനായിട്ടിരിക്കും. സാധാരണ സംസാരിക്കുമ്പോൾത്തന്നെ മുഖത്തൊരു വി

കാരം—ഒരു പ്രത്യേകവികാരം—ഞാൻ പല തവണ കണ്ടിട്ടുണ്ട്. അനാവശ്യമായിട്ടു ചില കൈയാട്ടലും കണ്ണു വെട്ടലും, എന്നു വേണ്ടാ, ലഹളതന്നെ. പണിക്കരുടെ പുതിയ സമ്പ്രദായങ്ങളൊക്കെ കണ്ടിട്ട് ആദ്യം ഞാനും അമ്പരന്നുപോയി. ക്രമേണ അതിന്റെ അർത്ഥം എനിക്ക് അദ്ദേഹംതന്നെ മനസ്സിലാക്കിത്തന്നു. ജീവിതത്തിന്റെ ഉദ്ദേശം മോക്ഷപ്രാപ്തിയിലുള്ള യത്നത്തിലാണ് കിടക്കുന്നതെന്ന് എനിക്കും തോന്നി. ഞാനും ചില വേദാന്തപുസ്തകങ്ങൾ വായിച്ചു. 'യമനിയമാസനപ്രാണായാമാദി'കളെപ്പററി ഒരു മഹായോഗിയെപ്പോലെ പ്രസംഗിക്കാൻ ഞാനും പഠിച്ചു. വാസുദേവൻനായരോടും ഇതേപ്പററി ഞാൻ സംസാരിക്കാറുണ്ടായിരുന്നു.

ഇക്കാലങ്ങളിൽ ഞാൻ കുഞ്ഞിക്കുട്ടിയെ നിശ്ശേഷം വിസ്മരിച്ചെന്നു വായനക്കാർ വിചാരിക്കുന്നുണ്ടെങ്കിൽ അതു തെററുതന്നെ. ചില സമയങ്ങളിൽ പ്രസന്നതയുള്ള ആ മുഖത്തെ ഞാൻ ഓക്കും; പക്ഷേ ഉടൻതന്നെ പണിക്കരുടെ ഗൗരവമേറിയ സദുപാക്യങ്ങളും. എന്തു ചെയ്യാം? ഒരു പിടി വിട്ടുപോയി; വേറെ പിടി കിട്ടിയതുമില്ല. ഈ മട്ടിലായി. എന്റെ കഥയവിടിരിക്കട്ടെ.

പാവം മീനാക്ഷി! അവളുടെ കഷ്ടതതന്നെ കഷ്ടത. മാതാപിതാക്കന്മാരെപ്പിരിഞ്ഞു. അതു ഭർത്തൃസുഖം അനുഭവിക്കാനാണെന്നു വെയ്ക്കുക. അതൊത്തോ? ശിവ ശിവ! രാമഗീതയും കൈയിലേന്തിക്കൊണ്ടിരുന്നു വേദാന്തം പഠിക്കുന്ന പണിക്കരാണോ മീനാക്ഷിയെ നോക്കുന്നതു? മീനാക്ഷി പലപ്പോഴും എന്നോടു് ഒന്നും രണ്ടും മണി

ക്കൂർ നേരം പണിക്കരെപ്പററി സംസാരിക്കും. അവൾക്കു പണിക്കരോടു ക്രമത്തിലധികം ഇഷ്ടമുണ്ടത്രേ.

ക്രമേണ എനിക്കു വേറൊരു കാര്യം മനസ്സിലായി. പണിക്കൎക്കു മീനാക്ഷിയോടു് ഇഷ്ടമില്ലെന്നല്ല, നീരസവുമുണ്ടെന്നു്. അതെന്തിനു്? പണിക്കർ ഒരു കാര്യാകാര്യബോധമുള്ള ആളല്ലേ? ഇതെന്തു വിദ്യ? അവർ പരസ്പരം പെരുമാറുന്നതു ഞാൻ സൂക്ഷിച്ചു. എയ് ഹേ, ലേശംപോലും കരുണ മൂപ്പൎക്കുണ്ടായിരുന്നില്ല. കാരണം ഞാനറിഞ്ഞില്ല. സമസ്തസൃഷ്ടികളോടു കരുണ കാണിക്കണമെന്നും മററും പ്രസംഗിക്കുന്ന ആളാണു്. മീനാക്ഷിയോടു പണിക്കൎക്കെത്ര നീരസം തോന്നിയോ, എനിക്കത്ര അനുകമ്പയും തോന്നി. അകാരണമായിപ്പോലും മററുള്ളവരെ നിസ്സാരമാക്കുന്നതു ധനവാന്മാരുടെ സ്വഭാവമായിരിക്കാം. പണിക്കൎക്കു് എന്നോടും അത്ര തൃപ്തിയില്ലെന്നു് എനിക്കു തോന്നി. ഞാനാരോടും പറഞ്ഞില്ല. പറയാനാരുമില്ലെന്നതു പോട്ടെ. പണിക്കൎക്കു് എന്നോടുള്ള പെരുമാററത്തിൽ ഇത്ര പെട്ടന്നൊരു ഭേദഗതി വരാൻ കാരണമെന്തായിരുന്നെന്നോ? സൂക്ഷിച്ചു നോക്കിയാൽ ഭേദഗതിയൊന്നുമുണ്ടായിരുന്നുമില്ല. പക്ഷേ ഉണ്ടെന്നെനിക്കു തോന്നിയതാണു്. എൻെറ തത്വജ്ഞാനംകൊണ്ടു ഞാനതൊക്കെ—വല്ലതുമുണ്ടായിരുന്നെങ്കിൽ—ക്ഷമിച്ചു് അവിടെത്തന്നെ പാൎത്തു. വാസുദേവൻനായർ എൻെറ വേദാന്തത്തെ പലപ്പോഴും ആക്ഷേപിക്കാറുണ്ടായിരുന്നു. എന്തിനു്? എൻെറ വേദാന്തമൊക്കെ കുറേശ്ശ മങ്ങിത്തുടങ്ങി. എങ്കിലും വാദമുള്ളിടത്തൊക്കെ 'അരയും തലയും മുറുക്കി' ഞാനും ഹാജർകൊടുക്കും.

ഒരു നമ്പർകാര്യമായിട്ടു പണിക്കർ കച്ചേരിക്കു പോയിട്ടു വന്നുചേർന്നില്ല. ഞാൻ എൻെറ മുറിയിലിരുന്നു° ഒരു നോവൽ വായിക്കയായിരുന്നു. വേദാന്തപുസ്തകങ്ങളിലെ 'കടിച്ചാൽ പൊട്ടാത്ത കഷണങ്ങൾ' ദഹിക്കാനെന്നപോലെ അതും ഞാൻ കുറച്ചു വെച്ചിരുന്നില്ല. രാത്രി മണി എട്ടരയായി. എന്നിട്ടും പണിക്കരെ കണ്ടില്ല. പെട്ടന്നു നാലുകെട്ടിൻെറ പൂമുഖത്തൊരു ശബ്ദം കേട്ടു. ഞാനവിടെ ചെന്നു നോക്കി. എനിക്കൊരു ജാള്യമാണുണ്ടായതു°. താടിക്കു കൈയും കൊടുത്തു മീനാക്ഷി അവിടെ ഇരിക്കുന്നുണ്ടായിരുന്നു. ആ ഇരിപ്പു കണ്ടു ഞാൻ ചോദിച്ചു: "എന്താ, മീനാക്ഷി, ഇന്നാലോചനയിൽ കടന്നിരിക്കുന്നതു°?"

"എൻെറ വിധി! എനിക്കെന്നും വിചാരങ്ങൾക്കും വിഷാദങ്ങൾക്കുമാണല്ലോ സംഗതി."

"ഇന്നു പ്രത്യേകം വല്ലതുമുണ്ടോ?"

"പ്രത്യേകം! ഒന്നുമില്ലേ?"

എന്തെങ്കിലും വിശേഷകാരണമുണ്ടെന്നു ഞാൻ തീർച്ചപ്പെടുത്തി. പക്ഷേ ചോദിക്കാനെനിക്കു തോന്നിയില്ല. വല്ലാത്ത പരുങ്ങലിലായി. പിന്നെ മനോധൈര്യത്തെ വലിച്ചെടുത്തു ഞാൻ പറഞ്ഞു: "മീനാക്ഷിക്കു മനസ്സുണ്ടെങ്കിൽ എന്നോടു പറയൂ."

"എന്താ നിങ്ങളും മുഷിഞ്ഞോ?"

"മുഷിഞ്ഞിട്ടില്ല; മുഷിയുകയുമില്ല. കാരണമെന്താണിതിറം°?"

"നാളെ എന്നെ വീട്ടിലേയ്ക്കയയ്ക്കാൻ നിശ്ചയിച്ചിരിക്കുന്നു. കാരണമൊന്നുമില്ല. കാരണമൊക്കെ അച്ഛനോടു പറയുമായിരിക്കാം. ഞാനൊന്നും പിഴച്ചില്ല. എനിക്കു പറയാനുമൊന്നുമില്ല. അച്ഛൻ ചോദിച്ചാൽ ഞാനെന്തു പറയും?"

ഇതു പറഞ്ഞു മീനാക്ഷി ഏങ്ങിയേങ്ങിക്കരഞ്ഞു. ഞാൻ സമാധാനിപ്പിക്കാൻ ശ്രമിച്ചു: "എന്താ, മീനാക്ഷി കുട്ടികളെപ്പോലെ കരയുന്നതു്? മീനാക്ഷിയുടെ നിരപരാധിത്വം ദൈവമറിയും. എന്നെസ്സംബന്ധിച്ചിടത്തോളം എനിക്കുമറിയാം."

"എന്നെ നാളെ കൊണ്ടുപോകുന്നുപോലും! കുഞ്ഞിക്കുട്ടിയെ കൊണ്ടുവരുമെന്നും കേൾക്കുന്നു. ഏതായാലും ഇനി നമുക്കു സൗകര്യമുണ്ടാവുമെങ്കിൽ അപ്പോൾ കാണാം."

എനിക്കു സംശയമായി. ഞാൻ ചോദിച്ചു: "വക്കീൽ സാറിന്റെ മകൾ കുഞ്ഞിക്കുട്ടിയെയാണോ?"

"എന്താണിത്ര സംശയം?"

ഞാനെന്റെ അകത്തു പോയിരുന്നു. നോവൽ താഴെ വെച്ചു. നമ്മുടെ നോവലിന്റെ അവസാനം അറിയാൻതന്നെ എനിക്കു ക്ഷമയില്ലാതായി. മീനാക്ഷിയുടെ കഷ്ടാവസ്ഥ, പണിക്കരുടെ ദുഷ്ടത്വം, എന്റെ കുഞ്ഞിക്കുട്ടിയുടെ കാര്യം—ഇതൊക്കെയായി എന്റെ ആലോചനാവിഷയങ്ങൾ. യോഗിയാകാനാണു് ഭാവമെങ്കിൽ ഈ മൂപ്പക്ക് ഭാര്യയെന്തിനു്? ഇത്ര ദുഷ്ടത കാണിക്കുന്നല്ലോ. മീനാക്ഷിയെ തെറ്റിദ്ധരിച്ചിരിക്കാം. എന്നോടു

ള്ള അതൃപ്തിയുടെ കാരണവും മനസ്സിലായി. അങ്ങനെ യാണെങ്കിൽ മൂപ്പർ കുഞ്ഞിക്കുട്ടിയെ സംബന്ധംചെ യ്താൽ 'പട പേടിച്ചു പന്തളത്തു ചെന്നപ്പോൾ പന്തം കൊളുത്തിപ്പട' എന്നപോലാവുമല്ലോ എന്നൊക്കെ ഞാൻ വിചാരിച്ചു.

പണിക്കർ വന്നുചേന്നു. ഞങ്ങൾ രണ്ടാളും ഊണു കഴിച്ചു. കിടന്നു. ഞാൻ ഒട്ടും ഉറങ്ങിയില്ലെന്നുതന്നെ പറയാം. നേരം വെളുത്തു. അന്നു കച്ചേരി ഒഴിവായി രുന്നു. ഞാൻ വാസുദേവൻനായരെ കാണാൻ പോയി. പണിക്കർ അന്നുതന്നെ മീനാക്ഷിയെയും അമ്മയെയും തിരുവല്ലായ്ക്കയച്ചു. ദിവസം ഒന്നു കഴിഞ്ഞു, പത്തു കഴി ഞ്ഞു. മാസംതന്നെ ഒന്നു കഴിഞ്ഞു. പണിക്കർ കുഞ്ഞു കുട്ടിയെ വിവാഹം ചെയ്വാൻ തീച്ചപ്പെടുത്തിയിരിക്കു ന്നതായി പലരും എന്നോടു പറഞ്ഞു. എനിക്കാകപ്പാ ടെ ഒരു വല്ലായ്മ. കുഞ്ഞിക്കുട്ടിയോടു് എനിക്കനുരാഗമു ണ്ടായിരുന്നു. അവൾക്കിങ്ങോട്ടുണ്ടോ എന്നു ഞാനറി ഞ്ഞില്ല. കുഞ്ഞിക്കുട്ടിയുടെ അമ്മ പലപ്പോഴും അവിടെ വരുക പതിവായി. അതിൽപ്പിന്നീടു പണിക്കൎക്കു വേ ദാന്തത്തിൽ കുറെ ശ്രുഷ്ഠാന്തി കുറഞ്ഞുതുടങ്ങി. മീനാ ക്ഷിയെ അയച്ചതെന്തിനെന്നു ചോദിക്കുന്നവരോടൊക്കെ പണിക്കർ പറഞ്ഞതു്, "നമുക്കു് ഇഹലോകസുഖങ്ങളി ലുള്ള ആഗ്രഹം കുറഞ്ഞിട്ടുതന്നെ" എന്നായിരുന്നു. പി ന്നെ അതിനു തുടച്ചയായി കുറെ തത്വജ്ഞാനങ്ങളൊ ക്കെ തട്ടിമൂളിക്കയും ചെയ്യും. ഇതിനിടയ്ക്കു പണിക്കരു ടെ അമ്മ മീനാക്ഷിയെ കൊണ്ടാക്കീട്ടു തിരിച്ചെത്തി.

കല്യാണക്കാര്യം ബലമായിപ്പിടിച്ചു. തന്റെ സഹായത്തിനായിമാത്രം നല്ല 'പതപാകത'യുള്ള പെൺകുട്ടിയെ കൊണ്ടുവരണമെന്നാണവർ ഉറപ്പിച്ചതു്. അല്ലാതെ ഇക്കാര്യത്തിൽ പണിക്കക്കു മനസ്സുതന്നെ ഇല്ലായിരുന്നുപോലും. ഇതു ഞാൻ വിശ്വസിക്കുന്നതെങ്ങനെ? പണിക്കരുടെ മുഖം പറഞ്ഞിരുന്നു, നേരെ മറിച്ചു്. എനിക്കിപ്പോൾ സംശയം ഇതായി: മീനാക്ഷിയെ ഉപേക്ഷിച്ചതു കുഞ്ഞിക്കുട്ടിക്കുവേണ്ടി അല്ല്ലയോ എന്നു്. ഉപേക്ഷിക്കാൻവേണ്ടിയാണു് സന്ന്യാസം തുടങ്ങിയതെന്നും എനിക്കു തോന്നി. അങ്ങനെയാണെങ്കിൽ പണിക്കർ "പൂവിനുള്ളിലൊളിഞ്ഞീടും പാമ്പുപോലെ ഭയങ്കരൻ"തന്നെ.

വിവാഹദിവസം നിശ്ചയിച്ചു. വക്കീൽസാറിന്റെ ഉത്സാഹമല്ലായിരുന്നു. ഭാര്യയുടെ നിബ്ബന്ധം. ഒരു ദിവസം ഇഷ്ടൻ—വാസുദേവൻനായർ—ഇതേപ്പററി കുറച്ചെന്തോ നിർദ്ദേശിച്ചു പറഞ്ഞു. കല്യാണത്തിനു ഞാനും പോയിരുന്നു. പരമേശ്വരപ്പണിക്കർ വേദാന്തിപോലും! കള്ളമേ കള്ളം. വെറും വിടന്റെ 'മോസ്തറി'ലായിരുന്നു അന്നത്തെ പുറപ്പാടു്. ഞങ്ങൾ എല്ലാവരും ഒരു ഹാളിൽ ചെന്നിരുന്നു. പുടവ കൊടുക്കുന്ന സമ്പ്രദായം അപരിഷ്കൃതമെന്നു വിചാരിക്കയാൽ—വക്കീൽസാറും മകനുമൊക്കെക്കൂടി തീർച്ചപ്പെടുത്തിയതാണു്—ഒരു മാല ഭർത്താവിന്റെ കഴുത്തിലിട്ടാൽ മതിയെന്നു നിശ്ചയിച്ചിരുന്നു. കുഞ്ഞിക്കുട്ടി ആ ഹാളിൽ വന്നു. നല്ല പ്രസന്നതയോടാണു് വന്നതു്. മനോഹരമായ ഒരു പൂമാല

യും കൈയിലുണ്ടായിരുന്നു. എന്റെ ഹൃദയം അകത്തു കിടന്നു ലഹള കൂട്ടി. എന്റെ അടുത്തൊരു കസാലയിലിരുന്നു പരമേശ്വരപ്പണിക്കർ. കുഞ്ഞിക്കുട്ടി ഒട്ടും ലജ്ജയോ ക്ലേശമോ കൂടാതെ നടന്നുവന്നു മാല എന്റെ കഴുത്തിലിട്ടു. ഞാൻ അത്ഭുതസന്തോഷലജ്ജാപരവശനായി. അവിടെ കൂടിയിരുന്നവരെല്ലാം അത്യാശ്ചര്യപരതന്ത്രരായി. പരമേശ്വരപ്പണിക്കർ വളരെ നാണിച്ചു. ഒരഞ്ചു മിനുട്ടു നേരത്തേയ്ക്കു് ആരും ഒന്നും പറഞ്ഞില്ല. വക്കീൽസാറു കോപിച്ചു. ഉടൻ വാസുദേവൻനായരെഴുന്നേററുനിന്നു്, അതു ദൈവീകമായി വന്നുപോയ ഒരു തെററാണെന്നും കുഞ്ഞിക്കുട്ടി മനഃപൂർവ്വം ചെയ്തതാണെന്നു താൻ വിചാരിക്കുന്നില്ലെന്നും അതിനു ഒരു പെൺകുട്ടിക്കും ധൈര്യമുണ്ടാവുന്നതല്ലെന്നും കുഞ്ഞിക്കുട്ടിക്കും വീട്ടുകാർക്കുംവേണ്ടി താൻ പരമേശ്വരപ്പണിക്കരോടു മാപ്പു ചോദിക്കുന്നുവെന്നും മററും പൊടിപൂരമായ ഒരു പ്രസംഗം ചെയ്തു. പിന്നീടു്, വക്കീൽസാറു്, ദൈവീകമായി വന്നുപോയ ഈ തെററിൽ പരമേശ്വരപ്പണിക്കരോടൊപ്പം തനിക്കും ഇച്ഛാഭംഗമുണ്ടെന്നും പണിക്കരോടൊന്നിച്ചു താനും ദുഃഖിക്കുന്നുവെന്നും പണിക്കർ കുഞ്ഞിക്കുട്ടിക്കു മാപ്പു കൊടുക്കുമെങ്കിലേ താൻ ക്ഷമിക്കയുള്ളൂ എന്നും മററും സഗൗരവം പ്രസ്താവിച്ചു. പരമേശ്വരപ്പണിക്കർ മാപ്പു കൊടുക്കാതെ എന്തു ചെയ്യാനാണു്?

ഒരു പരിശ്രമവും കൂടാതെ എന്റെ മനോരഥം സാധിച്ചു. ഞാൻ എന്റെ ഉദ്യോഗം വേണ്ടെന്നുവെച്ചു. ഞങ്ങൾക്കു വീട്ടിൽ വല്ലതും കാലക്ഷേപത്തിനുണ്ടു്. ഞാ

നും കുഞ്ഞിക്കുട്ടിയും സുഖമായി താമസിക്കുന്നു. പുടവ കൊടദിവസം എന്താണങ്ങനെ തെററിപ്പോയതെന്നു ഞാൻ കുഞ്ഞിക്കുട്ടിയോടു ചോദിച്ചു. അപ്പോഴല്ലേ മനസ്സിലായതു്: അതു ദൈവീകമായി വന്ന തെററല്ലായിരുന്നുപോലും. കുഞ്ഞിക്കുട്ടിക്കു മനഃപ്പൂർവ്വമായി വന്ന തെററായിരുന്നുവത്രേ. മീനാക്ഷിയും കുഞ്ഞിക്കുട്ടിയും വലിയ ചങ്ങാതിമാരായിരുന്നു. മീനാക്ഷി എൻെറ കാര്യങ്ങൾ പലതും കുഞ്ഞിക്കുട്ടിയോടു പറഞ്ഞിരുന്നു. അങ്ങനെ എന്നോടു കുഞ്ഞിക്കുട്ടിക്കു സ്നേഹം തോന്നിയതാണു്. പോരെങ്കിൽ ആത്മസഖിയായിരുന്ന മീനാക്ഷിയോടു് അവൾ തിരുവല്ലാശ്ശു പോയ അന്നു പരമേശ്വരപ്പണിക്കരെ ഭർത്താവായി സ്വീകരിക്കയില്ലെന്നു സത്യം ചെയ്തിട്ടുമുണ്ടായിരുന്നു.

വേനല്ക്കാലം. കുഞ്ഞിക്കുട്ടിയും ഞാനും ആലുവായിൽ കുളിച്ചു താമസിക്കയാണു്. ഒരു ദിവസം ഞങ്ങൾ താമസിക്കുന്ന വീട്ടിൽ വാസുദേവൻനായർ കേറിവന്നു; പിറകേ മീനാക്ഷിയും. ഞങ്ങൾ അത്ഭുതപ്പെട്ടു. പുടവ കൊടക്കാര്യം അവർ ഞങ്ങളെ അറിയിച്ചില്ല. അത്രേയുള്ളു. അപ്പോഴാണെനിക്കു മനസ്സിലായതു്, മീനാക്ഷിയുടെ സൗശീല്യാദിസൽഗുണങ്ങളെപ്പററിയും അവളുടെ ദയനീയാവസ്ഥയെക്കുറിച്ചും. അന്നു ഞാൻ വാസുദേവൻനായരോടു പറഞ്ഞതൊക്കെ അദ്ദേഹത്തിൻെറ തലയ്ക്കു പിടിച്ചു. ഹൃദയത്തിൽ തട്ടി. ഞങ്ങളെല്ലാം ഒരുവിധം സുഖമായിത്തന്നെ കഴിച്ചുകൂട്ടുന്നു. പരമേശ്വരപ്പണിക്കരുടെ സന്ന്യാസം ഇപ്പോഴേതുവിധത്തിലോ!

# 14. പ്രതികാരം

"ചേച്ചീ, ചേട്ടനിതാ, എൻെറ പാവ പിടിച്ചു പറിക്കുന്നു." സാവിത്രി ഓടിവന്നു് ഇങ്ങനെ പറഞ്ഞപ്പോഴാണു് ദേവകിക്കു കാര്യം മനസ്സിലായതു്. കോട്ടയത്തു പഠിക്കുന്ന സഹോദരൻ ഗംഗാധരമേനവനും അയാളുടെ പ്രിയമിത്രമായ ബാലകൃഷ്ണൻനായരും സാവിത്രിക്കു കൊടുത്ത പാരിതോഷികമാണു് ചെറിയ ഈ 'അലട്ട'ലിനു കാരണമായതെന്നു ദേവകി തത്ക്ഷണം ഊഹിച്ചതു ശരിതന്നെ. അടുപ്പിലിരുന്ന പാത്രം എടുത്തു മാററിവെച്ചു ദേവകി ഉത്കണ്ഠയോടെ തെക്കേക്കെട്ടിൽ ഓടിവന്നു ജനാലയിലൂടെ തൻെറ കമിതാവിൻെറ കളേബരസുഷമയൊന്നാസ്വദിച്ചു; വേഗം അടുക്കളയിലേയ്ക്കു മടങ്ങുകയും ചെയ്തു. ഗംഗാധരമേനവനും ബാലകൃഷ്ണൻനായരും ബോട്ടിലെ വിശേഷങ്ങളും മററും കുറെ പറഞ്ഞു

രസിച്ചശേഷം അടുക്കളെയിലേയ്ക്കു് അത്താഴത്തിന്നു പോയി.

അത്താഴമൂണു കഴിഞ്ഞിട്ടു വടക്കേത്തളത്തിൽനിന്നു് കട്ടവിൽ ഇങ്ങോട്ടു തിരിച്ചതു ബാലകൃഷ്ണൻനായരായിരുന്നു. ദേവകിയോടു തനിക്കുള്ള അഭിനിവേശത്തെ സൂചിപ്പിച്ചു് എന്തെങ്കിലും ഒരു വാക്കു പറയാതെ തളത്തിൽനിന്നു പോരുന്നതിന്നു നായരുടെ പ്രേമദാർഢ്യം അനുവദിച്ചില്ല. "അല്പം ചൂടുവെള്ളംകൂടി കഴിച്ചിട്ടു വന്നേയ്ക്കാം." എന്നു ഗംഗാധരമേനവനോടും "ഗോപൂ, കുറച്ചു ചൂടുവെള്ളം കൊണ്ടുവരൂ." എന്നു് അയാളുടെ അനുജനോടും പറഞ്ഞിട്ടു നായർ അവിടെ നിന്നു.

വെള്ളം കൊണ്ടുവന്ന ഗോപുവിന്റെ പിന്നാലെ, കോപ്പ തിരികെ കൊണ്ടുപോകാനെന്ന മട്ടിൽ, ദേവകിയുമുണ്ടായിരുന്നു. വെറും പതിനേഴ വയസ്സു്. രക്തപ്രസാദം ധാരാളമുള്ളതിനാലുള്ള ഒരു പ്രത്യേകഭംഗിയാണു് ദേവകിയുടെ ചെറിയ മുഖത്തു കാണുന്നതു്. വലിയ പട്ടണങ്ങളിലെ ഉദ്യോഗസ്ഥപരിസരങ്ങളിൽനിന്നുണ്ടാകുമെന്നു പറയപ്പെടുന്ന ദേഹകാന്തി അവിടെ ഇല്ല. അവൾ, കൃശഗാത്രം കതകിനാൽ മറച്ചുംകൊണ്ടു നില്ക്കുമ്പോൾ ബാലകൃഷ്ണൻനായർ, "വലിയ ചൂടു്! എങ്ങനെയാ, ഒരു പാത്രംകൂടി തരാമോ?" എന്നു ചോദിച്ചു. ഗോപു അവിടം വിട്ടിട്ടു നിമിഷം കുറെ കഴിഞ്ഞിരിക്കുന്നു.

ദേവകി ഒരു ചെറുപുഞ്ചിരിയോടെ പറഞ്ഞു: "കൊണ്ടുവരാം. ചൂടു മാറിയെന്നു വിചാരിച്ചുപോയി."

"അതു വേണ്ടാ. വെള്ളം താനേ തണുക്കുമെന്നു വെയ്ക്കുക. മനസ്സു തണുക്കാത്തതിനോ?"

"പാത്രം വേണമോ?"

"ഇപ്പോൾ വേണ്ടാ. ഞാൻ നാളെത്തന്നെ പോകും. ഗംഗാധരനുംകൂടി വരുന്നുവത്രെ."

"ഇത്ര ധൃതി എന്താണോ?"

അപ്പോൾ ദേവകീയുടെ അമ്മ ഇങ്ങോട്ടു വരുന്നതു കണ്ടു് "ഇതങ്ങോട്ടു കൊണ്ടുപോയ്ക്കൊള്ളൂ." എന്നു പറഞ്ഞു പാത്രം താഴെ വെച്ചിട്ടു ബാലകൃഷ്ണൻനായർ അവിടെനിന്നു പോന്നു. ചില വാദ്ധ്യാന്മാരുടെ ജാതീയപക്ഷപാതത്തെപ്പററിയും മററും കുറേ നേരം ഗംഗാധരമേനോൻെറ അച്ഛൻ വഞ്ചിമംഗലത്തിടവകക്കാര്യസ്ഥൻ കുഞ്ഞുശങ്കരനുണ്ണിത്താനുമായി വെടിപറഞ്ഞിരുന്നശേഷം നായരും സ്നേഹിതനും ഉറക്കറയിലേയ്ക്കു പോയി.

* * *

നാലു മാസം കഴിഞ്ഞിരിക്കുന്നു. ബാലകൃഷ്ണൻനായർ ഇപ്പോൾ തിരുവനന്തപുരത്തു താമസിക്കുകയാണു്. അച്ഛൻ വക്കീൽ വേലുപ്പിള്ള ചില കൊലക്കേസിലും മററും അകപ്പെടുകയാൽ അയാളുടെ കുടുംബം വല്ലാതെ ക്ഷയിച്ചുപോയി. മാസം മാസം പണം അയയ്ക്കുന്നതിനു വലിയ ബുദ്ധിമുട്ടായിരുന്നപ്പോളാണു് കുഞ്ഞുശങ്കരനുണ്ണിത്താൻ പഠിത്തച്ചെലവിനു പണം കൊടുത്തുകൊള്ളാമെന്നറിയിച്ചതു്. കൃശമായിത്തീൎന്ന നായരുടെ പണസ്സഞ്ചിക്കു് അതു ശുക്രദശയുണ്ടാക്കി. നായർ പ്രകൃത്യാ പ്ര

സന്നമുഖനാണു്. എന്നാൽ ആ പ്രസന്നതയിൽ ലീനമാനമായിരിക്കുന്ന ഒരു 'നയവഞ്ചകത്വം' അടുത്തവക്കറിയുംതാനും. സാധാരണ കാണികൾക്കു നായർ ഒരു "നല്ല പിള്ള"തന്നെ. പുതിയ ഈ ഏർപ്പാടു കഴിഞ്ഞതിനുശേഷം നായക്കു മനഃസ്വാസ്ഥ്യത്തോടുകൂടി വായിക്കാൻ കഴിയുമാറായി. അങ്ങനെയിരിക്കവേ, നായരുടെ പേർ ചില മാന്യസ്ഥാനങ്ങളിലെത്തി. ബി. ഏ.യ്ക്കു വായിക്കാൻ വരുന്ന വടക്കൻ പലപ്പോഴും കുടുക്കിലകപ്പെടുന്ന കാര്യം പരിചിതമാണെങ്കിലും നായർ അനുപമസുഷമാസമ്പത്തുകൊണ്ടു പ്രഖ്യാതയായ ഒരു യുവതിയുടെ ലാവണ്യാതിശയത്താൽ ആകഷിതനായിപ്പോയി. പ്രേമം ഒരാളിൽമാത്രമേ വരൂ എന്ന സിദ്ധാന്തം അത്ര ശരിയല്ല. അതു ദൈവീകമാണെന്നും മനുഷ്യബുദ്ധികൾക്കു് അതിന്റെ രഹസ്യം 'വിലോകി'ക്കുവാൻ സാധിക്കില്ലെന്നും മറ്റും കവികൾ ഘോഷിക്കുന്നതു ഭാവനാഫലമായിട്ടു നിർവ്വചിച്ചാൽ മതി. നായർ സൂപ്രണ്ടു ശങ്കരപ്പിള്ളയുടെ മകൾ ദാക്ഷായണിയുമായിത്തുടങ്ങിയ പരിചയം അനുരാഗപദ്ധതിയിൽ പ്രവേശിച്ചതു കുഞ്ഞുശങ്കരനുണ്ണിത്താനാകട്ടെ വേലുപ്പിള്ളയാകട്ടെ അറിഞ്ഞില്ല. കാളേജിന്റെ ഉമ്മറത്തും മറവും വെച്ചു കാണിച്ചുതുടങ്ങിയ ഭാവഹാവങ്ങൾ ദാക്ഷായണിയുടെ ഹൃദയത്തെയും വല്ലാതെ ഇളക്കിയിരിക്കുന്നു. നായർ മുമ്പിനാലേതന്നെ ഒരു കൊച്ചുകവിയാണു്. ശങ്കരപ്പിള്ളയ്ക്കും കവിതക്കാരെ കുറെ പ്രത്യേകമാണു്. ഒരു കവിത പരിശോധിക്കാനെന്ന നാട്യത്തിൽ നായർ സൂപ്രണ്ടിന്റെ വീട്ടിലെ വരാന്ത

യിൽ നില്ക്കുവേ, ശങ്കരപ്പിള്ള പുറത്തു വന്നു് ഇങ്ങനെ തുടങ്ങി: "നാരായണൻ ഇല്ല, അല്ലേ?"

"എവിടെയോ പോയിരിക്കുന്നു."

"എൻെറ ഒരു മഹാകാവ്യത്തിൻെറ പ്രൂഫ് നോക്കാനുണ്ടു്. സൗകര്യമുണ്ടെങ്കിൽ വരുന്ന ജനുവരിയൊഴിവിനു് ഇവിടെത്തന്നെ താമസിക്കുക. ബാലകൃഷ്ണൻ ഇവിടെ താമസിക്കുന്നതു് ഇരുപേക്ഷം സഹായമായിരിക്കും."

"അങ്ങനെതന്നെ."

കുറെ നേരം അവിടെ നിന്നു് അവർ സംസാരിച്ചു. അപ്പോൾ ദാക്ഷായണിയുടെ സഹോദരൻ വന്നു വിളിച്ചിട്ടു ബാലകൃഷ്ണൻനായർ അകത്തു ചെന്നു. സൗകര്യം പോലെ, പിന്നെ താമസസ്ഥലത്തേയ്ക്കു പോരികയും ചെയ്തു.

* * *

ജനുവരി ഒഴിവിനു ബാലകൃഷ്ണൻനായർ വടക്കോട്ടു പോകാതെ സുഹൃൽപ്രബന്ധമായിക്കൂടി, തരംപോലെ ദാക്ഷായണിയുമായി സല്ലപിച്ചും കവിതയെഴുതി വടക്കെക്കെട്ടിൽ കുറേശ്ശ കേൾപ്പിച്ചും സമയം കഴിച്ചു. അങ്ങനെ ഒരാഴ്ച കഴിഞ്ഞപ്പോൾ ദേവകിയുടെ ഒരു കത്തു കിട്ടി. ഇത്രയുമായിട്ടും നായർ ദേവകിയുമായിട്ടുള്ള അനുരാഗം വിസ്മരിച്ചിട്ടില്ല. ദാക്ഷായണി, ദേവകി എന്നിവരുടെ സൗന്ദര്യവ്യത്യാസത്തെപ്പററി അയാൾ ചിലപ്പോഴൊക്കെ ഓക്കാറുണ്ടു്. ദേവകിയുടെ നിരപരാധതാദ്യോതകമായ മുഖകാന്തി ഒന്നു്; ദാക്ഷായണിയുടെ സ്നിഗ്ദ്ധവും നാഗരി

കവുമായ ലാവണ്യപ്രഭാവം മറെറാന്നു്. ഏതായാലും ഈ രണ്ടു അവസ്ഥാന്തങ്ങൾക്ക മദ്ധ്യേ നായർ വല്ലാതെ കുടുങ്ങി. ദാക്ഷായണിയുടെ അനുമതിയോടുകൂടി ശങ്കരപ്പിള്ളയോടു യാത്രയും ചോദിച്ച നായർ വടക്കോട്ടേയ്ക്കു തിരിച്ചു.

ഒരു രാവിലത്തെ ബോട്ടിൽ നായർ വഞ്ചിമംഗലത്തെത്തി. ഗംഗാധരമേനോനും മററും നായരെ പ്രതീക്ഷിച്ചുതന്നെ കഴിക്കയായിരുന്നു. കാപ്പി കഴിഞ്ഞു നായർ ബംഗ്ലാവിലിരിക്കുന്നു. ഗംഗാധരമേനോൻ എന്തോ കാര്യവുമായി പുറത്തേയ്ക്കു പോയി. ഉണ്ണിത്താനുമില്ല. ദേവകി സാവിത്രിയെയും പിടിച്ചുകൊണ്ടു നായരിരിക്കുന്ന മുറിയിൽച്ചെന്നു ഭിത്തിയുംചാരി നിലയായി. ദേവകി ചോദിച്ചു: "സാവിത്രിയോടുള്ള ഇഷ്ടമൊക്കെ തീന്നോ? അവൾക്ക സമ്മാനമൊന്നും കൊണ്ടുവന്നില്ലല്ലോ."

"ദേവകിയെന്തിനാ സംശയിക്കുന്നതു്? ഇങ്ങോട്ടു പോരുന്ന തിടുക്കത്തിൽ സാവിത്രിയുടെ സമ്മാനക്കാര്യം മറന്നുപോയി, അത്രയേ ഉള്ളൂ."

ദേവകി സാവിത്രിയോടായിപ്പറഞ്ഞു: "സാവിത്രീ, നിൻെറ ബാലമ്മാവനു് ഇപ്പോൾ നിന്നോടിഷ്ടമില്ല."

സാവിത്രിക്ക ചേച്ചി പറഞ്ഞതു വിശ്വാസമായില്ല. അവൾ ചോദിച്ചു: "എന്താ, ബാലമ്മാൻ, ചേച്ചി പറയുന്നതൊക്കെ ഉള്ളതാണോ?"

"സാവിത്രിക്കു ഞാൻ ഒരു സമ്മാനം അയച്ചുതരാം. ചേച്ചി ശുദ്ധ നുണയാണു് പറയുന്നതു്."

ഇങ്ങനെ നേരംപോക്കു പറയുന്നതിനിടയിൽ ദേവകിയുടെ മുന്നിലിരിക്കുന്ന നായരുടെ മനസ്സു മൂന്നുനാലു പ്രാവശ്യം സൂപ്രണ്ടു ശങ്കരപ്പിള്ളയുടെ ഉമ്മറത്തും പോയിനോക്കാതിരുന്നില്ല. നായരുടെ മനസ്സാന്നിധ്യമില്ലായ്മ കണ്ടു ദേവകി സാവിത്രിയോടു പറഞ്ഞു: "ബാലമ്മാൻ ആലോചിക്കുന്നതെന്താണെന്നു ചോദിക്കൂ, സാവിത്രീ."

ബാലകൃഷ്ണൻനായരാണു് മറുപടി പറഞ്ഞതു്: "സാവിത്രിയുടെ സമ്മാനക്കാര്യമല്ലാതെ ഒന്നുമല്ല."

"'സാരസ്യശൂന്യരാം ഞങ്ങളിലെങ്ങാനും പാരം രസിക്കുമോ?' എന്ന പാട്ടു പാടാൻ ഇടവരികയില്ലല്ലോ."

"ആ പാട്ടിനു് എന്തെന്നില്ലാത്ത ഒരു തന്മയത്വമുണ്ടു്."

ഇപ്രകാരം സൊള്ളലും വട്ടവുമായി ജനുവരി മുഴുവൻ നായർ അവിടെത്തന്നെ കൂടി. നായർ ആ കുടുംബത്തിലെ ഒരംഗമെന്നപോലെയാണു് പെരുമാറിയതു്; അയാളെ ദേവകിയുടെ വരൻ എന്ന നിലയിലാണു് എല്ലാവരും കരുതിവന്നതും. 'കല്പന' കഴിഞ്ഞു നായർ തിരുവനന്തപുരത്തേയ്ക്കു പുറപ്പെട്ടു.

* * *

വർഷാവസാനപരീക്ഷ കഴിഞ്ഞു. എന്നിട്ടും നായർ നാട്ടിലേയ്ക്കു മടങ്ങിയിട്ടില്ല. ദാക്ഷായണീപ്രേമമോ സാഹിതീരസാസ്വാദനഭ്രമമോ ഏതെങ്കിലുമൊന്നു നായരുടെ സ്വദേശഗമനത്തെ നിരോധിച്ചിരിക്കുന്നു. ബി. ഏ. പരീക്ഷയിൽ നായർ വിജയിയായി. സൂപ്രണ്ടിനു നായ

രെ വളരെ 'ബോധ്യ'മാണു്. തന്റെ പുത്രിമാരിൽ ഒരാൾ ക്കമാത്രമേ ഒരു ബിരുദധാരിയെ ലഭിച്ചിട്ടുള്ളൂ. 'കൈയിൽ കിട്ടിയ കനകം' എന്ന നിലയിൽ നായരെ സൂപ്രണ്ടേമാൻ മുറുകെപ്പിടിച്ചു. വിവാഹകാര്യം ആലോചിച്ചു. നായരുടെ പൂൎവ്വചരിത്രം നിഷ്കളങ്കമല്ലെന്നു് ഏതാനം മിത്രങ്ങൾ സൂപ്രണ്ടിനെ ധരിപ്പിക്കാതിരുന്നില്ല. എങ്കിലും ആ മധ്യവേനലൊഴിവിനുതന്നെ കല്യാണംനടത്തുവാൻ തീൎച്ചപ്പെടുത്തി. വേലുപ്പിള്ളവക്കീലിനു് എഴുതിയയച്ചു സമ്മതംവരുത്തി. ഇടനാട്ടുകാർ തിരുവനന്തപുരത്തു വന്നു സംബന്ധംചെയ്താൽ അവൎക്ക കിട്ടുന്ന ശമ്പളം മുഴുവൻ ഭാൎയ്യമാൎക്ക റവുക്കയ്ക്കും ജാക്കററിനും തികയുകയില്ലെന്നുള്ള കേൾവിയെ ഓൎത്തു നായരുടെ അമ്മാവൻ അല്പം വിപരീതഭാവം കാണിക്കാതിരുന്നില്ല. നായരുടെ വിവാഹം പൊടിപൂരമായി നടന്നു. ദിവാൻജി മുതൽ എല്ലാ ഉദ്യോഗസ്ഥന്മാരും കാലേക്കൂട്ടി വന്നിരുന്നാണു് അടിയന്തിരം നടത്തിയതു്. മാലയിടാൻ നിന്ന ദാക്ഷായണിയുടെ ചിത്രം വാക്കുകളാൽ നിൎമ്മിക്കുവാൻ സാധിക്കില്ല. ഒരു തേജസ്സുള്ള കുട്ടിതന്നെയാണു്. നായർ ഭാഗ്യവാനാണു് എന്നു ചില അതിഥികൾ പറയാതെയുമിരുന്നില്ല.

* * *

ഗംഗാധരമേനോന്റെ പഠിത്തമുറിയിൽ ആരുമില്ലായിരുന്നു. ദേവകിയും സാവിത്രിയുംകൂടി അവിടെ ചെന്നിരുന്നു. സാവിത്രി ഒരു ചിത്രമെടുത്തു കാട്ടിക്കൊണ്ടു പറഞ്ഞു: "ചേച്ചീ! ഉടുപ്പിട്ട ഒരു പട്ടി വണ്ടിയിൽ പോകുന്നതു നോക്കൂ."

ദേവകി അശ്രദ്ധമായി ഒന്നു മൂളിയതേ ഉള്ളൂ.

മേശപ്പുറത്തു കിടന്ന 'കേരളമംഗളം' എടുത്തു പൊട്ടിച്ചു വായിച്ചപ്പോൾ ഒരു 'ഗൃഹസംഭവം' എന്ന പേരിൽ ബാലകൃഷ്ണൻനായരുടെ വിവാഹവർത്തമാനം അതിൽ കണ്ടു. ദേവകി പെട്ടന്നു് ഒന്നു കിടുങ്ങിപ്പോയിരിക്കയാണു്. "ചേച്ചീ, ഇതു നോക്കൂ" എന്നു സാവിത്രി പിന്നെയും ഞെരുക്കി. ദേവകി അരമണിക്കൂർ സമയം നിശ്ചലയായി ഇരുന്നശേഷം ഒന്നു ദീർഘമായി നിശ്വസിച്ചു. "ആട്ടെ, ഈ വഞ്ചന ഞാൻ മറക്കുകയില്ല." എന്നു പതുക്കെ ഉച്ചരിച്ചുകൊണ്ടു സാവിത്രിയുമായി കെട്ടിലേയ്ക്കു് അവൾ എഴുന്നേററുപോയി. അന്നു് ആ വീട്ടിലുണ്ടായ അസ്വാസ്ഥ്യം വായനക്കാർ ഊഹിച്ചുകൊള്ളുക.

* * *

കൊല്ലം ഒന്നല്ല, രണ്ടല്ല, പന്ത്രണ്ടു കഴിഞ്ഞിരിക്കുന്നു. ബാലകൃഷ്ണൻനായർ ഹജൂരാഫീസിലെ ശ്രമസ്താപ്പണിയിൽനിന്നു് ഒരു തഹശീൽദാർവരെ ആയി. സകുടുംബം പരിവാരങ്ങളോടുകൂടി ചെങ്ങന്നാട്ടു താമസിക്കുന്നു. കച്ചേരിക്കുസമീപം ഒരുക്കൻകെട്ടിടത്തിൽ താലൂക്കുരാജാവായി വാഴുകയാണു്. ദാക്ഷായണിക്കു മൂന്നു കുട്ടികളുമായി.

അഞ്ചരമണിസമയം. ടെനീസ്സിനു പോകുന്നില്ലെന്നു പറഞ്ഞു നായർ കച്ചേരിയിൽനിന്നു നേരെ വീട്ടിലേക്കു ചെന്നു. "അച്ഛാ, ആരോ കക്കണ്ടു കൊണ്ടുവന്നു, അമ്മ എനിക്കു കൊറച്ചേ തന്നൊള്ളൂ!" എന്നാലട്ടിയുംകൊണ്ടു് ഇളയമകൾ സരോജം വന്നു നായരെ എതിരേററു. ബാ

ലകൃഷ്ണൻനായർ കസേരയിലിരുന്നു സരോജത്തിനെ മടിയിൽ വെച്ചുകൊണ്ടു ദാക്ഷായണിയോടു പറഞ്ഞു: "കേട്ടില്ല്യേ, ഇന്നലെ ഒരു പുതുവലുകാരൻ വന്നില്ലേ? അവൻ ഇന്നു കുറെ വല്ലാതൊക്കെ സംസാരിച്ചു. അവന്റെ വാക്കിന്റെ അത്ഥം മുഴുവൻ എനിക്കു മനസ്സിലായില്ല്യ."

"എന്തോന്നാ—പോകാൻ പറയണം. അധികപ്രസംഗിയാണെങ്കിൽ നാളെ ലാക്കപ്പിലാക്കാൻ പറയണം. തീൎന്നില്ലേ വഴക്കു്!"

"ഓ ഹോ—"

മൂത്ത കുട്ടി എന്തോ വായിക്കയാണു്. രണ്ടാമൻ കൃഷ്ണൻകുട്ടിയും അവിടെ നില്ക്കുന്നുണ്ടു്. നായർ കുട്ടികളുടെ മുഖത്തു വീണ്ടും വീണ്ടും നോക്കിയിട്ടു പറഞ്ഞു: "ദാക്ഷായണിയുടെ തോന്ന്യാസം മുഴുവൻ കുട്ടികളുടെ മുഖത്തു വിളങ്ങുന്നുണ്ടു്."

"എന്നെക്കൊണ്ടൊന്നും പറഞ്ഞുപറയിക്കരുതേ."

"പറയാനെന്തുള്ളൂ? നിങ്ങളുടെ ചരിത്രമൊക്കെ എനിക്കും അറിയാമേ."

"പറയേണ്ടാ, പറയേണ്ടാ. ശ്രീകൃഷ്ണനെപ്പോലെ, 'മുറിമുണ്ടുകൾ മൊന്തനല്ലതാകും പലഹാരം പലതും ഹരിച്ച കാര്യം' ഒക്കെ എന്നെക്കൊണ്ടു പറയിക്കേണ്ടാ, കേട്ടോ."

ഇങ്ങനെ തങ്ങളുടെ ചെറുപ്പകാലത്തെ പല പല തോന്ന്യാസങ്ങളെപ്പററിയും വളരെ നേരം ആ ദമ്പതി

മാർ വെടിപറഞ്ഞു സല്ലപിച്ചു രസിച്ചുകൊണ്ടിരുന്നു. സാധാരണപോലെ ആ ദിവസവും അങ്ങു പോയി. അത്താഴവും കഴിഞ്ഞു് എല്ലാവരും നേരത്തെതന്നെ ഉറക്കമായി. പക്ഷേ അന്നു രാത്രി ഉറക്കത്തിൽ വളരെനേരം തഹശീൽദാർ കിടന്നു നിലവിളിച്ചു. ദുസ്വപ്നത്തിൻെറ ഫലമാണെന്നു ചിന്തിക്കാതെ, ഇതു കേട്ടണന്ന ഭാര്യയും ഉറക്കെ നിലവിളിച്ചു. ലഹള കൂട്ടി. ഇതിനിടയ്ക്കു കുട്ടികളെല്ലാം ഉണൎന്നു. അവരും ഉറക്കെ നിലവിളിക്കാൻ തുടങ്ങി. എന്തിനു പറയുന്നു? അയൽപക്കക്കാരും അവിടെ കിടന്നിരുന്ന വാല്യക്കാരും ശിപായിമാരുമെല്ലാം വിളക്കും വെട്ടവുമായി ഓടിയെത്തി. അവരുടെയൊക്കെ നില്പും ഭാവവും അന്ധാളിപ്പും തൻെറ പ്രിയതമയുടെ ഭയവും കിടുങ്ങലുമെല്ലാം കണ്ടു ബാലകൃഷ്ണൻനായർ പൊട്ടിച്ചിരിച്ചതേ ഉള്ളു. "സ്വപ്നംകണ്ടു ചിലപ്പോൾ രാത്രി ഞാനിങ്ങനെ നിലവിളിക്കാറുണ്ടു്. സാരമില്ല. പോയ്ക്കോളിൻ." എന്നു പറഞ്ഞു തഹശീൽദാർ എല്ലാവരെയും പിരിച്ചയച്ചു.

* * *

പിറേറ ദിവസം നേരം വെളുത്തുവരുന്നു. തഹശീൽദാർ ബാലകൃഷ്ണൻനായരുടെ പടിക്കൽ ഒരു ജട്ക്കാ വന്നുനിന്നു. അപ്പോൾ മണി ആറായിട്ടില്ല. വെളുത്തുതടിച്ചു നല്ല ജോറായിട്ടുതൊരുങ്ങി മധ്യവയസ്കനായ ഒരു മേൽമീശക്കാരൻ—ഭത്താവിനനുരൂപമായ രൂപസൗഭാഗ്യത്തോടുകൂടിയ ഒരു സൗന്ദര്യധാമമെന്നു വേണം പറയുക—ഭാര്യയുമായി വണ്ടിയിൽനിന്നു താഴെ ഇറങ്ങി.

അവർ നേരെ തഹശീൽദാരുടെ വീട്ടിനകത്തേയ്ക്കുതന്നെ കയറി. പുതുവൽക്കാര്യത്തിൽ തക്കവും തകരാറും വഴക്കും കുഴപ്പവുമുണ്ടെന്നു പറഞ്ഞു തഹശീൽദാരെ അലട്ടിക്കൊണ്ടിരുന്ന ഗോപാലപിള്ളയും ഭാര്യയുമായിരുന്നു ഇവർ. ബാലകൃഷ്ണൻനായർ അന്നു കണികണ്ടതിവരെയായിരുന്നു. അദ്ദേഹം വല്ലാതെ ക്ഷോഭിച്ചു: "തനിക്കു വല്ലതും പറയാനുണ്ടെങ്കിൽ കച്ചേരിയിൽ വന്നാൽ മതി. പോയ്ക്കൊള്ളൂ. അല്ലെങ്കിൽ പോയി ഹർജി കൊടുക്കു."

ഇത്രയുമായപ്പോഴേയ്ക്കു് ആ മുള്ളുവാക്കുകൾക്കുത്തരം പറയാൻ മുമ്പോട്ടു വന്നതു ഗോപാലപിള്ളയുടെ ഭാര്യയായിരുന്നു. രൗദ്രരസം ആ സ്ത്രീയുടെ മുഖത്തു മൂർത്തീഭവിച്ചിരുന്നു; എങ്കിലും ആ മുഖാരവിന്ദത്തിൽ തിളങ്ങിവിളങ്ങിക്കൊണ്ടിരുന്ന തേജസ്സു് അസ്തമിക്കാൻപോകുന്ന സൂര്യനെയും അസ്തമിപ്പിക്കത്തക്ക പ്രഭാപൂരം ചൊരിഞ്ഞിരുന്നു. "എന്തു പറഞ്ഞു, ദുഷ്ടാ, ഘാതകാ, വിശ്വാസഘാതകീ? പോകാനല്ല ഞങ്ങൾ വന്നതു്. എന്നെ മനസ്സിലായില്ലേ? ഇല്ലെങ്കിൽ ഓർത്തുനോക്കൂ. പറഞ്ഞു വിശ്വസിപ്പിച്ചു ചതിച്ചു കുടുക്കിലാക്കീട്ടു കടന്നുകളഞ്ഞില്ലേ? ആ കുടുക്കിലായ പണ്ടത്തെ ദേവകിയാണു് ഈ നില്ക്കുന്നതു്. ദുഷ്ടതയ്ക്കു ശിക്ഷ കിട്ടുകയില്ലെന്നോ കരുതിപ്പോയതു്? ഒന്നും ഞാൻ മറന്നിട്ടില്ല. എൻെറ മാനഹാനി, നാട്ടുകാരുടെ പരിഹാസം, കുടുംബത്തിനുണ്ടായ ആക്ഷേപം, അച്ഛൻെറ വ്യസനം, അമ്മയുടെ വേദന— എല്ലാററിനും തക്കതായ ശിക്ഷ ഇതാ! ഇതു കണ്ടോ? ഇതാണെൻെറ പ്രതിക്രിയ!"

തഹശീൽദാർ ബാലകൃഷ്ണൻനായർ ആ സിംഹികയുടെ മുമ്പിൽ നമ്രമുഖനായി നട്ടങ്ങിനിന്നുപോയി— ഠീ. ഠീ. ഠീ—കഥ കഴിഞ്ഞു. അയ്യോ, അയ്യോ എന്നു വിളിച്ചുകൊണ്ടു് ഓടിയെത്തിയ ദാക്ഷായണിയമ്മയും ആ സിംഹികയുടെതന്നെ കൈത്തോക്കിനാഹാരമായിത്തീൎന്നു.

“ഈ പ്രതിക്രിയയ്ക്കുവേണ്ടി എന്നെ ഇത്ര വളരെ സഹായിച്ച—എന്നെ മനസ്സലിഞ്ഞുസ്നേഹിച്ച—പ്രിയതമാ, നമസ്കാരം. ഞാനിതാ, ഈ ലോകം വിടുന്നു. ഇവളെ യഥാൎത്ഥത്തിൽ ഇഷ്ടമുണ്ടെങ്കിൽ..........” ഇത്രമാത്രം പറഞ്ഞു. ഠീ. ഠീ. ഠീ. അതും കഴിഞ്ഞു.

ഇതിനിടയ്ക്കു വീട്ടിനുചുററും പലരും കൂടീട്ടുണ്ടായിരുന്നെങ്കിലും ആരും അടുത്തില്ല. ഗോപാലപിള്ളയും ഒട്ടും അധൈൎയ്യപ്പെട്ടില്ല. തന്റെ പ്രേമഭാജനത്തെ കാണ്മാനുള്ള തിടുക്കത്തോടുകൂടിയെന്നവണ്ണം, പാക്കററിലുണ്ടായിരുന്ന പിസ്റ്റോൾ എടുത്തു് അതുവഴി ഭാൎയ്യയുടെ പിറകേ യാത്രയായി.

# 15. ഒരു ബാങ്ക്നോട്ട്

അച്ഛന്റെ കണ്ണിന്നു വലിയ സുഖക്കേടായിരുന്നു. ഡാക്ടർ ടി. എം. നായരെ കാണുന്നതിനായി മദിരാശിയിൽ പോയിരിക്കയാണു്. അച്ഛൻ മദിരാശിയിലുള്ളപ്പോഴാണു് 'ആർബത്ത്നാട്ട്' കമ്പനി പൊളിഞ്ഞതു്. ഞങ്ങളുടെ പതിനായിരം ൃൂപയും തുലഞ്ഞു. അതോടുകൂടി ഞങ്ങളുടെ സുഖവും പോയി. എങ്കിലും അച്ഛന്റെ സുഖക്കേടു ഭേദമാകണമെന്നുവെച്ചു ഞങ്ങൾ മുറയ്ക്കു പണം അയച്ചുകൊണ്ടിരുന്നു. അന്നു ഞാനും എന്റെ കൊച്ചനിയനും പഠിക്കുകയായിരുന്നു—ഞാൻ എഫ്. ഏ. യ്ക്കും കൊച്ചനിയൻ ഫോർത്ത്ഫാറത്തിലും. അച്ഛൻ തിരിച്ചെത്തി കൊള്ളാമെന്നു് ബാങ്കു പൊളിഞ്ഞ ഉടനെ എഴുതിയയച്ചുവെങ്കിലും ഞങ്ങളുടെ നിർബ്ബന്ധപ്രകാരമാണു്

അവിടെത്തന്നെ താമസിച്ചതു്. അന്നു മാസമൊന്നുക്കു് 45ക. അച്ഛനു വേണം. അതു് അയയ്ക്കാൻവേണ്ടി മാത്രം ഞാനും ഒരുദ്യോഗത്തിൽ പ്രവേശിച്ചു. ഉദ്യോഗം എന്നു പറഞ്ഞതുകൊണ്ടു പേഷ്കാരായി എന്നൊന്നും ആരും ധരിക്കണ്ടാ. കൈക്കൂലിക്കും ശിപാൎശ്ശക്കും വേണ്ട ഉപകരണങ്ങൾക്കൊന്നിനും നമുക്കു കോപ്പില്ലായിരുന്നു. ഉണ്ടിക വ്യാപാരം നീലകണ്ഠയ്യരുടെ കീഴിൽ 20 രൂപക്കു് ഒരു ഗുമസ്താപ്പണി ഒഴിവുണ്ടായിരുന്നു. അതാണു് എനിക്കു കിട്ടിയതു്. എൻെറ ഇളയ സഹോദരി 'ജാനു' ഒരു ഗേൎൽസ്കൂളിലെ ഹെഡ്മിസ്ട്രസ്സായിട്ടു പോയി. ഭാഗ്യവശാൽ ജാനു മെട്രിക്യുലേഷൻ പാസ്സായിട്ടുണ്ടായിരുന്നു. ഞങ്ങൾ രണ്ടുപേരുംകൂടിയാണു് അച്ഛനാവശ്യമുള്ള പണം അയച്ചുകൊണ്ടിരുന്നതു്. ഹജൂരിൽ ഒരു പണിയുള്ള ജ്യേഷ്ഠൻ മുമ്പേ ഒരു ദീപാളിച്ചെലവുകാരനായിരുന്നു. മാസപ്പടികൊണ്ടൊന്നും അദ്ദേഹത്തിനു മതിയാവില്ല. പക്ഷേ ഇപ്പോൾ വീട്ടുചെലവു മുഴുവൻ മൂപ്പരുടെ തലയിലായി. അങ്ങനെ കഴിഞ്ഞു. എനിക്കു ജാനുവിനോടു വളരെ വാത്സല്യമാണു്. അവളും 'കുഞ്ഞേട്ടൻ' എന്നു മുഴുവൻ പറകയില്ല. ജാനുവിനു് ഇക്കാലത്തു് 18 വയസ്സാണു്. ലാക്കാളേജിൽ അന്നു വായിക്കുന്ന ഗോപാലകൃഷ്ണൻനായർ ജാനുവിനെ വിവാഹംചെയ്യാൻ നിശ്ചയിച്ചു്, അച്ഛനോടു വാക്കുപറഞ്ഞിട്ടുണ്ടായിരുന്നുവത്രേ. ഞങ്ങൾക്കൊഴിവു വളരെ കുറവാണു്. പതിവുപോലെ, ഒരു ഞായറാഴ്ചദിവസം ഞാൻ ആഫീസ്സിലിരുന്നു് എഴുതുകയായിരുന്നു. കുറെ കഴിഞ്ഞപ്പോൾ എൻെറ ഒരു സ്നേഹിതനും സഹപാഠിയുമായ കൂട്ടുഗുമസ്തൻ ശിവരാമപി

ള്ള വന്നു. ഞങ്ങൾ കണക്കുകൾ ഒത്തുനോക്കി, അക്കൗണ്ടു് ചെക്ക്ചെയ്യാൻ തുടങ്ങി. ഉടനെ നീലകണ്ഠൻ സ്വാമി അകത്തു വന്നു്, "ഈ എഴുത്തു് അഞ്ചലാപ്പീസിൽ ഇടണേ" എന്നു് എന്നോടു പറഞ്ഞു്, ഒരു എഴുത്തു് മേശപ്പുറത്തുവെച്ചിട്ടു് ഇറങ്ങിപ്പോയി. അധികം താമസിച്ചില്ല. അപ്പോൾത്തന്നെ എൻെറ കൊച്ചേട്ടൻ അവിടെ കേറിവന്നു. അന്നു് അദ്ദേഹത്തിനു പണിയൊന്നുമില്ലായിരുന്നു. എൻെറ ഇഷ്ടൻ ശിവരാമപിള്ള എന്തോ വീട്ടുകാര്യം പ്രമാണിച്ചു് ഉടൻ അവിടെ എത്തണമെന്നു പറഞ്ഞു വെളിക്കിറങ്ങി. ജ്യേഷ്ഠൻ കുറെ എഴുതാമെന്നു പറഞ്ഞു് എന്നെ സഹായിച്ചു. രണ്ടുമണിയോടുകൂടി അദ്ദേഹം പോയി. നാലുമണിവരെ ഞാൻ വണ്ടിക്കാളകണക്കേ വേലചെയ്തു. പിന്നെ ആപ്പീസ്സു പൂട്ടി മുദ്ര യുംവെച്ചു് ഉടൻതന്നെ സ്വാമിയുടെ എഴുത്തു് അഞ്ചലിലിട്ടു വീട്ടിലേയ്ക്കു തിരിച്ചു.

ഉദ്ദേശം ഒരാഴ്ച കഴിഞ്ഞു. ഒരു ദിവസം രാവിലെ നീലകണ്ഠയ്യർ എന്നെ കുറെ ഗൗരവത്തോടുകൂടി വിളിച്ചു. അദ്ദേഹത്തിനു് എന്നോടു കുറെ വാത്സല്യമുണ്ടായിരുന്നതുകൊണ്ടു് ആ ഗൗരവം എനിക്കു വ്യസനമാണുണ്ടാക്കിയതു്. നീലകണ്ഠയ്യർ ചോദിച്ചു: "നിങ്ങൾതന്നെയല്ലേ ആദ്യം സേട്ടിനയയ്ക്കാൻ ഞാൻ തന്ന ആ എഴുത്തിട്ടതു്?"

"അതേ, ഞാൻതന്നെ."

"അതിൽ ഒരു ബാങ്ക്നോട്ടു് വെച്ചിട്ടുണ്ടായിരുന്നു. അതു് അവിടെ കിട്ടിയില്ലപോലും. ഇങ്ങനെയായാൽ എങ്ങനെ?"

ഞാൻ സംഭ്രമത്തോടുകൂടി ചോദിച്ചു: "എങ്ങിനെയായാൽ?"

"ആട്ടെ, അഞ്ചലാപ്പീസുകാരുടെ വിദ്യയായിരിക്കാം."

ഇതു പറഞ്ഞു നീലകണ്ഠയ്യർ പോയി. എനിക്കു വലിയ വ്യസനവും അപമാനവുമായി. കാര്യം വലിയ തകരാറിലായി. ഞാൻ മോഷണക്കേസിലും അകപ്പെട്ടു. അഞ്ചലാപ്പീസുകാരുടെ കളവല്ല എന്നു നീലകണ്ഠയ്യൎക്കു നിശ്ചയം വന്നു. അദ്ദേഹം എന്നെ പ്രതിചേൎത്തു കേസു കൊടുത്തു. എനിക്കു വാറണ്ടു വന്നു. എന്റെ കൂട്ടുഗുമസ്തൻ ശിവരാമപിള്ളയൊരു താവാട്ടിലുള്ള ആളാണു്. അദ്ദേഹം എനിക്കുവേണ്ടി ജാമ്യം നിന്നു. എന്നു മാത്രമല്ല, പോലീസുകാരുടെയും നീലകണ്ഠയ്യരുടെയും അന്യായത്തെപ്പററി ഒട്ടു വളരെ പ്രസംഗിക്കയും ചെയ്തു. ഈ ഇടയ്ക്കാണു് അച്ഛൻ മദ്രാസ്സിൽനിന്നും തിരിച്ചുവന്നതു്. എന്റെ സംഗതി കേട്ടു് അദ്ദേഹം വളരെ വ്യസനിച്ചു. വായനക്കാരേ, നിങ്ങളും എന്നെ തെററിദ്ധരിക്കരുതേ! ബാങ്കുനോട്ടെടുത്തതു ഞാനല്ല. എന്റെ കൊച്ചേട്ടൻ ഒരു ദീപാളിപ്പുള്ളിയാണെന്നറിയാമല്ലോ. അദ്ദേഹം ഒരു സൈക്കിൾ വാങ്ങിയ വകയിൽ 'കോഡർകമ്പനി'ക്കു് 150ക. കൊടുക്കാനുണ്ടായിരുന്നു. ഇക്കാര്യം എനിക്കുമാത്രമറിയാം. ആയിടയ്ക്കു് അദ്ദേഹം ആ കമ്പനിക്കു 100 രൂപ കൊടുത്തുതീൎത്തു എന്നു് അന്വേഷണത്തിൽനിന്നു ഞാൻ അറിഞ്ഞു. എന്നു മാത്രമല്ല— വിദ്വാന്റെ കൈയിൽ പിന്നെയും അഞ്ചാറു പവൻ ഇരിക്കുന്നതു

ഞാൻ കാണുകയുമുണ്ടായി. കളവുപോയതു് ഇരുന്നൂറു രൂപയുടെ ബാങ്കുനോട്ടായിരുന്നു. എല്ലാംകൂടി ഒത്തുനോക്കിയപ്പോൾ എനിക്കു ക്രമത്തിലധികം വ്യസനമാണുണ്ടായതു്. ഞാൻ എൻെറ സംശയം ജാനുവിനെ അറിയിച്ചു. ജ്യേഷ്ഠനോടു വലിയ ബഹുമാനമുള്ള ജാനു എന്നോടു യോജിച്ചില്ലെങ്കിലും സംഗതികളുടെ കിടപ്പുകൊണ്ടു ബാങ്കുനോട്ടെടുത്തതു് ജ്യേഷ്ഠനാണെന്നുതന്നെ ഞങ്ങൾ തീർച്ചപ്പെടുത്തി. അദ്ദേഹത്തിനുവേണ്ടി ഞാൻ ഏല്ക്കാൻ നിശ്ചയിച്ചു. ഞാൻ ജയിലിൽ പോയാൽത്തന്നെയും 20 രൂപയുടെ നഷ്ടമേയുള്ളൂ. അദ്ദേഹത്തിനു മുപ്പതു രൂപ മാസ്സപ്പടിയുണ്ടു്. സക്കാർ ജീവനമാണുതാനും. വിഢ്ഡിപാൻ ഒരു നേരംപോക്കുകാരനാണു്. എല്ലാം നിസ്സാരത്തിൽ തള്ളിക്കളയും. ഇക്കാര്യവും ബഹുനിസ്സാരമായിട്ടുതന്നെ അദ്ദേഹം വിചാരിച്ചു. അച്ഛനു് അദ്ദേഹത്തിനോടുള്ള വാത്സല്യവും എന്നോടുള്ള ഈഷ്യയുമോക്കുമ്പോൾ ഇപ്പോഴും എൻെറ ഉള്ളു പൊടിയുന്നു. ഇക്കേസ്സിൽവെച്ചാണോ അച്ഛനു് എന്നോടു് ഈഷ്യ തോന്നിയതു്. ജ്യേഷ്ഠൻ കച്ചേരിപ്പണി മുഴുവൻ ചെയ്യുന്നതു രാത്രിയിലാണു്. 11മണിവരെ ഇരുന്നു് എഴുതുന്നതുകാണാം. ഇതെല്ലാം ഉത്സാഹത്തിൻെറ ലക്ഷണമാണെന്നു് അച്ഛനും കൊണ്ടാടി. നമ്മുടെ ഗോപാലകൃഷ്ണൻനായർ അവിടെ വന്നു പലേ കാര്യങ്ങൾ പറഞ്ഞുകൊണ്ടിരുന്നതിനിടയിൽ എന്നെ വിളിച്ചു്, രഹസ്യമായി, ബാങ്കുനോട്ടിൻെറ കഥയെപ്പററി സംസാരിച്ചു. ഞാൻ എടുത്തിട്ടില്ലെന്നു് അധൈര്യത്തോടേ മറുപടി പറഞ്ഞു. ഈ അധൈര്യമാണു്, ഞാൻ അപരാധിയാണെന്നു ഖണ്ഡി

ച്ചുപറഞ്ഞതു്. ജാനുവിനോടും അദ്ദേഹം ചില ചോദ്യ ങ്ങൾ ചോദിച്ചു. എൻെറ അധൈര്യം കണ്ടും മോഷണ ശങ്കകൊണ്ടും മററും അദ്ദേഹം സ്വല്പം—അല്പ—വളരെ ര സക്കേടോടുകൂടി പോയിപോലും. ഞാൻ എന്തു ചെയ്യും? ജാനുവിനു് അല്പം വിഷാദമുണ്ടായി. എനിക്കും എല്ലാം കൊണ്ടും അങ്ങനെതന്നെ. ഞങ്ങൾ എല്ലാം സഹിച്ചു.

മാസം ഒന്നു രണ്ടു കഴിഞ്ഞു. ജ്യേഷ്ഠൻ ഇപ്പോഴും രാത്രി എന്തോ എഴുതിക്കൊണ്ടിരിക്കുന്നതു കാണാം. എ ൻെറ ഗൃഹസ്ഥാപ്പണി പോയി. പോലീസ് വിചാരണ കഴിഞ്ഞു. ജാനുവിനും എനിക്കുമാണു് വളരെ വ്യസന മുണ്ടായതു്. കൊച്ചനിയനെ സ്കൂൾക്കുട്ടികൾക്കെല്ലാവ ക്കും വലിയ ആക്ഷേപമായി. അയാൾക്കു പഠിക്കാൻ ക ഴികയില്ലെന്നു ശഠിച്ചു. ഞാൻ കൊച്ചേട്ടനെ മനസാ ശപിച്ചും വ്യസനിച്ചും ദിവസം കഴിച്ചു. ജാനുവിനു ഭാ ഗ്യവശാൽ ലഭിച്ച യോഗ്യനായ കമിതാവിനെ കളഞ്ഞ തും ജ്യേഷ്ഠനായിരുന്നേ. ഇതൊക്കെ ഓർത്തപ്പോൾ ജ്യേ ഷ്ഠനോടു് എനിക്കു വല്ലാത്ത ദേഷ്യം തോന്നി. വെളിക്കു് ഒന്നും പറയാതെ ഞങ്ങളും കഴിച്ചുകൂട്ടി.

മുൻഷിസ്സാറു നാരായണപിള്ള അന്നു താമസിച്ചിരു ന്നതു് ഞങ്ങളുടെ കിഴക്കേ വീട്ടിലാണു്. അദ്ദേഹത്തി ൻെറ മകൾ ലക്ഷ്മിക്കുട്ടിയും ജ്യേഷ്ഠനും വലിയ അടുപ്പ ത്തിലായിരുന്നു. മുൻഷിസാറു് ഒരു തലച്ചോറുള്ള പുള്ളി യാണെന്നു് അവിടങ്ങളിലൊക്കെ ബഹുകേൾവിയാണു്. അദ്ദേഹവും എന്നോടു ചില ചോദ്യങ്ങൾ ചോദിച്ചു. പ ലേ അന്വേഷണങ്ങളും നടത്തിപോലും. ഒടുവിൽ ജ്യേ

ഷ്ണനാണു് മോഷ്ടിച്ചതെന്നു തീച്ച്യയാക്കി. ലക്ഷ്മിക്കുട്ടിയോടു ഇതേപ്പററി എന്തോ പ്രസ്താവിക്കയും ചെയ്തു. ഇതു ഞാനറിഞ്ഞതു് ഈയിടയാണേ. നാട്ടൊട്ടുക്കു ഞങ്ങളെ വലിയ വെറുപ്പായി. എനിക്കു മരിച്ചാൽ മതിയെന്നു തോന്നി. ഒരു ദിവസം, യഥാൎത്ഥമായിട്ടും, ഞാൻ ഒരു കയറിട്ടുനോക്കി, ഉത്തരക്കുട്ടിൽ. ജാനു അതു കാണുന്നതിനിടയായി. ഞാൻ അന്നു ചത്തില്ലെന്നു നിങ്ങൾക്കും അറിയാം, അല്ലേ? പലപ്പോഴും അമ്മയും എന്നെ ശകാരിക്കാറുണ്ടായിരുന്നു. എന്നെ പ്രസവിച്ചില്ല എന്നുതന്നെ അവർ വിചാരിച്ചുകളഞ്ഞുപോലും. ഇതിനൊക്കെ ഇടയാക്കിയതു് ഒരു ബാങ്ക്നോട്ടാണു്. അക്കാലത്തു് ആ ദിക്കിലെ ചെറുപ്പക്കാരിൽ പലക്കും ബൎമ്മയ്ക്കു പോകാനുള്ള ഭ്രമം വൎദ്ധിച്ചിരുന്നു. ശിവരാമപിള്ള പലപ്പോഴും എന്നോടു് ഇതിനെപ്പററി പറഞ്ഞു. എൻെറ വ്യസനത്തിനിടയിൽ ബൎമ്മായാത്രയെപ്പററി ഞാൻ ഒരഭിപ്രായവും പാസ്സാക്കിയില്ല. ചുരുക്കംപറഞ്ഞാൽ കഴിഞ്ഞല്ലോ, വിദ്വാൻ ബൎമ്മയ്ക്കു തിരിച്ചു. വീട്ടുകാരുടെ അനുവാദം ഇല്ലാതെയാണു് പോയതു്. ഗോപാലകൃഷ്ണൻനായരുടെ ഒരകന്ന സഹോദരനാണു് ശിവരാമപിള്ള. പോയപ്പോൾ എന്നോടൊരക്ഷരംപോലും ഉരിയാടാഞ്ഞതിൽ എനിക്കല്പം കുണ്ഠിതം തോന്നി. ഈയിടയ്ക്കു ഗോപാലകൃഷ്ണൻനായർ വീട്ടിൽ വരുന്ന പതിവു ഒന്നുനിൎത്തി. ജ്യേഷ്ഠനും ലക്ഷ്മിക്കുട്ടിയുമായിട്ടുള്ള കൂടിക്കാഴ്ച ഒന്നു കുറഞ്ഞു, അത്രയേ ഉള്ളു. അവൾ മുൻഷിസ്സാറിൻെറ വാക്കിനെ ഒട്ടും വിശ്വസിച്ചില്ലപോൽ.

ദിവസം കുറെ കഴിഞ്ഞു. ഞാൻ ഒരു ദിവസം വെറും ജീവച്ഛവംപോലെ എൻെറ കസാലയിൽ കിടക്കുകയാണു്. കേസ്സു വിചാരണ അന്നായിരുന്നു. ഞാൻ ഓരോന്നു വിചാരിച്ചുകൊണ്ടിരുന്നു. ജാനു സ്കൂളിൽ പോകാൻ വട്ടംകൂട്ടി. അപ്പോഠം ത്പാൽക്കാരൻ ഒരു കത്തു കൊണ്ടുവന്നു. 'നാഗപട്ടാമി'ൽനിന്നായിരുന്നു എഴുത്തു്. ശിവരാമപിള്ളയുടേതുതന്നെ. എഴുത്തു പൊട്ടിച്ചു. എനിക്കു് ഉള്ളിൽ കൊള്ളാത്ത സന്തോഷമുണ്ടായി. വ്യസനമെല്ലാം പോയി പൊഴികടന്നു. ജാനുവിനെ വിളിച്ചു് എഴുത്തു കാണിച്ചു. അവളും വായിച്ചു വളരെ സന്തോഷിച്ചു. അച്ഛനെ വിവരം ധരിപ്പിച്ചു. ജാനുതന്നെ എഴുത്തു് ഇങ്ങനെ ഉറക്കെ വായിച്ചു.

നാഗപട്ടാം,
മെ. 13. 19 .

'എൻെറ പ്രിയസുഹൃത്തേ,

മാപ്പുതരണേ. തരാമെന്നു വാക്കു തന്നെങ്കിലേ ഞാൻ കാര്യം പറയൂ. പിന്നെ വായിച്ചാൽ മതി എഴുത്തു്. സത്യം ചെയ്യണം—ഞാൻ പറയാൻ ഭാവിക്കുന്നതു്—എന്നോടു ദ്വേഷ്യപ്പെടരുതേ—നമ്മുടെ ബാങ്കുനോട്ടിനെ സ്സംബന്ധിച്ചാണു്. എനിക്കു ബമ്മയ്ക്കു പോകണമെന്നു് ഒരു മോഹം തുടങ്ങിയിട്ടു വളരെ കാലമായി. വീട്ടുകാർ സമ്മതിച്ചതുമില്ല. വേറെ ഒരു നിവൃത്തിയുമില്ലായിരുന്നു. ഞാനാണു് ബാങ്കുനോട്ടെടുത്തതു്. പക്ഷേ അയാഠംക്കു തിരികെ കൊടുത്തേയ്ക്കാം. കുറെ കഴിയട്ടേ. ശേഷം പിറകേ. ഈ ദുർമ്മോഹിയുടെ അപരാധത്തെ ക്ഷമിക്കണേ. മറുപടി അയയ്ക്കണം എന്നുമാത്രം.

സ്നേഹിതൻ, ശിവരാമപിള്ള.

അച്ഛനു വലിയ സന്തോഷമായി. "ബാങ്ക്നോട്ടെടുത്തു നീയല്ലെന്നു ധൈര്യത്തോടെ പറയാഞ്ഞതു് എന്താണെ"ന്നു് അച്ഛൻ എന്നോടു ചോദിച്ചു. ജ്യേഷ്ഠനും അപ്പോൾ അവിടെ എത്തി. ജ്യേഷ്ഠനോടു മാപ്പു ചോദിച്ചുകൊണ്ടു്, ഞങ്ങൾക്കു് അദ്ദേഹത്തെപ്പററിയുണ്ടായിരുന്ന സംശയങ്ങൾ മുഴുവൻ പറഞ്ഞുകേൾപ്പിച്ചു. ജ്യേഷ്ഠനും ഒന്നും പറയാതിരുന്നില്ല. നീലകണ്ഠയ്യർ കേസുകൊടുത്ത ഇടയ്ക്കു്, എൻെറ നിരപരാധിത്വത്തിൽ നല്ല വിശ്വാസമുണ്ടായിരുന്ന കൊച്ചേട്ടൻ ശിവരാമപിള്ളയെ പിടികൂടി. കൊച്ചേട്ടൻെറ മിടുക്കുകൊണ്ടു് ബാങ്ക്നോട്ടെടുത്തു താനാണെന്നു്, ഒടുവിൽ ശിവരാമപിള്ള ഏററു. കേസു വിധി പറയുന്നതിനുമുമ്പു മോഷ്ടിച്ചതു താനാണെന്നു് ഏററുപറഞ്ഞുകൊള്ളാമെന്നു ശിവരാമപിള്ളയെക്കൊണ്ടു ജ്യേഷ്ഠൻ സത്യം ചെയ്യിച്ചിട്ടുണ്ടായിരുന്നു. അയാൾക്കു ബമ്മായ്ക്കു പോകാനുള്ള മോഹവും ശിക്ഷയെക്കുറിച്ചുള്ള പേടിയും മററും ജ്യേഷ്ഠനോടു കരഞ്ഞു പറഞ്ഞപ്പോളാണു് നാഗപട്ടണത്തിൽ ചെന്നതിൻെറശേഷം കുററം ഏററെഴുതിയയച്ചാൽ മതിയെന്നു ജ്യേഷ്ഠൻ സമ്മതിച്ചതു്. ജ്യേഷ്ഠൻ മുമ്പുതന്നെ കേസിൻെറ അവസാനം കണ്ടിരുന്നു. അതുകൊണ്ടാണു് അദ്ദേഹം ഈ കേസിനെപ്പററി മുമ്പു നിസ്സാരമായി സംസാരിച്ചതു്. 'കോഡറി'നു കൊടുക്കാൻ അദ്ദേഹത്തിനു പണം എവിടുന്നുണ്ടായി എന്നു ഞാൻ ചോദിച്ചു. "അതു എൻെറ ന്യായമായ വേലക്കൂലിയാണെ"ന്നാണു് അദ്ദേഹം പറഞ്ഞതു്: "അന്നു കെ. ഡി. ബുക്കു് ഡിപ്പോമാനേജർ വന്നതു നീ കണ്ടില്ലേ? നല്ലവിലയുള്ള പുസ്തകങ്ങളുടെയൊക്കെ അച്ചടികൂത്തത പിടിച്ചിരിക്കു

ന്നതു് ആ ഡിപ്പോക്കാരാണു്. മലയാളഭാഷാസാഹിത്യാ ന്നത്യപരിശ്രമക്കമ്മിററിക്കാർ അവരടിക്കുന്ന പുസ്തക ങ്ങൾക്കൊക്കെ 'റെക്കമ്മെിഷൻ'കൊടുക്കുകയും ചെയ്യും. വിലയും കൂടും. കട്ടിയുമുണ്ടു്. ഫലനവുമേറും. പിന്നെ "കമ്മട്ട"ക്കാരു പ്രസാദിച്ചാൽ പുസ്തകം ചിലവാക്കാനാ ണോ പ്രയാസം? ഞാൻ ഈയിടെ എഴുതിയ ഒരു പുസ്ത കത്തിൻെറ പകൎപ്പവകാശം അവൎക്കാണു് കൊടുത്തതു്. ആ വകയിൽ കിട്ടിയ ഉറുപ്പികയാണു് ഞാൻ കോഡറിനു കൊടുത്തതു്. ശേഷം കൈയിലുണ്ടുതാനും—ഇതായി രുന്നു ജ്യേഷ്ഠൻെറ സമാധാനം. ഞാൻ വല്ലാതെ സന്തോ ഷിച്ചു. എൻെറ കേസു തള്ളി എന്നു പറയേണ്ടതില്ല ല്ലോ. മിസ്റ്റർ ഗോപാലകൃഷ്ണൻനായൎക്കു കുറെ ജാള്യമു ണ്ടായിരുന്നു. എങ്കിലും അദ്ദേഹം, ഹേഡ്മിസ്ട്രസ് ജോലി രാജിവെച്ചു വീട്ടിൽ താമസിച്ചിരുന്ന ജാനുവി നെയും കൊച്ചേട്ടൻ മുൻഷിസ്സാറിൻെറ മകൾ ലക്ഷ്മിക്കു ട്ടിയെയും താമസിയാതെ വിവാഹം ചെയ്തു. അവരിതാ സുഖമായി പാൎക്കുന്നു. ഞാനും എൻെറ കൊച്ചനിയനും മണ്ണെണ്ണവിളക്കിൻെറ മുമ്പിൽ ചെയ്തുതുടങ്ങിയ തപസ്സ് ഇതുവരെ അവസാനിച്ചിട്ടില്ല.

## 16. ഞാൻ നരകം കണ്ടതു്

നേരം ആററമണിയായിക്കാണും. ഞാൻ അപ്പോൾ എണീററതേ ഉള്ളു. ഞങ്ങളുടെ വീടിൻെറ പിന്നാപ്പുറത്തായി ഒരു താമരപ്പൊയ്കയുണ്ടു്. ആ പൊയ്കതന്നെയാണു് പവിത്രേശ്വരത്തെ ക്ഷേത്രക്കുളമായി ആളുകൾ സങ്കല്പിക്കുന്നതും. എനിക്കു വെള്ളത്തിൽ നോക്കിക്കൊണ്ടിരുന്നു മനോരാജ്യം വിചാരിക്കുന്നതു വലിയ സന്തോഷമാണു്. ഞാൻ അങ്ങനെ ഇരുന്നു. കുറെ നേരം കഴിഞ്ഞപ്പോൾ എൻെറ തല കറങ്ങുന്നുവോ എന്നു സംശയം. അല്ല, ഭൂമിയാണു് കറങ്ങുന്നതു് എന്നു തോന്നി. എൻെറ പഞ്ചേന്ദ്രിയങ്ങൾക്കു് അസാധാരണമായ ഒരുണച്ചു വന്നതായി ഞാൻ കരുതി. ചെറുതായ കാററടിച്ചുകൊണ്ടിരുന്നതിൻെറ മധുരമായ സ്വരം ഭയങ്കരമായ ഒരു ശബ്ദമായി. കാട്ടുതീപോ

ലെ വൃക്ഷാഗ്രങ്ങളിൽ ഒരു ജ്വാല കണ്ടു. ആ ജലാശയത്തിലെ ഓളങ്ങൾ വേലിയേററസമയത്തു സമുദ്രത്തിലെ തിരകളെന്നപോലെ, കാണപ്പെട്ടു. മഹാകാവ്യകാരന്മാരെപ്പോലെ ഈ സങ്കല്പസമുദ്രത്തെ വർണ്ണിക്കാൻ ഞാൻ കരുതുന്നില്ല. പലേവിധത്തിലും ഭയങ്കരമായിത്തീൎന്ന ആ സമയത്തിൽ ഒരു കൂരിരുട്ടു വന്നു. എല്ലാം അന്ധകാരമായി. ലോകത്തിൽ ഒന്നും കാണ്മാനില്ല. ഠിം എന്നൊരു ശബ്ദം. ഞാൻ ഇതാ, മേല്പോട്ടു വാണംപോലെ ശീഘ്രഗതിയിൽ പൊങ്ങുന്നു. എൻെറ ഗതിയുടെ വേഗം റയിൽവേവണ്ടിയുടേതിനെ അതിശയിക്കുന്നതായിരുന്നു. ഒരു നിമിഷം കഴിയുന്നതിനു മുൻപായി ഞങ്ങളുടെ ചുററുമുള്ള നാടുകൾ എനിക്കു് ഒരു നോക്കു കാണാൻ സാധിച്ചു. ഞാൻ മേല്പോട്ടുയൎന്നു തുടങ്ങിയതുമുതൽ ഇരുട്ടുമൊന്നും ഇല്ലായിരുന്നു. ഒരു നിമിഷത്തിൽ സുമാർ രണ്ടായിരം അടിവീതം ഞാൻ പ്രയാണംചെയ്തിരുന്നു എന്നും തോന്നുന്നു. എൻെറ കൈകൾ, തലമുടി എന്നിവ ദേഹത്തോടു ചേൎന്നു് ഒട്ടിപ്പോയ കണക്കു് എനിക്കു തോന്നാതിരുന്നില്ല. ഇത്ര വേഗത്തിൽ ഇതേവരെ ഞാൻ ഉയൎന്നിട്ടില്ല. വലിയ നഗരങ്ങളിൽ വിദ്യുച്ഛക്തിയുടെ സഹായത്താൽ ഉന്നതസൗധങ്ങളിലെ മുകളിലത്തെ നിലകളിൽ പോകാറുള്ളപ്പോൾ തോന്നുന്ന മാതിരി ഒരു വികാരം ശതഗുണീഭവിച്ചാണു് എനിക്കന്നേരമുണ്ടായതു്. ഏകദേശം അരമണിക്കൂറായപ്പോൾ അവിടവിടെയായി തേജഃപുഞ്ജങ്ങൾ കണ്ടുതുടങ്ങി. സൂൎയ്യനെക്കാൾ തുലോം വലിയ ഗോളങ്ങൾ ഞാൻ കണ്ടതു വളരെ നേരം കഴിഞ്ഞതിൽ പിന്നീടാണു്. കാററിൻെറ ശക്തിയില്ലെന്നു തോന്നിയ

തിൽ പിന്നീട ഞാൻ പോയതു പ്രകാശമാനമായ ആകാശമണ്ഡലത്തിലൂടെയാണു്. എന്തിനധികം, ഞാൻ പെട്ടന്നു നിന്നു. നില്ക്കുന്നതിനു മുൻപായി ഒരു ഞെട്ടലുണ്ടായി. അന്നേരം കണ്ണു് അറിയാതെ അടഞ്ഞുംപോയി. ഞാൻ ഇപ്പോൾ നില്ക്കുന്നതു വിസ്തൃതമായ ഒരു മണല്പുരയുടെ നടുവിലാണു്. ആ സ്ഥലം പ്രകൃത്യാ രമണീയമാണെന്നു പറയാനില്ല. വൃക്ഷലതാദികൾ അവിടെയെങ്ങും കാണ്മാനേ ഇല്ല. ചെറിയ ശിലാശകലങ്ങളിൽ ഒരുതരം രശ്മി തട്ടി പ്രതിഫലിക്കുന്നുണ്ടു്. അതു കണ്ണിനു് ആനന്ദപ്രദമായിരുന്നില്ല. ഞാൻ നില്ക്കുന്ന സ്ഥലത്തുനിന്നു സാവധാനം നടന്നു. സുമാർ രണ്ടു മയിൽ നടന്നപ്പോൾ വലിയ ഒരു പൂങ്കാവനം കാണുകയുണ്ടായി. അവിടെ അല്പം ഇരിക്കാമെന്നു വിചാരിച്ചു. ദൂരേയായി കിടക്കുന്ന ജലാശയംകൂടി കണ്ടപ്പോൾ ദാഹാർത്തനായ ഞാൻ അങ്ങോട്ടു തിരിച്ചു. വെയിലത്തു മണലിലൂടെ നടക്കുമ്പോലെയുള്ള ചൂടില്ലായിരുന്നു. ഞാൻ ആ ജലാശയത്തിനടുത്തെത്തി. അതു് ഒരു കുളമെന്നോ കായലെന്നോ നദിയെന്നോ എങ്ങനെയാണു് നിർവ്വചിക്കേണ്ടതെന്നു് എനിക്കു് ഒരു രൂപവുമില്ല. പ്രവാഹം പറയത്തക്കതായിട്ടില്ല. എങ്കിലും ഒരുതരം നദിയെന്നുതന്നെ പറയാം. അവിടെ വളരെ സ്ത്രീകൾ കുളിക്കുന്നുണ്ടായിരുന്നു. ഏതാണ്ടു കുറച്ചു വിളറിയ കവിൾത്തടവും നിശ്ചഞ്ചലങ്ങളായ നയനങ്ങളും അനാരോഗ്യസൂചകമായ വർണ്ണവും അവരിൽ പരക്കെ കണ്ടു. സുന്ദരികൾ എന്നു അവരെ പറയാൻ തരമില്ലതന്നെ. അവരുടെ മുഖത്തും എന്തോ ഒന്നിൻെറ

അഭാവം കണ്ടു. അവരുടെ ഉത്സാഹശൂന്യമായ കളികഠം കണ്ടുകൊണ്ടു ഞാൻ കുറെയേറെ അവിടെ നിന്നുപോയി. ഒരു ശംഖിൻെറ ശബ്ദം കേട്ടു തിരിഞ്ഞുനോക്കിയപ്പോഠം കണ്ടതു് ഒരു പല്ലക്കാണു്. അതിവേഗത്തിൽ പോണ്ടന്മാർ ഓടുന്നു. അതു് ഒരു പുഴവക്കത്തുനിന്നു. അതിൽനിന്നു് ഇറങ്ങിയതു്, കറുത്തു തടിച്ച ഒരു മേൽമീശക്കാരനും പുറകേ വേറെ ഒരാളും. എൻെറ കണ്ണുകളെ ആദ്യം ഞാൻ വിശ്വസിച്ചില്ല. കണ്ണുകഠം തിരുമ്മി നോക്കി. അതേ, അദ്ദേഹംതന്നെ അതു്. അവിചാരിതമായി അദ്ദേഹത്തെഅ വിടെക്കണ്ടപ്പോഠം ഞാൻ അല്പമൊന്നദ്ഭുതപ്പെടാതിരുന്നില്ല. ഓണത്തിനു നാട്ടിൽ വന്നിട്ടു പോയതിൽപ്പിന്നെ ഞാൻ അദ്ദേഹത്തെ കണ്ടിട്ടില്ലായിരുന്നു. എന്തോ, കൂടുതൽ സുമുഖത അന്നു് ആ മുഖത്തു തിളങ്ങിക്കണ്ടു. നല്ല വെളുത്തു തിങ്ങിയ മൽമൽകുടുത്തുണിയും മെതിയടിയും എനിക്കു നന്നേ പിടിച്ചു. ഇവർ രണ്ടുപേരും ഒന്നും മിണ്ടാതെ അവിടെ തയാറായിനിന്ന ബോട്ടിലേയ്ക്കു കടന്നു. അദ്ദേഹം എൻെറ നേരെനോക്കി, 'കേറാം' എന്ന അർത്ഥത്തിൽ. ഞാനും പതുക്കെ പിന്നാലെ കേറി. ബോട്ടും നീങ്ങി. ശീഘ്രഗതിയിലാണു് ഞങ്ങഠം പോയതു്. ഒരു മണിക്കൂറിനകം ഞങ്ങഠം ആ പുഴയ്ക്കക്കരപറ്റി ബോട്ടിൽനിന്നിറങ്ങി. കല്പടികഠം ഒട്ടനവധി കയറി സമതലത്തിലെത്തി. വലിയ ഒരു പലകയിൽ രക്തവർണ്ണത്തിൽ നരകം എന്നെഴുതിയിരുന്നു. ഞങ്ങഠം നേരേ നടന്നു. പലേ ഇടവഴികളിലൂടെയും റോഡുകളിലൂടെയും നടന്നു ചന്തസ്ഥലംപോലുള്ള ഒരിടത്തു ചെന്നുചേർന്നു. ഇത്ര വൃത്തികെട്ട ഒരു സ്ഥലം ഞാൻ കണ്ടിട്ടേ

ഇല്ല. ചുവന്ന നിറത്തിലുള്ള ഉടുപ്പും തലപ്പാവും ധരിച്ചു നിന്നു് കുറെവളരെ ഗദാധാരികൾ ഞങ്ങളെത്തൊഴുതു. വലിയൊരു ഗദാധാരി ഒരു കടലാസുകഷണം കൊണ്ടുവന്നു്, ഞങ്ങളുടെ മുൻപേ നിന്നിരുന്ന ആ കറുത്തു തടിച്ച മനുഷ്യന്റെ കൈയിൽ കൊടുത്തു. ഞങ്ങൾ പിന്നെയും നടന്നു. ആ ചന്തസ്ഥലത്തുവെച്ചു ഞാൻ അറിയുന്ന ചിലരെ കണ്ടു; ഒരു വിഷയഭ്രമിയായ മലയാളപോററി, അവിശ്വാസിയായ ദേവസ്വംകാര്യസ്ഥൻ, തെമ്മാടിയായ ഒരു പോലീസുദ്യോഗസ്ഥൻ, കൈക്കൂലി വാങ്ങുന്ന ഒരു ഒന്നാം വാധ്യാർ; വേറെ പലരുമുണ്ടെങ്കിലും എനിക്കു് ഇവരെമാത്രമേ കണ്ടു പരിചയമുണ്ടായിരുന്നുള്ളു. ഞങ്ങൾ പിന്നീടു നിന്ന തെരുവു വളരെ വലുതായിരുന്നു. "നിയമനിർമ്മിതി സഭാസാമാജികാനാം ശിക്ഷാസ്ഥലം" എന്നു നാഗരത്തിൽ ഒരു ബോർഡു് കാണാനുണ്ടു്. അവിടെ ബഹുനേരംപോക്കുള്ള കാഴ്ചയാണു് കണ്ടതു്. ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും വന്നിട്ടുള്ള വലിയ വലിയ ബിരുദധാരികൾ പഞ്ചപുച്ഛമടക്കി അതാ, നില്ക്കുന്നു. ഓരോരുത്തരും അവരവർ ചെയ്തിട്ടുള്ള തെററുകളെപ്പററി വാചിട്ടു് ഉപന്യസിക്കയാണു്.

ചിലർ മാനത്തിനായിമാത്രം സാമാജികസ്ഥാനം സ്വീകരിച്ചെന്നും ചിലർ മകളുടെ ഭർത്താവിനു് ഉയന്ന ഉദ്യോഗം കൊടുപ്പിക്കാനാണെന്നും ചിലർ പുതുവൽ പതിപ്പിക്കാനാണെന്നും മററും മററും അങ്ങനെ വിളിച്ചു പറയുന്നുണ്ടു്.

അടുത്ത തെരുവു കലാകുശലന്മാക്കായിട്ടുള്ളതായിരുന്നു. പല മലയാളത്തിലുള്ളവരും അവിടെ ശിക്ഷാഗ്ര

സ്ഥന്മാരായി ഇരിക്കുന്നുണ്ടു്. പൗരാണികപാത്രങ്ങൾക്കു് അനുയോജ്യങ്ങളല്ലാത്ത നവീനവേഷങ്ങൾ നല്കി വികൃതികൃതങ്ങളായ ചിത്രങ്ങൾ എഴുതിയ ഒരു മഹാൻ അവിടെ ഒരു കല്ലും ചുമന്നുകൊണ്ടു നില്ക്കുന്നു. അലംകാരഭ്രമിയായ ഒരു മഹാകാവ്യകാരൻ തന്റെ പദ്യങ്ങളെ ഓരോന്നായി ഒരു കൽച്ചുമരിൽ കൊത്തുന്നു. മടികാണിക്കുമ്പോൾ നമ്മുടെ ഗദാധാരികളുടെ പ്രഹരവും വാങ്ങുന്നുണ്ടു്. സമുദായത്തിന്റെ നന്മബോധത്തിന്നു ദോഷകാരിയായ ഒരു കഥ എഴുതിയതിനു് ഒരു യോഗ്യൻ അതാ, അടികൊണ്ടു കിടകിടെ വിറയ്ക്കുന്നു.

പിന്നത്തെ മുക്കിനു് ഒരു ചെളിക്കുളമുണ്ടു്. അതിൽ യോഗ്യന്മാരെ ആരെയും കണ്ടില്ല. ഭാര്യയുടെ വസ്തുക്കളെല്ലാം മുക്ത്യാറുകാരൻ എന്നും പറഞ്ഞു തോന്നിയതുപോലെ ഭരിച്ചുകൊണ്ടു് അവരെ കളിപ്പിക്കുന്ന അധികപ്രസംഗിയായ ഒരു ചെറുപ്പക്കാരൻ അതിൽക്കിടന്നു ചെളികുടിക്കുന്നു. ഹാ, എന്തു സഹതാപജനകമായിരുന്നു അതു്! അയാളുടെ അനുകമ്പേയമായ പരീക്ഷണം എന്നെ വല്ലാതെ വ്യാകുലപ്പെടുത്താതിരുന്നില്ല.

ഞങ്ങൾ പിന്നെ കണ്ടതു് ഒരു കാരണവരെയാണു്. അയാൾ ചുട്ടുപഴുത്തിരിക്കുന്ന ഒരു ലോഹവിഗ്രഹം—അതു് അയാളുടെ മകളുടേതാണത്രേ—എടുത്തുകൊണ്ടു നടക്കുന്നു. മരുമകനെ അടിച്ചു് ആ്പെണ്ണിനെ കല്യാണം കഴിപ്പിച്ചതിന്റെ ശിക്ഷയാണു്.

മുൻസിപ്പുദ്യോഗം കിട്ടാൻവേണ്ടി പൊതുജനങ്ങൾക്കു വിപരീതമായി പ്രസംഗംചെയ്ത ഒരു വലിയ നിയമ

വിദഗ്ദ്ധൻ ഒരു കഴുതപ്പുറത്തു കയറി പുറകോട്ടു തിരിഞ്ഞിരുന്നു കഴുതവാലു കയ്യിലുമാക്കിക്കൊണ്ടു ഘോഷയാത്ര പുറപ്പെട്ടിരിക്കുന്നു. എനിക്കതു വളരെ കൗതുകകരമായി തോന്നി. കൈക്കൂലി വാങ്ങുന്ന ഭാര്യയുടെ 'ചൊല്ലു കേട്ടു്' അന്യായമായി കേസുകൾ വഹിക്കുന്ന മജിസ്ട്രേട്ടും ഇതാ മണ്ണു ചുമന്നുകൊണ്ടു നടക്കുന്നു. ഒട്ടനവധി പൊട്ടക്കവികളും ചവറുലേഖകന്മാരും പകൽസമയത്തു തീവെട്ടിയും പിടിച്ചു ചാക്കുമുടുത്തുകൊണ്ടു് ഓടുന്നു. ഭാര്യാവിക്രയത്തിനായി കീഴുദ്യോഗസ്ഥന്മാരെ നിർബ്ബന്ധിക്കുന്ന ഒരു പേഷ്ക്കാരദ്ദേഹം നാലു മുക്കിൽ നില്ക്കുന്ന ഒരു ലോഹവിഗ്രഹത്തെ ചുംബിക്കുന്നു. ആ വിഗ്രഹത്തിനകത്തു കനൽ ഉള്ളതിനാൽ ചൂടുകൊണ്ടു മുഖം പിൻവലിക്കുമ്പോൾ ചാട്ടകൊണ്ടു മുതുകിൽ നമ്മുടെ ഗദാധാരികൾ നല്ല പോട്ടുപോടും. ആ പേഷ്ക്കാരുടെ അവസ്ഥ കഷ്ടംതന്നെ. ഒടുവിൽ ഞാൻ കണ്ടതു് ഒരു പത്രാധിപരെയാണു്. അയാൾ ഗവണ്മെൻറിൻെറ കയ്യിൽനിന്നു പാസ്സും മററും കൈക്കൂലി വാങ്ങി പൊതുജനദ്രോഹകരമായ ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിയിരുന്ന ആളാണു്. ഒരട്ടപ്പിൻപുറത്തു് ഒരു വലിയ കൽത്തളിക വെച്ചു് അതിൽ എണ്ണയൊഴിച്ചു ചൂടുപിടിപ്പിക്കുന്നു. ആ പത്രാധിപർ വിരലുകൊണ്ടു തളികയിൽ എപ്പോഴും എഴുതിക്കൊണ്ടിരിക്കണം. കൂടെക്കൂടെ ഇടിയും കൊള്ളണം. പത്രാധിപരുടെ അടുത്തു് എൻെറ സഹോദരി നില്ക്കുന്നതു കണ്ടു സന്തോഷാധിക്യത്താൽ ഓടി അടുത്തേയ്ക്കു ചെന്നു. ഞാൻ കാലു തട്ടി വീണു. എണീററതു ഞങ്ങളുടെ താമരപ്പൊയ്കയിൽനിന്നു്. ഞാൻ ആരും കാണാതെ തോർത്തീട്ടു വീട്ടിലേയ്ക്കു കയറുകയും ചെയ്തു.

## 17. 'എനിക്കൊന്നും വേണ്ടാ'

സരോജിനി 'വയറുവേദന' എന്നു മൂളിക്കൊണ്ടു സ്ലേറ്റുകളും താഴെ വെച്ചിരിപ്പായി; "'ബുധി'എന്നു വെച്ചാലെന്താ, അപ്പാ?" എന്നു ഭാസ്കരകുമാരൻ. കഴിഞ്ഞ കൊല്ലത്തിൽ വായിക്കേണ്ടതെല്ലാം അവിടെ കൂട്ടിയിട്ടിരിക്കയായിരുന്നു. എങ്ങനെയാണു് അൽമാരിയിലിരിക്കുന്നതെല്ലാം ഒന്നു നോക്കിത്തീൎക്കുക എന്നായിരുന്നു എൻെറ ആലോചന. "ബുധി—ബുധി—പറയൂ, അപ്പ, ചിണുങ്ങുന്നതില്ലും—ബുധി—"എന്നു പിന്നെയും ഭാസ്കരകുമാരൻ ഞെരുക്കിത്തുടങ്ങി. അയാളുടെ വഴക്കു ശമിപ്പിക്കാനായി തിരിഞ്ഞപ്പോഠം കണ്ടതു 'മാധവി'യെയാണു്. അവഠം നിന്നു ചെറുതായി ചിരിക്കുന്നു.

ഞാൻ ചോദിച്ചു: "എന്താ മാധവി, മന്ദഹസിക്കുന്നതു്?"

"കൊച്ചേട്ടൻ സംസ്കൃതത്തിൽ ഉപന്യസിക്കല്ലേ?"

"എന്താ, ഊണു കാലമായോ?"

"ശരിയായിപ്പോയി! അമ്മൂമ്മയുടെ ബലിനാൾ ഇതേവരെ രണ്ടു മണിക്കുമുമ്പേ ഊണു കാലമായിട്ടു് ഓർമ്മയുണ്ടോ?"

"ഞാൻ കല്പനകാലം 'പവിത്രേശ്വര'ത്തല്ലേ കഴിക്കാറു്? ഇക്കൊല്ലം അമ്മാവൻ നിർബ്ബന്ധിച്ചിട്ടു് ഇവിടെ താമസിക്കുന്നുവെന്നേയുള്ളൂ."

"വിശപ്പു നന്നേ ഉണ്ടെങ്കിൽ കുറച്ചു പഴമോ മറേറാ ആരും കാണാതെ കൊണ്ടുതരാം."

"വേണ്ടാ. നിവൃത്തിയില്ലെങ്കിൽ അപ്പോൾ ആവശ്യപ്പെട്ടുകൊള്ളാം."

അമ്മാവി വന്നു കുഞ്ഞുങ്ങളെ വിളിച്ചുകൊണ്ടുപോയി. മാധവി അവിടെ മേശയോടടുത്തു് ഒരു ഭിത്തിയിൽ ചാരി നിലയായി. അവളുടെ ചെറിയ മുഖം, ചുരുണ്ട മുടി, ഇരുണ്ട പുരികം, അസാമാന്യമായ ഒരു ശോഭ മുഖത്തിൽ പ്രസരിപ്പിക്കുന്നു. ആ കണ്ണുകൾ— ഇവയൊക്കെ അപ്പോൾ എൻെറ മനോദർപ്പണത്തിൽ പതിഞ്ഞു. ഇതിനു മുമ്പും പലപ്പോഴും ഇങ്ങനെ ഉണ്ടായിട്ടുണ്ടെന്നു വെയ്ക്കുക. ഞാനങ്ങനെ സൂക്ഷിച്ചുനോക്കുന്നതു കണ്ടു്, എൻെറ വികാരഗതികളെ അവലോകനം ചെയ്തിട്ടെന്നപോലെ, അവൾ ഒന്നു ചിരിച്ചപ്പോൾ ആ നുണക്കുഴികൾ രണ്ടും തെളിഞ്ഞു. ഞാൻ പറഞ്ഞു: "മാധവി ശുദ്ധകള്ളിയാണു്. കണ്ടില്ലേ നുണക്കുഴി?"

"കൊച്ചേട്ടനല്ലേ കള്ളം കൂടുതൽ?"

"എന്നെ കൊച്ചേട്ടനെന്നു വിളിക്കാനാണോ ഭാവം?"

"പേരു വിളിക്കട്ടേ?"

"മാധവിയുടെ ഇഷ്ടംപോലെ—പക്ഷേ ഈ വിളി നിൽക്കണമെന്നൊരാഗ്രഹമുണ്ടു്."

"കൊച്ചേട്ടൻെറ ഇഷ്ടം കുറെശ്ശയൊക്കെ നോക്കുന്നതിനു വിരോധമില്ലതന്നെ."

"കുറേശ്ശെ—അത്രേ ഉള്ളൂ?"

"അല്ലാതെ—"

"മുഴുവൻ നോക്കാൻ മാധവി തയ്യാറില്ലേ?"

മാധവി ഒന്നും മിണ്ടിയില്ല. മുഖത്തു പലേ ഭാവഭേദങ്ങളും ഞാൻ കണ്ടു. എൻെറ ദേഹചേഷ്ടകളെ നിയന്ത്രിക്കാൻ എനിക്കു മനശ്ശക്തിയില്ലാതെപോയി.

"തയാറില്ലേ, എൻെറ മാധവി" എന്നു കുറച്ചു താഴ്ന്ന സ്വരത്തിൽ ചോദിച്ചുംകൊണ്ടു മാധവിയുടെ അടുക്കലേയ്ക്കു ഞാൻ കസാല നീക്കിയിട്ടു.

*　　　*　　　*

അടുത്ത ഞായറാഴ്ച എനിക്കു തിരുവനന്തപുരത്തേയ്ക്കു് ഒന്നു പോകേണ്ടിയിരുന്നു. സ്റ്റേഷൻവരെ ശങ്കുണ്ണി കൂടി വന്നിട്ടുണ്ടായിരുന്നു. സാധാരണ അമ്മാവൻെറ മക്കളോടുള്ള കിറുകിറുപ്പൊന്നും എനിക്കു ശങ്കുണ്ണിയോടു തോന്നിയിരുന്നില്ല. മാത്രമല്ല, മുൻവിവരിച്ച സംഭാഷണം കഴിഞ്ഞശേഷം ശങ്കുണ്ണിയോടു് എനിക്കു് എന്തെന്നില്ലാത്ത ഒരു സ്നേഹം തോന്നിത്തുടങ്ങിയിരിക്കയുമാണു്.

ഞങ്ങൾ സ്റ്റേഷനിൽ എത്തി. വണ്ടി വരാൻ ഇനിയും കുറച്ചു താമസമുണ്ടെന്നു കരുതി ഞങ്ങൾ വെയ്റ്റിങ്ങ് റൂമിൽ ചെന്നിരുന്നു. ശങ്കുണ്ണി ചോദിച്ചു: "ഏട്ടൻ കല്യാണമൊക്കെ തീർച്ചപ്പെടുത്തിയോ?"

"ഓ! എന്നാണെന്നു തീർച്ചപ്പെടുത്തിയില്ല."

വികൃതിത്തരങ്ങൾ എപ്പോഴും കാട്ടുന്ന ആ ശങ്കുണ്ണിയുടെ അപ്പോഴത്തെ ശാന്തത എന്നെ വല്ലാതെ വിസ്മയിപ്പിച്ചു. വിസ്തൃതമായ മാറത്തു കിടന്ന ആ നേര്യതു് എടുത്തു വീശിക്കൊണ്ടു ശങ്കുണ്ണി പറഞ്ഞു: "കാളേജിൽ എന്നെ ചേർക്കുമോ എന്നു് ഒന്നന്വേഷിച്ചാൽ വേണ്ടില്ല. എനിക്കു മാസ്റ്റർജോലി വെറുത്തു. ഏട്ടൻ ആണേഴ്സ് ജയിക്കുമ്പോൾ എനിക്കു ജൂനിയർ ഇൻറർ എങ്കിലും തീർക്കാമല്ലോ."

"അടുത്ത കൊല്ലം നമുക്കെല്ലാം ഒരുമിച്ചു പാർക്കാം. സൗകര്യമുള്ള പക്ഷം—"

ഇത്രയുമായപ്പോഴേക്കും വണ്ടി പ്ലാററ്ഫാറത്തിൽ വന്നുകഴിഞ്ഞു. ഞാൻ ചെന്നു രണ്ടാംക്ലാസ്സിൽ ഒഴിഞ്ഞ ഒരു മുറിയിൽ കേറി. "താമസിയാതെ വരാം—കുഞ്ഞുങ്ങളെ പ്രത്യേകം നോക്കണേ!" എന്നു ശങ്കുണ്ണിയെ പറഞ്ഞേല്പിച്ചു. വണ്ടിയും നീങ്ങി—

3½ മണിക്കു ചാക്കയിൽ ഇറങ്ങി. എന്നെ കാത്തു കൃഷ്ണൻനായർ അവിടെ നില്ക്കുന്നുണ്ടായിരുന്നു. ഞങ്ങൾ കുശലപ്രശ്നാദികളോടുകൂടി ഒരു ജട്കിൽ കേറി.

കൃഷ്ണൻനായർ പറഞ്ഞു: "നിങ്ങൾക്കു് ഒരു മാററം കാണുന്നല്ലോ. നിങ്ങളുടെ കൊച്ചനിയൻ മരിച്ചതിൽ

പിന്നെ ഇങ്ങനെ ഒരു പ്രസന്നത നിങ്ങളുടെ മുഖത്തു ഞാൻ കണ്ടിട്ടില്ല. വിശേഷം ഒന്നുമില്ലല്ലോ?"

"ഏയ്! കുറുപ്പെവിടെയാണിപ്പോൾ? ലാഡ്ജിങ്ങ് മാററിയോ?"

"വിദ്വാൻ ഋഷിമംഗലത്തിരുന്നു പുസ്തകം കരളുകയാണു്.......പറയത്തക്ക വിശേഷം വല്ലതുമുണ്ടെങ്കിൽ പറയൂ."

"ഒന്നുമില്ല."

മാധവിയുടെ കാര്യം പറയാൻ എനിക്കു നല്ല സമ്മതമല്ലായിരുന്നു. മുമ്പൊരിക്കൽ അച്ഛന്റെ നിർബ്ബന്ധം കൊണ്ടു് അദ്ദേഹത്തിന്റെ മരുമകളായ ഒരു കുട്ടിയുടെ താലികെട്ടടിയന്തരം ഞാൻ നടത്തിയതു കൃഷ്ണൻനായർ അറിഞ്ഞിരുന്നു. അദ്ദേഹം പലപ്പോഴും ആ പെൺകുട്ടിയെ ഭാര്യയായി സ്വീകരിക്കുന്നതു നന്നാണെന്നു പറഞ്ഞിട്ടുമുണ്ടായിരുന്നു. അത്ര ഹിതമല്ലെന്നു പറഞ്ഞു ഞാനൊഴിഞ്ഞിട്ടുമുണ്ടു്. അതൊക്കെ ഓർത്തു് ഇക്കാര്യമൊന്നും പ്രസംഗിച്ചതേ ഇല്ല. ഞങ്ങൾ ഒരുമിച്ചാണു് നാലഞ്ചു ദിവസം പോക്കിയതു്. കുറുപ്പ്, കേശവപിള്ള, ബാലകൃഷ്ണൻ മുതലായ സ്നേഹിതന്മാരെ എല്ലാ ദിവസവും കണ്ടിട്ടും എന്റെ മനോവികാരങ്ങളെ ഒട്ടുംതന്നെ പുറത്തു കാണിച്ചതേ ഇല്ല. വ്യാഴാഴ്ച 6 മണി വണ്ടിക്കു പുസ്തകങ്ങളും എടുത്തു തിരിയെ വീട്ടിലേയ്ക്കു പോയി. അമ്മാവന്റെ വാല്യക്കാരൻ സ്റ്റേഷനിൽ ഉണ്ടായിരുന്നു. അയാൾ 'ഞങ്ങളുടെ കാര്യ'ത്തെ പരാമർശിച്ചു് ഏതാണ്ടൊക്കെപ്പറഞ്ഞു. ഞാൻ അതൊന്നും അറിഞ്ഞ ഭാവം

നടിച്ചതേ ഇല്ല. അന്നു വൈകിട്ട് അമ്മായി എൻെറ മുറിയിൽ വന്നു മാധവിയെപ്പററിയും എന്നെപ്പററിയും കുറെയൊക്കെ സംസാരിച്ചു. വെക്കേഷൻ കഴിയുന്നതിനു മുമ്പേ വിവാഹംനടത്തുന്നതു നല്ലതാണെന്നു് അമ്മായി തീരുമാനിച്ചതിനു ഞാൻ വിസമ്മതമൊന്നും പറഞ്ഞില്ല. ഒരു തിങ്കളാഴ്ച രാത്രി 9 മണിക്കായിരുന്നു മുഹൂർത്തം. വലിയ ആഘോഷമൊന്നും ഉണ്ടായില്ല. അച്ഛനു നല്ല രസമല്ലായിരുന്നു എന്നു് ആരോ പറയുന്നതു കേട്ടു. ഏതായാലും അതൊന്നും പുറത്തു വന്നില്ല. ഏതാനും ചില നാട്ടുകാരും കുറെ ബന്ധുക്കളും കൂടിയിരുന്നു് അടിയന്തരവും കഴിഞ്ഞു. ഭാസ്കരകുമാരൻ ഓടിവന്നു്, "അപ്പ, മാധവിച്ചേച്ചിയെ ഞാനിനി 'കൊച്ചമ്മ'യെന്നു വിളിക്കണോ?" എന്നു കുറെ ഉറക്കെ ചോദിച്ചു. അതിനു മറുപടിയായിട്ടു ഞാൻ ഒന്നു ചിരിച്ചു.

* * * *

ഞങ്ങൾ പിന്നെ താമസം ഉറപ്പിച്ചതു വഞ്ചിയൂർ സ്കൂളിനു് അല്പം തെക്കായിട്ടായിരുന്നു. വൃത്തിയുള്ള ഒരു ചെറുകെട്ടിടം. മാധവിയാണു് ഗൃഹനായിക. അമ്മായയുടെ നിർബ്ബന്ധംകൊണ്ടാണു് ഞാൻ ഈ രീതി അനുവർത്തിച്ചതു്. വിശ്വസ്തനായ ഒരു വാല്യക്കാരനുമുണ്ടു്. ശങ്കുണ്ണിയും കൊച്ചമ്മാനും കുട്ടനും കാളേജിൽ ചേർന്നു. ഗോപു, ഭാസ്കരകുമാരൻ മുതലായ കുട്ടികളും സ്കൂളിൽച്ചേർന്നു. 'ഞങ്ങളുടെ ജീവിതം' അങ്ങനെ തുടങ്ങി. ചെലവിനുള്ള പണമെല്ലാം അമ്മാവൻ മാസ്സു് അയച്ചിരുന്നതിനാൽ 'ജീവിതത്തിൻെറ ഇരുണ്ട വശം' ഞങ്ങൾക്കു കാണേണ്ടി

വന്നില്ല. വായനയിൽ പ്രത്യേകം ശ്രദ്ധവെയ്ക്കണമെന്നു് അമ്മായിയുടെ കത്തുകളും മാധവിയുടെ ശാസനകളും അടിക്കടി ഉണ്ടായിക്കൊണ്ടേ ഇരുന്നു.

ദിവസം അങ്ങനെ കഴിഞ്ഞു. ഒരു ദിവസം വൈകുന്നേരം ഞാനും കൃഷ്ണൻനായരും കൂടി 'പാക്കിൽ' ഉലാത്തുകയായിരുന്നു. ഞങ്ങൾ സംഭാഷണംചെയ്തുകൊണ്ടിരുന്നതു ജനസംഖ്യയുടെ വർദ്ധനയെപ്പററിയായിരുന്നു. അദ്ദേഹത്തിൻെറ പക്ഷം, ആഹാരസാധനങ്ങളുടെ ദുർഭിക്ഷതയും ജനസംഖ്യയുടെ ക്രമാഭിവൃദ്ധിയും കൂടി തുലനംചെയ്യുകയാണെങ്കിൽ അതു ലോകത്തിനു പൊതുവേ ദോഷകരമാണെന്നാണു്: ദമ്പതികൾ പ്രജോത്പാദനാസക്തിയെ വേണ്ടപോലെ നിയന്ത്രിക്കേണ്ടതാണെന്നും മററും കൃഷ്ണൻനായർ തട്ടിമൂളിച്ചു. പെട്ടന്നു് ഒന്നു തിരിഞ്ഞുനിന്നു പറഞ്ഞു: "ഹേ, നിങ്ങളുടെ ഗാർഹസ്ഥ്യജീവിതത്തിൽ ഞാൻ അസൂയപ്പെടുന്നു."

"എന്താ ഹേ, അതു്?" ഞാൻ ചോദിച്ചു.

"ആഹാരമില്ലാഞ്ഞു ലോകം ഇങ്ങനെ കഷ്ടപ്പെടുമ്പോൾ, നമ്മുടെ അഭിനിവേശങ്ങളെ തൃപ്തിപ്പെടുത്തുന്നതിനുവേണ്ടിമാത്രം, ജനസംഖ്യ വർദ്ധിപ്പിക്കുന്നതു് ഒരുതരം സ്വേച്ഛാപ്രതിപത്തിയല്ലേ?"

"നിങ്ങളുടെ വാദമുഖങ്ങളെ ഖണ്ഡിക്കാൻ ഒരു പ്രയാസവുമില്ല. നാളെയാകട്ടെ—നേരം വൈകി—നമുക്കിന്നു പിരിയാം."

"ഓഹോ, ഒരു കാര്യം." കൃഷ്ണൻനായർ കുറെ നേരം മിണ്ടാതെ നിന്നു. എന്നിട്ടു തുടൎന്നു: "എനിക്കു് എൻെറ

ജീവിതത്തിൽ ഒരു സുഖവും തോന്നുന്നില്ല. നാളെ ആഫീസിൽനിന്നു നേരെ നിങ്ങളുടെ വീട്ടിലേയ്ക്കു വന്നേയ്ക്കാം.”

ഞങ്ങൾ പിരിഞ്ഞു. തിരിയെ വരുംവഴി എന്റെ ഹൃദയഗതികൾ വികൃതങ്ങളായ മാർഗ്ഗങ്ങളിലൂടെയായിരുന്നു. ഒരു വിഷയത്തിൽനിന്നു വെറൊന്നിലേയ്ക്കു നിമിഷം പ്രതി മനസ്സു മാറിക്കൊണ്ടേ ഇരുന്നു. ‘കാലിഡോസ്കോപ്പ്’ എന്ന യന്ത്രത്തിന്റെ നശ്വരതയെപ്പററി ഒാക്കും. അടുത്ത ക്ഷണത്തിൽ വിവാഹത്തിൽ അന്തർഭവിച്ചിരിക്കുന്ന സ്വാതന്ത്ര്യപ്രതിപത്തിയെപ്പററി. വേറൊരിക്കൽ കൃഷ്ണൻനായരുടെ അതൃപ്തികരമായ ഈ ജീവിതത്തിന്റെ രഹസ്യഹേതുവിനെ ആരാഞ്ഞുതുടങ്ങും. നാഗരികത്വം, സാമാന്യവിദ്യാഭ്യാസം ഇതൊക്കെയുള്ള ഒരു യുവതീരത്നത്തെ ജീവിതഭാഗഭാക്കായി ലഭിച്ചിട്ടുള്ള കൃഷ്ണൻനായർക്കു ജീവിതം അസുഖകരമല്ലതന്നെ. എന്റെ മാധവിയും അവളുടെ നാട്ടിൻപുറത്തിനു ചേരുന്ന ചേഷ്ടകളും വേഷങ്ങളുമൊക്കെ എന്റെ മനസ്സിൽ കടന്നുകൂടി. ബാക്കിയുള്ളവരുടെ പ്രഭാവവും പരിഷ്കാരവും മാധവിയുടെ നാടൻമട്ടും നടത്തയും—ഈ താരതമ്യവിവേചനം എന്നെ കുറെ അസ്വസ്ഥമനസ്കനാക്കി എന്നു് എനിക്കിപ്പോൾ തോന്നുന്നു.

ഞാൻ വീട്ടിലെത്തിയപ്പോൾ മാധവി ഉമ്മറത്തു വന്നു മന്ദഹസിച്ചു നില്ക്കുന്നുണ്ടു്. എന്റെ മനസ്ഥിതിയെ മറച്ചുവെച്ചുകൊണ്ടാണു് ഞാൻ പടികടന്നതു്. ഒരു കോപ്പ ചായയും കഴിച്ചിട്ടു്, എന്റെ മേശയുടെ മുമ്പിൽ ചെന്നു്, മാർക്സിന്റെ ‘സമഷ്ടിവാദവിമർശം’ എന്ന

ഗ്രന്ഥം എടുത്തു വായിച്ചുതുടങ്ങി. യഥാർത്ഥത്തിൽ മനസ്സിനു സ്വാസ്ഥ്യഭംഗമുണ്ടാകുന്നതിനു് ഒരു കാരണവുമില്ലായിരുന്നു. എങ്കിലും, എന്തോ, ഒരു വല്ലായ്മ ഉണ്ടായി.

"ചേച്ചിക്കൊച്ചമ്മയ്ക്കു 'ന്നാനാശ്രമിച്ചീടുവതില്ല' എന്നു വച്ചാലെന്തെന്നു് അറിയാൻ വയ്യാം. എന്താ അതിൻെറ അർത്ഥം—" എന്നു ചോദിച്ചുകൊണ്ടു ഭാസ്കരകുമാരൻ അടുത്തു വന്നു. അതിലും ശ്രദ്ധ പതിക്കാതെ, 'പോക്കു' എന്നു പറഞ്ഞിട്ടു പുസ്തകത്തിൽ കണ്ണുകൾ പതിച്ചു. അത്താഴം കഴിയുന്നതുവരെ അങ്ങനെ ഇരുന്നു. ഇക്കാര്യമൊക്കെ ഇത്രയും ദീർഘമായി പറഞ്ഞതു്, ഈ ദിവസം, എൻെറ ജീവിതഗതിക്കു് ഒരു മാററം വന്നുചേർന്നതിൻെറ ആരംഭഘട്ടമാണു് എന്നു തോന്നുകയാലാണു്.

ആഴ്ചകൾ പിന്നെയും കുറെ അങ്ങനെ കഴിഞ്ഞു. എൻെറ മനസ്സിനു് ആയിടെയെങ്ങും ഒരസ്വാസ്ഥ്യവുമുണ്ടായിട്ടില്ല. വായന മുറയ്ക്കു നടന്നു. ഇടയ്ക്കിടെ മിസ്റ്റർ കുറുപ്പും ഞാനുമായി 'രാജ്യഭരണശാസ്ത്ര'ത്തിലെ പ്രമേയങ്ങളെപ്പററി കുറഞ്ഞൊരു നേരം സംസാരിച്ചിരിക്ക പതിവുണ്ടായിരുന്നു. ചിലപ്പോൾ മാധവി അവിടെ വന്നു കേട്ടുകൊണ്ടു നില്ക്കും. കുറുപ്പു പ്രകൃത്യാ ശാന്തനും സുശീലനുമാണു്. എൻെറ ഹൃദയം അദ്ദേഹത്തിൻേറതോളം അത്ര നിഷ്കളങ്കമാണെന്നു് എനിക്കു വിചാരമില്ല. എൻെറ വാദമുഖങ്ങൾ കുറുപ്പു 'ബലവത്തര'മായി ഖണ്ഡിക്കുന്ന ചില സന്ദർഭങ്ങളിൽ മാധവിയുടെ ഹൃദയരംഗത്തിലൂടെ ചില പ്രത്യേകവികാരങ്ങൾ കളിയാടുന്നില്ലേ എന്നു ഞാൻ നാലഞ്ചു പ്രാവശ്യം ശങ്കിച്ചുപോയിട്ടുണ്ടു്.

ചിലപ്പോൾ 'ആ മാതിരി' ഘട്ടം വരുമ്പോൾ ഞാൻ വാദം മതിയാക്കും. സ്ത്രീകളുടെ പ്രേമഗതിയെപ്പററി ചിന്തിച്ചുനോക്കിത്തുടങ്ങും. മാധവി ഒരു കുഗ്രാമത്തിൽ വളൎന്ന പെൺകുട്ടി. വിദ്യാഭ്യാസം സിദ്ധിച്ച നാഗരികരസികന്മാരിൽ ചുരുക്കം ചില ആളുകൾമാത്രമേ ഇതേവരെ അവളുടെ ദൃഷ്ടിപഥത്തിൽ എത്തിയിട്ടുള്ളു എന്നു വരാം. എന്നെ അവൾ 'അസാമാന്യ'നെന്നു കരുതിയുമിരിക്കാം. ഇപ്പോഴോ, എൻെറ മിക്ക സ്നേഹിതന്മാരെയും എന്നെപ്പോലെയും എന്നെക്കാൾ യോഗ്യന്മാരായുമാണു് അവൾ കാണുന്നതു്. അവൾക്കു് എന്നെപ്പററിയുള്ള ബഹുമാനാദരങ്ങളെ ചലിപ്പിക്കാൻ അവളുടെ ഇപ്പോഴത്തെ സ്ഥിതി സഹായിക്കുന്നുണ്ടെന്നു് എനിക്കു തോന്നി. ദുശ്ശങ്കകൾ എൻെറ മനസ്സിനെ അവളിൽനിന്നു വ്യതിചലിപ്പിക്കാൻ പലവിധത്തിൽ ഉതകിക്കാണും.

"അനുരാഗം ഒരു സ്ത്രീക്കു് ഒരു പുരുഷനിൽമാത്രം; ഒരു പുരുഷനു് ഒരു സ്ത്രീയിൽമാത്രവും. അതു് അവരെ പരസ്പരം ജീവിതസൎവ്വസ്വമായി കരുതാൻ പ്രേരിപ്പിക്കുന്നു. അവരുടെ ആത്മാക്കൾ വിഭിന്നങ്ങളല്ലെന്നു തോന്നിക്കുന്നു. ഇതൊക്കെ കവിതക്കാരുടെ ഭാവനയുടെ ഫലംമാത്രമാണു് എന്നും ചിലപ്പോൾ തോന്നും; പരിസരങ്ങളെ ആശ്രയിച്ചു് ഒരാളിൽ വന്നുചേരുന്ന ഒരു വികാരവിശേഷത്തെ അനുരാഗമെന്നു വിവക്ഷിക്കേണ്ടതാണു്. അതു മാറുന്നതും മാററാവുന്നതുമാണു് എന്നൊക്കെ വേറൊരിക്കലും.

പിന്നെയും നീങ്ങി, ദിവസങ്ങൾ കുറെ. സരോജിനിയെ സ്പെഷ്യൽക്ലാസിൽ ചേൎത്തിരിക്കയായിരുന്നു. അ

വളുടെ പഠിത്തം കുറെ മോശമായി നടക്കുന്നതു കണ്ടു ഗ
റൽസ്കൂളിൽ ഒരു ദിവസം ഞാൻതന്നെ പോയി. ഹെഡ്
മിസ്ട്രസ്സിനെ കണ്ടു കാര്യം ധരിപ്പിച്ചപ്പോൾ 'ലോവർ
ഫാംസ് സൂപ്രറിൻറൻഡ്' സരസ്വതിയമ്മയോട് ആ
ലോചിക്കു എന്നു പറഞ്ഞു. അന്നെനിക്കു പ്രൊഫസ്സോ
റിയൽക്ലാസ്സ് ഒന്നുമില്ലാത്തതിനാൽ ഏതായാലും സര
സ്വതിയമ്മയെ ഒന്നു കണ്ടുകളയാൻ തീച്ചപ്പെടുത്തി.
ഒരു ശിപായി സ്കൂൾവളപ്പിലുള്ള ഒരു ചെറുകെട്ടിടത്തി
ൻെറ രണ്ടാമത്തെ നിലയിലേക്കു വഴി കാണിച്ചു. അ
യാൾ പറഞ്ഞ ഒരു കസാലയിൽ ഇരുന്നു. പത്തു മിനു
ട്ടിനകം ഒരു സ്ത്രീ അവിടെ കടന്നുവന്നു. നല്ല നിറം. അ
വിടവിടെ മുഖക്കുരു നിറഞ്ഞു ശ്രീത്വമുള്ള ഒരു മുഖം.
ഷൂസ് ഇട്ടിട്ടുണ്ട്. വളരെ പരിഷ്കൃതരീതിയിൽ പാവാട,
ജാക്കററ്, സാരി മുതലായവ ധരിച്ചിരിക്കുന്നു. കനം കു
റഞ്ഞ ഈരണ്ടു വളകളും രത്നം പതിച്ച ഒരു ചെറുകണ്ഠാ
ഭരണവുമുണ്ട്. ആകപ്പാടെ ആ രൂപത്തിനു 'ഒരാകർഷ
കത്വ'മുണ്ടെന്നു പറയാതിരിപ്പാൻ തരമില്ല. ഞങ്ങൾ
തങ്ങളിൽ നടന്ന സംഭാഷണം ഇംഗ്ലീഷിലായിരുന്നു.
ഞാൻ ചോദിച്ചു: "നിങ്ങളാണ് സരസ്വതിയമ്മയെന്നു
ഞാൻ വിശ്വസിക്കട്ടെ?"

"ഓ ഹോ—നിങ്ങൾ മിസ്റ്റർ—അല്ലേ?"

"അതേ."

"സ്പെഷ്യൽ ഒന്നാംക്ലാസ്സിലെ സരോജനിയെപ്പ
റ്റി അന്വേഷിക്കാനാണ് വന്നത്, അല്ലേ?"

"അതേ."

"സരോജിനിയുടെ 'മടി' അസാമാന്യംതന്നെ. ഒരു ട്യൂട്ടറെ നിയമിച്ചാൽ തരക്കേടില്ല."

"നിങ്ങൾ ആരെയെങ്കിലും ഏർപ്പാടുചെയ്യുന്നതു് എനിക്കു സന്തോഷകരമാണു്."

"നിങ്ങളുടെ വീടു്?"

"വഞ്ചിയൂർ സ്കൂളിനു് അല്പം തെക്കു്. 'ഭാസ്കരവില്ല.'"

"ആട്ടെ, ഞാൻ ആളിനെക്കൊണ്ടുവരാം."

ഞാൻ യൂറോപ്യൻസമ്പ്രദായത്തിൽ യാത്രപറഞ്ഞു വീട്ടിലേയ്ക്കു മടങ്ങി.

രണ്ടു ദിവസം കഴികെ, സരസ്വതിയമ്മ ഒരു ചെല്ലമ്മയോടുകൂടി വീട്ടിൽ വന്നു. ഞാൻ അവരെ വേണ്ടപോലെ സത്കരിച്ചു. ചെല്ലമ്മയെ സരോജിനിയുടെ ട്യൂട്ടറായി നിയമിച്ചു. സരസ്വതിയമ്മ ഇൻറർമീഡിയററു പാസായിട്ടു ബി. ഏ.യ്ക്കു പ്രൈവററായി ചേരാൻ അനുവാദം വാങ്ങിയിട്ടുണ്ടെന്നും മററും എന്നോടു പറഞ്ഞു. അവർ ചരിത്രവും ധനശാസ്ത്രവും ഐച്ഛികമായി എടുത്തിരിക്കുന്നതിനാൽ എന്റെ സഹായം അവക്കു് ഉപകാരപ്രദമായിരിക്കുമെന്നു പറകയുണ്ടായി. പുസ്തകങ്ങൾ ഏതു വേണമെങ്കിലും ആവശ്യംപോലെ എടുക്കുന്നതിൽ എനിക്കു സന്തോഷമേയുള്ളുവെന്നും സംശയമുള്ള ഭാഗങ്ങളെപ്പററി സംസാരിക്കുന്നതിനു് എപ്പോഴും തയാറാണെന്നും ഞാൻ സരസ്വതിയമ്മയെ ധരിപ്പിച്ചു.

ഒരു മണിക്കൂർ കഴിഞ്ഞു രണ്ടുപേരും പോയി. പിന്നെ പലതവണയും സരസ്വതിയമ്മ 'ഭാസ്കരവില്ല'യിൽ

വന്നിട്ടുമുണ്ടു്. സരസ്വതിയമ്മയോടു് എനിക്കു് ആദ്യമേ തോന്നിയ സ്നേഹബഹുമാനങ്ങൾ പിന്നീടു പരിചയത്താൽ സ്ഥിരീഭവിക്കയാണുണ്ടായതു്.

പഠിത്തത്തിലുള്ള ശ്രദ്ധാധിക്യംകൊണ്ടും മറ്റും എനിക്കു മാധവിയോടു സൈ്വരസല്ലാപത്തിനുള്ള സമയം കുറേശ്ശെ ചുരുങ്ങിവന്നു. പക്ഷേ സരസ്വതിയമ്മയുമായുള്ള പരിചയവും മാധവിയുടെ പേരിലുള്ള ദുശ്ശങ്കകളും 'ഈ ഉദാസീനത'യെ ബലപ്പെടുത്തിയിരിക്കണം. മാധവിയുടെ പ്രസന്നമുഖം ക്രമേണ വാടിത്തുടങ്ങി. വിളർത്തു ദേഹത്തിൻെറ സ്നിഗ്ദ്ധതയും മുഖത്തിൻെറ ശോഭയും കുറഞ്ഞുതുടങ്ങിയതായും എനിക്കു തോന്നി. അക്കാലങ്ങളിൽ ശങ്കുണ്ണിയോടും എനിക്കു നല്ല 'പിടിത്ത'മല്ലായിരുന്നു. അയാളുടെ തൻേറടവും ദുസ്തർക്കവും എന്നെ ചിലപ്പോൾ കുണ്ഠിതപ്പെടുത്താറുണ്ടു്.

ഒരു സായാഹ്നസമയം. ടെന്നീസ്കഴിഞ്ഞു ഞാൻ തിരിച്ചുവരികയായിരുന്നു. ടെലഗ്രാഫ്പ്യൂൺ ജനറൽ ഹാസ്പിററലിൻെറ വാതുക്കൽവെച്ചു് "ഒരു കമ്പിയുണ്ടു്, ഇതൊന്നൊപ്പിടണം" എന്നു പറഞ്ഞു കമ്പിയും രസീതുലിസ്റ്റും കൂടി എൻെറ കൈയിൽ തന്നു. ഞാൻ ഒപ്പിട്ടു കമ്പി പൊളിച്ചു വായിച്ചു. "മാധവിക്കു സുഖക്കേടു്. ഉടൻ പുറപ്പെടണം" എന്നായിരുന്നു അതു്. പൂജയെടുപ്പുമുതൽ 7 മണിക്കു് ഒരു വണ്ടികൂടി വടക്കോട്ടുണ്ടായിരുന്നതിനാൽ, വീട്ടിൽ ചെന്നു ശങ്കുണ്ണിയേയും കൂട്ടിക്കൊണ്ടു് ഉടൻതന്നെ സ്റ്റേഷനിലേക്കു പോയി. രാത്രി പത്തരമണിക്കു് അമ്മാവൻെറ പടിക്കൽ ചെന്നു. നേരെ നാലു

ങ്കട്ടിൽ കേറി. പടിഞ്ഞാറെ ഉറക്കറയിൽ (അതാണു് മാധവിയുടെ മുറി) ചെന്നപ്പോൾ കണ്ട കാഴ്ച ഭയങ്കരമായിരുന്നു. എല്ലും തൊലിയും മാത്രമായി ഒരു പിശാചു പിടിച്ച നിലയിൽ മാധവി കട്ടിലിൽ കിടക്കുന്നു. അണയാറായ ദീപംപോലെ മാധവിയുടെ മുഖം പെട്ടന്നു് ഒന്നു ശോഭിച്ചു എന്നു തോന്നി. ചെറുതായി ഒന്നു ചിരിക്കാൻ ശ്രമിച്ചെന്ന മട്ടിൽ എന്തോ പറയാനായി ചുണ്ടൊന്നനക്കി: "എന്റെ പ്രാ—" എന്നു പറഞ്ഞതുപോലെ തോന്നി. മുറുകെപ്പിടിച്ചിരുന്ന ഇടതുകൈ ഒന്നു ചലിച്ചു. മുഖം പ്രയാസത്തോടുകൂടി എന്റെ നേക്കൊന്നു് അല്പമുയൎന്നു. ശ്രമംകൊണ്ടു പിന്നെയും താഴ്ന്നു. ആ സുകൃതിനിയുടെ ആത്മാവു ഞങ്ങളെ വിട്ടു.

* * *

പിറേറ ദിവസം ശ്മശാനത്തിലേയ്ക്കു് എടുക്കുന്നതിനു മുമ്പേ മാധവിയുടെ ഇടതുകൈയ്ക്കകത്തിരുന്ന കത്തെടുത്തു ഞാൻ നോക്കി. ഞങ്ങളുടെ വിവാഹത്തിനു വളരെ നാൾമുമ്പു ഞാൻ അയച്ച ഒരു 'പ്രേമലേഖന'മായിരുന്നു അതു്. "എന്റെ മാധവി" എന്നുറക്കെ വിളിച്ചുകൊണ്ടു് ആ സുശീലയുടെ ശവശരീരത്തെ ഞാൻ ചുംബിച്ചു.

* * *

അതിൽ പിന്നീടു് എന്റെ ജീവിതത്തിൽ ഭയങ്കരമായ ഒരേകാന്തത തോന്നിത്തുടങ്ങി. മാധവിയുടെ നിഷ്കളങ്കഹൃദയത്തിന്റെ സൂക്ഷ്മതത്ത്വം അറിഞ്ഞതുമുതൽ എനിക്കു സരസ്വതിയമ്മയോടുള്ള ബഹുമാനം മങ്ങിത്തുടങ്ങി. യാദൃച്ഛികമായി കൃഷ്ണൻനായരുടെ വീട്ടിൽവെച്ചു

കണ്ടുകിട്ടിയ ഒരു കത്തിൽനിന്നു സരസ്വതിയമ്മയുടെ സ്വഭാവവൈകല്യവും ഏതാണ്ടൊക്കെ മനസ്സിലാക്കാൻ ഇടവന്നു. അഞ്ചു മണിക്കു് ഒരു ദിവസം ഞാൻ എൻെറ മേശയുടെ മുമ്പിൽ നിശ്ചലനായി മാധവിയുടെ ഒരു ഛായാപടവും നോക്കിയിരിക്കയായിരുന്നു. ഷൂസിൻെറ ശബ്ദം കേട്ട സരസ്വതിയമ്മയെന്നൂഹിച്ചതു ശരിയായിരുന്നു. കേറിവന്ന ഉടനെ അവർ ചോദിച്ചു: "എന്താ വലിയ ഗൗരവക്കാരനായിരിക്കുന്നതു്?"

"നിങ്ങൾക്കറിയാൻവയ്യാത്ത കാര്യമൊന്നുമില്ല."

"മാധവിയുടെ അകാലവിയോഗത്താൽ നിങ്ങളോളംതന്നെ എനിക്കും മനസ്താപമുണ്ടു്. എന്നാൽ വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള യുവതികൾ ധാരാളമുള്ള ഇവിടെ ഇങ്ങനെ ഇരുന്നു സങ്കടപ്പെട്ടിട്ടു് ആവശ്യമില്ല തന്നെ."

ഞാൻ ഒന്നും മിണ്ടിയില്ല. സരസ്വതിയമ്മ തുടന്നു:

"ഭാര്യാദുഃഖം പുനർഭാര്യാ...."

"സരസ്വതിയമ്മേ, എന്നെ ഉപദ്രവിക്കാതിരിക്കു. എനിക്കിനി ഭാര്യയും വേണ്ടാ ഒരു മണ്ണാങ്കട്ടയും വേണ്ടാ, വേണ്ടാ വേണ്ടാ എന്നു ഞാൻ ശപഥംചെയ്യുന്നു."

എൻെറ സ്നേഹഹീനമായ വാക്കു കേട്ട സരസ്വതിയമ്മ പെട്ടന്നിറങ്ങിപ്പോയി. ഞാൻ ഇതാ, ഇരിക്കുന്നു.

## 18. ബാൺസാലിയുടെ വിരുന്നു്

ഞാൻ ജനീവായിൽ എത്തിയിട്ടു് ഏതാണ്ടു നാലു വാരമായിക്കാണും. കഴിഞ്ഞ ആഗസ്റ്റുമാസാരംഭത്തിൽ ഒരു ഞായറാഴ്ച. വൈകുന്നേരം രാമചന്ദ്രബാൺസാലി ഞങ്ങളെ ഒരു ഡിന്നറിനു ക്ഷണിച്ചു. മിസ്റ്റർ ബാൺസാലി ഐക്യരാഷ്ട്രസമിതിയിലെ ഒരുയൎന്ന ഉദ്യോഗസ്ഥനാണു്. അദ്ദേഹത്തെ പോയി കാണണമെന്നു് ആഗ്രഹിച്ചിരുന്ന സമയത്താണു് അവിചാരിതമായി ഈ ക്ഷണം വന്നതു്. അതു സസന്തോഷം സ്വീകരിച്ചു. അന്നു സന്ധ്യയ്ക്കു ഭാസ്കരനും ശാരദയും ഞാനും ബാൺസാലിയുടെ വസതിയിൽ എത്തി. അദ്ദേഹത്തിന്റെ ചേതോഹരമായ ഹൎമ്മ്യം ജനീവാതടാകത്തിന്റെ കിഴക്കേക്കരയിലാണു് സ്ഥിതിചെയ്യുന്നതു്. പരസ്പരം അ

ഭിവാദനങ്ങൾക്കശേഷം പാശ്ചാത്യരീതിയിലുള്ള അലങ്കാരവിശേഷങ്ങളാലും ഉപകരണങ്ങളാലും സജ്ജീകൃതമായ ആ ഹാളിൽ ഇരുന്നപ്പോൾ എന്നെ അധികം ആകൎഷിച്ചതു് ആ മുറിയുടെ മനോഹാരിതയല്ല. മിസ്റ്റർ ബാൺസാലിക്കു് അഭിമുഖമായി കായലിലേയ്ക്കു നോക്കിനിന്ന ഒരു യുവസുന്ദരിയുടെ 'യുവസ്ത്രീരചനയാൽ വിധിതന്നാദ്യശില്പം കണക്കു'ള്ള രൂപമാണു്. കാളിദാസന്റെ യക്ഷഭാര്യയ്ക്കോ ചിത്രമെഴുത്തുകോയിത്തമ്പുരാന്റെ ഹംസദമയന്തിക്കോ മാതൃകയായിരിക്കത്തക്ക സൗന്ദര്യവിശേഷത്തോടുകൂടിയ സ്ത്രീരൂപത്തെ ശരിയായി നോക്കുന്നതിനിടയിൽ ബാൻസാലി പറഞ്ഞു: "മിസ്റ്റർ ഭാസ്കർ, നിങ്ങളാരും വാസന്തികാദേവിയെ അറിയില്ലായിരിക്കും. ഈയിടെയാണു് അവരെ ന്യൂയോക്കിൽനിന്നു് ഇവിടേയ്ക്കു സ്ഥലംമാററിയതു്."

ഭാസ്കരൻ പറഞ്ഞു: "കേട്ടു നല്ല പരിചയമുണ്ടു്. ഈ മാററം അറിഞ്ഞില്ല, അത്രേയുള്ളൂ."

വാസന്തികാദേവിയും ഞങ്ങളും പരസ്പരം ഹസ്തദാനം ചെയ്തു. എല്ലാവരും കൂടി പല വൎത്തമാനങ്ങളുടെയിടയിൽ ഭക്ഷണം കഴിച്ചു. വാസന്തികാദേവിയുടെ സംഭാഷണചതുരതയും സൗന്ദര്യവിശേഷവും അവരെപ്പററി കൂടുതൽ അറിയാൻ എന്നിൽ ഔൽസുക്യം ജനിപ്പിച്ചു എന്നു പറയേണ്ടിയിരിക്കുന്നു.

സുമാർ ഒൻപതു മണിക്കു ഞങ്ങൾ മടങ്ങി വരും വഴി കായലിൽ ഓടിക്കൊണ്ടിരിക്കുന്ന കളിത്തോണികളുടെ ചാഞ്ചാട്ടവും കായല്ക്കരയിലുള്ള നിരവധി സൗഹ

സ്രം വൈദ്യുതദീപങ്ങളുടെ പ്രകാശത്തിൽ ആ ജലാശയത്തിൻെറ നടുവിൽ വിദ്യുച്ഛക്തി പ്രവർത്തിതമായതും ഉയരമേറിയതുമായ ഫൗണ്ടൻെറ ശോഭയും നോക്കിക്കൊണ്ടു ഞാൻ മൗനമായിരുന്നു. എങ്കിലും വാസന്തികാദേവിയുടെ ചരിത്രത്തിലെ വിശദവിവരങ്ങൾ അറിയാനുള്ള അത്യാശ മനസ്സിനെ ചലിപ്പിച്ചുകൊണ്ടുമിരുന്നു. ശാരദ പ്രകൃത്യാ ഒരു സാഹസികയായ 'മോട്ടാറിസ്റ്റാ'ണു്. അവൾ അതിശീഘ്രഗതിയിൽ കാർ വിട്ടു ഞങ്ങളെ വീട്ടിലെത്തിച്ചു. ഞങ്ങളുടെ സ്വീകരണമുറിയിലുള്ള കുഷൻസെററിൽ ഞാൻ ഇരുന്നു. ശ്രീമാൻ കെ. എം. പണിക്കരുടെ 'ഏഷ്യയും പാശ്ചാത്യാധിപത്യവും' എന്ന ഗ്രന്ഥം എടുത്തു വായിച്ചു തുടങ്ങി. ഭാസ്കരൻ റേഡിയോ തിരിച്ചു് ഏതോ ഒരിൻഡ്യൻപരിപാടിയിലെ വയലിൻെറ മൃദുസംഗീതം കേട്ടുകൊണ്ടു 'ട്രിബ്യൂണൽഡിജിനിചാ' എന്ന പത്രം നോക്കി വായിക്കയായിരുന്നു. അയാൾ തൻെറ ശസ്ത്രക്രിയയ്ക്കു വിധേയമായ കാൽമുട്ടു സാവധാനം തടവിക്കൊണ്ടു്, "അപ്പനു് (അയാൾ അങ്ങനെയാണു് എന്നെ വിളിക്കാറു്) ആ വാസന്തികാദേവിയുടെ ചരിത്രം കേൾക്കണമെന്നുണ്ടോ?" എന്നു ചോദിച്ചു.

ഞാൻ പറഞ്ഞു: "ഉണ്ടെന്നോ? കൊള്ളാം. അതു കേൾക്കാൻ വളരെ പ്രത്യാശയോടുകൂടിയിരിക്കയാണു്."

"എന്നാൽ കേട്ടോളു. പറയാം."

അയാൾ വായിച്ചുകൊണ്ടിരുന്ന 'ട്രിബ്യൂണൽ' നിലത്തിട്ടു തുടങ്ങി:

"തൊള്ളായിരത്തിരുന്നു്, രണ്ടു്—ഈ കാലങ്ങളിലാണെന്നു തോന്നുന്നു, ഡാക്ടർ ഭൂപേന്ദ്രനാഥമിശ്ര യുണ്ടോ

സ്കോവിൽ ഒരു ഡയറക്ടരായി പാരീസ്സിൽ താമസിക്കു മ്പോൾ അദ്ദേഹത്തിൻെറ പ്രൈവററ് സിക്രട്ടറി മിസ്സ് ഡ്യൂച്ചർ എന്നു പേരുള്ള ഒരു സ്പാനിഷ് യുവതിയായിരു ന്നു. ഡാക്ടർ മിശ്രവിവാഹം ചെയ്തിട്ട് അപ്പോഴേയ്ക്ക് ഏതാണ്ട നാലു കൊല്ലം കഴിഞ്ഞിരിക്കണം. വലിയ സുന്ദരിയല്ലെങ്കിലും ശീലവതിയും ഹൈന്ദവധമ്മാചരണ ത്തിലും ഭർത്തൃപരിചരണത്തിലും വളരെ നിഷ്ഠയുള്ളവളു മായിരുന്നു, ഡാക്ടർ മിശ്രയുടെ പത്നി ലീലാവതീദേവി. ഡയറക്ടർ ജനറൽ മിസ്റ്റർ ഇവാൻസ് നല്കിയ ഒരു സ്വീ കരണത്തിൽ ഡാക്ടർ മിശ്ര, ലീലാവതീദേവി, മിസ്സ് ഡ്യൂച്ചർ എന്നിവരും മററു പലേ ഉന്നതവ്യക്തികളും പ ങ്കുകൊണ്ടു. അന്നു ലീലാവതീദേവിയുടെ സമ്പ്രദായം പാശ്ചാത്യദൃഷ്ടിക്ക് അസുഖകരമായിരുന്നുവത്രേ. അവ ൾക്ക് യൂറോപ്യൻസമ്പ്രദായത്തിൽ ഔൽസുക്യമോ അതനു കരിക്കുന്നതിൽ പ്രാഗത്ഭ്യമോ ഇല്ല. ഡാക്ടർ മിശ്ര അന്നു ക്ഷീണചിത്തനായിട്ടാണ് സ്വവസതിയിൽ മടങ്ങിയെ ത്തിയതു്. വീട്ടിൽ വന്നുകേറിയ ഉടനെ ഡോക്ടർ മിശ്ര ഭാര്യയോട്ട പറഞ്ഞു: 'ലീല ഇന്നു വരേണ്ടിയിരുന്നില്ല.'

'എനിക്കു വരണമെന്നില്ലായിരുന്നല്ലോ.'

'വന്നാൽ പരിസരങ്ങൾ വിസ്മരിച്ച വിഡ്ഢിത്തവും കോമാളിത്തവും കാട്ടണമെന്നുണ്ടോ?'

'വിഡ്ഢിത്തമാണ് കാട്ടുന്നതു് എന്നറിഞ്ഞുകൊണ്ട് ആരെങ്കിലും കാട്ടുമോ?'

'തെററ് എൻേറതാണ്.'

'തിരുത്താൻ ശ്രമിക്കു. അല്ലാതെ ഞാനെന്തു ചെ യ്യണമെന്നാണ്?'

കുറെ നേരം രണ്ടുപേരും പിന്നെ മൗനം ദീക്ഷിച്ചു. ഡാക്ടർ മിശ്ര എണീററു ടെന്നീസ്ബാററുമെടുത്തു കളിക്കാൻ പോയി. കളിസ്ഥലത്തു ചെന്നപ്പോൾ മിസ് ഡ്യൂച്ചർ അവിടെ ഇരിക്കുന്നതായി കണ്ടു. അവർ അന്നു വളരെ ആകൎഷകമായ രീതിയിലും ഭാരതീയസമ്പ്രദായത്തിലുമാണു് വസ്ത്രധാരണം ചെയ്തിരുന്നതു്. ഈയിടെയായി പാശ്ചാത്യരാജ്യങ്ങളിൽ ഭാരതീയവസ്ത്രധാരണരീതിയെ അനുകരിക്കാൻ കുറേശ്ശ ഭ്രമം കാണുന്നുണ്ടു്— പ്രത്യേകിച്ചു സ്ത്രീകളിൽ. ചിലർ നമ്മുടെ നിറം വരുത്താൻ ചില ലേപനങ്ങൾ ഉപയോഗിക്കുന്നതായും കേൾക്കുന്നു. മനോഹരമായ ഒരു പട്ടുസാരി, കഴുത്തിൽ ഒരു വൈരമാല, സ്വൎണ്ണംകൊണ്ടുള്ള ഒരു റിസ്റ്റ്വാച്ച്. ചെറുതായി ബാബ്ബു ചെയ്ത കറുത്ത തലമുടി ചീകി ഭംഗിയാക്കി ഒതുക്കിവെച്ചിരിക്കുന്നു. ആ വേഷത്തിൽ മിസ്സ് ഡ്യൂച്ചറുടെ സൗന്ദൎയ്യം ഡാക്ടർ മിശ്രയെ കുറച്ചൊന്നു കുലുക്കിയിരിക്കണം. മിസ്സ് ഡ്യൂച്ചർ ഇങ്ങനെ സംഭാഷണം തുടങ്ങി: 'നാളെമുതൽ ഒഴിവായതുകൊണ്ടു ഞാൻ സ്റ്റ്വെയിനിൽ പോകണമെന്നു വിചാരിക്കുന്നുണ്ടു്. സ്ഥലം കാണ്മാൻ കൗതുകം തോന്നുന്നുവോ?'

'ഇന്നത്തെ അനഭിലഷണീയമായ സംഭവം എന്നെ മ്ലാനമനസ്കനാക്കിയിരിക്കയാണു്. പക്ഷെ ഒരു യാത്ര എനിക്കു ഗുണപ്രദമായേക്കാം.' ''

കഥ ഇത്രത്തോളമായപ്പോൾ ഭാസ്കരൻ നിറുത്തി. തനിക്കു കുറച്ചെഴുതാനുണ്ടെന്നു് അയാളും ഉറക്കംവരുന്നെന്നു ഞാനും പറഞ്ഞു പിരിഞ്ഞു.

അടുത്ത ദിവസം ഉച്ചതിരിഞ്ഞു ഞങ്ങൾ 'ഷിയോൺകൊട്ടാരം' (Castle of Chillon) കാണാൻ പോയി. ജനീവായിൽനിന്നു 'ലൗസാൻ'വഴി സുമാർ 80 മൈൽ അകലെയാണു് ആ കൊട്ടാരം സ്ഥിതിചെയ്യുന്നതു്. ബൈറൺ എന്ന ആംഗ്ലേയകവി 'ഷിയോൺകൊട്ടാരത്തിലെ തടവുകാരൻ' എന്നു് ഒരു കാവ്യം എഴുതിയിട്ടുള്ളതു ഭാസ്കരൻ എന്നെ അനുസ്മരിപ്പിച്ചു. വഴിക്കുവെച്ചു ശാരദയുടെ ഒരു മാന്യസ്നേഹിതയായ മിസസ്സ് സ്വാമിനാഥനെക്കൂടി വിളിച്ചു കാറിൽ കയററി. ഞങ്ങൾ ഷിയോണിൽ ചെന്നു് ആ കൊട്ടാരത്തിലെ വിവിധങ്ങളായ പ്രാചീനവസ്തുക്കളും, പ്രസിദ്ധമായ ആ തടവുമുറിയും കണ്ടശേഷം തിരിച്ചുവന്നതു ജനീവാകായലിൻെറ മറുകരയിലൂടെയാണു്. ആ കരയുടെ മുക്കാൽ ഭാഗവും ഫ്രാൻസിലാണു്. ഫ്രാൻസിൻെറ അതിർത്തിയിൽവെച്ചു് അധികാരികൾ പാസ്സ്പോർട്ട് പരിശോധിച്ച സമയമാണു് മിസസ്സ് സ്വാമിനാഥൻെറ കൈവശം പാസ്സ്പോർട്ടില്ലെന്നു് ഓർമ്മിച്ചതു്. മാത്രമല്ല, അവർ ഫ്രാൻസിലേയ്ക്കുള്ള 'വിസ' (അനുമതിപത്രം) വാങ്ങിയിട്ടുമില്ല. ആ ദുർഘടാവസ്ഥ തരണംചെയ്യുന്നതിനു് ഒരു പോംവഴിയായി അവർ എൻെറ 'മിസസ്സാ'ണെന്നും അവിചാരിതമായി വന്ന ഓർമ്മപ്പിശകിനു തത്കാലം മാപ്പുതരണമെന്നും ഒരു നുണ പറയേണ്ടിവന്നു. പിന്നെ, ഞങ്ങൾ 'വിവയിൽ' ഒരു ചെറുനഗരത്തിലുള്ള 'വിശ്രാന്തിഗൃഹ'ത്തിൽ കുറെ കാഫി കുടിച്ചു കായൽക്കരയിലുള്ള പ്രകൃതിസൗന്ദര്യവുമാസ്വദിച്ചുകൊണ്ടിരിക്കവേ ഭാ

സ്റ്റരൻ "ഇന്നലത്തെ കഥയുടെ ബാക്കി കേൾക്കണ്ടേ" എന്നു ചോദിച്ചു. അയാൾ പറഞ്ഞുതുടങ്ങി:

"മിസ്സ് ഡ്യൂച്ചറും ഡാക്ടർ ഭൂപേന്ദ്രനാഥമിശ്രയും കൂടി അടുത്തദിവസം കാറിൽ സ്പെയിനിലേയ്ക്കു പോയി. സ്പെയിനിൻെറ അതിർത്തിയിൽവെച്ചു പാസ്സ്പോർട്ട് പരിശോധകർ വന്നു് അവരുടെ പാസ്സ്പോർട്ടുകൾ ആവശ്യപ്പെട്ടപ്പോൾ നമുക്കു് ഇപ്പോൾ വന്ന പരിതസ്ഥിതിയായിരുന്നു അവക്കും ഡാക്ടർ ഭൂപേന്ദ്രനാഥനും. ഇപ്പോൾ 'അപ്പൻ' പറഞ്ഞമാതിരി ഒരു നുണ പറയേണ്ടിവന്നു. അവർ സ്പെയിനിൽനിന്നു മടങ്ങിവന്ന ദിവസംമുതൽ ഡാക്ടർ മിശ്രയും ലീലാവതിയും തമ്മിൽ പ്രത്യക്ഷമായ സൗഹാർദ്ദക്കുറവു കണ്ടുതുടങ്ങി. ക്രമേണ മിസ്സ് ഡ്യൂച്ചർ ഡാക്ടരുടെ ഹൃദയത്തെ അപഹരിച്ചുംവന്നു.

"കാലം പോയി. മാസം ആറേഴു കഴിഞ്ഞു. പലപ്പോഴും രാത്രികാലങ്ങളിൽ വളരെ വൈകിയിട്ടേ ഡാക്ടർ വീട്ടിൽ വന്നുചേരുകയുള്ളൂ. ചില ദിവസം മിസ്സ് ഡ്യൂച്ചരുടെ വസതിയിൽത്തന്നെ കഴിഞ്ഞുകൂട്ടും. ലീലാവതിയാകട്ടെ, ഡാക്ടർ മിശ്രയുടെ ചിന്താഗതിയെ അവലോകനം ചെയ്തിരുന്നെങ്കിലും ഒരു പാരുഷ്യമോ ക്ഷോഭമോ കാണിച്ചതുമില്ല. കാലം പോകുന്തോറും ഡാക്ടർ മിശ്രയ്ക്കു മിസ്സ് ഡ്യൂച്ചറോടുള്ള അടുപ്പം കൂടിവരികയും ഗൂഢമായി ചില ആഫീസ്സിൽ്ബന്തികൾ അതേപ്പററി സൂചിപ്പിക്കുകയും ചെയ്തിരുന്നു. അങ്ങനെ ഇരിക്കേ, കുറേക്കാലമായി പാരീസിൽ ആശ്രമം സ്ഥാപിച്ചു സ്ഥിരതാമസമാക്കിയ ഹിന്ദുസന്യാസി സിദ്ധാനന്ദൻ മിസ്സ് ഡ്യൂച്ചറു

മായി പരിചയമാകാൻ ഇടവന്നു. അധികതാമസംകൂടാതെ മിസ്സ് ഡ്യൂച്ചർ ഒരു ഹിന്ദുസ്ത്രീയായി പ്രഖ്യാപിക്കപ്പെടുകയും വാസന്തികാദേവി എന്ന നാമം സ്വീകരിക്കയും ചെയ്തു.”

ഇതു കേട്ടു ഞാൻ ആശ്ചര്യപ്പെട്ടു. ഞാൻ പറഞ്ഞു: “അവരെക്കണ്ടാൽ ഒരു ഭാരതീയയുവതിയെന്നല്ലാതെ ഒരു പാശ്ചാത്യയാണെന്നു് ആക്കും ഊഹിക്കാൻ സാധിക്കയില്ല—വേഷവും തലമുടിയും എല്ലാം.”

“സ്ലാനിഷ്കാരുടെ തലമുടി സ്വതേ കറുത്തതാണു്. മിസ്റ്റർ ബാൺസാലി പറയുന്നതുവരെ എനിക്കുതന്നെ പേരു മനസ്സിലായില്ല.”

“പറയൂ, പിന്നെ എന്തുണ്ടായി?”

“ഇനി അധികമില്ല.”

അയാൾ തുടന്നു: “വാസന്തികാദേവിയെ ഡാക്ടർ മിശ്രു വിവാഹം ചെയ്യാൻപോകുന്നു എന്നു വാക്കെ സംസാരമായി. ഈ പ്രസ്താവത്തിനു ലീലാവതീദേവിയാണു് ഉത്തരവാദിനി എന്ന ധാരണയാൽ ഡാക്ടരുടെ ഈർഷ്യ വദ്ധിക്കയും ചെയ്തു. ഒരു ദിവസം ഡയറക്ടർ ജനാൽ മിസ്റ്റർ ഇവാൻസ് ഇതേപ്പററി ഡാക്ടരോടു ചിലതു ചോദിച്ചുപോലും. ഏതായാലും ഡാക്ടർ വളരെ ക്ഷുഭിതനായിട്ടാണു് അന്നു വീട്ടിൽ വന്നതു്. ലീലാവതീദേവി പതിവുപോലെ കാഫി മേശമേൽ വെച്ചിട്ടു മിശ്രു കണ്ടു എന്നു ഭാവിച്ചതുപോലുമില്ല.

“ലീലാദേവി ചോദിച്ചു: ‘ആഫീസിൽ വല്ല വാട്ടിയുമുണ്ടായിരുന്നുവോ? കാഫി കഴിച്ചുവോ?’

'അതു് ഇനി നീ അന്വേഷിക്കേണ്ടാ.'

'പിന്നെ ആർ അന്വേഷിക്കും? കാപ്പി കുടിക്കുക'

'നീ എന്താണു് അതുമിതും പറഞ്ഞു പരത്തി എന്നെ അസഹ്യപ്പെടുത്തുന്നതു്?'

'ചില അപവാദപരമ്പര ഞാനും കേട്ടു എന്നല്ലാതെ അവ ഞാൻ ആരോടും പറഞ്ഞിട്ടില്ല.'

'എനിക്കു വിശ്വാസമാകുന്നില്ല.'

'അതെന്റെ ദുർഭാഗ്യം.'

"ഡാക്ടർ അതിനു സമാധാനമൊന്നും പറഞ്ഞില്ല. പുറത്തേയ്ക്കിറങ്ങി നടന്നതു നേരെ വാസന്തികാദേവിയുടെ വസതിയിലേയ്ക്കാണു്. സംഭാഷണത്തിനിടയിൽ വാസന്തികാദേവി പറഞ്ഞു: 'ഇവാൻസ്' ഈ സംഗതിയെപ്പററി ചിലതു സംസാരിച്ചു എന്നു ഞാനും കേട്ടു. എന്നോടും ചിലതൊക്കെ ചോദിച്ചു.'

'ഇതിനു് ഒരു പോംവഴി എന്താണെന്നാലോചിക്കയാണു് ഞാൻ.'

'ഞാൻ ഒരുപായം പറയാം. അങ്ങേയ്ക്കു രുചിക്കുമോ ആവോ?'

'പറയൂ.'

'നാം സ്പെയിനിൽ പോയപ്പോൾ അതിത്തിപ്പോലീസുകാരോടു പറഞ്ഞ നുണയെ യാഥാർത്ഥ്യമാക്കിയാൽ—'

'ഞാനും അതാലോചിച്ചു. പക്ഷേ അതിനു് ആശവം കഴിയണ്ടേ?'

'കഴിക്കുക.'

"അവർ പിന്നെയും കുറെക്കൂടി സൈ്വരസല്ലാപം ചെയ്തു കൂടി. അന്നു രാത്രി വളരെ വൈകിയിട്ടാണു് മിശ്ര വീട്ടിൽ എത്തിയതു്. ലീലാവതീദേവി ഉറങ്ങാതെ കാത്തിരിക്കയായിരുന്നു. മിശ്രയെ കണ്ടയുടൻ ദേവി എണീററു് അടുത്തു ചെന്നു. അതിവിനയത്തോടുകൂടി ഇങ്ങനെ പറഞ്ഞു: 'കുറെ ദിവസമായി, ഞാൻ ഒരധികപ്പററാണെന്നു തോന്നിത്തുടങ്ങിയിട്ടുണ്ടു്. അങ്ങേക്കും എനിക്കുമുണ്ടു്, ആ തോന്നൽ. അങ്ങയുടെ സുഖമാണു് എൻെറ സുഖം. അങ്ങയുടെ ആനന്ദത്തിനായി എൻെറ ജീവിതം എന്നേ അർപ്പിച്ചതാണു്. ഞാൻ ഒഴിഞ്ഞുപോകുന്നതു് അങ്ങേക്കു കൂടുതൽ സുഖവും ആനന്ദവും നല്കാനിടയുണ്ടെന്നു് എനിക്കു തോന്നുന്നു. എന്നെ ഇൻഡ്യക്കു പോകാൻ അനുവദിക്കണം. എൻെറ ജീവിതത്തിൻെറ ഉദ്ദേശംതന്നെ അങ്ങേക്കു സുഖമുണ്ടാക്കിത്തരണമെന്നതാണു്; അതിനായി ജീവാർപ്പണം ചെയ്യാൻ ഞാൻ സദാ സന്നദ്ധയുമാണു്. അങ്ങു വാസന്തികാദേവിയെ വിവാഹം ചെയ്യുക. ഞാൻ സ്വയമേവ മാറിത്തരാം. എന്നെ പോകാൻ അനുവദിച്ചു എന്നു പറയണം. എൻെറ പ്രാണനാഥാ, അവസാനമായി എന്നെ ആശീർവദിക്കണേ!'

'ലീലേ, ലീലേ!'

'നാഥാ!'

"ഡാക്ടർ മിശ്ര അടുത്തു ചെന്നു ലീലാദേവിയെ മാറോടണച്ചു ഗദ്ഗദത്തോടുകൂടി 'ക്ഷമിക്കു, ലീലേ. ഞാൻ അപരാധിയാണു്. ഈ രത്നത്തെ ഉപേക്ഷിച്ചു്

ഒരു സ്ഫടികക്കഷണമെടുക്കാൻ വെമ്പിയതു പരമാത്ഥമാണു്. ക്ഷമിക്കു. എൻെറ കാമനയല്ലേ? ക്ഷമിക്കു. ക്ഷമിച്ചെന്നു പറയൂ.'

'ക്ഷമിക്കാനെന്തുള്ളൂ? എനിക്കു പരിഭവമൊന്നുമില്ല, ഉണ്ടാകയുമില്ല.'

"പഴതിപ്പോഴ്യൊണ്ടിരുന്ന പ്രണയം വീണ്ടും അതിശക്തിയോടുകൂടി വന്നു ഡോക്ടരെ വികാരപരവശനാക്കി.

"അടുത്ത ദിവസം ഡാക്ടർ മിശ്ര ആഫീസിൽവെച്ചു കണ്ടപ്പോഠം ദേവി ഇങ്ങനെ ആരംഭിച്ചു: 'ചോദിച്ചോ? പ്രതിബന്ധം വല്ലതുമുണ്ടോ?'

'പ്രതിബന്ധമില്ലെന്നും പോകാൻ അനുവദിക്കണമെന്നും ലീല സ്വയമേവ എന്നോടു പ്രാത്ഥിക്കയുണ്ടായി.'

'എൻെറ ആഹ്ലാദത്തിനു് അതിരില്ല. ആഫീസിലല്ലായിരുന്നുവെങ്കിൽ—'

'പക്ഷേ—അവഠം ഒരു രത്നമാണു്. അതു കളയാൻ ഞാൻ വിചാരിക്കുന്നില്ല.'

* * *

"അങ്ങനെ അവർ പിരിഞ്ഞു. വാസന്തികാദേവി അന്നുതന്നെ രണ്ടു മാസത്തെക്കല്പനയിൽ സ്പെയിനിലേക്കു പോയി. പിന്നീടു ന്യൂയാക്കിലേക്കു മാററവും വാങ്ങി."

ഞങ്ങഠം വിശ്രാ[illegible]ഹം വിട്ടു യാത്ര തുടന്നു. രാത്രി 10 മണിയോടുകൂടി വീട്ടിലെത്തുകയും ചെയ്തു.

284432
MUL
284432

12 DEC 1960